
# സഭയ്ക്കും സമൂഹത്തിനുമായി



മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
## സിറിൾ മാർ ബസ്സേലിയോസ്

എഡി : ഫാ. ഐസക്ക് തോട്ടുങ്കൽ

www.malankaralibrary.com

സഭയ്ക്കും സമൂഹത്തിനുമായി

www.malankaralibrary.com

# സഭയ്ക്കും സമൂഹത്തിനുമായി

എഡിററർ:

ഫാ. ഐസക്ക് തോട്ടുങ്കൽ

www.malankaralibrary.com

Malayalam

SABHAKKUM SAMOOHATHINUMAYI
(For the Church and the Society)

Editor: Fr. Isaac Thottunkal,
Bishop's House, Sultan's Bathery—673592

First Published: January 1997

Copy Right: Editor.

Cover: Artist C. C. Thomas

Printed at: Bethany Press, Nedumangad

Price: Rs. 35/-

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അവതാരിക

തെരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിന്റെ പിന്തുടർച്ചയാണ് സഭ. ദൈവത്തിന്റെ അനന്തപരിപാലനയിൽ, പരിശുദ്ധാത്മാവിനാൽ പ്രേരിതമായി ക്രിസ്തുവിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹമായി വിശുദ്ധസഭ ലോകത്തിൽ പരിലസിക്കുന്നു. ഈ സാർവ്വത്രിക സഭയുടെ പ്രാദേശിക സാക്ഷാത്കാരമാണ് ഓരോ വ്യക്തിഗതസഭയും. തന്മൂലം വ്യക്തിഗത സഭകൾ വി. ത്രിത്വത്തിന്റെ പരിലാളനകളേററ് അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. കാലാനുസൃതമായ നേതൃത്വവും സംവിധാനങ്ങളും ഓരോ സഭയ്ക്കും ലഭിക്കുന്നതിനു പിന്നിൽ ദൈവത്തിന്റെ അനന്തപരിപാലനയാണ് നാം ദർശിക്കുന്നത്. മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രത്തിലുടനീളം നാം കാണുന്നത് ഈ പരിപാലനയുടെ വിവിധ മുഖങ്ങളാണ്. വിഭജിതമായി വീർപ്പുമുട്ടിയിരുന്ന മലങ്കരയിലെ വ്യത്യസ്ത സഭാ സമൂഹങ്ങൾക്കിടയിൽ പുനരൈക്യ പ്രസ്ഥാനത്തിലൂടെ ഐക്യ സന്ദേശം പ്രഘോഷിക്കുവാൻ മാർ ഈവാനിയോസ് പിതാവി (1930—1953) നെ ദൈവം പ്രത്യേകം തെരഞ്ഞെടുത്തു. കത്തോലിക്കാസഭയുടെ ഭൂപടത്തിൽ സ്ഥാനം നേടിക്കഴിഞ്ഞ മലങ്കര കത്തോലിക്കാ സഭയെ സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സഭാ സമൂഹമായി വളർത്തുന്നതിനുവേണ്ടിയാണ് ഭാഗ്യ സ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിനെ ദൈവം പ്രത്യേകം തെരഞ്ഞെടുത്തത് (1953—1994). തനതായ വ്യക്തിത്വത്തോടെ തലയുയർത്തി നിൽക്കുവാൻ തക്കവണ്ണം കെട്ടുറപ്പുള്ള ഒരു അപ്പസ്തോലിക സഭയായി മലങ്കര കത്തോലിക്കാസഭ വളരുന്നതിനുവേണ്ടി സഭാവിജ്ഞാനീയത്തിലും സഭാ നിയമത്തിലും അവഗാഹം നേടിയിട്ടുള്ള അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായെ ദൈവം നിയോഗിച്ചിരിക്കുന്നു. വൈജ്ഞാനികതയുടെ ഉന്നത തലങ്ങളിൽ എത്തിച്ചേർന്നപ്പോഴും സഭാ നേതൃത്വം ഏറെറടുത്തപ്പോഴും ജനസേവന തല്പരതയും സാമൂഹിക പ്രതിബദ്ധ

www.malankaralibrary.com

തയും കൈമുതലായി സൂക്ഷിച്ചിട്ടുള്ള മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തയുടെ ജീവിതത്തിലുടനീളം ദൈവാനുഗ്രഹ വർഷം തന്നെയാണ് സംഭവിച്ചിട്ടുള്ളത്. ഇനിയും കാര്യക്ഷമമായ നേതൃത്വത്തിലൂടെ മലങ്കര കത്തോലിക്കാസഭയെ മുന്നോട്ടു നയിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. തിരുവനന്തപുരം അതിഭദ്രാസനത്തിനു പ്രത്യേകമെന്നതുപോലെ മലങ്കര കത്തോലിക്കാ സഭയ്ക്ക് പൊതുവെയും, ആഗോള കത്തോലിക്കാ സഭയ്ക്കും അഭിവന്ദ്യ പിതാവിന്റെ സേവനം, സമൃദ്ധമായി ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

ദൈവശാസ്ത്രത്തിൽ ഉപരിപഠനംനടത്തുന്ന ഫാ. ഐസക്ക് കോട്ടുകൽ ആണ് ഈ ഗ്രന്ഥത്തിന്റെ നിർമ്മിതിക്കു പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്. ഈ സംരംഭം അഭിനന്ദനാർഹംതന്നെ. മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തയുടെ ജീവിതത്തിലേക്കും ദർശനങ്ങളിലേക്കും, മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വത്തിലേക്കും വെളിച്ചം വീശുന്ന ലേഖനങ്ങളുടെ സമാഹാരമായ ''സഭയ്ക്കും സമൂഹത്തിനുമായി'' മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരിക്കട്ടെ എന്നാശംസിക്കുന്നു.

തിരുവനന്തപുരം,
10—12—1996.

**മോൺ. കോശി വർഗീസ്**
അതിഭദ്രാസനഭവനം

www.malankaralibrary.com

# ആമുഖം

സുൽത്താൻ ബത്തേരി ആസ്ഥാനമാക്കി, മലങ്കര കത്തോലിക്കാ സഭയുടെ മൂന്നാമത്തെ രൂപത, 1978-ൽ ഉത്ഭവിച്ചു. പുതിയ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി വെരി റവ. ഡോക്ടർ സിറിൽ മലഞ്ചരുവിൽ ഒ. ഐ. സി., സിറിൽ മാർ ബസ്സേലിയോസ് എന്ന നാമധേയം സ്വീകരിച്ച് അഭിഷിക്തനായി. തദവസരത്തിൽ ശ്രീ. തമ്പാൻ കളക്കാടി, വന്ദ്യ തിരുമേനിയെക്കുറിച്ചെഴുതിയ ഏതാനും വാചകങ്ങളാണ് ഇതെഴുതുമ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞു വരുന്നത്. ''മലങ്കര സഭയുടെ ദൗത്യം നിറവേററുന്നതിനുള്ള ഒരു ദൈവിക നിയോഗമായി മെത്രാൻ സ്ഥാനലബ്ധിയെ വന്ദ്യ ബസ്സേലിയോസ് തിരുമേനി കരുതുന്നു. മലങ്കര സഭയിൽ അനേക കാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ട്. ഒരു മിഷൻ രൂപത എന്ന നിലയിൽ പുതിയ രൂപതയിൽ വളരെയധികം പ്രവർത്തിക്കുവാനുണ്ട്. ക്രൈസ്തവ സഭകളുടെ ഐക്യത്തിനും പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുന്നതോടൊപ്പം ആഗോള സഭയിൽ മലങ്കര സഭയ്ക്കുള്ള സ്ഥാനം ഉറപ്പിക്കുന്നതിനും പരിപുഷ്ടമാക്കുന്നതിനുംവേണ്ടി തിരുമേനി ശ്രമിക്കും. ആ പരിശ്രമത്തിൽ അദ്ദേഹത്തോടൊപ്പം നമുക്കും യത്നിക്കാം''. (തമ്പാൻ, കളക്കാടി 'അഭിനവമെത്രാന്മാർ' — മെത്രാഭിഷേക സുവനീർ 1978, തിരുവല്ലാ-10).

ബത്തേരിയുടെ നല്ലയിടയൻ, സാർവ്വത്രിക സഭയിൽ മലങ്കര സഭയുടെ സ്ഥാനം ഉറപ്പിക്കുകയും; വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ എന്നുള്ള സഭാശാസ്ത്രം പ്രചരിപ്പിക്കുകയും ചെയ്യുക സ്വധർമ്മമായി പരിഗണിച്ചു. അങ്ങനെ തീക്ഷ്ണമായ കൃത്യനിർവ്വഹണത്തിൽ വ്യാപൃതനായിരുന്നപ്പോൾ ആണ് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെ പരിശുദ്ധ സിംഹാസനം മലങ്കര സഭയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായി നിയമിച്ചത്. സഭാ സംസർഗ്ഗത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനങ്ങളും മലങ്കര

www.malankaralibrary.com

സഭയെക്കുറിച്ചുള്ള വീക്ഷണങ്ങളുമാണ് സഭാദ്ധ്യക്ഷൻ എന്ന പദവി തിരുമേനിക്ക് നേടിക്കൊടുത്തതു് എന്നതിൽ പക്ഷാന്തരമില്ല. സ്വദേശത്തും വിദേശങ്ങളിൽ പോലും കത്തോലിക്കാ സഭാക്കൂട്ടായ്മയെപ്പററി സംസാരിക്കുമ്പോൾ വാചാലനാകുന്ന തിരുമേനി എന്നും സഭയോടൊത്തു് ചിന്തിക്കുകയും സഭയ്ക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ദൈവശാസ്ത്രജ്ഞനും ഇടയനുമാണ്. പുരാതനവും അപ്പസ്തോലിക പാരമ്പര്യം ഉള്ളതുമായ മലങ്കര സഭ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമാണ്. 'മലങ്കരസഭ' എന്നതു കൊണ്ട് 1930ൽ കത്തോലിക്കാ കൂട്ടായ്മയിലെത്തിയ മലങ്കര കത്തോലിക്കാ സഭയെ മാത്രമല്ല, അദ്ദേഹം വിവക്ഷിക്കുക, പ്രത്യുത അവിഭക്ത മലങ്കര സഭയാണ് തന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുക. തിരുമേനിയുടെ സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും ലേഖനങ്ങളിലും നിന്ന് ഇതു് വ്യക്തമാണ്. സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ ഉൾപ്പെടാത്ത വ്യക്തിഗത സഭകൾ സഭാപരമായി പൂർണ്ണത കൈവരിച്ചിട്ടില്ലെന്ന ദർശനത്തിൽ ഉറച്ചു വിശ്വസിക്കുന്ന തിരുമേനി, സാർവ്വത്രിക സഭാക്കൂട്ടായ്മയിൽ ഉൾച്ചേരുന്ന വ്യക്തിഗത സഭകൾക്ക ലഭിക്കേണ്ട അധികാരാവകാശങ്ങളെ കുറിച്ച് തികച്ചും ബോധവാനാണ്. അപ്പസ്തോലികമായ മലങ്കര സഭയുടെ തനിമയും വ്യക്തിത്വവും നിലനിർത്തിക്കൊണ്ട് വി. പത്രോസിന്റെ പിൻഗാമിയായ സാർവ്വത്രിക സഭാതലവന്റെ ഐക്യശുശ്രൂഷയിൻ കീഴിൽ, സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ മലങ്കരസഭ പൂർണ്ണമായി കടന്നുവരണം, എന്നാഗ്രഹിക്കുകയും അതിനായി നിരന്തരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് തിരുമേനിയെന്നതു് ഓർത്തഡോക്സ് റോമൻ കത്തോലിക്കാ സഭകളിലെ പലർക്കും വേണ്ടത്ര മനസ്സിലായിട്ടുണ്ടോ എന്ന് സംശയമില്ലാതില്ല.

ജാതിമതവർണ്ണവർഗ്ഗഭാഷാ വ്യത്യാസമെന്യേ മനുഷ്യനെ ഒന്നായി കാണുവാനുള്ള തിരുമേനിയുടെ സവിശേഷ സ്വഭാവമാണ് മററു നേതാക്കന്മാരിൽ നിന്നും അദ്ദേഹത്തെ വേർതിരിച്ചു കാണിക്കുന്നതു്. കഴിഞ്ഞ പതിനേഴുവർഷങ്ങളായി ബത്തേരി രൂപതയിൽ തിരുമേനി നേതൃത്വം കൊടുത്ത വിദ്യാഭ്യാസ

www.malankaralibrary.com

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ ഒന്നു വിലയിരുത്തിയാൽ മതി ഈ സത്യം മനസ്സിലാക്കുവാൻ സാധിക്കും. മനുഷ്യ സമൂഹത്തിന്റെ ശുശ്രൂഷയ്ക്കു് അതിന്റെ സമഗ്രമായ പുരോ ഗതിക്കു് സേവനം ചെയ്യുവാൻ മലങ്കര കത്തോലിക്കാസഭയെ ഒരുക്കുകയാണു് തന്റെ പ്രത്യേകമായ ദൗത്യമെന്നു് സ്ഥാനാ രോഹണ ശുശ്രൂഷാമദ്ധ്യേ തിരുമേനി പ്രസ്താവിച്ചതു കേവലം യാദൃച്ഛികമല്ല. തിരുമേനിയുടെ ദർശനത്തിൽ, നാം നമുക്കു വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരോ, പരിപാലിക്കപ്പെടുന്ന വരോ, രക്ഷിക്കപ്പെടുന്നവരോ അല്ല, മറിച്ചു് ദൈവത്തിന്റെ സ്നേഹം ഉപാധികളില്ലാതെ മററുള്ളവരിലേക്കു് ചൊരിഞ്ഞു കൊടുക്കുവാൻ വിളിക്കപ്പെട്ടവരാണു്. സഭകളും സമുദായങ്ങളും മാത്രമല്ല മനുഷ്യസമൂഹം ഒന്നാകെ ഐക്യത്തിലേക്കു് എന്ന ഉത്കൃഷ്ട ദർശനം യാഥാർത്ഥ്യമാക്കുവാൻ അഭിവന്ദ്യ തിരുമേനി യുടെ സഭാപരവും സാമൂഹികവുമായ പ്രവർത്തനങ്ങൾ സഹായകമാകട്ടെ! ആ കരങ്ങൾക്കു് നമുക്കു് ശക്തി പകരാം. ആ മഹായത്നത്തിൽ നമുക്കും സർവ്വാത്മനാ പങ്കുചേരാം.

പ്രഗത്ഭരും പ്രശസ്തരുമായ മാർ ഈവാനിയോസ്, മാർ ഗ്രീഗോറിയോസ് എന്നീ മുൻഗാമികളുടെ പിന്നാലെ മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷസ്ഥാനത്തേക്കു് സഭാഭി മുഖ്യവും സാമൂഹിക തൽപ്പരതയും സമഞ്ജസമായി സമ്മേളി ച്ചിരിക്കുന്ന സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെ പരി. സിംഹാസനം നിയമിച്ചതു് സഭാമക്കൾക്കാകെ സന്തോ ഷവും ഉണർവും പ്രദാനം ചെയ്തു. മെത്രാപ്പോലീത്തൻ ആർച്ച ബിഷപ്പായുള്ള നിയമന പ്രഖ്യാപനത്തെ തുടർന്നു നടന്ന ബത്തേരി രൂപതയിൽനിന്നുള്ള യാത്രയയപ്പു്, തിരുവനന്ത പുരത്തെ സ്ഥാനാരോഹണ ശുശ്രൂഷ, പരി. ജോൺ പോൾ രണ്ടാമൻ മാർ പാപ്പായിൽ നിന്നുമുള്ള പാലിയ സ്വീകരണം എന്നീ അവിസ്മരണീയ സന്ദർഭങ്ങളിൽ പങ്കെടുക്കുവാൻ ഭാഗ്യം ലഭിച്ച എനിക്കു് ഈ ചരിത്ര സംഭവങ്ങളുടെ വിവരണങ്ങളട ങ്ങുന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്നാഗ്രഹമുണ്ടായി രുന്നു. അതിന്റെ പൂർത്തീകരണമാണു് ഈ ചെറുഗ്രന്ഥം.

മൂന്നുഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ലഘുഗ്രന്ഥ ത്തിന്റെ ആദ്യഭാഗം അഭിവന്ദ്യ തിരുമേനിയുടെ ലഘു ജീവ

www.malankaralibrary.com

ചരിത്രം, നിയമന ഉത്തരവ്, ബത്തേരിയിൽ നിന്നുള്ള വിട വാങ്ങൽ, സ്ഥാനാരോഹണം, പാലിയ സ്വീകരണം തുടങ്ങിയവയെക്കുറിച്ചുള്ള വിവരണങ്ങൾ ഉൾക്കൊള്ളുന്നു. രണ്ടാം ഭാഗത്ത്, അഭിവന്ദ്യ തിരുമേനിയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായുള്ള സ്ഥാനാരോഹണത്തോടനുബന്ധിച്ച് പ്രസിദ്ധീകൃതമായ ഏതാനും ലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗമാകട്ടെ മലങ്കര കത്തോലിക്കാസഭയെക്കുറിച്ചുള്ള വീക്ഷണങ്ങളും ദർശനങ്ങളും ഉൾക്കൊള്ളുന്ന ഏതാനും ലേഖനങ്ങളാണ്.

ഈ പുസ്തകരചനയിൽ എന്നെ സഹായിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി! വിശിഷ്യാ ലേഖനങ്ങൾ എഴുതിയ ഭാരത കാത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (CBCI) അദ്ധ്യക്ഷനും ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ തിരുമേനി, തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ്, മെത്രാപ്പോലീത്താ, തിരുവനന്തപുരം അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി, ബത്തേരി രൂപതാ അഡ്മിനിസ്ട്രേറ്റർ മോൺ. തോമസ് താന്നിക്കാക്കുഴി, തിരുവല്ലാ സെൻറ് ജോൺസ് കത്തീഡ്രൽ വികാരി റവ. ഡോ. ഏബ്രഹാം കാക്കനാട്ട്, മലങ്കര സെമിനാരി റെക്ടർ വെരി റവ. ഡോ. വർഗീസ് ഒററത്തെങ്ങിൽ, അഞ്ചൽ സെൻറ് ജോൺസ് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. നൈനാൻ തരകൻ ആന്നിയിൽ, മാർ ഈവാനിയോസ് കോളേജധ്യാപകൻ റവ. ഡോ. സാമുവൽ കാട്ടുകല്ലിൽ, നാലാഞ്ചിറ സർവ്വോദയ സ്കൂൾ മാനേജർ റവ. ഫാ. വർക്കി ആററുപുറത്ത്, മനോരമ ലേഖകൻ ശ്രീ കെ. എഫ്. ജോർജ്, തിരുവല്ലാ സെൻറ് ജോൺസ് കോളേജ് പ്രിൻസിപ്പലും കേരള കത്തോലിക്കാ ഫെഡറേഷന്റെ പ്രസിഡൻറുമായ ശ്രീ. വർഗീസ് കരിപ്പായിൽ, തിരുവനന്തപുരം അതിരൂപതാ സാമൂഹികക്ഷേമ വകുപ്പ് മുൻ ഡയറക്ടർ റവ. ഫാ. തോമസ് വട്ടപ്പറമ്പിൽ, കമ്മന സെൻറ് തോമസ് ഇടവക വികാരി റവ. ഫാ. പി. ററി. തോമസ്, ഐക്യദീപം എക്സിക്യൂട്ടീവ് എഡി

www.malankaralibrary.com

ററർ റവ. ഫാ. ഷെബി കോഴിയടിയിൽ, ബഥനി പബ്ലിക്കേഷൻസ് ഡയറക്ടർ റവ. ഫാ. സിൽവസ്ററർ കാഞ്ഞിരമുകളിൽ ഒ. ഐ. സി., തിരുവനന്തപുരം അതിഭദ്രാസന ചാൻസിലർ വെരി റവ. ഫാ. തോമസ് കുഴിനാപ്പുറം എന്നിവർക്കും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ അനുവാദം നൽകിയ മലയാള മനോരമ, ദീപിക, ഐക്യദീപം, സത്യദീപം എന്നീ പ്രസിദ്ധീകരണങ്ങളുടെ ബഹു. പത്രാധിപന്മാർക്കും പ്രത്യേകമായ കൃതജ്ഞത ! ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ പ്രത്യേകമായി സഹായിച്ച തിരുവനന്തപുരം അതിഭദ്രാസനത്തിൻെറ ചാൻസിലർ വെരി റവ. ഫാ. തോമസ് കുഴിനാപ്പുറത്തിനു് എൻെറ ഹൃദയംഗമമായ നന്ദി ! പണ്ഡിതോചിതമായ അവതാരികയിലൂടെ ഈ പുസ്തകത്തെ ധന്യമാക്കിയ തിരുവനന്തപുരം അതിഭദ്രാസന വികാരി ജനറൽ വെരി റവ. മോൺ. കോശി വർഗ്ഗീസിനെ നന്ദിയോടെ സ്മരിക്കുന്നു. ഭാഷാപരമായ തിരുത്തലുകളിലൂടെ ഈ പുസ്തകത്തെ അണിയിച്ചൊരുക്കിയ സി. ഫിലിപ്പ് നേരി D. M. നും ഇതിൻെറ മുദ്രണം ഭംഗിയായി നിർവ്വഹിച്ച നെടുമങ്ങാട് ബഥനി പ്രസ്സ് മാനേജർ ഫാ. വർഗീസ് തൈക്കൂട്ടത്തിലിനും, സഹപ്രവർത്തകർക്കും ഹൃദ്യമായ കൃതജ്ഞത. ഈ ഗ്രന്ഥരചനയിലും മററു സഭാപരമായ പ്രവർത്തനങ്ങളിലും എനിക്കു പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്ന എൻെറ സുഹൃത്തുക്കൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനും തിരുവനന്തപുരം അതിഭദ്രാസനത്തിൻെറ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായി സ്ഥാനാരോഹണം ചെയ്തതിൻെറ പ്രഥമ വാർഷിക ദിനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം മലങ്കര സഭാമക്കളുടെ കൂട്ടായ്മയുടെ വളർച്ചയ്ക്കും സഭാഭിമുഖ്യത്തിനും സഭൈക്യ ശ്രമങ്ങൾക്കും പ്രചോദനമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി !

ബത്തേരി,
1996 ഡിസംബർ 14.

ഫാദർ ഐസക്ക് തോട്ടുങ്കൽ

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക v

ആമുഖം vii

ഉള്ളടക്കം xiii

മലങ്കരയിൽ നിന്നൊരു മണിദീപം 1
—ഫാ. ഐസക്ക് തോട്ടുങ്കൽ

സ്മരണകളിൽ ഒളിവിതറി 13

സേവനത്തിൻെറ പാതയിൽ മുന്നോട്ട് 35

Message from the Holy See 49


## അനുമോദനങ്ങൾ ആശംസകൾ


ദൈവം ഉത്തമ ഇടയനെ നൽകി
—ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത 57

സഭയെ വളർത്തുന്ന പിതാവ്
—ആർച്ച്ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ 60

ദൈവത്തിനു നന്ദി
— ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത 64

മാനവ മൈത്രിയുടെ ആചാര്യൻ
—മോൺ. തോമസ് താന്നിക്കാക്കുഴി 65

നന്മകളുടെ വലിയ പിതാവ്
—ദീപിക ദിനപത്രം 70

മാർ ഈവാനിയോസിൻെറ പ്രേഷ്ഠശിഷ്യൻ
—ഫാ. ഷെബി കോഴിയടിയിൽ 72

കാരുണ്യത്തിൻെറ കർമ്മ വീഥിയിൽ
—കെ. എഫ്. ജോർജ് (മലയാള മനോരമ) 77

വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ ഇടയ ശ്രേഷ്ഠൻ
—ഐക്യദീപവുമായുള്ള അഭിമുഖം 81


www.malankaralibrary.com

നമ്മുടെ വലിയ മെത്രാപ്പോലീത്ത
—ഫാ. സാമുവേൽ കാട്ടുകല്ലിൽ 88

മാർ ബസ്സേലിയോസും ഏകലോക വീക്ഷണവും
— ഫാ. വർഗീസ് ഒററത്തെങ്ങിൽ 92

മാർ ബസ്സേലിയോസ്: ഒരു ദാർശനികൻ
—ഫാ. തരകൻ ആന്നിയിൽ 95

നല്ലവനും വല്ലഭനുമായ ആർച്ചുബിഷപ്പ്
—വർഗീസ് കരിപ്പായിൽ 98

സാമൂഹ്യ പ്രതിബദ്ധതയുമായി പുതിയ അമരക്കാരൻ
—ഫാ. തോമസ് വട്ടപ്പറമ്പിൽ 100

പൗരസ്ത്യസഭാപിതാവ്
—ഫാ. പി. ററി. തോമസ് 102

പ്രബോധകനായ മാർ ബസ്സേലിയോസ്
—ഫാ. വർക്കി ആററുപുറത്ത് 106

## സഭാദർശനങ്ങൾ

ഒരു ദർശനത്തിനു കൊതിക്കുന്ന മലങ്കര സഭ
—ഫാ. ഏബ്രഹാം കാക്കനാട്ട് 111

മലങ്കര കത്തോലിക്കാ സഭയും സ്വയം ഭരണവും
—ഫാ. സിൽവസ്റ്റർ കാഞ്ഞിരമുകളിൽ
ഒ.ഐ.സി. 118

മലങ്കര കത്തോലിക്കാസഭയുടെ കാനോനിക വ്യക്തിത്വം 128
—ഫാ. തോമസ് കുഴിനാപ്പുറം

സഭാവ്യക്തിത്വവും — പ്രായോഗിക സമീപനവും 136
—ഫാ. ഷെബി കോഴിയടിയിൽ

## അനുബന്ധം

മാർ ബസ്സേലിയോസ് തിരുമേനിയും സുപ്രധാന ദിനങ്ങളും
സമ്പാദകൻ— ഫാ. ഐസക്ക് തോട്ടുങ്കൽ

www.malankaralibrary.com

# മലഞ്ചെരുവിൽ നിന്നൊരു മണിദീപം

—ഫാ. ഐസക്ക് തോട്ടുങ്കൽ

മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന ഘട്ടങ്ങളെ ഹ്രസ്വമായി പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## ജനനവും ബാല്യവും

പത്തനംതിട്ട ജില്ലയിൽ പന്തളത്തിനടുത്തുള്ള ഉള്ളന്നൂർഗ്രാമത്തിൽ മലഞ്ചരുവിൽ ശ്രീ. മത്തായി സാറിന്റെയും ശ്രീമതി ഏലിയാമ്മയുടേയും മകനായി 1935 ആഗസ്റ്റ് 16-ാം തീയതി ജയിംസ് ജനിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവും ഭാഗ്യ സ്മരണാർഹനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊന്നിച്ചു നിന്ന് സഭയ്ക്കുവേണ്ടി ശക്തമായി പോരാടിയ മുന്നണി പടയാളികളിൽ അഗ്രഗണ്യനാണ് ശ്രീ. മത്തായി മലഞ്ചരുവിൽ. അദ്ധ്യാപകനായിരുന്ന മത്തായിസാർ 1932-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തെ മുക്ത്യാറായി നിയമിച്ചു. തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി സ്ഥലങ്ങൾ വാങ്ങുന്നതിന് ധാരാളം കഷ്ടപ്പാടുകൾ അദ്ദേഹത്തിന് സഹിക്കേണ്ടിവന്നിട്ടുണ്ട്. അതൊക്കെസഭയുടെ വളർച്ചയ്ക്കായി സ്വീകരിച്ച ഈ അല്മായ നേതാവിന്റെ പത്തു മക്കളിൽ നാലാമനായി ജനിച്ച ജയിംസ് തന്റെ പ്രാഥമിക വിദ്യാഭ്യാസം മെഴുവേലി സ്കൂളിൽ നടത്തി. പഠനത്തിൽ ഒന്നാമനായിരുന്ന ജയിംസ് പഠനത്തിൽ പിന്നോക്കം നിന്ന സഹപാഠികളെ പഠനത്തിലും മററു രംഗങ്ങളിലും

www.malankaralibrary.com

ആവശ്യങ്ങൾ മനസ്സിലാക്കി സഹായിച്ചിരുന്നു. അങ്ങനെ സാമൂഹ്യ സേവനത്തിലും നേതൃത്വത്തിലും അംഗീകാരവും വ്യക്തിമുദ്രയും നേടി വളർന്നു വന്നു.

സഭാഭിമുഖ്യമുള്ള കുടുംബത്തിൽ വളരുന്ന മക്കളും സഭാസ്നേഹികളായി മാറും എന്നതിനു് ഉത്തമോദാഹരണമാണ് മലഞ്ചരുവിൽ കുടുംബം. വൈദിക സന്യസ്ത വിളികളാൽ അനുഗ്രഹിക്കപ്പെട്ട കുടുംബം! മാർ ഈവാനിയോസ് തിരുമേനിയുടെ ഉത്തമ സ്നേഹിതനും അല്മായ നേതാവുമായിരുന്ന ശ്രീ. മത്തായി സാറിന്റെ മകൻ, മാർ ഈവാനിയോസ് തിരുമേനിയുടെ പിൻഗാമിയും തിരുവനന്തപുരം അതിരൂപതാ സാരഥിയുമായതു് ദൈവ നിയോഗം മാത്രം! തിരുമേനിയുടെ അഞ്ചു സഹോദരന്മാരിൽ 3 പേർ ഇന്നു ജീവിച്ചിരിപ്പില്ല. മാർ ഈവാനിയോസ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ് ഇവയുടെ പ്രിൻസിപ്പലും മലങ്കര സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവുമായിരുന്ന ബഹു. ജോർജ് മലഞ്ചരുവിൽ അച്ചൻ, ദീർഘകാലം തിരുവനന്തപുരം അതിരൂപതാ മതബോധന ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹുമാനപ്പെട്ട മത്തായി മലഞ്ചരുവിൽ അച്ചൻ, മൈലപ്രാ ട്രെയിനിംഗ് സ്കൂൾ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. എബ്രഹാം മലഞ്ചരുവിൽ എന്നിവരാണവർ. ഇപ്പോൾ തിരുവനന്തപുരത്തു് ഗവണ്മെന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോൺ മത്തായി I. A. S., അമേരിക്കയിൽ മനഃശാസ്ത്രജ്ഞനായി ജോലി ചെയ്യുന്ന ഡോ. ജോസഫ് മാത്യു എന്നിവർ സഹോദരൻമാരാണ്. സഹോദരിമാർ നാലു പേരും — സി. ഹെലേന, സി. എവുജീനിയ, സി. ബെർക്കുമാൻസ്, സി. ഫെലീഷ്യാ–ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം, ബത്തേരി പ്രോവിൻസുകളിൽ നിസ്തുലമായ സേവനം അനുഷ്ഠിച്ചു വരുന്നു. തിരുമേനിയുടെ പിതാവു് 1977–ലും മാതാവു് 1982–ലും നിര്യാതരായി.

## ബഥനി ആശ്രമാംഗം

ബാലനായിരിക്കുമ്പോൾ തന്നെ ബഥനി ആശ്രമത്തിൽ ചേരുന്നതിനാഗ്രഹിച്ച ജയിംസ്, ബഥനി ആശ്രമ സ്ഥാപക

www.malankaralibrary.com

നായ മാർ ഈവാനിയോസ് തിരുമേനിയുടെ അനുഗ്രഹാശ്ശിസ്സുകളോടെ 1951 ജൂൺ 15-ന് ബഥനിയിൽ ചേർന്നു. അങ്ങനെ ജയിംസ്, ബ്രദർ സിറിൽ ആയി മാറി. ബഥനി ആശ്രമത്തിൻെറ അന്നത്തെ ജനറലേററായിരുന്ന ചെങ്ങന്നൂരും, തിരുവനന്തപുരത്തും താമസിച്ച് സന്യാസ ജീവിതത്തിൻെറ ആദ്യപാഠങ്ങൾ ഹൃദിസ്ഥമാക്കി. തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾക്കായി ആശ്രമാധികാരികൾ ബ്രദർ സിറിലിനെ വിഖ്യാതമായ പൂനാ പേപ്പൽ സെമിനാരിയിലേക്കയച്ചു. തത്വശാസ്ത്രത്തിൽ L. Ph. (M. Ph.)ദൈവശാസ്ത്രത്തിൽ(L.D. (M. Th.) ഇവ പ്രശസ്തമായ രീതിയിൽ കരസ്ഥമാക്കി. അദ്ധ്യാപകരുടെയും സഹപാഠികളുടെയും സ്നേഹവും പ്രോത്സാഹനവും ലഭിച്ച അക്കാലത്തെക്കുറിച്ച് സംസാരിക്കുമ്പോൾ തിരുമേനി ഇന്നും കൃതജ്ഞതാനിർഭരനാകുന്നു.

## വൈദികൻ

വിജയകരമായി തത്വശാസ്ത്ര ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ബ്രദർ സിറിൽ 1960 ഒക്ടോബർ 4-ന് പേപ്പൽ സെമിനാരിയിൽ വച്ച് അത്യുന്നത കർദ്ദിനാൾ അഗാജിയാനിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. പിറെറ ദിവസം പ്രഥമ ദിവ്യബലി അർപ്പിച്ചു. പൂനായിൽ നിന്നും താമസിയാതെ നാട്ടിലെത്തിയ ഫാ. സിറിൽ ഏതാനും മാസങ്ങൾ തിരുവനന്തപുരം അതിരൂപതയിലെ മിഷൻ കേന്ദ്രങ്ങളിൽ അജപാലന ശുശ്രൂഷ നടത്തി. 1961-ൽ ഉപരിപഠനാർത്ഥം അദ്ദേഹം റോമിലെത്തി. റോമിലെ പ്രശസ്തമായ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ നിന്നു് 1965-ൽ സഭാനിയമത്തിൽ സ്വർണ്ണമെഡലോടെ ഡോക്ടറേററ് കരസ്ഥമാക്കി. ''സീറോ-മലങ്കരസഭ'' എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രബന്ധം. ആധികാരിക രേഖകൾ ഉദ്ധരിച്ച് മലങ്കര കത്തോലിക്കാസഭയെക്കുറിച്ച് വ്യക്തമായും ആധികാരികമായും പ്രതിപാദിക്കുന്ന പ്രസ്തുത ഗ്രന്ഥം മലങ്കരസഭയ്ക്കു് ഒരു വിലപ്പെട്ട സംഭാവനയാണു്. റോമിലെ പഠനത്തിനിടയിൽ, സന്യസ്തർക്കായുള്ള സംഘത്തിൻെറ കീഴിലുള്ള നിയമ പഠനകേന്ദ്രത്തിൽ നിന്നും സന്യാസ നിയമത്തിൽ ഡിപ്ളോമായും നേടി. രണ്ടാ

www.malankaralibrary.com

വത്തിക്കാൻ കൗൺസിൽ നടക്കുന്ന കാലമായിരുന്നതിനാൽ ധാരാളം അകത്തോലിക്കാ സഭാപ്രതിനിധികളെ പ്രത്യേകിച്ച് ഭാരതത്തിൽനിന്നുള്ളവരെ പരിചയപ്പെടുന്നതിനും അവരെ സഹായിക്കുന്നതിലും ഫാദർ സിറിൽ ദത്തശ്രദ്ധനായിരുന്നു.

1965–ൽ കേരളത്തിൽ തിരിച്ചെത്തിയ ഡോക്ടർ സിറിൽ വടവാതൂർ സെൻറ് തോമസ് അപ്പസ്തോലിക സെമിനാരിയിൽ ദൈവശാസ്ത്ര വിഭാഗത്തിൽ അദ്ധ്യാപകനായി നിയമിതനായി. അദ്ദേഹത്തിൻെറ പണ്ഡിതോചിതമായ ക്ലാസ്സുകളെ കുറിച്ചും സ്നേഹനിർഭരമായ പെരുമാററ രീതികളെക്കുറിച്ചും അക്കാലത്തെ വൈദിക വിദ്യാർത്ഥികളും ഇപ്പോൾ വിവിധ രൂപതകളിൽ സേവനം അനുഷ്ഠിക്കുന്നവരുമായ പല ബ. വൈദികരിൽനിന്നും കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. 1969-ൽ ബാംഗ്ളൂർ ധർമ്മാരാം കോളേജിൽവച്ചു നടന്ന ദേശീയ സഭാ സെമിനാറിൽ വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭയെന്ന ആശയം ഉജ്ജ്വലമായി അവതരിപ്പിച്ച് ഇൻഡ്യയിലെ പൗരസ്ത്യകത്തോലിക്കാസഭകളുടെ ധീരനായ വക്താവായതു് ഡോ. സിറിൽ മലഞ്ചരുവിൽ ആയിരുന്നുവെന്നതു് ഇന്നും പലരും അഭിമാനപൂർവ്വം സ്മരിക്കുന്നു. മനഃശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്നതിനായി 1970–ൽ ന്യൂയോർക്കിൽ എത്തിയ ഫാദർ സിറിൽ, സെൻറ് ജോൺസ് സർവ്വകലാശാലയിൽ നിന്നും മനഃശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. 1972–ൽ നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹം വടവാതൂർ സെമിനാരിക്കു പുറമേ ആലുവായിലെ സെൻറ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലും അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1973 മുതൽ, പൗരസ്ത്യ കാനൻ പരിഷ്കരണ സമിതിയിൽ സേവനം അനുഷ്ഠിച്ചു. കൂടാതെ ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിൻെറ നേതൃത്വത്തിൽ വൈദിക പരിശീലനത്തിനായി നിയമിതമായ പ്രത്യേക സമിതിയിലും അംഗമായിരുന്നു ഫാ. സിറിൽ. ഇക്കാലത്തു് സഭയെക്കുറിച്ച് പ്രാദേശിക, ദേശീയതലങ്ങളിൽ നടന്ന ചർച്ചകളിൽ അദ്ദേഹം എന്നും സജീവമായി പങ്കെടുത്തിരുന്നു.

www.malankaralibrary.com

## ആശ്രമാദ്ധ്യക്ഷൻ

1966 മുതൽ ബഥനി ആശ്രമത്തിൻെറ ജനറൽ കൗൺസിൽ അംഗമായി സേവനം അനുഷ്ഠിച്ചു വരികയായിരുന്ന ഫാദർ സിറിൽ 1974-ൽ ബഥനി ആശ്രമത്തിൻെറ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ വെളിച്ചത്തിൽ ബഥനി ആശ്രമത്തെ നവീകരിക്കുന്നതിനു് അദ്ദേഹം പരിശ്രമിച്ചു. ബഥനി ആശ്രമം വിദ്യാഭ്യാസ രംഗത്തേക്കു് പ്രവേശിച്ചതും ഈ കാലയളവിലാണു്. കോട്ടയത്തെ പ്രസിദ്ധമായ ഗിരിദീപം ഹൈസ്കൂൾ, മൈലപ്രായിലെ മൗണ്ടു് ബഥനി ഹൈസ്കൂൾ തുടങ്ങിയവ അദ്ദേഹം തുടങ്ങിയവയാണു്. കോട്ടയത്തെ ബഥനി ജനറലേററു് മന്ദിരം, ആലുവയിലെ ''തപോവനം'' തുടങ്ങിയവ സിറിലച്ചൻെറ സംഭാവനകളാണു്. സുപ്പീരിയർ ജനറലായിരുന്ന ഈ കാലഘട്ടത്തിലും അദ്ധ്യാപകവൃത്തി തുടർന്നു. കൂടാതെ സന്യസ്തരുടെ സംഘടനയുടെ (C R I) കേരള ഘടകത്തിൻെറ പ്രസിഡൻറായും ഫാദർ സിറിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. കേരളത്തിൽ പരക്കെ അറിയപ്പെടുന്ന ധ്യാനഗുരുവായ അദ്ദേഹം (കേരളത്തിലെ) മിക്ക രൂപതകളിലും വൈദിക സെമിനാരികളിലും സന്യസ്ത ഭവനങ്ങളിലും ധ്യാന പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടു്. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും അഭിവന്ദ്യപിതാക്കന്മാരുടെ നിർദ്ദേശ പ്രകാരം ബ. വൈദികർക്കായും തെരഞ്ഞെടുക്കപ്പെട്ട അല്മായർക്കായും സഭ, എക്യുമെനിസം, മലങ്കര കത്തോലിക്കാ സഭയുടെ ദൗത്യം, ആരാധനക്രമം എന്നീ വിഷയങ്ങളെക്കുറിച്ചു് ധാരാളം ചർച്ചാക്ലാസ്സുകളും സെമിനാറുകളും നടത്തിയിട്ടുണ്ടു്.

## ബത്തേരി രൂപതാദ്ധ്യക്ഷൻ

ബഥനി ആശ്രമത്തിൻെറ സുപ്പീരിയർ ജനറലായി സേവനം അനുഷ്ഠിച്ചുവരികയായിരുന്ന ഫാ. സിറിൽ മലഞ്ചെരുവിലിനെ 1978 ഒക്ടോബർ 28-ാം തീയതി പരിശുദ്ധ പിതാവു് ജോൺ പോൾ രണ്ടാമൻ മാർ പാപ്പാ പുതിയതായി രൂപീകരിച്ച ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായി നിയമിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ അതൊരു വഴി

www.malankaralibrary.com

ത്തിരിവായിരുന്നു ! 1978 ഡിസംബർ 21-ന് തിരുവല്ലാ സെൻറ് ജോൺസ് കത്തീഡ്രലിൽ വച്ച് റമ്പാൻ സ്ഥാനം സ്വീകരിച്ച ബ. സിറിലച്ചൻ 1978 ഡിസംബർ 28-ന് തിരുമൂലപുരം സെൻറ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൻെറ മുൻപിലായി തയ്യാറാക്കിയിരുന്ന മാർ തെയോഫിലോസ് നഗറിൽ വച്ച് സിറിൽ മാർ ബസ്സേലിയോസ് എന്ന പേരോടുകൂടി മെത്രാനായി അഭിഷിക്തനായി. മലങ്കര സഭാദ്ധ്യക്ഷൻ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മികനും അഭിവന്ദ്യ പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്താ, ദമാസ്കസ് അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് മുണയർ മെത്രാപ്പോലീത്താ സഹ കാർമ്മികരുമായി നടന്ന മെത്രാഭിഷേക ശുശ്രൂഷയിൽ അഭിവന്ദ്യ ബസ്സേലിയോസ് തിരുമേനിയോടൊത്ത് ഭാഗ്യസ്മരണാർഹനായ ഐസക്ക് മാർ യൂഹാനോൻ തിരുമേനിയും മെത്രാഭിഷേകം സ്വീകരിച്ചു.

1979 ഫെബ്രുവരി 2-ാം തീയതി ബത്തേരി സെൻറ് തോമസ് പ്രോ-കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ ബസ്സേലിയോസ് തിരുമേനി ബത്തേരി രൂപതാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു. മെത്രാപ്പോലീത്തൻ-ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ''സുന്ത്രോണീസോ''യിൽ തിരുവല്ല രൂപതാദ്ധ്യക്ഷൻ ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ, പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്താ എന്നിവർ സഹകാർമ്മികരായിരുന്നു. ബത്തേരി രൂപത അന്ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അക്ഷരാർത്ഥത്തിൽ അതൊരു വലിയ തുടക്കത്തിനു നാന്ദിയായിരുന്നു ! 43 ഇടവക മിഷൻ കേന്ദ്രങ്ങളിലായി ഏകദേശം 8500 മലങ്കര കത്തോലിക്കാ വിശ്വാസികൾ, അവരെ നയിക്കുവാൻ 18 ഇടവക വൈദികരും 2 ബഥനി ആശ്രമ വൈദികരും, 30 ബഥനി സന്യാസിനികളും. സ്ഥാപനങ്ങൾ എന്നു പറയുവാൻ രണ്ടു യു. പി. സ്കൂൾ, രണ്ടു എൽ. പി. സ്കൂൾ, ഒരു നഴ്സറി സ്കൂൾ, ഇതായിരുന്നു ബത്തേരി രൂപതയുടെ ആരംഭത്തിലെ അവസ്ഥ. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള വൈദിക

www.malankaralibrary.com

മന്ദിരമായ ''സാൻ ജോസ് വില്ല''യുടെ മുൻപിൽ 'Bishop's House' എന്ന ബോർഡുവച്ച് തൻെറ അജപാലനം ആരംഭിച്ചു. രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ, തികഞ്ഞ ദൈവാശ്രയ ബോധമുള്ളവനായ തിരുമേനി എല്ലാം അവിടുത്തെ കരങ്ങളിൽ സമർപ്പിച്ച് തുടങ്ങിയ ശുശ്രൂഷ എല്ലാം ദൈവാനുഗ്രഹപ്രദമായി, വിജയപ്രദമായി പുരോഗമിച്ചു. ബത്തേരിയിൽ നിന്നുള്ള യാത്രയയപ്പു സമ്മേളനത്തിൽ ബത്തേരിയുടെ ജനപ്രതിനിധി പ്രസ്താവിച്ചു: ''തൊട്ടതെല്ലാം പൊന്നാക്കുന്ന വ്യക്തിയാണ് തിരുമേനി''യെന്ന്. അക്ഷരാർത്ഥത്തിൽ അതു ശരിയാണ്. ചിതറിക്കിടന്നിരുന്ന സഭാമക്കളെ ഒരു ചരടിൽ കോർത്തിണക്കി! യുവജനപ്രസ്ഥാനം, വേദോപദേശ പ്രസ്ഥാനം ഇവയ്ക്ക് ശക്തമായ അടിത്തറയിട്ടു. സഭാപരമായ ദർശനങ്ങൾ നൽകി വളർത്തി. ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങൾ കൂടാതെ രൂപത നടത്തിയ ജനക്ഷേമപ്രവർത്തനങ്ങളാണ് രൂപതാ സാമൂഹ്യ ക്ഷേമ പ്രവർത്തനകേന്ദ്രമായ ''ശ്രേയസ്സിനെ'' ജനകീയ പ്രസ്ഥാനമായി ഇന്നും നിലനിർത്തുന്നത്. ശ്രേയസ്സിൻെറ ആനുകൂല്യങ്ങൾ മലങ്കര കത്തോലിക്കരേക്കാൾ മററുള്ളവർക്കാണെന്നതാണ് സത്യം. 90 കേന്ദ്രങ്ങളിലായി ആദിവാസികളുടെ സമൂല വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചുരുക്കത്തിൽ, മനുഷ്യനെ ഒന്നായി കാണുവാനുള്ള തിരുമേനിയുടെ പ്രത്യേകമായ കഴിവാണ് ഈ പ്രവർത്തനങ്ങളുടെയെല്ലാം വിജയത്തിൻെറ അടിസ്ഥാനം. ''ഗുരുകുലം'' സെമിനാരി, ''ധർമ്മപീഠം'' അരമന, ''പ്രതീക്ഷാ'' യൂത്ത് സെൻറർ നൂറുശതമാനം വിജയം നേടുന്ന ബത്തേരിയിലെ സെൻറ് ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂൾ, ''ശ്രേയസ്സ്'' സോഷ്യൽ സർവ്വീസ് സെൻറർ, 'സ്രോതസ്സ്'' വേദോപദേശ കേന്ദ്രം, 'സന്നിധാനം' വൈദിക മന്ദിരം, പുൽപ്പള്ളിയിലെ 'പഴശ്ശിരാജാ' കോളേജ് തുടങ്ങിയവ തിരുമേനിയുടെ ദീർഘവീക്ഷണത്തിൻെറയും സഭാസേവനത്തിൻെറയും ജനസേവനത്തിൻെറയും പ്രതീകങ്ങളായി എന്നും നിലകൊള്ളും! കൂടാതെ ഈ കാലയളവിൽ 60 ദൈവാലയങ്ങളും 20 വൈദിക മന്ദിരങ്ങളും പുതിയതായി പണി കഴിപ്പിച്ചിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമായി പതിനഞ്ചോളം

www.malankaralibrary.com

വൈദികർക്ക് ഉപരിപഠനത്തിനവസരം നൽകി അവരെ പ്രോത്സാഹിപ്പിച്ചു. മൂന്നു മാസത്തിൽ ഒരിക്കൽ രൂപതയിലെ വൈദികരെല്ലാവരും തിരുമേനിയുടെ നേതൃത്വത്തിൽ ഒന്നിച്ചു കൂടി പൊതുവായ വിഷയങ്ങളും രൂപതയുടെ പ്രത്യേക കാര്യങ്ങളും ചർച്ച ചെയ്യുന്ന ഒരു ശൈലിയാണ് രൂപതയുടെ ആരംഭം മുതൽ ഉണ്ടായിരുന്നത്. രൂപതാ അജപാലന സമിതി കൂടാതെ മേഖലാ അജപാലനസമിതികൾക്ക് രൂപംകൊടുത്ത് അല്മായരെ സഭാജീവിതത്തിൽ ഉറപ്പിക്കുവാനും അർഹമായ പ്രാതിനിധ്യം അവർക്കു നല്കുവാനും തിരുമേനി നേതൃത്വം നൽകി. 17 വർഷത്തെ സമർപ്പിതമായ രൂപതാ ഭരണത്തിനുശേഷം തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷനായി തിരുമേനി ബത്തേരിയോടു വിടപറയുമ്പോൾ 108 ഇടവകകളിലായി 22,507 മലങ്കര കത്തോലിക്കാ വിശ്വാസികളും അവരുടെ അജപാലന ധർമ്മത്തിനായി 61 രൂപതാവൈദികരും 11 സന്യാസ വൈദികരും 185 സന്യാസിനികളും 92 വൈദിക വിദ്യാർത്ഥികളും ബത്തേരി രൂപതയ്ക്ക് ഉണ്ടായിരുന്നുവെന്നു പറയുമ്പോൾ അതിന്റെ വളർച്ചയെക്കുറിച്ച് ഊഹിക്കാവുന്നതേയുള്ളു. ആരംഭത്തിലെ അഞ്ചു സ്കൂളുകളുടെ സ്ഥാനത്ത് 58 സ്കൂളുകൾ, 2 ടെക്നിക്കൽ വിദ്യാലയങ്ങൾ, ഒരു കോളേജ് തുടങ്ങിയവ വേറെയും. മലങ്കര കത്തോലിക്കാസഭയ്ക്ക് ബത്തേരി രൂപതയുൾപ്പെടുന്ന ഭൂപ്രദേശങ്ങളിൽ ശക്തമായ അടിത്തറയിട്ടു; (ജാതിമത, വർഗ്ഗ, സമുദായ) വ്യത്യാസം കൂടാതെ മനുഷ്യ സമൂഹത്തെ ശുശ്രൂഷിക്കുന്നതിന് സഭാമക്കളെ സജ്ജരാക്കി. അങ്ങനെ സഭാശുശ്രൂഷയിലും സമൂഹവളർച്ചയിലും മലങ്കര സഭാമക്കളെ വളർത്തിയ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ എന്ന നിലയിൽ തിരുമേനി ബത്തേരി രൂപതയിൽ എന്നും സജീവമായി നിലകൊള്ളുമെന്നതു തീർച്ച!

## ദൈവശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ

സഭാശാസ്ത്രത്തിലും സഭാനിയമത്തിലും സഭൈക്യശാസ്ത്രത്തിലും ആരാധനാശാസ്ത്രത്തിലും അഗാധമായ അറിവുള്ള തിരുമേനി ഭാരതത്തിലും പുറത്തും അറിയപ്പെടുന്ന ഒരു ദൈവശാസ്ത്രജ്ഞനാണ്. സഭകളുടെ കൂട്ടായ്മയുടെ ശക്തനായ വക്താവായി ഭാരതകത്തോലിക്കാ മെത്രാൻ സംഘത്തിന്റെ വിവിധ

www.malankaralibrary.com

സമ്മേളനങ്ങളിൽ അദ്ദേഹം നിലകൊണ്ടിട്ടുണ്ട്. സഭൈക്യ രംഗത്ത് തിരുമേനിയുടെ വീക്ഷണങ്ങളും വിലയിരുത്തലുകളും സർവ്വരുടെയും പ്രശംസ പിടിച്ചുപററിയിട്ടുണ്ട്. ഇംഗ്ലീഷിനു പുറമേ ലത്തീൻ, ജർമ്മൻ, ഇററാലിയൻ എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുവാൻ കഴിവുള്ള തിരുമേനി പല ഭാഷകളിലായി ധാരാളം ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. സീറോ-മലങ്കര സഭ, ശ്ഹീമോ നമസ്കാരത്തിന്റെ മലയാള വിവർത്തനം എന്നീ ഗ്രന്ഥങ്ങൾക്കു പുറമേ ധാരാളം ലേഖനങ്ങൾ, സഭ, സഭൈക്യം, ആരാധനക്രമം, കുടുംബം, മലങ്കര കത്തോലിക്കാസഭയുടെ എക്യുമെനിക്കൽ ദൗത്യം, പുരോഹിതന്റെ ദൗത്യവും വിളിയും, സന്യാസ ജീവിതം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. തിരുമേനിയുടെ ലേഖനങ്ങൾ തിരഞ്ഞെടുത്ത് ഈ ലേഖകൻ തിരുമേനിയുടെ ഷഷ്ടിപൂർത്തിയുടെ അവസരത്തിൽ Emerging Trends in Malankara Catholic Theology: Vision and Contributions of Cyril Mar Baselios എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതു വിഷയത്തെക്കുറിച്ചും പണ്ഡിതോചിതമായി പ്രസംഗിക്കുവാനുള്ള തിരുമേനിയുടെ കഴിവ് ശ്രദ്ധേയമാണ്.

## സഭാശുശ്രൂഷയിൽ

ബത്തേരി രൂപതാദ്ധ്യക്ഷനായി പുതിയ രൂപതയെ കെട്ടിപ്പടുക്കുന്ന ശ്രമകരമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നുവെങ്കിലും മലങ്കര കത്തോലിക്കാ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്ക് തിരുമേനി എന്നും മുൻതൂക്കം നൽകിയിരുന്നു. തിരുവനന്തപുരത്ത് സ്ഥാപിതമായിരിക്കുന്ന സെൻറ് മേരീസ് മലങ്കര സെമിനാരിയുടെ സ്ഥാപനത്തിലും വളർച്ചയിലും തിരുമേനി വഹിച്ച പങ്ക് നിസ്തുലമാണ്. മലങ്കര സെമിനാരി കമ്മീഷൻ ചെയർമാൻ കൂടിയായ തിരുമേനി സെമിനാരി സ്ഥാപനത്തിൽ സഭാ മക്കളുടെയെല്ലാം സഹകരണം ലക്ഷ്യമാക്കി മൂന്നു രൂപതകളിലുമായി ഇരുപത്തിഅഞ്ചോളം സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. ''സെമിനാരി സഭയുടേത്''' എന്ന ആശയം യാഥാർത്ഥ്യവൽക്കരിക്കുവാനുള്ള ശ്രമമായിരുന്നു അത്. 1990-ൽ സഭാ തലത്തിൽ ഔദ്യോഗിക

www.malankaralibrary.com

മായി നിലവിൽ വന്ന മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ (M. C. Y. M.) രൂപീകരണം തിരുമേനിയുടെ സഭാ ദർശനത്തിന്റെയും സഭാ സ്നേഹത്തിന്റെയും ഉത്തമ സാക്ഷ്യമാണ്. മലങ്കര യൂത്ത് കമ്മീഷൻ ചെയർമാൻ കൂടിയായ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ യുവജന പ്രസ്ഥാനം യുവജനസഭയായി ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. തിരുമേനിയുടെ സഭാസേവനത്തിന്റെ മറ്റൊരുദാഹരണമാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1995_ൽ സഭാ തലത്തിൽ രൂപം കൊണ്ട മലങ്കര കാത്തലിക് അസോസിയേഷൻ. യുവജന പ്രസ്ഥാനത്തിലൂടെയും അൽമായ അസ്സോസിയേഷനിലൂടെയും സഭാ മക്കൾ ദേശീയ നേതൃത്വത്തിലേക്ക് വളർന്നു വരുന്നതിൽ ഉള്ളുതുറന്ന് സന്തോഷിക്കുന്ന തിരുമേനി വാക്കിലും പ്രവർത്തിയിലും തികഞ്ഞ സഭാ സ്നേഹിയാണ്. തിരുമേനി ചെയർമാനായുള്ള മലങ്കര വേദോപദേശ കമ്മീഷന്റെ നേതൃത്വത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ തനിമ നിലനിർത്തിക്കൊണ്ടുള്ള ഒരു വേദോപദേശ പാഠാവലി രൂപപ്പെടുത്തുവാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു.

ഭാരതത്തിലെ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ശക്തനായ വക്താവായി നിലകൊള്ളുന്ന തിരുമേനി Oriental Study Forum ന്റെ സ്ഥാപകനേതാക്കളിലൊരാളാണ്. കത്തോലിക്ക സഭയും മലങ്കര ഓർത്തഡോക്സ്, യാക്കോബായ സഭകളും തമ്മിലുള്ള എക്യുമെനിക്കൽ സംവാദത്തിനായുള്ള രണ്ടു പൊന്തിഫിക്കൽ കമ്മീഷനിലും പരിശുദ്ധ സിംഹാസനം തിരുമേനിയെ അംഗമായി നിയമിച്ചിട്ടുണ്ട്. 1988 മുതൽ അവയിൽ സജീവമായി അദ്ദേഹം പങ്കുകൊണ്ടു വരുന്നു. 1989-ൽ പൗരസ്ത്യ സഭകൾക്കായുള്ള സംഘത്തിൽ അംഗമായി പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർ പാപ്പ തിരുമേനിയെ നിയമിച്ചു. ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ദൈവശാസ്ത്ര കമ്മീഷനിലംഗമായ തിരുമേനി റീത്തുകൾക്ക വേണ്ടിയുള്ള കമ്മീഷനിലും സജീവമായി പ്രവർത്തിച്ചുവരുന്നു. ഏഷ്യയിലെ കത്തോലിക്ക മെത്രാന്മാരുടെ സംഘടനയുടെ (F. A. B. C.) നേതൃത്വത്തിൽ 1990_ൽ ഇൻഡോനേഷ്യയിലെ ബാൻഡൂംഗിൽ വച്ചു നടന്ന പ്രത്യേക സമ്മേളനത്തിൽ ഭാരതത്തിൽ നിന്നുള്ള പ്രതിനിധികളിൽ ഒരാളായിരുന്നു തിരുമേനി.

www.malankaralibrary.com

1994-ൽ ജറുസലേമിൽ വച്ചു നടന്ന യഹൂദ-ക്രൈസ്തവ അന്തർ ദേശീയ സമ്മേളനത്തിലും ഭാരത കത്തോലിക്കാ പ്രതിനിധി യായി തിരുമേനി സംബന്ധിച്ചു.

## മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ

കേരളത്തിലെ മത, സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ രാഷ്ട്രീയ രംഗങ്ങളിൽ നിറഞ്ഞു നിന്നിരുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി 1994 ഒക്ടോബർ 10-ന് കാലം ചെയ്തതിനെ തുടന്ന് കാനൻ നിയമം അനുസരിച്ച് സീനിയർ മെത്രാപ്പോലീത്താ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേററായി ചുമതലയേററു. സംസ്ഥാന ബഹു മതിയോടെ നടത്തപ്പെട്ട അഭിവന്ദ്യ ഗ്രീഗോറിയോസ് തിരു മേനിയുടെ കബറടക്കത്തിനും തുടർന്ന് 40-ാം ദിനത്തിലും ഒന്നാം ഓർമ്മ പെരുന്നാളിലും നടന്ന ശുശ്രൂഷകൾക്കും തിരുമേനി നേതൃത്വം നൽകി.

1995 നവംബർ 29 ! മലങ്കര സഭാമക്കൾക്കെല്ലാം സന്തോ ഷവും ഉണർവ്വും അഭിമാനവും പ്രദാനം ചെയ്ത ദിനം ! ബത്തേരി രൂപതാദ്ധ്യക്ഷനും സഭാ അഡ്മിനിസ്ട്രേററുമായ സിറിൽ മാർ ബസേലിയോസ് തിരുമേനിയെ മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായി നിയമിച്ചുകൊണ്ടുള്ള പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർ പാപ്പായുടെ നിയമന ഉത്തരവ് പട്ടം സെൻറ് മേരീസ് അതിഭദ്രാസന ദൈവാലയത്തിൽ നടന്ന ശുശ്രൂഷാമദ്ധ്യേ തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറർ ലോറൻസ് മാർ അപ്രേം തിരുമേനി വായിച്ചു. 1995 ഡിസംബർ 12-ാം തീയതി ബത്തേരി രൂപതയോട് ഔദ്യോഗികമായി വിടപറഞ്ഞു. 1995 ഡിസംബർ 14 ന് പട്ടം സെൻറ് മേരീസ് അതി ഭദ്രാസന ദൈവാലയത്തിൽ വച്ചു നടന്ന ഭക്തിനിർഭരമായ ശുശ്രൂഷാമദ്ധ്യേ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനായും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായും സ്ഥാനാരോഹണം ചെയ്തു. പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പായുടേയും പൗരസ്ത്യ സംഘത്തിന്റെയും

www.malankaralibrary.com

പ്രതിനിധിയായി പൗരസ്ത്യസംഘം സെക്രട്ടറി ആർച്ചുബിഷപ്പ് മിറസ്ലാവ് സ്റ്റീഫൻമറൂസിൻ, അന്ത്യോക്യായിലെ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിന്റെ പ്രതിനിധിയും ദമാസ്കസ് ആർച്ചുബിഷപ്പുമായ അഭിവന്ദ്യ മാർ ജോസഫ് മുണയർ തിരുമേനി, ഇവരെ കൂടാതെ അനേകം വൈദിക മേലദ്ധ്യക്ഷന്മാരും, വൈദികരും സഭാമക്കളും ചടങ്ങിൽ സംബന്ധിച്ചിരുന്നു. 1996 ജനവരി 9-ാം തീയതി വത്തിക്കാനിൽ പരിശുദ്ധ പിതാവിന്റെ അരമനയിൽ വച്ച് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർ പാപ്പായിൽ നിന്നും പാലിയം സ്വീകരിച്ചു. ഇദംപ്രഥമമായി കേരളത്തിലെത്തിയ പൗരസ്ത്യ സംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദിനാൾ അക്കില്ലെ സിൽവസ്ത്രീനിയ്ക്ക് 1996 ഫെബ്രുവരി 12 ന് അതിരൂപതയുടെവക ഔദ്യോഗിക സ്വീകരണം നല്കി. 1996 ഫെബ്രുവരി 13 മുതൽ 20 വരെ തിരുവനന്തപുരം മലങ്കര സെമിനാരിയിൽ വച്ച് നടന്ന ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (C B C I) പൊതുസമ്മേളനത്തിന്റെ ആതിഥ്യം വഹിച്ചത് തിരുവനന്തപുരം അതിരൂപതയും തിരുവനന്തപുരം രൂപതയും സംയുക്തമായിട്ടാണ്. സമ്മേളനത്തിന്റെ പ്രധാന ആതിഥേയൻ എന്ന നിലയിൽ സമ്മേളനത്തിന്റെ ക്രമീകരണങ്ങൾക്കും സ്വീകരണയോഗങ്ങൾക്കും തിരുമേനി നേതൃത്വം നൽകി. 1996 ഫെബ്രുവരി 6-ാം തീയതി കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ കൂടിയ കേരള കത്തോലിക്കാ മെത്രാന്മാരുടെ സംഘം (K C B C) അതിന്റെ ചെയർമാനായി തിരുമേനിയെ തെരഞ്ഞെടുത്തു. കൗൺസിലന്റെ ദൈവശാസ്ത്ര കമ്മീഷൻ ചെയർമാൻ കൂടിയായ തിരുമേനി, യുവജന കമ്മീഷൻ, സെമിനാരി കമ്മീഷൻ എന്നിവയിൽ അംഗവുമാണ്. തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ അതിരൂപതയുടെ വളർച്ചയ്ക്കുള്ള നടപടികളിലും പ്രവൃത്തികളിലും ശ്രദ്ധാപൂർവ്വം വർത്തിക്കുന്ന തിരുമേനിയുടെ നേതൃത്വത്തിൽ അതിരൂപതയും മലങ്കര സഭയും പുരോഗമിക്കുമെന്നതിൽ സംശയമില്ല. മലങ്കര കത്തോലിക്കാ സഭയ്ക്കും, കേരളസഭയ്ക്കും തിരുവനന്തപുരം അതിരൂപതയ്ക്കും തിരുവനന്തപുരം നഗരത്തിനും ശ്രേഷ്ഠമായ സേവനം അനുഷ്ഠിക്കുവാൻ സർവ്വശക്തനായ ദൈവം സർവ്വവിധമായ അനുഗ്രഹങ്ങളും തിരുമേനിയുടെ മേൽ ചൊരിയട്ടെ!

www.malankaralibrary.com

# സ്മരണകളിൽ ഒളിവീതറി

## നിയമന പ്രഖ്യാപനം

1995 നവംബർ 29! മലങ്കര കത്തോലിക്കാ സഭാ മക്കൾക്ക് ആഹ്ലാദത്തിന്റെ പൊൻസുദിനം ! ബത്തേരി രൂപതാദ്ധ്യക്ഷനും മലങ്കര കത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേറ്ററുമായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെ മലങ്കര കത്തോലിക്കാ സഭയുടെ മേലദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായി നിയമിച്ചുകൊണ്ടുള്ള പരി. സിംഹാസനത്തിന്റെ നിയമന കൽപ്പന ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടദിനം !

1995 നവംബർ 29-ാംതീയതി ബുധനാഴ്ച വൈകുന്നേരം 4.30 ന് പട്ടം സെൻറ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വച്ച് തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി നിയമന കല്പന വായിച്ചു. ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (C B C I) അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ മെത്രാപ്പോലീത്താ തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ലോറൻസ് മാർ അപ്രേം, തിരുവനന്തപുരം രൂപതയുടെ വികാരി ജനറാൾ മോൺ. എസ്. തോമസ് തുടങ്ങിയവർ നിയുക്ത മെത്രാപ്പോലീത്തായ്ക്കു് ആശംസകൾ അർപ്പിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ വിവിധ സ്ഥലങ്ങളിൽ നിന്നായി നൂറുകണക്കിന് വൈദികരും സന്യസ്തരും വിശ്വാസികളും ചടങ്ങിൽ സംബന്ധിച്ചിരുന്നു. തുടർന്നു നടന്ന പ്രാർത്ഥനാശുശ്രൂഷയിൽ നിയുക്ത മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിച്ചു. മനുഷ്യസമൂഹത്തെ ഒന്നായി കണ്ടുകൊണ്ട് എല്ലാവരേയും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനുമാണ് നിയോഗിതനായിരിക്കുന്ന

www.malankaralibrary.com

തെന്നു് അഭിവന്ദ്യ മെത്രാപ്പോലീത്താ തൻെറ പ്രഥമ സന്ദേശത്തിൽ അനുസ്മരിച്ചു. പ്രശസ്തരും പ്രതിഭാശാലികളുമായിരുന്ന തൻെറ മുൻഗാമികളായ മാർ ഈവാനിയോസിൻെറയും മാർ ഗ്രീഗോറിയോസിൻെറയും പാതയിൽ ചരിക്കുവാൻ, അവരുടെ ദൗത്യം പിൻതുടരുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ച അഭിവന്ദ്യ മെത്രാപ്പോലീത്താ, ചടങ്ങിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദയംഗമമായ കൃതജ്ഞത അർപ്പിച്ചു. തുടർന്നു് ഏവർക്കും മധുര പലഹാരം വിതരണം ചെയ്തു.

## ബത്തേരിയോടു് വിട......

1979 ഫെബ്രുവരി 2 ! അന്നാണു് മലങ്കര കത്തോലിക്കാ സഭയിലെ മൂന്നാമത്തെ രൂപതയായ ബത്തേരി രൂപത ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും അതിൻെറ പ്രഥമമെത്രാനായി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി സ്ഥാനാരോഹണം ചെയ്തതും ! അന്നുമുതൽ രൂപതയുടെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച രൂപതാദ്ധ്യക്ഷൻ! രൂപതയുടെ അഭിവൃദ്ധിക്കുവേണ്ടി നാനാവിധമായ പ്രവർത്തനങ്ങൾക്കു് നേതൃത്വം കൊടുക്കുന്നതിനായി വൈദികരെയും സന്യസ്തരെയും അല്മായരേയും പരിശീലിപ്പിച്ച ഉജ്ജ്വലനായ സഭാനേതാവു്! തൻെറ രൂപതാതിർത്തിയിൽപെട്ട സകല മനുഷ്യരെയും (ജാതി, മത, വർഗ്ഗ, ഭാഷാ, വ്യത്യാസമെന്യേ) സ്വന്തം ജനമായി സ്വീകരിച്ചു് അവരുടെ സമഗ്രമായ വികസനത്തിനു് നേതൃത്വം കൊടുക്കുകയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു് ഒരു നൂതന ഭാഷ്യം നൽകുകയും ചെയ്ത അതിരുകളില്ലാത്ത സ്നേഹത്തിൻെറ പ്രചാരകൻ! സഹപ്രവർത്തകരായ വൈദികരെ അംഗീകരിക്കുകയും പ്രോത്സാഹനങ്ങളും സ്വാതന്ത്ര്യവും നൽകി സ്നേഹത്തോടെ അവരെ വളർത്തുകയും ചെയ്ത രൂപതാദ്ധ്യക്ഷൻ! രൂപതയിലെ വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന സന്യസ്തർക്കു് കരുതലും പ്രോത്സാഹനവും നൽകിയ ഉത്തമനായ ഭരണാധികാരി! അല്മായർക്കു് സഭാദർശനവും ആത്മാഭിമാനവും നൽകി അവരെ ഉണർത്തുകയും അർഹമായ പ്രാതിനിധ്യവും സ്ഥാനവും കൊടുത്തു് സഭാജീവിതത്തിൽ അവരെ ഉൾക്കൊള്ളിക്കുകയും

www.malankaralibrary.com

ചെയ്ത സഭാ ദാർശനികൻ! സ്ത്രീകൾക്ക് സഭയിലും സമൂഹത്തിലും ഉള്ള ഉന്നത സ്ഥാനത്തെയും ദൗത്യത്തെയും പററി അവരെ ബോധവൽക്കരിക്കുകയും ഭദ്രാസനത്തിലും സമൂഹത്തിലും അവരെ സംഘടനാപരമായി അണിനിരത്തുവാൻ നേതൃത്വം നൽകുകയും ചെയ്ത സാമൂഹ്യ നേതാവ്! യുവജനങ്ങളെ "യുവജന സഭ" എന്നു വിളിച്ച് സഭാ ദൗത്യ നിർവ്വഹണത്തിനായി അവരെ സജ്ജരാക്കുകയും സഭയുടെയും സമൂഹത്തിന്റെയും നേതാക്കന്മാരായി അവരെ ഉയർത്തിക്കൊണ്ടു വരികയും ചെയ്ത യുവജന സ്നേഹിതനായ മെത്രാപ്പോലീത്താ! വേദോപദേശം ഇടവക ജീവിതത്തിൽ നിർബന്ധമായി തന്നെ ക്രമീകരിച്ച് ബാലികാ ബാലന്മാരിൽ യഥാർത്ഥമായി ക്രൈസ്തവ വിശ്വാസ ജീവിതശൈലി രൂപപ്പെടുത്തുകയും സഭാ ജീവിതത്തോടു് ചെറുപ്പം മുതലേ കൂറും താൽപ്പര്യവും വളർത്തുകയും അതിനായി മതാദ്ധ്യാപകർക്ക് സർവ്വവിധമായ ദർശനവും പ്രോത്സാഹനവും നൽകിയ ഭദ്രാസനത്തിന്റെ പ്രഥമ വേദോപദേശകൻ! വിവിധ സഭകളിലും മതങ്ങളിലുമുള്ള നേതാക്കന്മാർക്ക് ഉററ സുഹൃത്ത്! വയനാട്ടിലെ ആദിവാസികളുടെ വികസന പ്രവർത്തനങ്ങൾക്ക നേതൃത്വം നൽകി അവർക്ക് പ്രിയങ്കരനായിത്തീർന്ന മനുഷ്യസ്നേഹി! ചുരുക്കത്തിൽ ബത്തേരി ഭദ്രാസനത്തിലെ ദൈവ ജനത്തിന്റെ പ്രിയങ്കരനായ തിരുമേനിക്ക്, ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷന്, അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിയുടെ അവസരത്തിൽത്തന്നെ അർഹമായിരിക്കുന്ന മഹോന്നത സ്ഥാനം ലഭിച്ചതിൽ, ഭദ്രാസനത്തിലെ ദൈവ ജനത്തിന് അനൽപ്പമായ ആഹ്ലാദവും സന്തോഷവും അഭിമാനവും! ഈ ആഹ്ളാദത്തിനിടയിലും, തിരുമേനി ബത്തേരിയിൽ നിന്നും പോകുന്നുവെന്ന യാഥാർത്ഥ്യം അംഗീകരിക്കുവാൻ പലർക്കും ബുദ്ധിമുട്ടേണ്ടിവന്നത് സ്വാഭാവികം മാത്രം! തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായും മലങ്കര കത്തോലിക്കാസഭയുടെ അധിപനായും അഭിവന്ദ്യ ബസ്സേലിയോസ് തിരുമേനി നിയമിതനായിരിക്കുന്നുവെന്നു കേട്ട നിമിഷം മുതൽ ഈ സമ്മിശ്ര വികാരങ്ങളായിരുന്നു എല്ലാവരിലും.

www.malankaralibrary.com

മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനായി നിയമിതനായ തിരുമേനി, തിരുവനന്തപുരം സെൻറ് മേരീസ് കത്തീഡ്രലിൽ വച്ചു നടന്ന നിയമന പ്രഖ്യാപനത്തിനുശേഷം ഡിസംബർ 4–ന് തിരുവല്ലായിൽ നിന്നും സ്വീകരണം ഏററു വാങ്ങിയതിനുശേഷം 5–ന് വൈകിട്ട് 5 മണിക്ക് വയനാടിൻെറ പ്രവേശന കവാടമായ ലക്കിടിയിൽ എത്തിയപ്പോാം അഭിനവ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനെ ബത്തേരിയിലേക്ക് സ്വീകരിച്ചാനയിക്കുവാൻ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ബ. വൈദികരും സന്യസ്തരും നൂറുകണക്കിനു് വിശ്വാസികളും അവിടെ എത്തിയിരുന്നു. ബത്തേരി രൂപതാ വികാരി ജനറാാം മോൺ. തോമസ് താന്നിക്കാക്കുഴിയുടെ നേതൃത്വത്തിൽ ക്രമീകരിച്ച സ്വീകരണത്തിനുശേഷം അനേകം വാഹനങ്ങളുടെ അകമ്പടിയോടുകൂടി തിരുമേനിയെ ബത്തേരിയിലേക്ക് ആനയിക്കുകയുണ്ടായി. വാഹന ഘോഷയാത്ര ബത്തേരി പട്ടണത്തിൽ എത്തിയപ്പോാം ബത്തേരി പഞ്ചായത്തിനുവേണ്ടി വൈസ് പ്രസിഡൻറ് തിരുമേനിയെ ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. ബത്തേരി പട്ടണത്തിൻെറ പ്രവേശന കവാടത്തിൽ നിന്നും അലങ്കരിച്ച രഥത്തിൽ തിരുമേനിയെ സെൻറ് തോമസ് കത്തീഡ്രൽ ദൈവാലത്തിലേക്കാനയിച്ചു. വിവിധ സഭകാംക്കുവേണ്ടിയും സാമൂഹ്യ സംഘടനകാംക്കുവേണ്ടിയും ഹാരാർപ്പണം നടത്തപ്പെട്ടു.

അന്നേദിവസം മുതൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നു് വിശ്വാസികാം തിരുമേനിയെ നേരിൽ കണ്ടു് അനുമോദനങ്ങാം അർപ്പിക്കുന്നതിനു് ബത്തേരിയിൽ എത്തിക്കൊണ്ടിരുന്നു. ജനപ്രതിനിധികളും സാമൂഹ്യനേതാക്കളും രാഷ്ട്രീയ പ്രവർത്തകരും ജീവിതത്തിൻെറ എല്ലാ തുറകളിലുമുള്ളവരും അദ്ദേഹത്തിനു് അനുമോദനങ്ങാം അർപ്പിക്കുവാൻ ധർമ്മപീഠത്തിൽ എത്തി. ഡിസംബർ 10–നു് ഞായറാഴ്ച, ഭദ്രാസന ദൈവാലയത്തിൽ അഭിവന്ദ്യ തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. കത്തീഡ്രലിൻെറ മുൻ വികാരി റവ. ഫാദർ ഐസക്ക് തോട്ടുങ്കൽ വി. കുർബ്ബാനയിൽ സഹകാർമ്മികനായിരുന്നു. വി. കുർബ്ബാനയ്ക്കുശേഷം വികാരി മോൺ. തോമസ്

www.malankaralibrary.com

താന്നിക്കാക്കുഴി, റവ. ഫാദർ ഐസക്ക് തോട്ടുങ്കൽ എന്നിവർ അഭിവന്ദ്യ തിരുമേനിക്ക് അഭിനന്ദനങ്ങളും യാത്രാമംഗളങ്ങളും നേർന്നുകൊണ്ട് സംസാരിച്ചു. ഭദ്രാസന ദൈവാലയത്തിന്റെ വകയായുള്ള സ്നേഹോപഹാരവും നൽകപ്പെട്ടു.

1995 ഡിസംബർ 11 ! ബത്തേരിയിൽ നിന്നും അനന്തപുരിയിലേക്കു് യാത്രയാവുന്ന ബത്തേരിയുടെ പ്രഥമ അദ്ധ്യക്ഷന് രൂപതയുടെ ഔദ്യോഗികമായ യാത്രയയപ്പ് നൽകിയ ദിനം! രൂപതയുടെ വിവിധ ഇടവകകളിൽ നിന്നും തലേ ദിവസം മുതൽ ബ. വൈദികരും വിശ്വാസികളും ബത്തേരിയിൽ എത്തിക്കൊണ്ടിരുന്നു. രാവിലെ 9 മണിക്ക്, ഭദ്രാസന ദൈവാലയാങ്കണത്തിൽ പ്രത്യേകമായി തയ്യാറാക്കിയിരുന്ന പന്തലിലേക്ക്, അഭിവന്ദ്യ തിരുമേനിയെ ധർമ്മപീഠത്തിൽ നിന്നും ബ. വൈദികരും വൈദിക വിദ്യാർത്ഥികളും സന്യസ്തരും ചേർന്ന് സ്വീകരിച്ചാനയിച്ചു. തുടന്ന് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ആഘോഷമായ വി. കുർബ്ബാനയിൽ രൂപതയിലെ ബ. വൈദികർ സഹകാർമ്മികരായിരുന്നു. വി. കുർബ്ബാന മദ്ധ്യേ, രൂപതാംഗങ്ങളോട് നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ആശയഗാംഭീര്യവും വികാരതീവ്രതയും നിറഞ്ഞുനിന്നിരുന്നു. പ്രസംഗം അന്യത്ര ചേർത്തിട്ടുണ്ട്. വി. കുർബ്ബാനയിലും പൊതുസമ്മേളനത്തിലും സംബന്ധിക്കുന്നതിനായി രൂപതയുടെ എല്ലാ ഇടവകകളിൽ നിന്നും അയൽ രൂപതകളിൽ നിന്നും വിശ്വാസികളും ബ. വൈദികരും ബത്തേരിയിൽ എത്തിയിരുന്നു. വി. കുർബ്ബാനയ്ക്കു ശേഷം നടന്ന സ്നേഹവിരുന്നിൽ എല്ലാവരും സംബന്ധിച്ചു. രൂപതാ എം. സി. വൈ. എം. പ്രവർത്തകർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## യാത്രയയപ്പു സമ്മേളനം

ഡിസംബർ 11_ന് ഉച്ചകഴിഞ്ഞു് 2.30_ന് യാത്രയയപ്പ സമ്മേളനം ആരംഭിച്ചു. രൂപതാംഗങ്ങളെ കൂടാതെ വിവിധ സഭകളുടെ പ്രതിനിധികൾ, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക പ്രതിനിധികൾ എന്നിവരെക്കൊണ്ടു് ഭദ്രാസന ദൈവാലയാ

www.malankaralibrary.com

കണം നിറഞ്ഞിരുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയിലെ മലബാർ ഭദ്രാസനത്തിൻെറ അധിപൻ മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ച യാത്രയയപ്പു സമ്മേളനം ഭക്ഷ്യ വകുപ്പു മന്ത്രി സർവ്വശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് താന്നിക്കാക്കുഴി, വെരി റവ. ഡോ. ജോൺ മേളാംപറമ്പിൽ റമ്പാൻ, ശ്രീമതി റോസക്കുട്ടി M.L.A., ശ്രീ. രാഘവൻ മാസ്റ്റർ M.L.A., പഞ്ചായത്തു് പ്രസിഡൻറ് ശ്രീ. പി. സി. അഹമ്മദ്, അല്മായ പ്രതിനിധി ശ്രീ. സി. പി. വർഗീസ്, എം. സി. വൈ. എം. രൂപതാ പ്രസിഡൻറ് ശ്രീ. ജോസ് മനയ്ക്കത്തോട്ടം സന്യസ്തരുടെ പ്രതിനിധിയും ബഥനി പ്രൊവിൻഷ്യലുമായ റവ. സി. നിർമ്മല S. I. C., വേദോപദേശ പ്രസ്ഥാന ഡയറക്ടർ റവ. ഡോ. ചാക്കോ നരിമററത്തിൽ, മാതൃസംഘത്തിനുവേണ്ടി ശ്രീമതി വത്സാ ജോസ്, പഴശ്ശിരാജാ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മോഹൻ ബാബു, സാമൂഹ്യക്ഷേമ പ്രവർത്തന കേന്ദ്രത്തിനുവേണ്ടി ശ്രീ. ജോസഫ് എന്നിവർ പ്രസംഗിച്ചു. രൂപതാ പ്രൊക്യുറേറർ വെരി റവ.ഫാ. സെബാസ്റ്റ്യൻ കീപ്പള്ളിൽ രൂപതയുടെ ഉപഹാരം അഭിവന്ദ്യ തിരുമേനിക്ക് സമർപ്പിച്ചു. റവ. ഡോ. ചാക്കോ നരിമററം സ്വാഗതവും റവ. ഫാദർ വർഗീസ് മററമന നന്ദിയും പറഞ്ഞു. രൂപതാ കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ റവ. ഫാദർ ജോൺ ഇലവുങ്കൽ ഗായക സംഘത്തിനു് നേതൃത്വം നൽകി. നേരത്തെ സമ്മേളന നഗറിലെത്തിയ അഭിവന്ദ്യതിരുമേനിയെ അല്മായ പ്രതിനിധി ശ്രീ. ഏബ്രഹാം ചീരകത്തോട്ടത്തിൽ ബൊക്കെ നൽകി സ്വീകരിച്ചു.

## വൈദികരുമൊത്ത്

ഡിസംബർ 11 വൈകുന്നേരം അഭിവന്ദ്യ തിരുമേനിയും ബ. വൈദികരുമൊത്തുള്ള കൂട്ടായ്മ ഫിലിമിൽ പകർത്തി. സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം വൈദികരുടെ വകയായി പ്രത്യേക യാത്രയയപ്പു സമ്മേളനം നടന്നു. മോൺ. തോമസ് താന്നിക്കാക്കുഴി, ബ. മാത്യു ചാമക്കാലായിൽ, ബ. തോമസ്

www.malankaralibrary.com

ചരിവുപുരയിടം എന്നിവർ പ്രസംഗിച്ചു. ബ. വൈദികരുടെ വക പ്രത്യേക സമ്മാനം വൈദിക സംഘം പ്രസിഡൻറ് റവ. ഫാദർ തോമസ് തുമ്പയിൽ - ചിറയിൽ അഭിവന്ദ്യ തിരുമേനിക്ക് സമർപ്പിച്ചു. രൂപതയുടെ ആവിർഭാവം മുതൽ തന്നോടൊത്ത് പ്രവർത്തിച്ച ബ. വൈദികരുടെ സ്നേഹത്തിനും സഹകരണത്തിനും ത്യാഗത്തിനും സഭാസ്നേഹത്തിനും അഭിവന്ദ്യ മെത്രാപ്പോലീത്താ ഹൃദയംഗമമായ നന്ദി പറഞ്ഞു. രൂപതാ പ്രവർത്തനങ്ങൾ ശക്തമായി മുൻപോട്ടു കൊണ്ടുപോകുവാൻ എല്ലാവരേയും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. തിരുമേനിയുടെ വക പ്രത്യേക സമ്മാനം എല്ലാവർക്കും നൽകി. സ്നേഹവിരുന്നോടുകൂടി സമ്മേളനം പരിസമാപിച്ചു. വൈദിക സംഘം സെക്രട്ടറിയും രൂപതാ കോർപ്പറേററ് മാനേജരുമായ റവ. ഫാ. വർഗീസ് മാളിയേക്കൽ സമ്മേളനത്തിനു് നേതൃത്വം നൽകി.

## അനന്തപുരിയിലേക്ക്

1995 ഡിസംബർ 12! രാവിലെ വി. കുർബ്ബാനയും പ്രഭാത ഭക്ഷണത്തിനുശേഷം അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ അരമന ചാപ്പലിൽ പ്രത്യേക പ്രാർത്ഥന നടത്തി. തിരുമേനിയെ യാത്രയയയ്ക്കുന്നതിനായി അരമനയിലും പരിസരത്തുമായി നൂറുക്കണക്കിനാളുകൾ കൂടിയിരുന്നു. 9 മണിയോടെ, തന്റെ വിശ്വസ്തനായ ഡ്രൈവർ ശ്രീ. പി. പി. എബ്രഹാം (കുഞ്ഞവറാച്ചൻ) തയ്യാറാക്കി നിർത്തിയിരുന്ന കെ. എൽ. 12/1515 കാറിൽ കയറി എല്ലാവരേയും അഭിവാദ്യം ചെയ്തു് തിരുമേനി ബത്തേരിയോടു് യാത്രപറഞ്ഞു് തിരുവനന്തപുരത്തേക്ക് യാത്രയായി. വികാരി ജനറാൾ മോൺ. തോമസ് താന്നിക്കാക്കുഴി, റവ. ഫാദർ ഐസക്ക് തോട്ടുങ്കൽ എന്നിവർ തിരുമേനിയെ കാറിൽ തിരുവനന്തപുരം വരെ അനുഗമിച്ചു. മററു രണ്ടു വാഹനങ്ങളിലായി രൂപതാ ചാൻസിലർ വെരി. റവ. ഫാദർ ഫിലിപ്പ് കൊട്ടുപ്പള്ളിയുടെ നേതൃത്വത്തിൽ രൂപതാ കൗൺസിൽ അംഗങ്ങൾ തിരുമേനിയെ അനുധാവനം ചെയ്തിരുന്നു. കൂടാതെ അനേകം വാഹനങ്ങളിലായി ബ. വൈദികരും വിശ്വാസികളും തിരുമേനിയെ അനുഗമിച്ചു. യാത്രാമദ്ധ്യേ

www.malankaralibrary.com

കോഴിക്കോട്ട് പുതിയതായി പണിതുകൊണ്ടിരിക്കുന്ന സെൻറ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം തിരുമേനി സന്ദർശിക്കുകയുണ്ടായി. ഉച്ചയ്ക്ക് ഒരു മണിയോടു കൂടി തിരുമേനിയും സംഘവും കുന്നംകുളം സെൻറ് മേരീസ് ദൈവാലയത്തിൽ എത്തി. ബഥനി സ്കൂളിൽ നടന്ന അനുമോദന യോഗത്തിൽ തിരുമേനി സംബന്ധിച്ചു. ബഥനി മഠത്തിൽ ഒരുക്കിയ ഉച്ചഭക്ഷണത്തിൽ ഏവരും സംബന്ധിച്ചു. മഠത്തിൽ ചേർന്ന അനുമോദന യോഗത്തിൽ സി. സുപ്പീരിയർ, വികാരി റവ. ഫാ. തോമസ് നീലംപിലാലിൽ എന്നിവർ പ്രസംഗിച്ചു. പുനരൈക്യ പ്രസ്ഥാനത്തിൻെറ പ്രാരംഭകാല നേതാക്കളിൽ ഒരുവനായ വന്ദ്യ ദിവ്യ ശ്രീ. പുലിക്കോട്ട് യൗസേപ്പ് റമ്പാൻെറ കബറിടത്തിൽ പ്രത്യേക പ്രാർത്ഥന നടത്തിയതിനു ശേഷം തിരുമേനിയും സംഘവും യാത്ര തുടർന്നു.

വൈകുന്നേരം 6.30_ന് തിരുമേനി തിരുവല്ലാ മേരിഗിരി അരമനയിൽ എത്തിച്ചേർന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയും വികാരി ജനറാൾ മോൺ. തോമസ് കൊടിനാട്ടുകുന്നേലും നിരവധി വൈദികരും അഭിവന്ദ്യ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനെ സ്വീകരിക്കുന്നതിനായി അവിടെ കാത്തുനിന്നിരുന്നു. സന്ധ്യാപ്രാർത്ഥനയ്ക്കും അത്താഴവിരുന്നിലും സംബന്ധിച്ച ശേഷം തിരുമേനി അന്നവിടെ വിശ്രമിച്ചു. 13_ന് ഉച്ചയ്ക്ക് ഒരു മണിക്ക് തിരുമേനി തിരുവനന്തപുരത്തേയ്ക്ക് യാത്ര തിരിച്ചു. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിയും അഭിവന്ദ്യ മെത്രാപ്പോലീത്തായോടുകൂടി ഉണ്ടായിരുന്നു. ബത്തേരിയിൽ നിന്നും വന്ന വാഹനങ്ങളെ കൂടാതെ തിരുവല്ലാ രൂപതയിൽ നിന്നും ധാരാളം വാഹനങ്ങൾ തിരുമേനിയെ അനുധാവനം ചെയ്യുന്നതിനായി എത്തിയിരുന്നു. അനേകം വാഹനങ്ങളുടെ അകമ്പടിയോടുകൂടെ തിരുവനന്തപുരം അതിരൂപതയുടെ അതിർത്തിയായ ചെങ്ങന്നൂരിൽ എത്തിയ അഭിവന്ദ്യ മെത്രാപ്പോലീത്തായെ ചെങ്ങന്നൂർ വൈദിക ജില്ലാ പ്രോട്ടോപ്രസ്ബിററും മററു ബ. വൈദികരും വിശ്വാസികളും ചേർന്നു് സ്വീകരിച്ചു. വൈകുന്നേരം 4.30_ന് മലങ്കര കത്തോലിക്കാ സഭയുടെ വൈദിക പരിശീലന കേന്ദ്രമായ സെൻറ് മേരീസ് മേജർ

www.malankaralibrary.com

സെമിനാരിയിൽ എത്തിച്ചേർന്ന സഭാദ്ധ്യക്ഷനെയും സംഘത്തെയും സെമിനാരി റെക്ടർ വെരി റവ. ഡോ. വർഗീസ് ഒററത്തെങ്ങിലും അദ്ധ്യാപകരും സെമിനാരി വിദ്യാർത്ഥികളും ചേർന്നു് സ്വീകരിച്ചു. തിരുമേനിയും സംഘവും അന്നു സെമിനാരിയിൽ വിശ്രമിച്ചു. എല്ലാവർക്കും താമസത്തിനും ഭക്ഷണത്തിനും വേണ്ട ക്രമീകരണങ്ങൾ സെമിനാരി അധികൃതർ ക്രമീകരിച്ചിരുന്നു. ആവശ്യമായ സഹായം നൽകുന്നതിനു് ബ. വൈദികരും ശെമ്മാശ്ശന്മാരും സദാ ജാഗരൂകരായിരുന്നു.

## സ്ഥാനാരോഹണം

1995 ഡിസംബർ 14 ! മലങ്കര കത്തോലിക്കാ സഭയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായും തിരുവനന്തപുരം അതിരൂപതയുടെ മൂന്നാമത്തെ സാരഥിയുമായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ സ്ഥാനാരോഹണം ചെയ്ത ദിനം! മലങ്കര സെമിനാരിയിൽ നിന്നും അനേകം വാഹനങ്ങളുടെ അകമ്പടിയോടെ രാവിലെ 9 മണിക്കു് സെൻറ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൻെറ കവാടത്തിൽ എത്തിച്ചേർന്ന നിയുക്ത മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനെ തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേററർ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. സ്ഥാനാരോഹണ കർമ്മത്തിൽ സംബന്ധിക്കുന്നതായി റോമിൽ നിന്നു് പരിശുദ്ധ പിതാവിൻെറയും പൗരസ്ത്യസംഘത്തിൻെയും പ്രതിനിധിയായി എത്തിയിരുന്ന പൗരസ്ത്യസംഘത്തിൻെറ സെക്രട്ടറി ആർച്ചുബിഷപ്പ് മിറസ്ലാവ് സ്റ്റീഫൻ മറൂസിൻ തിരുമേനിയെയും അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിൻെറ പ്രതിനിധിയും ഡമാസ്ക്കസ് ആർച്ചുബിഷപ്പുമായ അഭിവന്ദ്യ ജോസഫ് മുനയർ മെത്രാപ്പോലീത്തായെയും അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയും അഭിവന്ദ്യ പൗലോസ് മാർ ഫീലക്സിനോസ് തിരുമേനിയും യഥാക്രമം ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. തുടർന്നു് വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി അഭിവന്ദ്യ

www.malankaralibrary.com

മെത്രാപ്പോലീത്തായേയും മററു വിശിഷ്ട അതിഥികളെയും ഭദ്രാസന ദൈവാലയത്തിലേക്കാനയിച്ചു. ഭദ്രാസന ദൈവാലയ കവാടത്തിൽ വികാരി വെരി റവ. ഫാദർ ജോസഫ് കോന്നാത്തു് കത്തിച്ച മെഴുകുതിരി നൽകി തിരുമേനിയെ സ്വീകരിച്ചു. തുടർന്നു് ഏഴരയുടെ നമസ്കാരം നടന്നു. അതിനുശേഷം നിയുക്ത മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിന്റെ പ്രധാന കാർമ്മികത്വത്തിൽ 9.30-നു് ആഘോഷമായ വി. കുർബ്ബാന അർപ്പിക്കപ്പെട്ടു. ആർച്ചുബിഷപ്പ് മിറസ്ലാവ് സ്റ്റീഫൻ മറൂസിൻ, ആർച്ചുബിഷപ്പ് ജോസഫ് മുനയർ, അഭിവന്ദ്യരായ ഗീവർഗീസ് മാർ തിമോത്തിയോസ്, പൗലോസ് മാർ പീലക്സിനോസ്, ലോറൻസ് മാർ അപ്രേം, വന്ദ്യ ജോൺ മേളാംപറമ്പിൽ റമ്പാൻ, റോമിലെ ഡമഷീനോ കോളേജ് റെക്ടർ വെരി റവ ഡോ. പാട്രിക് മൂത്തേരിൽ ഒ. സി. ഡി. എന്നിവർ വി. കുർബ്ബാനയിൽ സഹകാർമ്മികരായിരുന്നു. വിശിഷ്ട അതിഥികളെ അഭിവന്ദ്യ നിയുക്ത മെത്രാപ്പോലീത്ത വിശ്വാസികൾക്കു് പരിചയപ്പെടുത്തി. തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് സുവിശേഷപ്രസംഗം നടത്തി. സുവിശേഷ പരിചിന്തനത്തിൽ തിരുമേനി, മലങ്കര കത്തോലിക്കാ സഭയുടെ വലിയ ഇടയനായി നിയമിതനായിരിക്കുന്ന നിയുക്ത മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പിനു് സഭയുടെ - വൈദിക സന്യസ്തരുടെയും വിശ്വാസികളുടെയും-മുഴുവൻ സഹകരണവും പ്രാർത്ഥനയും വാഗ്ദാനം ചെയ്തു.

“നയവാൻ പനപോലെ തളിർത്തിടുമേ....” എന്ന കുക്കിലിയോനുശേഷം സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിക്കുകയായി. തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലായിരുന്നു ശുശ്രൂഷ. സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെ മലങ്കര കത്തോലിക്കാ സഭയുടെ മേലദ്ധ്യക്ഷനായും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായും നിയമിച്ചുകൊണ്ടുള്ള പരി. പിതാവു് ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ നിയമനപത്രിക, തിരുവനന്തപുരം അതിരൂപതാ ചാൻസലർ

www.malankaralibrary.com

റവ. ഡോ. ജോസഫ് ഞായലൂർ വായിച്ചു. അതിനെ തുടർന്ന് നിയമന കൽപ്പനയുടെ മലയാള പരിഭാഷ ബത്തേരി രൂപതാ വികാരി ജനറൽ മോൺ. തോമസ് തന്നിക്കാക്കുഴി വായിച്ചു. പ്രാരംഭ പ്രാർത്ഥന, "ഈ താതനെ വിളി ചെയ്യേവം" എന്നു തുടങ്ങുന്ന ഗീതം, പ്രുമിയോൻ, സെദറാ എന്നിവയെ തുടർന്ന് "ക്ഷേമമൊടെ എഴുന്നള്ളുക താതാ" എന്ന ഗീതം ആലപിക്കപ്പെട്ടു. എത്രോസ്സും കോലോസ്സും ശേഷം വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിനെഴുതിയ ലേഖനത്തിൽ നിന്നും വായന നടത്തി. തുടർന്ന് നിയുക്ത മെത്രാപ്പോലീത്താ വി. ഏവൻ ഗേലിയോൻ (വി. യോഹന്നാൻ 10:1–16) വായിച്ചു. അതിനു ശേഷം തിരുവല്ലാ രൂപതയുടെ വികാരി ജനറാൾ മോൺ. തോമസ് കൊടിനാട്ടം കുന്നേൽ, മലങ്കര മേജർ സെമിനാരി റെക്ടർ റവ. ഡോ. വർഗീസ് ഒററത്തെങ്ങിൽ എന്നിവർ ലുത്തിനിയാ വായിച്ചു. നിയുക്ത മെത്രാപ്പോലീത്തായെ സിംഹാസനത്തിൽ ഇരുത്തി "ഓക്സിയോസ്" എന്ന് ഉദ്ഘോഷിക്കുന്ന സുപ്രധാന കർമ്മമായിരുന്നു അടുത്തത്. മലങ്കര കത്തോലിക്കാ സഭയുടെ മൂന്നു രൂപതകളുടെയും ബഥനി സന്യാസ സമൂഹത്തിന്റെയും പ്രതിനിധികളായി ഏഴു വൈദികർ ചേർന്ന് സിംഹാസനത്തിലുപവിഷ്ടനായ മെത്രാപ്പോലീത്തായെ ആഘോഷപൂർവ്വം മൂന്നു പ്രാവശ്യം ഉയർത്തി. 'ഓക്സിയോസ്' ആലാപനത്താൽ ദൈവാലയം മുഖരിതമായി! സിംഹാസനത്തിൽ ഇരുന്ന് മെത്രാപ്പോലീത്ത സ്ലീബാകൊണ്ടു ഏവരെയും ആശീർവ്വദിച്ചു. സഭാദ്ധ്യക്ഷനു വിധേയത്വം പ്രഖ്യാപിക്കുന്ന ചടങ്ങായിരുന്നു പിന്നീട് നടന്നത്. മലങ്കര കത്തോലിക്കാ സഭയിലെ പിതാക്കന്മാരെ തുടർന്ന് വൈദികരുടെ പ്രതിനിധിയായി വെരി റവ. ഫാ. ജോസഫ് കോന്നാത്തു്, സന്യാസികളുടെ പ്രതിനിധിയായി ബഥനി ആശ്രമ സുപ്പീരിയർ ജനറൽ വെരി റവ. ഫാ. ജെറോം പീടികപ്പറമ്പിൽ, സന്യാസിനികളെ പ്രതിനിധീകരിച്ച് ഡോട്ടേഴ്സ് ഓഫ് മേരി സമൂഹത്തിന്റെ മദർ ജനറൽ ഇമാക്കുലേററ്, വിശ്വാസികളെ പ്രതിനിധാനം ചെയ്ത് ശ്രീ. വർഗീസ് കരിപ്പായിൽ, ശ്രീമതി മറിയാമ്മ ലാസർ പുത്തൻ കണ്ടത്തിൽ എന്നിവർ അഭിനവ മലങ്കര മെത്രാപ്പോലീത്താക്കു് വിധേയത്വം പ്രഖ്യാപിച്ചു.

www.malankaralibrary.com

മെത്രാപ്പോലീത്താ നൽകിയ ആഘോഷമായ ആശീർവ്വാദത്തോടുകൂടി സ്ഥാനാരോഹണ ശുശ്രൂഷ അവസാനിച്ചു. പരി. പിതാവ് ജോൺപോൾ രണ്ടാമന്റെയും റോമിലെ പൗരസ്ത്യ സംഘത്തിന്റെയും പ്രതിനിധിയായി എത്തിയിരുന്ന ആർച്ചു ബിഷപ്പ് മിറസ്ലാവ് സ്റ്റീഫൻ മറുസിൻ, അന്ത്യോക്യായിലെ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിന്റെ പ്രതിനിധിയും ദമാസ്ക്കസ് ആർച്ചുബിഷപ്പുമായ മാർ ജോസഫ് മുനയർ, മലങ്കര കത്തോലിക്കാ വിശ്വാസികളുടെ പ്രതിനിധിയായി മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ആൻറണി ഈപ്പൻ എന്നിവർ അഭിനവ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനു് ആശംസകൾ നേർന്നു. വിശുദ്ധ കുർബ്ബാനയെ തുടർന്ന് അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ സ്ളീബാ മുത്തി ഏവരും അനുഗ്രഹം പ്രാപിച്ചു. മലങ്കര കത്തോലിക്കാ സഭയിലെ പിതാക്കന്മാരെ കൂടാതെ തൃശ്ശൂർ ആർച്ചുബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം, ഇരിഞ്ഞാലക്കുട രൂപതാദ്ധ്യക്ഷനും മേജർ ആർച്ചുബിഷപ്പിന്റെ പ്രതിനിധിയുമായ മാർ ജയിംസ് പഴയാററിൽ, തിരുവനന്തപുരം രൂപതാവികാരി ജനറാൾ മോൺ. എസ്. തോമസ്, കൊല്ലം രൂപതാ വികാരി ജനറാൾ മോൺ. എ. ജെ. റൊസാരിയോ, ഇരിഞ്ഞാലക്കുട രൂപതാ വികാരി ജനറാൾ മോൺ. പോൾ എളംകുന്നപ്പുഴ തുടങ്ങിയവർ സ്ഥാനാരോഹണ ശുശ്രൂഷയിലും മററു ചടങ്ങിലും സംബന്ധിച്ചിരുന്നു. റോമിൻ ആദ് ലീമിനാ സന്ദർശനത്തിനു പോയിരുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ പ്രത്യേക പ്രതിനിധികളായാണു് ഇവർ ചടങ്ങിൽ പങ്കുകൊണ്ടതു്. കേരള നിയമസഭാ സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ആർച്ചു ബിഷപ്പിനെ ബൊക്കെ നൽകി സ്വീകരിച്ചു. മന്ത്രി ശ്രീ. കെ. എം. മാണി, കേരള യൂണിവേഴ്സിററി വൈസ് ചാൻസലർ ഡോ. ജെ. വി. വിളനിലം ശ്രീമതി കെ. സി. റോസക്കുട്ടി എം. എൽ. എ. തുടങ്ങിയ വിശിഷ്ട വ്യക്തികൾ ചടങ്ങിൽ സംബന്ധിച്ചിരുന്നു. സ്ഥാനാരോഹണ ശുശ്രൂഷയിൽ സഭയിലെ മൂന്നു രൂപതകളിൽ

www.malankaralibrary.com

നിന്നും മിഷൻ പ്രദേശങ്ങളിൽ നിന്നുമായി ആയിരക്കണക്കിന് വിശ്വാസികളും നൂറുകണക്കിന് ബ. വൈദികരും സന്യസ്തരും സംബന്ധിച്ചിരുന്നു. മററു സഹോദരീ സഭകളിൽ നിന്നും വിശ്വാസികളും ബ. വൈദികരും ചടങ്ങിൽ പങ്കുകൊണ്ടു. സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാവർക്കുമായി പ്രത്യേകം ക്രമീകരിച്ചിരുന്ന സ്നേഹ വിരുന്നിൽ ഏവരും സംബന്ധിച്ചു. മലങ്കര സെമിനാരി പ്രൊഫസർ റവ. ഫാദർ സാമുവേൽ തൈക്കൂട്ടത്തിലിന്റെ നേതൃത്വത്തിൽ ക്രമീകരിച്ച ഗായക സംഘം ആരാധനാ ഗീതങ്ങൾക്ക് നേതൃത്വം നൽകി.

സ്നേഹവിരുന്നിനു ശേഷം അഭിനവ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനെ പട്ടത്തുള്ള ആർച്ചുബിഷപ്സ് ഹൗസിലേക്ക് സ്വീകരിക്കുന്നതിനായി ബ. വൈദികരും സന്യസ്തരും അൽമായ പ്രതിനിധികളും അരമനയുടെ പ്രവേശന കവാടത്തിൽ തയ്യാറായി നിന്നിരുന്നു. 3 മണിക്ക് അരമനയുടെ കവാടത്തിൽ എത്തിയ അഭിവന്ദ്യ മെത്രാപ്പോലീത്തായെ സഹായ മെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനി ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. ആർച്ചുബിഷപ്സ് ഹൗസ് പ്രൊക്യൂറേററർ റവ. ഫാദർ ജോർജ് പ്ലാവിള അഭിവന്ദ്യ തിരുമേനിക്ക് ബൊക്കെ നൽകി വരവേററു. തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ അരമന ചാപ്പലിൽ പ്രാർത്ഥന നടത്തി. അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് ലോറൻസ് മാർ അപ്രേം, പൗലോസ് മാർ പീലക്സിനോസ് എന്നീ പിതാക്കന്മാരും ചടങ്ങിൽ സംബന്ധിച്ചിരുന്നു. പ്രാർത്ഥനയ്ക്കു ശേഷം അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി അഭിനവ മെത്രാപ്പോലീത്തായെ മുറിയിലേക്കാനയിച്ചു. പ്രാർത്ഥനയോടുകൂടി ഏവരും മുറിയിൽ പ്രവേശിച്ചു. നിരവധി വിശിഷ്ട വ്യക്തികൾ അഭിവന്ദ്യ തിരുമേനിയെ നേരിൽ കണ്ടു് മംഗളങ്ങൾ അറിയിക്കുന്നതിനു് പിന്നീടുള്ള സമയം ഉപയോഗിച്ചു.

www.malankaralibrary.com

## അനുമോദന സമ്മേളനം

മലങ്കര കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട അനുമോദന സമ്മേളനം വൈകുന്നേരം അഞ്ചു മണിക്ക് പട്ടം സെൻറ് മേരീസ് കത്തീഡ്രൽ മൈതാനിയിൽ ആരംഭിച്ചു. കേരള മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി സമ്മേളനം ഉദ്ഘാടനം ചെയ്തു. ജാതി, മത, വർഗ്ഗ വർണ്ണ ഭേദമെന്യേ സർവ്വരേയും ശുശ്രൂഷിക്കുവാൻ പുതിയ ആർച്ചുബിഷപ്പിന് കഴിയട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിൻെറ (CBCI) അദ്ധ്യക്ഷനും ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയുമായ മാർ ജോസഫ് പൗവ്വത്തിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മാർപാപ്പായുടെ പ്രത്യേക പ്രതിനിധി ആർച്ചു ബിഷപ്പ് മറൂസിൻ തിരുമേനി, മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. ടി. എം. ജേക്കബ്, മാർത്തോമ്മാസഭയെ പ്രതിനിധീകരിച്ച് അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി തിരുവനന്തപുരം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിയോസ്കോറസ് മെത്രാപ്പോലീത്താ, സി. എസ്. ഐ. ബിഷപ്പ് യേശുദാസൻ, തിരുവനന്തപുരം രൂപതാ വികാരിജനറാൾ മോൺ എസ്. തോമസ്, സ്വാമി ശ്രീകാനന്ദ, പ്രോ-വൈസ് ചാൻസലർ എം. സാലിഹു, ബഥനി സന്യാസസമൂഹത്തിൻെറ സുപ്പീരിയർ ജനറൽ വെരി റവ. ജറോം പീടികപ്പറമ്പിൽ, ബത്തേരി രൂപതാ വികാരിജനറാൾ മോൺ. തോമസ് താന്നിക്കാക്കുഴി, അഡ്വ. അന്നമ്മ ജോർജ്, ശ്രീ. ഐ. ആർ. ജോസ് മാത്യു തുടങ്ങിയവർ അഭിനവ മെത്രാപ്പോലീത്തായ്ക്കു ആശംസകൾ നേർന്നു സംസാരിച്ചു. അതിരൂപതയുടെ വക ഉപഹാരം അതിരൂപതാ എപ്പിസ്ക്കോപ്പൽ വികാരി അഭിവന്ദ്യ പൗലോസ് മാർ ഫീലക്സീനോസ് തിരുമേനി അഭിവന്ദ്യ ആർച്ചുബിഷപ്പിന് സമർപ്പിച്ചു. മെത്രാപ്പോലീത്തായുടെ ജീവചരിത്രസംക്ഷിപ്തം മുൻ വികാരി ജനറാൾ റവ. ഫാദർ തോമസ് കുമ്പുക്കാട്ട് അവതരിപ്പിച്ചു. സ്വീകരണത്തിന് അഭിനവ മെത്രാപ്പോലീത്താ സിറിൽ മാർ ബസ്സേലിയോസ് സമുചിതമായ നന്ദി പറഞ്ഞു.

www.malankaralibrary.com

മനുഷ്യനെ ഒന്നായികണ്ടു് അവർക്കു് ശുശ്രൂഷ ചെയ്യുന്നതിനു് കഴിഞ്ഞ പതിനേഴ വർഷങ്ങളായി താൻ ശ്രമിക്കുകയായിരുന്നുവെന്നും അതു് തുടരുകയും മനുഷ്യ സമൂഹത്തിൻെറ ശുശ്രൂഷയ്ക്കു് മലങ്കര കത്തോലിക്കാ സഭയെ ഒരുക്കുകയുമാണു് തൻെറ ഇടയനടുത്ത കർത്തവ്യമെന്നും അതിനു് എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും താൻ പ്രതീക്ഷിക്കുന്നുവെന്നും തദവസരത്തിൽ തിരുമേനി പ്രസ്താവിച്ചു. അതിരൂപതാ സഹായമെത്രാൻ ലോറൻസ് മാർ അപ്രേം സ്വാഗതവും കത്തീഡ്രൽ വികാരി വെരി റവ. ഫാ .ജോസഫ് കോന്നാത്തു് കൃതജ്ഞതയും പറഞ്ഞു. റവ. ഫാ. ജോർജ് ജോൺ ക്രമീകരണങ്ങൾക്കു് നേതൃത്വം നൽകി.

മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമായ ഒരു സന്ദർഭത്തിലാണു് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി സഭയുടെ നായകനായി സ്ഥാനാരോഹണം ചെയ്തിരിക്കുന്നതു്. സ്ഥാനാരോഹണ ശുശ്രൂഷയിലും മററു ചടങ്ങുകളിലും മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വവും കൂട്ടായ്മയും അതിൻെറ ഭാവപ്രകടനങ്ങളും സ്പഷ്ടമായിരുന്നു. സഭയൊന്നാകെ ഉൾപ്പെട്ട ഒരു സഭാസംഭവമായി സ്ഥാനാരോഹണ ശുശ്രൂഷ ഉയർന്നു നിന്നു; അതു് സഭാമക്കളുടെ മനസ്സുകളിൽ ഇന്നും നിറഞ്ഞുനിൽക്കുന്നുവെന്നതിൽ നമുക്കഭിമാനിക്കാം.

### പൗരസ്വീകരണം

മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനായും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായി സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിക്കു് ഡിസംബർ 16_ാം തീയതി വൈകുന്നേരം 5 മണിക്കു് യൂണിവേഴ്സിററി സെനററ് ഹാളിൽ വച്ചു് തിരുവനന്തപുരം പൗരാവലിയുടെ വകയായി ഉജ്ജ്വലമായ സ്വീകരണം നൽകപ്പെട്ടു. സമ്മേളനം കേരള ഗവർണ്ണർ ശ്രീ പി. ശിവശങ്കർ ഉദ്ഘാടനം ചെയ്തു. ബത്തേരി രൂപതയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വെളിച്ച

www.malankaralibrary.com

ത്തിലും ആദിവാസികളുടെ സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിച്ച വ്യക്തിയെന്ന നിലയിലും തിരുവനന്തപുരം പട്ടണത്തിൽ വളരെയധികം മണ്ഡലങ്ങളിൽ പ്രവർത്തിക്കുവാൻ പുതിയ ആർച്ചുബിഷപ്പിനു് കഴിയട്ടെ എന്നു് അദ്ദേഹം ആശംസിച്ചു. ഗവർണ്ണർ ആർച്ചുബിഷപ്പിനെ പൊന്നാട അണിയിച്ചു സ്വീകരിച്ചു. ചടങ്ങിൽ മേയർ ശിവൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. ജി. കാർത്തികേയൻ, സി. പി. ഐ. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പി. കെ. വാസുദേവൻ നായർ, എ. ചാൾസ് എം. പി., എം. എൽ. എ. മാരായ എം. എം. ഹസ്സൻ, ബി. വിജയകുമാർ, എം. വിജയകുമാർ, ജില്ലാകളക്ടർ ശ്രീമതി അരുണ സുന്ദർരാജ്, ജില്ലാ പഞ്ചായത്തു് പ്രസിഡൻറ് ബി. സത്യൻ, 'ട്രിഡ' ചെയർമാൻ ശ്രീ. തലേക്കുന്നിൽ ബഷീർ, പ്രൊഫസർ എസ്. ഗുപ്തൻനായർ, കേരള സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ജെ. വി. വിളനിലം, ബി. ജെ. പി. ദേശീയസമിതിയംഗം ശ്രീ. കെ. രാമൻപിള്ള, പാളയം മുൻ ഇമാം പി. എച്ച്. അബ്ദുൾ ഗാഫർ മൗലവി എന്നിവർ ആർച്ചുബിഷപ്പിനു് അനുമോദനങ്ങൾ നേർന്നു് സംസാരിച്ചു. ശ്രീ പാലോട്ട് രവി എം.എൽ.എ. സ്വാഗതവും തിരുവനന്തപുരം പ്രസ്സ് ക്ളബ്ബ് സെക്രട്ടറി ശ്രീ. ജോർജ്ജ് കള്ളിവയലിൽ നന്ദിയും പറഞ്ഞു. ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് പൗരാവലിക്ക് ഹൃദയപൂർവ്വം നന്ദി പറഞ്ഞു. പൗരാവലിയുടെ വക ഉപഹാരം മേയർ ശ്രീ. വി. ശിവൻകുട്ടി തിരുമേനിക്കു സമർപ്പിച്ചു. നേരത്തെ പാളയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ പ്രാർത്ഥന നടത്തിയ ശേഷം പുറത്തുവന്ന ആർച്ചുബിഷപ്പിനെ മുത്തുക്കുടകളുടെയും, വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ യൂണിവേഴ്സിററി സെനററ് ഹാളിലേക്ക് സ്വീകരിച്ചാനയിച്ചു. നൂറുകണക്കിനാളുകൾ പൗരസ്വീകരണത്തിൽ സംബന്ധിച്ചിരുന്നു.

## മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് റോമിൽ

മലങ്കര കത്തോലിക്കാ സഭയുടെ അധിപനും തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷനുമായി സ്ഥാനം ഏറെറടുത്ത

www.malankaralibrary.com

അഭിനവ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി, തൻെറ അസാന്നിദ്ധ്യത്തിൽ തിരുവനന്തപുരം അതിരൂപതയിലെ ഭരണ കാര്യങ്ങൾക്ക് നേതൃത്വം നല്കുന്നതിനായി വെരി റവ. ഡോക്ടർ ഗീവർഗീസ് പണിക്കരെ അഡ്മിനിസ്ട്രേറററായി നിയമിച്ചതിനു ശേഷം പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ ഔദ്യോഗികമായി സന്ദർശിക്കുന്നതിനായി 1996 ജനുവരി 4 ന് റോമിൽ എത്തി. റോമിലെ അന്താരാഷ്ട്രവിമാനത്താവള ത്തിൽ രാവിലെ 7. 15 ന് എത്തിച്ചേർന്ന മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷന് റോമിലെ മലങ്കര സഭാക്കൂട്ടായ്മ സ്നേഹനിർഭര മായ സ്വീകരണം നൽകി. റോമിലെ മലങ്കര സമൂഹത്തിൻെറ പ്രസിഡൻറ് റവ. ഫാ. കുറിയാക്കോസ് തടത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്തായെ ബൊക്കെ നൽകി സ്വീകരിച്ചു.

## ആദ്ലിമിനാ സന്ദർശനം

അഭിവന്ദ്യരായ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയും ലോറൻസ് മാർ അപ്രേം തിരുമേനിയും 'ആദ്ലിമിനാ'' സന്ദർശനത്തിനായി അടുത്ത ദിവസങ്ങളിൽ റോമിൽ എത്തി. കത്തോലിക്കാ സഭയിൽ രൂപതാ ഭരണ മുള്ള മെത്രാന്മാരെല്ലാവരും അഞ്ചു വർഷത്തിൽ ഒരിക്കൽ പരിശുദ്ധ പിതാവിനെ ഔദ്യോഗികമായി സന്ദർശിക്കുകയും വി. പത്രോസ് വി. പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങ ളിൽ പ്രാർത്ഥിക്കുകയും തങ്ങളുടെ രൂപതകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പരി. സിംഹാസനത്തിന് നൽകുകയും ചെയ്യണ മെന്ന് നിയമമുണ്ട്. അഞ്ചു വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഈ ഔദ്യോഗിക സന്ദർശനത്തിനായി, സീറോ-മലബാർ സഭ യിലെ അഭിവന്ദ്യ പിതാക്കന്മാരും ഈ സമയം റോമിൽ എത്തി യിരുന്നു.

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർ പാപ്പാ യുമായി ജനുവരി 9 ന് ഉച്ചക്ക് 12 മണിക്ക് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ ഔദ്യോ ഗിക സന്ദർശനം നടത്തി. തിരുവനന്തപുരം അതിരൂപതയു ടേയും ബത്തേരി രൂപതയുടെയും ഉപഹാരം പരിശുദ്ധപിതാ

www.malankaralibrary.com

വിന് നൽകി. തുടർന്നു് സഹായമെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനിയുമായും തിരുവല്ലാ രൂപതാദ്ധ്യക്ഷൻ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുമായും പരി. പിതാവു് ഔദ്യോഗിക സംഭാഷണം നടത്തി.

## പാലിയം സ്വീകരണം

മലങ്കര കത്തോലിക്കാ സഭാപിതാക്കന്മാരുമായുള്ള സംഭാഷണത്തിനു ശേഷം അഭിനവ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനിക്കു് പാലിയം നൽകുന്നതിനായി പരിശുദ്ധ പിതാവു് ഉച്ചക്കു് 12. 30 നു് വത്തിക്കാൻ അരമനയിലെ ഊർബൻ എട്ടാമൻ പാപ്പായുടെ നാമധേയത്തിലുള്ള കപ്പേളയിൽ എത്തി. തൽ സമയം മലങ്കര സഭയിലെ പിതാക്കന്മാരും ബ. വൈദികരും അവിടെ സന്നിഹിതരായിരുന്നു. പ്രാരംഭ പ്രാർത്ഥനക്കു ശേഷം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി വിശ്വാസപ്രമാണം ചൊല്ലി. പ്രാർത്ഥനയ്ക്കുശേഷം പരിശുദ്ധ പിതാവു്, മെത്രാപ്പോലിത്തൻ ആർച്ചു ബിഷപ്പിനെ പാലിയം ധരിപ്പിക്കുകയും സമാധാന ചുംബനം നൽകുകയും ചെയ്തു. തദവസരത്തിൽ സമൂഹം "ദൈവജനനി ധന്യേ, കന്യകയേ" എന്ന ഗീതം ആലപിച്ചു. തുടർന്നു് പരി. പിതാവു് തൻെറ അപ്പസ്തോലിക ആശീർവ്വാദം നൽകുകയും ഈ അസുലഭ സന്ദർഭത്തിൽ സന്നിഹിതരായിരുന്ന ഗീവർഗീസ് മാർ തിമോത്തിയോസ്, ലോറൻസ് മാർ അപ്രേം എന്നീ പിതാക്കന്മാരോടും വൈദികരോടും ഒരുമിച്ച് ഒരു ഗ്രൂപ്പ് ഫോട്ടോയ്ക്കു് നിൽക്കുകയും ചെയ്തു. ഈ പ്രത്യേക ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാ വൈദികർക്കും പരി. പിതാവു് ഓരോ ജപമാല സമ്മാനിക്കുകയുണ്ടായി. മലങ്കര കത്തോലിക്കാ സഭയ്ക്കുവേണ്ടി റോമിൽ ഉപരിപഠനം നടത്തുന്ന ബ. ആൻറണി കാക്കനാട്ടു്, മാമ്മൻ ചക്കാലപടിക്കൽ, ഐസക്കു് തോട്ടുങ്കൽ, ജോൺ കൊച്ചുതുണ്ടിയിൽ, തോമസ് നായിക്കംപറമ്പിൽ, കുറിയാക്കോസ് തടത്തിൽ, മരിയദാസ് പടിപ്പുരയ്ക്കൽ OIC, തോമസ് കാഞ്ഞിരമുകളിൽ, ദാനിയേൽ മണികുളം, വർഗീസ് തന്നിക്കാക്കുഴിയിൽ, മരിയദാസൻ, ജോസ് വള്ളിപ്പറമ്പിൽ എന്നി വൈദികർ ശുശ്രൂഷയിൽ

www.malankaralibrary.com

സംബന്ധിച്ചിരുന്നു. മലങ്കര കത്തോലിക്ക സഭാദ്ധ്യക്ഷന്മാരായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 1932_ൽ പരി. പിതാവ് പതിനൊന്നാം പീയൂസ് മാർപാപ്പായിൽ നിന്നും അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1959_ൽ പരി. പിതാവ് യോഹന്നാൻ 23_ാം മാർപാപ്പായിൽ നിന്നും പാലിയം സ്വീകരിച്ചിരുന്നു. മെത്രാപ്പോലീത്താസ്ഥാനത്തിന്റെ പൂർണ്ണ അധികാരത്തിൻെറയും സാർവ്വത്രിക സഭാതലവനായ മാർപാപ്പായോടുള്ള കൂട്ടായ്മയുടെയും പ്രതീകമാണ് പാലിയം.

## ഔദ്യോഗിക സംഭാഷണങ്ങൾ

മാർപാപ്പായുമായുള്ള പ്രാരംഭ കൂടിക്കാഴ്ചക്കുശേഷം അഭിനവ മെത്രാപ്പോലിത്തൻ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ്, റോമൻ കൂരിയായിലെ അദ്ധ്യക്ഷന്മാരുമായി ഔദ്യോഗിക സംഭാഷണങ്ങൾ നടത്തി. പൗരസ്ത്യ സഭകൾക്കായുള്ള സംഘത്തിൻെറ അദ്ധ്യക്ഷൻ കർദ്ദിനാൾ അക്കില്ലെ സിൽവസ്ട്രീനിയുമായി മൂന്നു പ്രാവശ്യം ഔദ്യോഗിക സംഭാഷണം നടത്തി. തിരുവനന്തപുരം അതിരൂപത വിഭജിച്ച് ഒരു പുതിയ രൂപത സ്ഥാപിക്കുന്നതിനെക്കുറിച്ചും മലങ്കര കത്തോലിക്കാ സഭയുടെ മിഷൻ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിച്ച് ഒരു സംവിധാനം ക്രമീകരിക്കുന്നതിനെക്കുറിച്ചും പൗരസ്ത്യ സംഘാദ്ധ്യക്ഷനുമായി സുദീർഘമായ ചർച്ച നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിശ്വാസ കാര്യങ്ങൾക്കായുള്ള സംഘത്തിൻെറ തലവൻ കർദ്ദിനാൾ ജോസഫ് റാററ്സിംഗർ, പ്രൊപ്പഗാന്താ സംഘത്തിൻെറ അദ്ധ്യക്ഷൻ കർദ്ദിനാൾ ജോസഫ് ടോംകോ, ക്രൈസ്തവൈക്യ കാര്യാലയത്തിൻെറ പ്രസിഡൻെറ് കർദ്ദിനാൾ എഡ്വേർഡ് കാസിഡി എന്നിവരുമായും മററ് പ്രമുഖരുമായും അഭിവന്ദ്യ ബസ്സേലിയോസ് മെത്രാപ്പോലീത്താ ഔദ്യോഗിക സംഭാഷണം നടത്തി.

## പരി. പിതാവിൻെറ അരമനയിൽ വിരുന്ന്

'അദ്ലിമിന' സന്ദർശനത്തിനും പാലിയം സ്വീകരിക്കുന്നതിനുമായി റോമിൽ എത്തിയ മലങ്കര സഭാദ്ധ്യക്ഷൻ

www.malankaralibrary.com

സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പിനും തിരുവല്ലാ രൂപതാദ്ധ്യക്ഷൻ ഗീവർഗീസ് മാർ തിമോത്തിയോസ്, തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാൻ ലോറൻസ് മാർ അപ്രേം എന്നീ പിതാക്കന്മാർക്കും പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പാപ്പ തന്റെ അരമനയിൽ ജനുവരി 10-ാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് വിരുന്നു നൽകി. സ്നേഹാതിരേകം നിറഞ്ഞുനിന്ന ഈ സന്ദർഭത്തിലും പരി. പിതാവ് മലങ്കര സഭയെപ്പറ്റി കൂടുതൽ വിവരങ്ങൾ ആരായുകയുണ്ടായി.

## പരി. പിതാവുമായി പൊതു കൂടിക്കാഴ്ച

തങ്ങളുടെ 'ആദ്‌ലിമിനാ' സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ, ജനുവരി 18-ാം തീയതി ഉച്ചയ്ക്ക് 11.40-ന് സീറോ-മലങ്കര, സീറോ-മലബാർ സഭകളിൽപെട്ട പിതാക്കന്മാരെ, വത്തിക്കാൻ അരമനയിൽസ്വീകരിച്ച് പരി. പിതാവ് അവരുമായി സംഭാഷണം നടത്തി. മാർ തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകം ലഭിച്ചിരിക്കുന്ന ഈ രണ്ട് പൗരസ്ത്യ കത്തോലിക്കാ സഭകൾക്കും പൊതുവായി ഒരു സന്ദേശം പരി. പിതാവ് നൽകുകയുണ്ടായി. സന്ദേശത്തിൽ മലങ്കര കത്തോലിക്കാ സഭയെക്കുറിച്ചും അതിന്റെ അഭിനവ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പിനെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കുന്ന ഭാഗം താഴെ ചേർക്കുന്നു.

"At the conclusion of your adlimina visit, I wish to assure you again of the hearfelt affection and fraternal esteem in which I hold the venerable Oriental Catholic Churches present in India, the Syro-Malabar Church and the Syro-Malankara Church. Your common origins go back to the very beginnings of Christianity, to the preaching of the glorious Apostle Thomas.........I extent a special welcome to Cyril Mar Baselios, recently appointed Metropolitan Archbishop of Trivandrum of the Syro-Malankara Church. In your person I greet the whole Syro-Malankara Church, which so effectively blends fidelity to its Oriental tradition with a vigorous commitment to the apostolate. Present in our thoughts at this happy moment

www.malankaralibrary.com

are the figures of two unforgettable Pastors, Mar Ivanios, who led you on the path of rediscovered full communion with the See of Peter, and Mar Gregorios, who so wisely directed the development of your Church. I am confident that you will follow in their footsteps, guiding your Church "fortiter et suaviter" (Cf. L'Osservatore Romano, 19 January 1996, P.5)

പൊതു കൂടിക്കാഴ്ചയ്ക്കുശേഷം സീറോ-മലങ്കര സഭയിലെയും സീറോ-മലബാർ സഭയിലെയും ബ. വൈദികർക്കും സന്യസ്തർക്കും വിശ്വാസികൾക്കുമായി പരി. പിതാവ് തന്റെ അപ്പസ്തോലിക ആശീർവ്വാദം നൽകി.

## റോമിലെ മലങ്കര കൂട്ടായ്മയിൽ

മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതാസാരഥിയുമായി സ്ഥാനാരോഹണം ചെയ്തതിനു ശേഷം ആദ്യമായി റോമിലെത്തിയ അഭിവന്ദ്യ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനിക്ക് റോമിലെ മലങ്കര സമൂഹം ഊഷ്മളമായ സ്വീകരണം നൽകി. ജനുവരി 14–ന് രാവിലെ 9–ന് പൊന്തിഫിക്കൽ ഡച്ച് കോളേജിന്റെ ചാപ്പലിൽ നടന്ന വി. കുർബ്ബാനയിൽ അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യരായ ഗീവർഗീസ് മാർ തിമോത്തിയോസ്, ലോറൻസ് മാർ അപ്രേം എന്നീ പിതാക്കന്മാരും വന്ദ്യ ദിവ്യ ശ്രീ ജോൺ മേളാംപറമ്പിൽ റമ്പാൻ, ബ. വൈദികർ എന്നിവരും വി. കുർബ്ബാനയിൽ സഹ കാർമ്മികരായിരുന്നു. തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ അഭിവന്ദ്യരായ ഗീവർഗീസ് മാർ തിമോത്തിയോസ്, ലോറൻസ് മാർ അപ്രേം, വന്ദ്യ ജോൺ മേളാംപറമ്പിൽ റമ്പാൻ, വൈദിക പ്രതിനിധി റവ. ഫാ. ഐസക് തോട്ടുങ്കൽ സന്യസ്തരുടെ പ്രതിനിധി റവ. സി. ശാന്തി S.I.C. അല്മായ പ്രതിനിധി ശ്രീ. കോശി പാറപ്പാട്ടു് (വത്തിക്കാൻ റേഡിയോയിൽ മലയാള വിഭാഗത്തിന്റെ തലവൻ) തുടങ്ങിയവർ അഭിവന്ദ്യ മെത്രാപ്പോലീത്തായ്ക്ക് ആശംസകൾ അർപ്പിച്ചു. മലങ്കര കൂട്ടായ്മയുടെ ഉപഹാരം റവ. ഫാ. മരിയദാസൻ തിരുമേനിക്ക് സമർപ്പിച്ചു. സഭാത്മക ദർശനത്തിന്റെ ആവശ്യകതയും മലങ്കര കത്തോലിക്കാ സഭ്ക്ക് പിൻതുടരേണ്ട സഭാ ദൗത്യത്തെപ്പറ്റിയും തന്റെ മറുപടി

www.malankaralibrary.com

പ്രസംഗത്തിൽ, വലിയ മെത്രാപ്പോലീത്താ ഏവരേയും അനു സ്മരിപ്പിച്ചു. റവ. ഫാ. ജോൺ കൊച്ചു തുണ്ടിയിൽ സ്വാഗതവും റവ. ഫാ. മരിയാദാസ് O.I C. കൃതജ്ഞതയും പറഞ്ഞു. സ്നേഹവിരുന്നോടുകൂടി പരിപാടി സമാപിച്ചു. അനുമോദന സമ്മേളനത്തിന് ബഹു. കുറിയാക്കോസ് തടത്തിൽ, ഐസക് തോട്ടുങ്കൽ, തോമസ് നായിക്കംപറമ്പിൽ, മാമ്മൻ ചക്കാലപടിക്കൽ എന്നീ വൈദികർ നേതൃത്വം നൽകി.

## നിത്യവ്രത വാഗ്ദാന ശുശ്രൂഷ

ബഥനി സന്യാസിനീ സമൂഹത്തിൻെറ ബത്തേരി പ്രോവിൻസിൽപെട്ട സി. ക്രിസ്റ്റാ, സി. സുപ്രഭ എന്നിവരുടെ നിത്യവ്രത വാഗ്ദാനം ജനുവരി 10-ന് രാവിലെ 8 മണിക്ക് വത്തിക്കാനിലെ സെൻറ് പീറേഴ്സ് ബസ്ലിക്കായിൽ വി. കുർബ്ബാന മധ്യേ നടത്തപ്പെട്ടു. വി. കുർബ്ബാനക്കും ശുശ്രൂഷക്കും അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമ്മികത്വം വഹിച്ചു. വി. കുർബ്ബാനയിൽ അഭിവന്ദ്യരായ ഗീവർഗീസ് മാർ തിമോത്തിയോസ്, ലോറൻസ് മാർ അപ്രേം, വന്ദ്യ ദിവ്യ ശ്രീ ജോൺ മേളാംപറമ്പിൽ റമ്പാൻ, ബഹു. വൈദികർ, ബ. സിസ്റ്റേഴ്സ് തുടങ്ങിയവർ സംബന്ധിച്ചിരുന്നു. ശുശ്രൂഷക്കും തുടർന്നു നടന്ന സ്നേഹവിരുന്നിനും റവ. സിസ്റ്റർ ഫെലിഷ്യാ S.I.C. റവ. ഫാദർ ഐസക് തോട്ടുങ്കൽ എന്നിവർ നേതൃത്വം നല്കി. ഇദംപ്രഥമമായിട്ടാണ് മലങ്കര കത്തോലിക്കാ സഭയിൽ നിന്നും രണ്ടു സന്യാസിനികൾ റോമിൽ നിത്യവ്രത വാഗ്ദാനം നടത്തുന്നതു്. ബ. സിസ്റ്റേഴ്സ് ക്രിസ്റ്റായും സുപ്രഭയും ബേത്ലഹേമിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

ജർമ്മനിയിൽ നടത്തിയ ഹ്രസ്വ സന്ദർശനത്തിനിടയിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ ഫ്രാങ്ക് ഫർട്ടിലും ഹെർണയിലുമുള്ള സഭാമക്കളെ സന്ദർശിക്കുകയും അവക്കായി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ഫെബ്രുവരി 3-ന് റോമിൽ നിന്നും ഇൻഡ്യയിലേക്ക് യാത്ര തിരിച്ച് 4-ന് ബോംബയിൽ എത്തുകയും അവിടെയുള്ള വിശ്വാസികൾക്കായി അദ്ദേഹം വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ഫെബ്രുവരി 4-ന് ഉച്ചകഴിഞ്ഞ് ബോംബെയിൽ നിന്നും യാത്ര തിരിച്ച് വൈകുന്നേരം പട്ടം മെത്രാപ്പോലീത്തൻ അരമനയിൽ എത്തിച്ചേർന്ന തിരുമേനി സഭാപരവും സാമൂഹികവുമായ സേവനം സഭക്കും സമൂഹത്തിനും അർപ്പിച്ചുവരുന്നു.

ഫാ. ഐസക്ക് തോട്ടുങ്കൽ

www.malankaralibrary.com

# സേവനത്തിന്റെ പാതയിൽ മുന്നോട്ട്

www.malankaralibrary.com

# സേവനത്തിൻെറ പാതയിൽ മുന്നോട്ട്

## ബത്തേരി രൂപതയ്ക്ക് വിടവാങ്ങൽ സന്ദേശം

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഭാഗ്യമോടെ വാഴുന്ന പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തിരുമനസ്സുകൊണ്ട് ബലഹീനനായ എന്നെ തിരുവനന്തപുരം അതിഭദ്രാസനത്തിൻെറ മെത്രാപ്പോലീത്താ യായും നമ്മുടെ മലങ്കര സഭയുടെ പൊതു മേലദ്ധ്യക്ഷനായും നിയമിച്ചിരിക്കുകയാണ്. ദൈവത്തിൻെറ പരിപാലനയിൽ എനിക്കു കിട്ടിയ ഈ ദൗത്യം, ഈ ദൈവനിയോഗം, സർവ്വാത്മനാ സ്വീകരിക്കുകയും അത് ഏറ്റുവാങ്ങിക്കൊണ്ട് എൻെറ പൗരോഹിത്യ ശുശ്രൂഷയും മേൽപ്പട്ട ശുശ്രൂഷയും തുടരുവാൻ ഞാൻ നിയോഗിതനായിരിക്കുകയുമാണ്. ഈ അവസരത്തിൽ നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി, ദൈവ തിരുമുൻപാകെ ഒന്നിച്ച് ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നതിനാണ് നാമെല്ലാവരും ഇവിടേക്ക് കടന്നുവന്നിരിക്കുന്നത്. ദൈവ തിരുമുൻപാകെയുള്ള നമ്മുടെ സ്തുതിയർപ്പണം പ്രധാനമായും ഈ വി. കുർബാനയിലാണ് നാം അർപ്പിക്കുന്നത്. നമ്മുടെ ബ. വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും എല്ലാവരും ഒന്നിച്ചു ചേർന്ന് ഈ ഭദ്രാസനാസ്ഥാനത്ത് ഈ ഭദ്രാസന ദൈവാലയാങ്കണത്തിൽ ദൈവത്തിനു നന്ദി പറയുകയാണ്. ഏതാണ്ട് 17 വർഷങ്ങൾക്കു മുൻപാണ് ഇതുപോലെയുള്ള ഒരു സമ്മേളനം ഇവിടെ നടത്തിയത്. ഒരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. ഈ പന്തലിൻെറ പടിഞ്ഞാറു വശത്ത് മറുഭാഗത്തായിട്ട് അൾത്താര ഒരുക്കി നാം വി. കുർബാന അർപ്പിക്കുകയും ദൈവദത്തമായ നമ്മുടെ ദൗത്യം ആരംഭിക്കുകയും ചെയ്തു. ഇന്ന് ഏതാണ്ട് ഒരു വലിയ സമൂഹമായിത്തന്നെ നാം രൂപപ്പെട്ടിരിക്കുകയാണ്. ദൈവത്തിൻെറ അനന്തമായ പരിപാലനയിലാണ് നാം ഒരു ദൈവജനമായി രൂപപ്പെട്ടത്, രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്.

www.malankaralibrary.com

നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നപോലെ തന്നെ അഭിവന്ദ്യനായ ഇപ്പോഴത്തെ ജോൺ പോൾ രണ്ടാമൻ മാർ പാപ്പാ തിരുമേനിതന്നെയാണ് അന്ന് ബത്തേരി രൂപത സ്ഥാപിക്കുകയും ഈ രൂപതയുടെ പ്രഥമ മെത്രാനായി എന്നെ ഇവിടേക്ക് നിയോഗിക്കുകയും ചെയ്തത്. ഈ ദൈവികമായ ദൗത്യം എന്നെ ഭരമേൽപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവ് നൽകിയ പ്രത്യേക കല്പനയിൽ ഇങ്ങനെ അനുശാസിച്ചിരുന്നു. ഇവിടെയുള്ള എല്ലാ വിശ്വാസികളുടെയും നന്മയ്ക്കായിട്ടാണ്, അവരുടെ പരിപാലനത്തിനായിട്ടാണ് ബത്തേരി രൂപത സ്ഥാപിക്കുന്നത്. അതുപോലെ തന്നെ ഇവിടെയുള്ള എല്ലാ ദൈവമക്കളുടെയും ശുശ്രൂഷയ്ക്കായിട്ടാണ്, അവരെ പരിപാലിക്കുന്നതിനായിട്ടാണ് എന്നെ നിയോഗിക്കുന്നത് എന്ന്. പ്രായഭേദമെന്യെ, ജാതി വ്യത്യാസങ്ങൾ കണക്കാക്കാതെ, സ്ഥലഭേദങ്ങൾ പരിഗണിക്കാതെ, വലിയവരെയും ചെറിയവരെയും, എല്ലാ മനുഷ്യരെയും എന്റെ ശുശ്രൂഷയ്ക്ക് പരിശുദ്ധ പിതാവ്, ദൈവനിയോഗത്താൽ ഭരമേൽപ്പിക്കുകയാണു് ചെയ്തത്. അങ്ങനെ അന്നു മുതൽ മേൽപ്പട്ടസ്ഥാനത്തിനടുത്ത പൗരോഹിത്യ ശുശ്രൂഷ ഞാനിവിടെ നിർവ്വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ ഒരു പ്രത്യേക ഘട്ടത്തിലാണ്, കുറച്ചു കൂടെ വ്യാപകമായ ഒരു ദൗത്യം, ഒരു പക്ഷേ ഭാരമേറിയ ഒരു ദൗത്യം, ദൈവപരിപാലനയിൽ പരിശുദ്ധ പിതാവ് എന്നെ വീണ്ടും ഭരമേല്പിച്ചിരിക്കുന്നത്. ബത്തേരി ഭദ്രാസനത്തിനു് നേരിട്ടുള്ള ശുശ്രൂഷ ഇനിയും ഇവിടേക്കു കടന്നു വരുന്ന മേലദ്ധ്യക്ഷൻ നിർവ്വഹിക്കുന്നതായിരിക്കും. എന്നാൽ ബത്തേരി ഭദ്രാസനം മാത്രമല്ലാ നമ്മുടെ മലങ്കര സഭയിൽ ഉൾപ്പെട്ട എല്ലാ ഭദ്രാസനങ്ങളുടെയും നമ്മുടെ ബാഹ്യ കേരള മിഷൻ പ്രദേശങ്ങളുടെയും മററു രാജ്യങ്ങളിൽ താമസിക്കുന്ന നമ്മുടെ വിശ്വാസികളുടെയും ശുശ്രൂഷ നിറവേററുന്നതിനാണ് ഈ പ്രത്യേകമായ നിയോഗം എനിക്കു നല്കിയിരിക്കുന്നത്. അതു കൂടാതെ, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ എന്ന നിലയ്ക്കു് എനിക്കു അവിടെയുള്ള ദൈവജനത്തിന് നേരിട്ടുള്ള ശുശ്രൂഷ നൽകുന്നതിനും കല്പന നൽകപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഞാൻ ഇവിടെ

www.malankaralibrary.com

നിന്നും വിടവാങ്ങുകയാണ്. ഈയവസരത്തിൽ, ആദ്യമായി നമ്മെ പരിപാലിച്ചു വളർത്തിയ ദൈവത്തിന് നാമൊരുമിച്ച് ഒരു കൂട്ടായ്മയായി നന്ദിപറയുന്നതിന്, കർത്താവായ യേശു ക്രിസ്തുവിൻെറ തിരുബലിയിൽ, അവിടത്തെ സാന്നിദ്ധ്യത്തിൽ, ഉയിർത്തെഴുന്നേററവനായ കർത്താവിൻെറ നമ്മുടെയിടയിലുള്ള സാന്നിദ്ധ്യത്തിൽ ഒന്നു ചേർന്ന് അതിൽ മുഴുകി ദൈവത്തിന് നന്ദി പറയുവാനാണ് നാമിപ്പോൾ ഇവിടേക്ക് കടന്നു വന്നിരിക്കുന്നത്. ഇവിടെ വന്നിരിക്കുന്ന ബ. വൈദികരെയും സന്യാസിനീ–സന്യാസികളെയും നമ്മുടെ അല്മായ സഹോദരങ്ങളെയും മററു മിത്രങ്ങളെയും എല്ലാവരെയും ഞാൻ നന്ദിയോടു കൂടി ഈ വി. കുർബ്ബാനയിൽ അനുസ്മരിക്കുകയാണ്. ഈ വി. കുർബ്ബാന നമ്മുടെ ഭദ്രാസനത്തിലുള്ള എല്ലാവർക്കു വേണ്ടിയും നമ്മുടെ ഭദ്രാസനത്തോട് ഇതുവരെ ബന്ധപ്പെട്ടിട്ടുള്ള എല്ലാവർക്കും വേണ്ടിയും ഇനിയും ബന്ധപ്പെടുവാനിരിക്കുന്ന എല്ലാവർക്കുവേണ്ടിയുമാണ് അർപ്പിക്കപ്പെടുന്നത്.

നമ്മുടെ ഭദ്രാസനത്തോട് ബന്ധപ്പെട്ട എന്നു ഞാൻ വിശേഷിപ്പിക്കുന്നത് നമ്മുടെ വിശ്വാസം ഏററുപറയുന്ന നമ്മുടെ സഹോദരങ്ങളെ ഉദ്ദേശിച്ചുകൊണ്ടു മാത്രമല്ല, പലപ്പോഴും ഞാൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ, നമ്മുടെ ഭദ്രാസനത്തിൻെറ അതിർത്തിയിൽ ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്നത് ഏതാണ്ട് ഇരുപതു ദശലക്ഷം അതായത് 200 ലക്ഷം മനുഷ്യമക്കളാണ്. ജാതിയോ, മതമോ, വർഗ്ഗമോ, വർണ്ണമോ നാം കരുതാതെ അവർക്കെല്ലാം ശുശ്രൂഷ ചെയ്യുന്നതിനായിട്ടാണ് നാം ഒരു സമൂഹമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ശുശ്രൂഷ നാമിനിയും മുൻപോട്ടു തുടരുകയാണ് അതിൻെറ സദ്ഫലങ്ങൾ ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. ചെറിയ മിഷ്യൻ കേന്ദ്രങ്ങളായി നാമാരംഭിച്ച കേന്ദ്രങ്ങൾ ഇപ്പോൾ വലിയ ഇടവകകളായി രൂപപ്പെട്ടിട്ടുണ്ട്. അതിനോട് ബന്ധപ്പെട്ട് നമ്മുടെ എല്ലാ സഹോദരങ്ങളും, ആ ഗ്രാമവാസികൾ മുഴുവനും വളർന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 108 ഇടവക/മിഷൻ കേന്ദ്രങ്ങൾ നമുക്കിപ്പോഴുണ്ട്. അവരെ ശുശ്രൂഷിക്കുന്നതിനായി ആരംഭത്തിൽ 18 വൈദികരാണ് നമുക്കുണ്ടായിരുന്നത്. ഇപ്പോൾ 61 വൈദികർ നമ്മുടെ

www.malankaralibrary.com

ദൈവജനത്തെ ശുശ്രൂഷിക്കുന്നതിനായി പൗരോഹിത്യം സ്വീകരിച്ചിട്ടുണ്ട്, എന്നുപറഞ്ഞാൽ അവർ ദൈവത്താൽ വേർതിരിക്കപ്പെട്ട്, ശുദ്ധീകരിക്കപ്പെട്ട് സമർപ്പിതരായിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ 150_ൽപരം സന്യാസിനീസന്യാസികരം, മററു പ്രേഷിത ജോലിയിൽ ഉൾപ്പെട്ടിരിക്കുന്നവർ, എല്ലാവരും തന്നെ ഈ നിയോഗത്തിനായി സമർപ്പിതരായിട്ടുണ്ട്. നാം കൂടുതൽ ആഴത്തിലേക്കിറങ്ങി വ്യാപകമായ ലോകത്തിലേക്ക് കടന്നുചെന്ന് നമ്മുടെ സഹോദരങ്ങൾക്ക് ശുശ്രൂഷചെയ്യുന്നതിനുള്ള ഒരാഹ്വാനമാണ് നമ്മുടെ ഈ വളച്ച്. അതിൽ നാമെല്ലാവരും സന്തുഷ്ടരാണ്. പക്ഷേ നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ ഈ കടമ തുടർന്ന് നിറവേററുവാൻ നമ്മെതന്നെ സജ്ജരാക്കേണ്ടതുണ്ട്. ഈ സന്ദർഭത്തിൽ, എന്നോട് ഏററം അടുത്തുനിന്ന് സഹകരിച്ച നമ്മുടെ വന്ദ്യവൈദികർ, തങ്ങളെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചിട്ടുള്ള സന്യസ്തർ, അതുപോലെ തന്നെ അല്മായ ഗണങ്ങൾ, നമ്മുടെ എല്ലാ കുടുംബങ്ങളും, പുരുഷന്മാരും സ്ത്രീകളും, യുവാക്കളും യുവതികളും, ബാലികാബാലന്മാരും പൈതങ്ങളും എല്ലാവരും എന്നോട് ഏററം അടുത്ത് സഹകരിക്കുകയും ദൈവദത്തമായ ഈ ദൗത്യം നിറവേററുന്നതിനായി ആത്മാർത്ഥമായി എന്നെ സഹായിക്കുകയും ചെയ്തുവെന്ന വസ്തുതയാണ്, സത്യമാണ് നന്ദിയോടുകൂടി വി. കുർബ്ബാനയിൽ ഞാൻ അനുസ്മരിക്കുന്നത്. ആ സന്മനസ്സും ഔദാര്യബുദ്ധിയും ദർശനഐക്യവും വിശ്വാസ ചൈതന്യവും കർമ്മകുശലതയും ത്യാഗബുദ്ധിയും എല്ലാം നമുക്ക് പ്രദാനം ചെയ്ത ദൈവത്തെ നാം ഒരുമിച്ച് സ്തുതിക്കുകയാണ്. ''ഞാൻ എന്തായിരിക്കുന്നുവോ, അത് ദൈവത്തിൻെറ കൃപയാലാകുന്നു''വെന്ന വി. പൗലോസ് അപ്പസ്തോലൻെറ കോരിന്ത്യർക്കുള്ള വാക്കുകരം നാമെപ്പോഴും അനുസ്മരിക്കണം.

ദൈവം നമുക്ക് ഈ ഭാഗ്യങ്ങൾ നൽകിയിരിക്കുന്നത് നമ്മുടെ സഹോദരങ്ങളുമായി അത് പങ്കുവയ്ക്കുന്നതിനാണ്. ദൈവം തൻെറ ഒരു നന്മയും തനിക്കായിത്തന്നെ സൂക്ഷിക്കുന്നില്ലാ. ദൈവം നമ്മെ സൃഷ്ടിച്ചതും രക്ഷിച്ചതും താൻെറ നന്മ നമുക്ക് പകർന്നു തരുന്നതിനുവേണ്ടിയാണ്. അതു നമുക്ക്

www.malankaralibrary.com

പകർന്നുതന്നുവെങ്കിൽ അതിൻെറയും ലക്ഷ്യം അതു് വീണ്ടും പകർന്നു കൊടുക്കപ്പെടേണ്ടതിനു തന്നെയാണു്. നമ്മിൽ ഒതുങ്ങുന്നതൊന്നും നന്മയല്ലാ; അതു് സ്വാർത്ഥതയാണു്. ദൈവത്തിൻെറ സ്നേഹം, ദൈവത്തിൻെറ നന്മ നമ്മിൽ നിക്ഷേപിച്ചിരിക്കുന്നതു്, അതു് ശക്തമായി മററുള്ളവരിലേക്കു് ഒഴുക്കുന്നതിനും പ്രസരിപ്പിക്കുന്നതിനും വേണ്ടിയാണു്. ഈയൊരു വലിയ സത്യം നമ്മൾ അംഗീകരിക്കുന്നുവെങ്കിൽ നാം യഥാർത്ഥത്തിൽ ഒരു ക്രൈസ്തവ കൂട്ടായ്മയായി രൂപം കൊള്ളും. അതാണു് നമ്മുടെ ഭാഗ്യം ! നമ്മുടെ ഇടവകാ കേന്ദ്രങ്ങളിലെ എല്ലാവിധമായ പ്രവർത്തനങ്ങളും നിങ്ങൾക്കറിയാം; നാം നമ്മെ മാത്രം കേന്ദ്രീകരിച്ചല്ല നമ്മുടെ ഒരു പ്രവർത്തനവും നടത്തുന്നതു്. അതിനു് നാം മതാദ്ധ്യാപനമെന്നോ, കുടുംബ പ്രേഷിത പ്രവർത്തനമെന്നോ, യുവജനപ്രസ്ഥാനമെന്നോ, മാതൃസംഘമെന്നോ, പിതൃസംഘമെന്നോ അല്ലെങ്കിൽ ജനക്ഷേമകരമായ സാമൂഹ്യപ്രവർത്തനമെന്നോ എന്തുപേരു നൽകിയാലും, നമ്മുടെ സഹോദരങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടു് അവർക്കു ശുശ്രൂഷചെയ്യുന്ന ഒരു പ്രക്രിയയിലാണു് നാം ഉൾപ്പെട്ടിരിക്കുന്നതു് എന്നതാണു് സത്യം ! നാം നമുക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവരും രക്ഷിക്കപ്പെട്ടവരും പരിപാലിക്കപ്പെട്ടവരുമല്ല, നേരെമറിച്ചു്, ദൈവത്തിൻെറ നന്മ ഈ ലോകത്തിൽ പ്രത്യക്ഷമാക്കുന്നതിനുവേണ്ടി വിളിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചവരാണു്. എത്രയോ ലളിതമായ സദ്വാർത്തയാണു് നമുക്കു് പറയുവാനുള്ളതു്: ദൈവം തൻെറ സ്നേഹംകൊണ്ടു് നമ്മെ സൃഷ്ടിച്ചുവെന്നു്; തൻെറ കാരുണ്യംകൊണ്ടു് നമ്മെ രക്ഷിച്ചുവെന്നു്; തൻെറ നന്മകൊണ്ടു് നമ്മെ പരിപാലിക്കുന്നുവെന്നു്. ഇതു് ഒരു കൂട്ടരെയല്ലാ, ഒരു വർഗ്ഗത്തെയല്ലാ, ഒരു ജനതയെയല്ലാ, ഒരു രാഷ്ട്രത്തെയല്ലാ, എല്ലാ മനുഷ്യരെയും ഒന്നുപോലെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനമാണു്. അതിനുവേണ്ടി, അതു് സാർത്ഥകമാക്കുന്നതിനുവേണ്ടി മാത്രമാണു് ദൈവം തൻെറ ഏകജാതനെ നമ്മുടെ പക്കലേക്കയച്ചതു്. നമ്മുടെ കർത്താവിൻെറ ഈ ലോകത്തിലേക്കുള്ള, നമ്മുടെയിടയിലേക്കുള്ള, കടന്നുവരവിനെക്കുറിച്ചു് വി. യോഹന്നാൻ ശ്ലീഹാ തൻെറ സുവിശേഷത്തിൽ 3-ാം അധ്യായം 16-ാം

www.malankaralibrary.com

വാക്യത്തിൽ വളരെ സംക്ഷിപ്തമായി പറയുന്നുണ്ട്: "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ഈ ഒരു സന്ദേശമേ ക്രൈസ്തവ സന്ദേശമായുള്ളു. എന്നാൽ, നമ്മുടേതായി സ്വാർത്ഥതകൊണ്ട്, നമ്മുടേതായ ചില്ലറ ലക്ഷ്യങ്ങൾകൊണ്ട്, നാം അധികാരമെന്നു കരുതുന്ന നമ്മുടെ പ്രത്യേക സ്ഥിതിവിശേഷംകൊണ്ട്, നാം ഈ സന്ദേശത്തെ സങ്കരമാക്കുകയാണ്, ഈ സദ്വാർത്ത സുവിശേഷമായി തീർക്കേണ്ടതിനു പകരം ഭാരമുള്ളതാക്കി തീർക്കുകയാണ്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ശ്ലീഹായുടെ ദൈവിക വാക്കുകൾ നാം ശ്രദ്ധിക്കുക! "അവനിൽ വിശ്വസിക്കുന്ന ഏവരും രക്ഷിക്കപ്പെടേണ്ടതിനു" ഒരു സ്ഥലത്തുള്ളവരെയല്ല, ഒരു രാജ്യത്തുള്ളവരെയല്ല, ഒരു വർഗ്ഗത്തിൽപെട്ടവരെയല്ല, ഒരു ഭാഷ സംസാരിക്കുന്നവരെയല്ല, ഇനിയും, ഒരു പ്രത്യേക നിയമാവലി അനുഷ്ഠിക്കുന്നവരെയല്ല, നേരെ മറിച്ച്, അവനിൽ വിശ്വസിക്കുന്ന യേശുവിനെ ഏററുപറയുന്ന എല്ലാവർക്കും, താൻ രക്ഷകനാണെന്ന് ഹൃദയത്തിൽ അംഗീകരിക്കുന്ന എല്ലാവരും രക്ഷിക്കപ്പെടേണ്ടതിന്, ആ ഭാഗ്യം നിത്യമായി അവർക്ക് സംലഭ്യമാകുന്നതിനുവേണ്ടി യേശുക്രിസ്തു നമ്മുടെയിടയിൽ കടന്നുവന്നിരിക്കുന്നു. ആ യേശുക്രിസ്തുവിൽ വിശ്വസിച്ച ഒരു സമൂഹമായി നാം രൂപംകൊള്ളുന്നു. മുന്നമേ വന്നവർ മാത്രമല്ല ആ സമൂഹത്തിൽ കടന്നുവരാനുള്ളത്, നേരെ മറിച്ച്, സകല മനുഷ്യരും ആ സമൂഹത്തിലേക്ക്, കൂട്ടായ്മയിലേക്ക് പടിപടിയായി കടന്നുവരികയാണ്. ആ കൂട്ടായ്മയുടെ വിവിധ പടികളിൽ അവർ നിൽക്കുകയാണ്. ഒരു ജനമായിത്തന്നെ ദൈവത്തിന്റെ മുൻപിൽ നാം നിൽക്കുകയാണ്. വിഭാഗീയതയും ഭിന്നതയും കലഹവും മാത്സര്യവും കലാപവും എല്ലാം നമ്മുടെ സൃഷ്ടിയാണ്.

ദൈവം ഇത്രമാത്രമേ നമുക്ക് സംവിധാനം ചെയ്തിട്ടുള്ളു; തന്റെ സ്നേഹം നമുക്കു പകർന്നുതന്നു, അതു് നാം ഒരുമിച്ചനുഭവിക്കണം! സ്നേഹം അനുഭവിക്കുന്നതിന് ഒരു കൂട്ടായ്മ ആവശ്യമാണ്.

www.malankaralibrary.com

നമുക്ക തനിയെ സ്നേഹം അനുഭവിക്കുവാൻ സാധ്യമല്ല. സ്നേഹം അതു് വഴിഞ്ഞൊഴുകുന്നില്ലെങ്കിൽ അതു് സ്നേഹമല്ലാ. സാഹിത്യകാരന്മാർ പറയുന്നതുപോലെ, മണി അടിക്കുന്നില്ലെങ്കിൽ അതു് മണിയല്ല, ഒരു ലോഹക്കൂട്ട മാത്രമാണ്. പാട്ട്, പാടുന്നില്ലെങ്കിൽ അതു് പാട്ടല്ല; കുറച്ചു വാചകങ്ങളും വാക്യങ്ങളുമാണ്. അതുപോലെ സ്നേഹം, പകരുന്നില്ലെങ്കിൽ ദൈവം നമ്മിൽ നിക്ഷേപിച്ച ആ സ്നേഹം ദൈവിക സ്നേഹമാകുന്നില്ല. കർത്താവു പറഞ്ഞ ഉപമ ശ്രദ്ധിക്കുക: "ഉപ്പു നല്ലതാണ്. പക്ഷേ, അതിനു് ഉറ കെട്ടുപോയാൽ അതു് എന്തിനു കൊള്ളാം? അതു് പുറത്തേക്കു് ഇട്ടു ചവിട്ടുന്നതിനു മാത്രമേ ഉപയോഗപ്പെടുകയുള്ളൂ".

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ക്രിസ്തീയമായ ചൈതന്യമാണ് നാം ഉൾക്കൊള്ളേണ്ടതു്. നാം ഇവിടെ ഒരു കൂട്ടായ്മയായി തുടരുന്നതിന്റെ അത്ഥവും അതു തന്നെയാണ്. ഞാൻ മുൻപേ സൂചിപ്പിച്ചതു പോലെ, ബത്തേരി ഭദ്രാസനത്തിന്റെ നേരിട്ടുള്ള ശുശ്രൂഷ എനിക്കിനിയും സംലഭ്യമല്ലായെങ്കിലും ബത്തേരി ഭദ്രാസനത്തിന്റെ വളർച്ച എന്റെ പ്രത്യേകമായ ശ്രദ്ധാവിഷയമാണ്. ഇവിടെയുള്ള നമ്മുടെ ജനങ്ങൾ മാത്രമല്ല, ഇനിയും തിരുവനന്തപുരം അതിഭദ്രാസനത്തിലും തിരുവല്ലാ ഭദ്രാസനത്തിലും നമ്മുടെ മിഷൻ പ്രദേശങ്ങളിലും ലോകമെങ്ങുമുള്ള സ്ഥലങ്ങളിലും നാമൊരു കൂട്ടായ്മയായി വളർന്നു് സമൂഹത്തിനു് സേവനം ചെയ്യുവാൻ ക്ഷണിക്കപ്പെട്ട, രൂപീകരിക്കപ്പെട്ട ഒരു സമൂഹമായി തീരുന്നതുവരെ നമ്മുടെ ദൗത്യം തുടരും. ദൈവം നമ്മുടെ ബലഹീനതകൾ അറിയുന്നുണ്ടു്, നമ്മുടെ ആയുസ്സ് അറിയുന്നുണ്ടു്, നമ്മുടെ പരിമിതികൾ അറിയുന്നുണ്ടു്. ലോകം മുഴുവനും ശുശ്രൂഷിക്കുന്നതിനു് ദൈവം നമ്മെ നിയോഗിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പരിമിതികൾ കണക്കിലെടുത്തുകൊണ്ടു്. ഒരു പ്രത്യേക സമയത്തു്, ഒരു പ്രത്യേക സ്ഥലത്തു്, ഒരു പ്രത്യേക കൂട്ടായ്മക്കു് ശുശ്രൂഷ ചെയ്യുന്നതിനാണ് അവിടുന്നു് നമ്മോടാവശ്യപ്പെടുന്നതു്. ആ ശുശ്രൂഷയുടെ വിജയമാണ് നമ്മുടെ ജീവിത വിജയം. നമ്മുടെ ലക്ഷ്യം വലുതാണ്; സ്വർഗ്ഗത്തോ

www.malankaralibrary.com

ളമെത്തുന്ന ലക്ഷ്യം; നിത്യതയിലേക്ക് നമ്മുടെ നീളുന്ന സൗഭാഗ്യപൂർണ്ണമായജീവിതം! പക്ഷേ, ഈ ലോകത്തിൽ, ചുരുങ്ങിയ കാലയളവിൽ, ഒരു പ്രത്യേക സമൂഹത്തിൽ ഉൾപ്പെട്ട് നമ്മുടെ ശുശ്രൂഷ നിറവേററുമ്പോഴാണ് നാം ലക്ഷ്യമാക്കുന്ന ആ നിത്യജീവനിലേക്ക്, സ്വർഗ്ഗഭാഗ്യത്തിലേക്ക് നാം കടന്നു വരുന്നത്. ഇസ്രായേൽ ജനതതിയെ അവരുടെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്നതിനു മോശയെ ദൈവം പറഞ്ഞയച്ചപ്പോൾ, മോശ ദൈവത്തോടു വാഗ്വാദം ചെയ്തു: 'ഞാൻ ചെന്ന് അവരോടു പറഞ്ഞാൽ അവർ എന്നെ വിശ്വസിക്കുമോ?' അപ്പോൾ ദൈവമായ കർത്താവ് അവനോട് എന്താണ് പറഞ്ഞത്? 'നിൻെറ വടി നിലത്തിടുക'. അത് ഒരു സർപ്പമായി തീർന്നു! ഒരത്ഭുതം പ്രവർത്തിച്ചുകൊണ്ട് കർത്താവ് അവനോട് നീ അത് തിരികെ എടുക്കുക എന്നു പറഞ്ഞു. അത് അപ്പോൾ വടിയായി രൂപാന്തരപ്പെട്ടു. എന്തിനാണ് ദൈവം ഈ അത്ഭുതം പ്രവർത്തിച്ചത്? നിന്നെ ഞാനാണ് അയച്ചതെന്ന് ജനം മനസ്സിലാക്കുന്നത് നിന്നിൽ നിന്നു പുറപ്പെടുന്ന ദൈവികമായ ശക്തിയുടെ അടയാളത്താലാണ്. നിൻെറ ശുശ്രൂഷ ജനം അംഗീകരിക്കുന്നത് മററൊന്നുകൊണ്ടുമല്ല. ദൈവികമായ ശക്തി നിന്നിൽ നിന്നും പുറപ്പെടുന്നുവെന്നതാണ് നിന്നെ ഞാൻ അയച്ചുവെന്നതിൻെറ അടയാളം.

ദൈവം തൻെറ ദൗത്യവുമായി നമ്മെ അയക്കുമ്പോൾ, ഒരു ക്രിസ്തീയ കൂട്ടായ്മയായി നമ്മുടെ ശക്തി സമൂഹത്തിൽ പ്രസരിക്കുമ്പോഴാണ് നാം ദൈവത്താൽ അയയ്ക്കപ്പെട്ടവെന്ന് ജനം അംഗീകരിക്കുന്നത്. മോശ തർക്കം തുടർന്നപ്പോൾ ദൈവം അവനോടു പറഞ്ഞു: ''നിന്നെ ഞാനാണ് അയച്ചതെന്ന് അവർ വിശ്വസിക്കുന്ന സമയം വരുന്നു'' എപ്പോഴാണത് ? അവർ മിസ്രയമിൽനിന്നു പുറപ്പെട്ട് ഒരു ജനതയായി, ദൈവത്തിൻെറ ജനമായി ഉടമ്പടി ചെയ്യപ്പെട്ടു രൂപാന്തരപ്പെട്ട് ഈ മലയിൽ വന്ന് ആരാധിക്കുമ്പോൾ. അപ്പോൾ അവർക്ക് മനസ്സിലാകും നിന്നെ ഞാനാണ് അയച്ചതെന്ന്. ദൈവമാണ് നമ്മെ അയച്ചതെന്നും നയിക്കുന്നതെന്നുമുള്ളതിൻെറ മററൊരു തെളിവ് നാം ഈമലയിൽവന്ന് ഒരുമിച്ചാരാധിക്കുമ്പോഴാണ് അതാണിപ്പോൾ ഇവിടെ നടക്കുന്നത്! നാം പലരായിരുന്നു,

www.malankaralibrary.com

അന്യരായിരുന്നു. നാം ചിതറിക്കപ്പെട്ടു കിടന്നിരുന്നു, നാം വിഭജിതരായിരുന്നു! എന്നാൽ നാം ഒരു കൂട്ടായ്മയായി കടന്നുവന്ന് ഈ മലയിൽ ദൈവത്തെ ആരാധിക്കുവാൻ ദൈവം നമുക്ക് ഭാഗ്യം നൽകി. ഈ കൂട്ടായ്മയിലൂടെ നാം ദൈവത്തെ ആരാധിക്കുമ്പോഴാണ്, മോശയെപ്പോലെ, ദൈവത്താൽ അയയ്ക്കപ്പെട്ട പ്രേഷിതരാണ് നമ്മെ നയിക്കുന്നതെന്ന സത്യം നമുക്ക് കൂടുതൽ വെളിപ്പെടുന്നത്.

സംഖ്യ നോക്കിയല്ല ഞാനിതു പറയുന്നത്. നമുക്കിപ്പോൾ 108 ഇടക മിഷൻ കേന്ദ്രങ്ങളുണ്ട്. സംഖ്യയല്ല പ്രധാനം. 108 ഗ്രാമങ്ങളിൽ ദൈവത്തിന്റെ ആരാധന നടന്നുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ജനമായ മനുഷ്യർ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു! ഓരോ ഗ്രാമത്തിലും ആ ഗ്രാമവാസികൾ മുഴുവൻ ഒരു തലത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിൽ ഒരു കൂട്ടമായി, ഒരു കൂട്ടായ്മയായി വളർന്നു കൊണ്ടിരിക്കുകയാണ്. നാം ചെയ്യുന്ന സാമൂഹ്യപ്രവർത്തനങ്ങളുടെ അന്തസത്ത അതാണ്. സകലമനുഷ്യരെയും ഉൾക്കൊള്ളുവാൻ നാം ശക്തിപ്രാപിക്കുകയാണ്. അങ്ങനെ ഘട്ടംഘട്ടമായി, വിവിധ പടികളിലൂടെ നാം ഒരു കൂട്ടായ്മയായി രൂപാന്തരപ്പെട്ടു വരുന്നതിന്റെ ഏതാനും തെളിവുകളിൽ ഒന്നാണ് ഈ മലയിൽ വന്ന് ദൈവത്തെ നമുക്കാരാധിക്കുവാൻ സാധിച്ചു എന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഇവിടെ വന്ന നിങ്ങൾ എല്ലാവരോടും ഞാൻ നന്ദി പറയുകയാണ്. നമ്മുടെ ഈ ദൗത്യം ഏറ്റെടുത്ത് എന്നോടുകൂടി സഹകരിച്ചുവെന്നതിന്, എന്റെ ദർശനം നിങ്ങൾ സ്വീകരിച്ചുവെന്നുള്ളതിന്, എന്റെ സ്വരം നിങ്ങൾ തിരിച്ചറിഞ്ഞുവെന്നുള്ളതിന് ഞാൻ നിങ്ങളോട് നന്ദിയുള്ളവനാണ്. ഇന്നത്തെ സുവിശേഷത്തിൽ വായിച്ചുകേട്ടതുപോലെ ''ഇടയന്റെ സ്വരം ആടുകൾ തിരിച്ചറിയുന്നു. അവന്റെ പിന്നാലെ പോകുന്നു; അന്യന്റെ പിന്നാലെ പോകുന്നില്ല''. ഈ സത്യം നാമിപ്പോൾ മനസ്സിലാക്കുകയാണ്. നമ്മുടെ ബ. വൈദികരുൾപ്പെടെ നമ്മുടെ എല്ലാ മിഷൻ കേന്ദ്രങ്ങളിൽ നിന്നും വന്ന ദൈവജനം ഒരുമിച്ച്

www.malankaralibrary.com

ദൈവത്തെ സ്തുതിക്കുന്നതിനു് നമുക്കു് കിട്ടിയ ഭാഗ്യം ഏററം വിലപ്പെട്ടതാണു്. നാമിനിയും വളരും; നമ്മുടെ ദൗത്യത്തിൽ നാം ആത്മാർത്ഥമായി ഉൾപ്പെടുന്നതനുസരിച്ചു്. അതിനാൽ, വ്യാപകമായ ഒരു ദൗത്യം ഏറെറടുക്കുന്നതിനായി ഞാൻ തുനിയുമ്പോൾ, ബത്തേരി ഭദ്രാസനം ഉൾപ്പെടെയുള്ള ഒരു ദൈവജനത്തെ മറെറാരു തലത്തിൽ നിന്നുകൊണ്ടു് ശുശ്രൂഷിക്കുവാൻ ഞാൻ ഒരുങ്ങുമ്പോൾ, എൻെറ ശക്തിയുടെ ഏററം പ്രധാന ഉറവിടമായി നിങ്ങൾ നിലകൊള്ളും എന്നു് ഞാൻ കരുതുകയാണു്, വിശ്വസിക്കുകയാണു്. നിങ്ങളുടെ പ്രാർത്ഥന നിശ്ചയമായും എൻെറ പ്രേഷിതദൗത്യം നിറവേററുന്നതിനു് ഉതകും എന്നു് ഞാൻ വിശ്വസിക്കുകയാണു്. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ എൻെറ മേൽപ്പട്ട ശുശ്രൂഷയുടെ ആദ്യഘട്ടം, ഒരു പക്ഷേ ഏററം ഊർജ്ജസ്വലമായ ഘട്ടം ഞാൻ എന്നെ തന്നെ സമർപ്പിച്ചതു് ദൈവികമായ നന്മ നിങ്ങളിൽ ഉരുവാകുന്നതിനും പ്രസരിക്കുന്നതിനും വേണ്ടിയാണു്. അതുകൊണ്ടുതന്നെയാണു് ഞാൻ പറയുന്നതു്, തുടർന്നുള്ള എൻെറ ശുശ്രൂഷയിൽ എൻെറ ജീവിതത്തെ സംബന്ധിച്ചിടത്തോളം എൻെറ ഇവിടുത്തെ ഈ ജീവിതഘട്ടം എനിക്കന്യമല്ലാ. ഞാൻ മുൻപൊരിക്കൽ സൂചിപ്പിച്ചതുപോലെ 45 വർഷം സന്യാസിയായും 35 വർഷം പൗരോഹിത്യ ശുശ്രൂഷയിലും 17 വർഷം മേൽപ്പട്ട ശുശ്രൂഷയിലും ഉൾപ്പെടുന്നതിനു് നിയോഗിച്ച അതേ ദൈവം തന്നെയാണു് തുടർന്നുള്ള എൻെറ ശുശ്രൂഷയ്ക്കു് എന്നെ നിയോഗിച്ചിരിക്കുന്നതു്. ഞാനതിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ഇതു വരെയും എന്നെ വഴി നടത്തിയ ദൈവം തുടർന്നും എന്നെ കൈപിടിച്ചു നടത്തും എന്നു് ഞാൻ വിശ്വസിക്കുകയാണു്. എന്നാൽ എൻെറ ജീവിതത്തിൻെറ ഭാഗമായി എൻെറ ചെറുപ്പ കാലങ്ങളിലുള്ള ബന്ധങ്ങൾ, എൻെറ യുവജീവിത കാലത്തുള്ള ബന്ധങ്ങൾ, എൻെറ വാർദ്ധക്യത്തിൽ എന്നിൽ നിന്നകലുകയല്ല, നേരെ മറിച്ചു് അതിനു കൂടുതൽ അർത്ഥവും വ്യാപ്തിയും ആഴവും ലഭിക്കുകയാണു് ഞാൻ തന്നെ കൂടുതൽ ധന്യനാവുകയാണു്. ആ ധന്യതയുടെ, ഒരു പക്ഷേ ഏററം മിഴിവുററ ഘട്ടം, നിങ്ങൾ തന്നെയാണു്. അതുകൊണ്ടു് നിങ്ങളുടെ പ്രാർത്ഥനയും തുടർന്നുള്ള സഹകരണവും നിങ്ങളുടെ എല്ലാവിധമായ സഹകരണവും എൻെറ തുടർന്നുള്ള

www.malankaralibrary.com

പ്രേഷിത ദൗത്യം നിറവേററുന്നതിനു് നിശ്ചയമായും സഹായകരമാവും എന്നു് വിശ്വസിച്ചുകൊണ്ടു്, സംതൃപ്തിയോടുകൂടി, ദൈവം എനിക്കു നൽകിയ ദൗത്യ നിർവ്വഹണത്തിനായി ഞാൻ ഇവിടെ നിന്നും പോവുകയാണ്.

തുടർച്ചയായി ഞാൻ വായിച്ചുകൊണ്ടിരിക്കുന്ന വേദപുസ്തക ഭാഗത്തിൽ; പുറപ്പാടു പുസ്തകം 33-ാമദ്ധ്യായമാണ് ഇന്നു് ഞാൻ വായിച്ചതു്. അതിൽ 15-ാം വാക്യം വളരെ സന്ദർഭോചിതമായി, അത്ഥപൂർണ്ണമായി എനിക്കു തോന്നി. ദൈവം ഇസ്രായേൽ മക്കളുടെ കൂടെ മേഘസ്തംഭമായും ദീപസ്തംഭമായും സഞ്ചരിച്ചതിനെക്കുറിച്ചാണ് 33-ാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു്. ഒരു ഘട്ടത്തിൽ ദൈവം മോശയെ വിളിച്ചു പറഞ്ഞു: ''ഞാൻ നിങ്ങളുടെ കൂടെ വരുന്നില്ലാ; വന്നാൽ നിങ്ങളുടെ ദുശ്ശാഠ്യം നിമിത്തം വഴിയിൽ വച്ചു നിങ്ങളെ നശിപ്പിച്ചു കളയും.'' അപ്പോൾ മോശ ദൈവത്തോടു പ്രാർത്ഥിച്ചു. ''കർത്താവേ, അങ്ങയോടു ഞാൻ അപേക്ഷിക്കുന്നു; ഞങ്ങൾ ദുശ്ശാഠ്യക്കാരാണെങ്കിലും അങ്ങു ഞങ്ങളുടെ കൂടെ വരണമെ! ഞങ്ങളുടെ കുററങ്ങളും പാപങ്ങളും ക്ഷമിക്കുകയും ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിക്കുകയും ചെയ്യണമെ''. ദൈവം അതംഗീകരിച്ചു പറഞ്ഞു: ''ഞാൻ തന്നെ നിന്നോടു കൂടെ വരികയും നിനക്കു് ആശ്വാസം നൽകുകയും ചെയ്യും''. പക്ഷേ ദൈവം ഇതു പറഞ്ഞതു് എപ്പോഴാണ് ? ''അങ്ങു ഞങ്ങളുടെ കൂടെ വരികയില്ലെങ്കിൽ, ഞങ്ങളെ ഇവിടെ നിന്നു പറഞ്ഞയക്കരുതു്'' എന്നു് മോശ ദൈവത്തോടു് പറഞ്ഞപ്പോഴാണ്. 33-ാമദ്ധ്യായത്തിലെ 15-ാമത്തെ ഈ വാക്യം ഏററം അത്ഥവത്തായി എനിക്കു തോന്നി. ദൈവം തൻെറ തീരുമാനം മാററി ഞാൻ നിന്നോടു കൂടി വരാം എന്നു് പറഞ്ഞു. ആ വാഗ്ദാനത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു് മോശയെപ്പോലെ ഞാൻ ദൈവത്തോടു് പ്രാത്ഥിക്കുകയാണ്; ''നീ എന്നോടു കൂടി വരുന്നില്ലെങ്കിൽ എന്നെ ഇവിടെ നിന്നും പറഞ്ഞയക്കരുതു്''. അതിനോടു് ചേർത്തു് ഒരു വാചകം കൂടി ഞാൻ പറയുകയാണ്; നിങ്ങളുടെ പ്രാത്ഥനയും നിങ്ങളുടെ എല്ലാവിധമായ നന്മകളും എന്നെ അനുഗമിക്കുന്നില്ലായെങ്കിൽ, എന്നെ നിങ്ങൾ പറഞ്ഞയക്കരുതു്. എന്നാൽ നിങ്ങളുടെ എല്ലാവിധ

www.malankaralibrary.com

മായ പ്രാർത്ഥനയും നന്മയും സഹകരണവും ഇതുവരെ സമർപ്പി ച്ചതുപോലെ, ഇനിയും എന്നെ പിൻതുടരുമെന്ന് ഞാൻ വിശ്വ സിക്കുകയാണ്. അതു മാത്രമല്ലാ, നമ്മുടെ തുടർന്നുള്ള ഇവി ടത്തെ ജീവിതം, നമ്മുടെ സർവ്വജനത്തിനും പ്രത്യേകിച്ച് നമ്മുടെ വിശ്വാസം ഏററു പറയുന്ന ക്രൈസ്തവ സമൂഹങ്ങൾക്ക് മാർഗ്ഗദർശകമാകത്തക്ക രീതിയിൽ നിങ്ങളുടെ ക്രൈസ്തവ ജീവിതം രൂപപ്പെടട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. നിങ്ങളെ എല്ലാവരെയും ഈ വി. കുർബ്ബാനയിൽ ദൈവത്തിന് പ്രത്യേകമായി അർപ്പിക്കുകയും എൻെറ ദൗത്യം ദൈവതിരുമുൻ പാകെ അതിൻെറ എല്ലാ ഫലങ്ങളോടും കൂടി ഞാൻ സമർപ്പി ക്കുകയും ചെയ്യുന്നു; പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാ ത്മാവിൻെറയും നാമത്തിൽ, ആമ്മീൻ!

**സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ**

ബത്തേരി,
11—12—1995

www.malankaralibrary.com

# MESSAGE FROM THE HOLY SEE

www.malankaralibrary.com

# MESSAGE FROM THE HOLY SEE

Read by H.G. Most Rev. Miroslav Stefan Marusyn,
Secretary to the Congregation for the Oriental Churches
on 14th December 1995.

Your Grace CYRIL MAR BASELIOS,

Most Reverend Pastor of the Syro-Malankara Archdiocese of Trivandrum

and Presiding Hierarch of the Syro-Malankara Metropolia in India,

Your Excellencies and Venerable Brethren in the episcopate,

Reverend Fathers, and dear Brothers and Sisters in Christ:

I have come among you on this solemn occasion, as Representative of the Holy Roman See, and it is my privilege, as well as my joy, to take part in the instalment of the Archbishop Cyril Mar Baselios in the See of Trivandrum for Syro-Malankara faithful, the third in a line of eminent Pastors, in succession to the late-lamented Benedict Mar Gregorios and Geevarghese Mar Ivanios, of venerable memory.

A deep emotion seizes my heart as I reflect on the significance of my presence here in this, your beloved Indian Motherland, which, thanks to the heroic preaching of your Father in the Faith, Saint Thomas the Apostle, has had the grace to be one of the original cradle lands of Christianity. On this soil the seed of Christ has taken root, has faced the

www.malankaralibrary.com

difficulties and trials inherent to its situation as "pusillus grex-a tiny flock", has vigorously developed and made a contribution to the cause of the Gospel which is nothing less than prodigious.

Well may I exclaim, therefore, with the words of Saint Paul: "Blessed be God the Father of our Lord Jesus Christ, who has blessed us with all the spiritual blessings of heaven in Christ!" (Eph. 1:3). And, indeed, among the spiritual blessings that descend upon God's People from the Throne of Grace, from the Father, the Son and the Holy Spirit, One God, is the gift of a new Pastor and Archbishop, who is to be considered "the high priest of his flock" (SC 41), "Father and pastor (...) to gather and mould the whole family of his flock so that everyone, conscious of his own duties, may live and work in the communion of love" (CD 16). Sublime in his office, the bishop is sent to be a special sign throughout the ages of the work of Christ the Eternal Pastor, and that is why he is the instrument and touchstone of ecclesial unity and hierarchical communion and why, in the image of the same Lord Jesus, he stands in the midst of his people as one who serves (cf. Lk 22: 26-27).

Your Grace, in your person I wish to greet the whole Catholic community of the Syro-Malankara Rite. In a particular way, I greet the Most Reverend Bishops of your venerable Oriental Church, the Reverend priests and seminarians, the men and women Religious, and all the Laity-parents and children, the young, the old, the sick, all of whom have eagerly awaited this nomination and joyously welcome your pastoral leadership and your paternal solicitude, for they recognize in you their principal dispenser of the mysteries of God, governor and promoter and guardian of the entire liturgical life of the Church committed to you (cf. CD 15): through your ministry they aspire to be "of one mind in prayer" and "grow in grace and be faithful witnesses to the Lord" (ibid).

On behalf, and in the name, of His Eminence Achille Cardinal Silvestrini, Prefect of the Congregation for the Oriental Churches, who regrets not having been able to be

www.malankaralibrary.com

present here today, I would like to assure you of the great love that His Holiness Pope John Paul II has for the Syro-Malankara Catholic Church and its rich traditions of worship and witness and service. It is the Holy Father's conviction, which the Oriental Congregation fully makes its own, that your Church has a highly significant role to play in these coming decades and in the third millennium of our era, especially in the common endeavour for the reconstitution of the unity of Christians, in faithful adherence to the Conciliar doctrine and the principles of pastoral action established by the Holy See.

On this happy day of your taking possession of the See of Trivandrum for Syro-Malankara faithful, and as Your Grace begins your ministry on behalf of God's people in this portion of the Lord's flock, it is with renewed earnestness and wonder that I recall an important truth enunciated by the Second Ecumenical Vatican Council, that passage where in it is said that: "the Church shines forth as a people made one with the unity of the Father, the Son, and the Holy Spirit" (LG 4) What a challenge that represents for us all ! What a responsibility it imposes upon each one of us but, above all, on the Bishop, not only to guard the deposit of Chiristian doctrine but also to impregnate all our earthly activities with the light of fhe great truths of our Holy Faith, with the light of Christ and of the Gospel. When the treasure of God's word is brought to bear relevantly on the life of each member of the flock, when the people's devotion is truly inspired and illumined by the light of Christ, then "on all men will be shed that radiance of his which brightens the countenance of the Church" (LG 1).

It is the vocation of the Church to reflect the pure light of Christ: this is its primary task and mission, to proclaim and show forth "Christ-Lumen Gentium-Light of all nations". For this purpose, "Christ summons the Church, as she goes her pilgrim way, to that continual reformation of which she always has need, insofar as she is an institution of men on earth" (UR 6). This necessity of constant renewal in unfaltering fidelity to the fullness of the apostolic faith,

www.malankaralibrary.com

this permanent call for "metanoia", for conversion and holiness of life, is a guarantee of personal authenticity, when we strive and struggle to conform our lives to that which we proclaim with our lips. This does not diminish man but, on the contrary, leads him to light, life and freedom and to the perfection of joy: "By suffering for us He (Christ) not only provided us with an example for our imitation; He blazed a trail, and if we follow it, life and death are made holy and take on a new meaning" (GS 22).

With these reflections I renew the assurance of prayers and support for all Your Grace's apostolic labours: at the head of this beloved portion of Christ's flock, at the heart of this local Keralese and national Indian community. In all your efforts, you can count on the solidarity of the universal Church.

May the Lord of the harvest bless in a special way the presbyterium, the priests whom you are to regard as sons and friends; the seminarians who are preparing to share with you, in love, and obedience, the pastoral charge; the men and women religious who cooperate with you, by prayer and service, in teaching and practising the ways of holiness and of active mercy. Upon all those who directly assist you in the discharge of your episcopal office, and "to all of you that are in Christ" (1 Pet 5:14), I invoke God's abundant blessings, of the Father, the Son and the Holy Spirit. Amen.

www.malankaralibrary.com

# അനുമോദനങ്ങൾ
# ആശംസകൾ

www.malankaralibrary.com

# ദൈവം ഉത്തമ ഇടയനെ നൽകി

—ഗീവർഗീസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്താ

പരിശുദ്ധ പിതാവ് വൈദിക പരിശീലനത്തെക്കുറിച്ചെഴുതിയ അപ്പോസ്തലീക ഉപദേശം ആരംഭിക്കുന്നത് ജെറമിയായുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടാണ്. ''എനിക്കിഷ്ടപ്പെട്ട അജപാലകരെ ഞാൻ നിങ്ങൾക്ക് നല്കും.'' (ജെറ. 3:15) നയിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും ഭരിക്കുവാനുമുള്ള അജപാലകരെ നല്കും എന്നതാണ് ദൈവം തന്റെ ജനത്തിന് കൊടുക്കുന്ന ഏററവും വലിയ അനുഗ്രഹം. ഒരു ജനത്തെ തിരഞ്ഞെടുക്കേണ്ടി വന്നപ്പോൾ ദൈവം അബ്രഹാമിനെ തിരഞ്ഞെടുക്കുന്നു. ഇസ്രായേൽ ജനം അടിമത്വത്തിൽ വീണപ്പോൾ അവരെ മോചിപ്പിക്കുവാൻ ദൈവം മോശയെ തിരഞ്ഞെടുക്കുന്നു. പിന്നീട് രാജാക്കന്മാരെയും പ്രവാചകന്മാരെയും നിയമിക്കുന്നു. ദൈവ പുത്രൻ നമ്മുടെ രക്ഷയുടെ കർമ്മം പൂർത്തിയാക്കിയപ്പോൾ തുടർന്നുകൊണ്ടുപോകുവാൻ അപ്പോസ്തോലന്മാരെയും അവരുടെ പിൻഗാമികളെയും നിയമിക്കുന്നു. നല്ല ഇടയന്മാരിലൂടെ ദൈവം തന്റെ ജനത്തെ എന്നും നയിക്കുന്നു.

അഭിവന്ദ്യ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ മലങ്കര സഭയ്ക്ക് അദ്ധ്യക്ഷൻ ഇല്ലാതെയായി. പുതിയ കാനോൻ അനുസരിച്ച് മലങ്കരസഭ മെത്രാപ്പോലീത്തൻ സഭയാണ്. ഒരു മെത്രാപ്പോലീത്തായ്ക്കു വേണ്ടി നമ്മുടെ വി. കർബാനയിൽ ''സത്യവിശ്വാസം ശരിയായി പഠിപ്പിക്കുന്ന മേലദ്ധ്യക്ഷന്മാർ സഭയിലുണ്ടാകണമേ'' എന്ന് നാം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവം സഭയുടെ പ്രാർത്ഥന ശ്രവിച്ചു. ദീർഘ നാളത്തെ കാത്തിരിപ്പിനുശേഷം കഴിഞ്ഞ നവംബർ 29-ാം തീയതി നമുക്ക് ഒരു മെത്രാപ്പോലീത്തായെ തിരുസിംഹാസനം നിയമിച്ചു. അതു് നമ്മുടെ പ്രിയങ്കരനായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിതന്നെയാണ്. കഴിഞ്ഞ ഒരു വർഷത്തിലധികമായി അദ്ദേഹം മല

www.malankaralibrary.com

കര സഭയുടെ അഡ്മിനിസ്ട്രേറ്റർ ആയി സേവനം അനുഷ്ഠിക്കുകയായിരുന്നു. നമുക്ക് ദൈവത്തിന് നന്ദി പറയാം. തൻെറ വീട്ടുകാർക്ക് തക്ക സമയത്തു് ഭക്ഷണം കൊടുക്കുവാൻ യജമാനൻ നിയമിച്ചാക്കിയ വിശ്വസ്തനും ബുദ്ധിമാനുമായ ഭൃത്യനാണ് അഭിവന്ദ്യ ബസ്സേലിയോസ് പിതാവ്. ദൈവം തിരുമേനിയെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ തിരഞ്ഞെടുത്തു് ഈ ദൗത്യത്തിനായി ഒരുക്കി. വി. പൗലോസിൻെറ വാക്കുകളിൽ ''താൻ ആരെ വിളിച്ചുവോ അവരെ വിശുദ്ധീകരിച്ചു ആരെ വിശുദ്ധീകരിച്ചുവോ അവരെ മഹത്വപ്പെടുത്തി''. ബസ്സേലിയോസ് പിതാവിൻെറ വാക്കുകളിൽ ദൈവവിളി രണ്ടാമതൊരു വിളിയല്ല ജീവനിലേയ്ക്കുള്ള വിളിയിൽ തന്നെ അതടങ്ങിയിരിക്കുന്നു ''പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു'' എന്നു് വന്ദ്യപിതാവിനെക്കുറിച്ച് പറയാവുന്നതാണ്. ദൈവം ഈ സ്ഥാനത്തിനായി അദ്ദേഹത്തെ ഒരുക്കി.

മലങ്കരസഭ പ്രതീക്ഷയോടെയാണ് പുതിയ ആർച്ച് ബിഷപ്പിനെ ഉററുനോക്കുന്നത്. ദാനങ്ങളാൽ അനുഗ്രഹിക്കപ്പെട്ട വ്യക്തിയാണ് വന്ദ്യ ബസ്സേലിയോസ് തിരുമേനി. അറിവിലും ഭരണപാടവത്തിലും അദ്ദേഹം പ്രഗത്ഭനാണ്. അദ്ദേഹത്തിൻെറ സഭാവീക്ഷണവും ആത്മീയ ദർശനവും അജപാലന തീക്ഷ്ണതയും സമർപ്പണവും ഉന്നതവും ആജ്ഞവത്വമുള്ളതുമാണ്. ബഥനിയിൽ നിന്നും അദ്ദേഹത്തിന് സന്ന്യാസ പരിശീലനവും രൂപതാ ഭരണത്തിൽ നിന്നും ലഭിച്ച അനുഭവസമ്പത്തും വലിയ മുതൽക്കൂട്ടാണ്. എല്ലാവരെയും സഹോദരങ്ങളായി കാണുവാനും എല്ലാവർക്കും വേണ്ടിയാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് അദ്ദേഹത്തിൻെറ ചിന്തയും ആദരണീയമാണ്.

എല്ലാക്കാലത്തും നല്ല നേതാക്കന്മാർ സമൂഹത്തിൽ വലിയ ചലനം സൃഷ്ടിച്ചിട്ടുണ്ട്, വലിയ മാററങ്ങൾ വരുത്തിയിട്ടുണ്ട്. മലങ്കരസഭ അതിൻെറ വളർച്ചയുടെ ഘട്ടത്തിലാണ്. ബാഹ്യ കേരളത്തിലും ഭാരതത്തിനു പുറത്തും നമുക്ക് ചെറുതും വലുതുമായ സമൂഹങ്ങളുണ്ട്. അവരുടെ അജപാലന കർത്തവ്യം

www.malankaralibrary.com

ഇന്നു് സഭയുടെ വലിയ ഉത്തരവാദിത്വമാണു് ജീവിതത്തിന്റെ എല്ലാ തുറകളിലും നമ്മുടെ ജനങ്ങൾ വളർന്നുവരേണ്ടതുണ്ടു്. മലങ്കരസഭയുടെ തനിമ നിലനിർത്തേണ്ടതുണ്ടു്. ഇങ്ങനെ പല ദൗത്യങ്ങളാണു് പിതാവിന്റെ മുമ്പിലുള്ളതു്.

ഈ ഡിസംബർ 14-ാം തീയതി തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ ഭരണസാരഥ്യവും മലങ്കരസഭയുടെ അദ്ധ്യക്ഷസ്ഥാനവും ഏറ്റെടുക്കുകയാണു്. ഭാഗ്യസ്മരണാർഹരായ ഈവാനിയോസ് പിതാവിന്റെയും ഗ്രീഗോറിയോസ് പിതാവിന്റെയും പിൻഗാമിയായിട്ടാണ് സ്ഥാനമേല്ക്കുന്നത്. ഒരു വലിയ പൈതൃകം പിമ്പിലുണ്ട്. അത് എന്നും ഒരു സഹായമായിരിക്കും. അതോടൊപ്പം തിരുമേനിയുടെ സവിശേഷവ്യക്തിത്വവും കൂടിച്ചേരുമ്പോൾ അതൊരു വലിയ നിധിയാകും. തിരുവല്ലാ രൂപതയിലെ എല്ലാവരുടെയും സ്നേഹവും ആശംസകളും പ്രാർത്ഥനയും സഹകരണവും നേരുന്നു. ദീർഘനാൾ ആരോഗ്യവാനായി അനുഗ്രഹകരമായ ഒരു സേവനം കാഴ്ചവയ്ക്കുവാൻ ദൈവം കരുത്തു നല്കട്ടെ.

www.malankaralibrary.com

# സഭയെ വളർത്തുന്ന പിതാവ്

## —ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

ഒരു മെത്രാൻ എല്ലാററിനും ഉപരിയായി ഒരു ഇടയനാണ്. നമ്മുടെ കർത്താവുതന്നെയും അപ്പസ്തോലന്മാരെ അയയ്ക്കുന്നത് ലോകാവസാനം വരെ തൻെറ ആട്ടിൻകൂട്ടത്തെ സംരക്ഷിക്കുവാനും അവിടുത്തേക്കു പകരമായി അവർക്കുവേണ്ടി പ്രയത്നിക്കുവാനുമാണല്ലോ. ഈ ഇടയനടുത്ത അപ്പസ്തോലിക വേലകളിലാണ് ഒരു മെത്രാന് സ്ഥിരമായ, നിത്യമായ ഭാഗഭാഗിത്വം ഉള്ളത്. ഈ ലോകത്തിൽ തീർത്ഥാടകരായ ദൈവജനത്തെ കർത്താവിൻെറ ദിനത്തിലേക്ക് നയിക്കുകയും അവിടുത്തെ രണ്ടാമത്തെ വരവിനായി ഒരുക്കുകയും ചെയ്യുകയാണ് ഒരു മെത്രാൻെറ പ്രഥമവും പ്രധാനവുമായ കടമ. അദ്ദേഹത്തിൻെറ മററെല്ലാ ചുമതലകളും ഈ സുപ്രധാന കർത്തവ്യത്തോട് ബന്ധപ്പെട്ടാണ് നിലകൊള്ളുന്നതു്. അങ്ങനെ വരുമ്പോൾ മററെല്ലാററിനും ഉപരിയായി കർത്താവിൻെറ സഭയെ പടുത്തുയർത്തുവാനാണ് അദ്ദേഹം കടപ്പെട്ടിരിക്കുന്നതു് എന്നു കാണാം. ഈ അർത്ഥത്തിൽ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി മെത്രാന്മാരുടെ മുൻനിരയിൽതന്നെ ആണെന്ന് കാണാം. ആദ്ധ്യാത്മിക നിയന്താവ്, ദൈവശാസ്ത്രപണ്ഡിതൻ, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ വിവിധങ്ങളായ പ്രവർത്തനമേഖലകളിൽ തൻെറ ജനത്തിന് ഉത്തമനേതൃത്വം കൊടുത്തുവരികയാണ്, അഭിവന്ദ്യനായ സിറിൽ പിതാവ്. ഇവയെല്ലാം അജപാലനശുശ്രൂഷയുടെ പല മാനങ്ങളും ഉൾക്കൊള്ളുന്നതാണ്. എന്നാൽ ഒരു ഇടയനെന്ന നിലയ്ക്കാണ് അദ്ദേഹം നമ്മുടെ മദ്ധ്യേ സമുന്നതനായിരിക്കുന്നതു്.

സിറിൽ പിതാവ് സെമിനാരിയിലായിരുന്നപ്പോൾ മാത്രമല്ല, താൻ എവിടെയൊക്കെ ആയിരുന്നുവോ അവിടേയെല്ലാം ഒരു യഥാർത്ഥ സന്യാസവര്യൻ ആണെന്ന് തെളിയിച്ചു. വളരെയേറെ ആളുകൾക്ക് അദ്ദേഹം ആദ്ധ്യാത്മിക നിയന്താവായി, പ്രത്യേകിച്ചും ചെറുപ്പക്കാർക്ക്. അതുപോലെ

www.malankaralibrary.com

സന്യാസ സമൂഹങ്ങളും നിർദ്ദേശങ്ങൾക്കായി, പ്രത്യേകിച്ചും തങ്ങളുടെ പ്രതിസന്ധിഘട്ടങ്ങളിൽ അദ്ദേഹത്തെ സമീപിച്ചിരുന്നു. ഒരു മേലദ്ധ്യക്ഷൻ ജനങ്ങൾക്ക് ആദ്ധ്യാത്മിക നേതൃത്വം കൊടുക്കുന്ന ആളായിരിക്കണം. വാസ്തവത്തിൽ ഇന്നും ജനങ്ങൾക്ക് അതാണ് അത്യാവശ്യമായിരിക്കുന്നത്. പുരാതന കാലത്തും പല പൗരസ്ത്യ സഭകളിലും സന്യാസവൈദികരാണ് മെത്രാന്മാരായി അവരോധിക്കപ്പെട്ടിരുന്നത്. മററുള്ളവർക്ക് ആദ്ധ്യാത്മിക നിർദ്ദേശങ്ങൾ നൽകുവാൻ കഴിവുള്ളവരായിരുന്നു സന്യാസികൾ. സിറിൽ പിതാവും കണ്ടുമുട്ടുന്നവർക്കെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ തല്പരനാണ്. അതേ, അദ്ദേഹം ഒരു ആദ്ധ്യാത്മിക നേതാവ് തന്നെ.

പലരും അദ്ദേഹത്തെ സ്മരിക്കുന്നത് ഒരു ദൈവശാസ്ത്ര പണ്ഡിതനായിട്ടാവും. ഒരു സഭാമേലദ്ധ്യക്ഷനെന്ന നിലയിൽ മെത്രാൻ തീർച്ചയായും തൻെറ ജനങ്ങളെ വിശ്വാസദീപം തെളിച്ചുകൊണ്ട് സത്യത്തിലേക്ക് നയിക്കണം. പ്രതിസന്ധികളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ഈ ആധുനികയുഗത്തിലും രൂപതാദ്ധ്യക്ഷൻ ദൈവവചനത്തിൻെറ പ്രോക്താവ് ആകേണ്ടതാണ്. സിറിൽ പിതാവ് തൻെറ അജഗണത്തിനുവേണ്ടി മാത്രമല്ല തൻെറ സഹപ്രവർത്തകർക്കുവേണ്ടിയും ഈ ധർമ്മം ഭംഗിയായി നിർവ്വഹിച്ചുവരികയാണ്. വൈദികനായി സെമിനാരിയിൽ ദൈവശാസ്ത്രം പഠിപ്പിച്ചിരുന്ന അദ്ദേഹം പിന്നീട് മെത്രാനായപ്പോൾ ഓരോ വ്യക്തി സഭയേയും കുറിച്ചുള്ള തൻെറ ദൈവശാസ്ത്രവീക്ഷണം ജനത്തിനും സഹമെത്രാന്മാർക്കും വിശദീകരിച്ചുകൊടുക്കുവാൻ സന്നദ്ധനായി. കത്തോലിക്കാ സമുദായത്തിന് ഇന്നത്തെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ സാധിക്കണമെങ്കിൽ വിശ്വാസസത്യങ്ങളെക്കുറിച്ച് നാം അവഗാഹമുള്ളവരായിരിക്കണം. മററുള്ളവരുടെ മുമ്പിൽ വിശ്വാസം ഏററുപറയുവാനും യഥാർത്ഥ വിശ്വാസികളെപ്പോലെ ജീവിതത്തെ ക്രമപ്പെടുത്താനും ജനത്തെ തയ്യാറാക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു സിറിൽ പിതാവ്. അജപാലനധർമ്മത്തിൻെറ ഈ മാനം പലർക്കും ശരിക്ക് മനസ്സിലായിട്ടില്ലെന്നു തോന്നുന്നു.

www.malankaralibrary.com

## സിറിൽ പിതാവിന്റെ നേതൃത്വത്തിൽ

ബത്തേരി രൂപത സാമൂഹ്യ പ്രവർത്തനരംഗത്ത് വളരെ മുന്നിലായി എന്നത് ഒരു സത്യമാണ്. പലർക്കും ഇത് വിസ്മയ കരമായി തോന്നിയേക്കാം. കാരണം ദൈവശാസ്ത്രജ്ഞനും സന്യാസിയുമായ ഒരു മെത്രാന് സാമൂഹ്യ പ്രവർത്തനങ്ങളിൽ ഇത്രയേറെ താല്പര്യം ഉണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചില്ല. എന്നാൽ സിറിൾ പിതാവിന് നല്ല ബോധ്യമുണ്ടായിരുന്നു അജപാലന ധർമ്മത്തിന്റെ അവിഭാജ്യ ഘടകമാണ്, ദരിദ്രരേക്കുറിച്ചുള്ള ശ്രദ്ധയും കരുതലുമെന്ന്. ബത്തേരിയിലെ ദരിദ്രരുടെ ക്ഷേമത്തിനു വേണ്ടി ചുരുങ്ങിയ സമയംകൊണ്ട് വളരെയേറെ കാര്യങ്ങൾ അദ്ദേഹം ചെയ്തു തീർത്തു. കൃഷി, ഭവനനിർമ്മാണം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം ബത്തേരി രൂപത ഒരു കുതിപ്പു നടത്തുകയുണ്ടായി. അതുകൊണ്ട് എല്ലാവരും പ്രചോദനത്തിനായി അദ്ദേഹത്തെ ഉററുനോക്കിയിരുന്നു.

സിറിൾ പിതാവിന്റെ വീക്ഷണം സമ്പൂർണ്ണമാണെന്നു തന്നെ പറയാം; കാരണം അദ്ദേഹത്തിന്റെ വീക്ഷണം സഭാത്മകമാണ്. ഏതു് അജപാലനധർമ്മവും സഭയുടെ തന്നെ ഹൃദയമായ ഉടമ്പടിയിലൂടെ സമർപ്പണത്തിലേക്ക് നയിക്കുന്നതായിരിക്കണമെന്ന് അദ്ദേഹത്തിന് നിശ്ചയമുണ്ട്. ക്രിസ്തീയ ജീവിതത്തിന്റെ മാത്രമല്ല, എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളുടെയും പ്രചോദനമായി നിലകൊള്ളുന്നതും ഈ ഉടമ്പടി തന്നെ ആണല്ലോ. എല്ലാ പ്രവർത്തനങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മററൊരുതരത്തിൽ സഭയെ പടുത്തുയർത്തുവാനാണ് എന്നും അതിന് സഭാത്മകമായ ഒരു സ്വഭാവം ഉണ്ടായിരിക്കുമെന്നും അദ്ദേഹം ഗ്രഹിച്ചിട്ടുണ്ട്. അതുപോലെ തന്നെ തിരുസഭ പല വ്യക്തിസഭകളുടെ ഒരു കൂട്ടായ്മയാണെന്നും ആദ്ദേഹത്തിന് അറിവുള്ളതാണ്. ഇതിൽ നിന്നു് മനസ്സിലാകുന്നതു് ഒരു മെത്രാൻ തന്റെ സംരക്ഷണയിൽ നടത്തുന്ന എല്ലാ ഇടയനടുത്ത കടമകളും, സഭയുടെ സാർവ്വത്രികമാനത്തെ മറക്കാതെ തന്നെ വ്യക്തി സഭയുടെ പ്രത്യേകതകളെ ഉയർത്തിക്കാണിക്കുന്നത് ആയിരിക്കണമെന്നാണ്.

www.malankaralibrary.com

എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതുപോലെ കർത്താവിന്റെ ആടുകളെ സ്വന്തമായി സ്വീകരിക്കുകയും അവർക്കുവേണ്ടി ജീവിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് സിറിൾ പിതാവ്. അദ്ദേഹത്തിന്റെ അജപാലനത്തിനുള്ള ഈ സമർപ്പണ മനോഭാവമാണ് എല്ലാ പ്രവർത്തനങ്ങളെയും വിജയമകുടം അണിയിക്കുന്നത്.

മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷസ്ഥാനത്തേക്കുയർത്തപ്പെട്ടിരിക്കുന്ന ഈ സമയം പിതാവിനു വേണ്ടിയുള്ള എന്റെ പ്രാർത്ഥന ഇതാണ്. ഇടയനെന്ന നിലയിൽ തന്റെ സഭാത്മകവും അജപാലനപരവുമായ വീക്ഷണം വളരെയേറെ ആളുകളുമായി പങ്കുവയ്ക്കാനും അങ്ങനെ ലോകത്തിന്റെ ഈ ഭാഗത്ത് ദൈവത്തിന്റെ രാജ്യം വളരെ വേഗം സ്ഥാപിതമാകുവാനുംവേണ്ടി അദ്ദേഹം ദീർഘകാലം ജീവിക്കാൻ ഇടവരട്ടെ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മലങ്കര കത്തോലിക്കാ സഭ വ്യക്തിഗത സഭയുടെ സമ്പൂർണ്ണ അസ്തിത്വത്തിലേക്കും കടന്നു വരട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# ദൈവത്തിനു നന്ദി

**—ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ**

അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെ പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ മലങ്കര കത്തോലിക്കാ സഭയുടെ മേലദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പുമായി നിയമിച്ചതിനെത്തുടർന്ന് അദ്ദേഹം ഇന്ന് ഔദ്യോഗികമായി ഈ രണ്ടുപദവികളുടെയും ചുമതലകൾ ഏറ്റെടുക്കുകയാണ്. ഈ സ്ഥാനാരോഹണത്തോടുകൂടി തിരുവനന്തപുരം അതിരൂപതയ്ക്ക് അതിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്തായെ ലഭിച്ചിരിക്കുന്നു.

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ് കാലം ചെയ്തതിനെത്തുടന്ന് യോഗ്യനായ ഒരു ഇടയനെ ദൈവനടത്തിപ്പിൽ നമുക്കുലഭിച്ചതിൽ സന്തോഷിക്കാം. ദൈവത്തിനു നന്ദിപറയാം.

ഈ സന്തോഷാവസരത്തിൽ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവിന് ആശംസകൾ അർപ്പിക്കുന്നതോടൊപ്പം വളരെ ഗൗരവമേറിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന പിതാവിന് അവ എത്രയും ഫലപ്രദമായി നിറവേററുവാൻ സർവ്വശക്തൻ എല്ലാ അനുഗ്രഹങ്ങളും നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദീർഘകാലം മലങ്കര സഭയെ നയിക്കുന്നതിനും സഭാംഗങ്ങളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ഗണ്യമായ പങ്കു വഹിക്കുന്നതിനും ദൈവം അഭിവന്ദ്യ പിതാവിനു് ഇടയാക്കട്ടെ!

---

(1995 ഡിസംബർ 14 രാഷ്ട്രദീപിക സപ്ളിമെന്റ്)

www.malankaralibrary.com

# മാനവ മൈത്രിയുടെ ആചാര്യൻ

**—മോൺ. തോമസ് താന്നിക്കാക്കുഴി**

മലങ്കര കത്തോലിക്കാ സഭയുടെ മേലദ്ധ്യക്ഷനായി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവ് നിയമിതനാകുന്നത് ഏറെ സന്തോഷത്തോടെയും അനൽപ്പമായ ചാരിതാർത്ഥ്യത്തോടെയും നോക്കിക്കാണുകയാണ ഞാൻ. കഴിഞ്ഞ പതിനേഴ വർഷങ്ങളായി പിതാവുമായി വളരെ അടുത്തിടപഴകാൻ എനിക്കു സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ പതിമൂന്നു വർഷങ്ങളായി ബത്തേരി രൂപതയുടെ വികാരി ജനറാളെന്ന നിലയിൽ പിതാവിന്റെ പ്രവർത്തനങ്ങളെ വളരെ അടുത്തു നിന്ന് വീക്ഷിക്കുന്നതിനും അദ്ദേഹവുമായി ചർച്ചചെയ്തു നിരവധി കാര്യങ്ങൾ നടപ്പിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. എന്തു ത്യാഗം സഹിച്ചും രൂപതയെ വളർത്താൻ അതിമാത്രം ആഗ്രഹിച്ചിട്ടുള്ള വ്യക്തിയാണ് സിറിൽ പിതാവ്. ഈ ആഗ്രഹ പൂർത്തിക്കു വേണ്ടിയാണ് ഇക്കാലമത്രയും അദ്ദേഹം യത്നിച്ചിട്ടുള്ളതും. മുഴുവൻ സമയവും രൂപതയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനാണ് പിതാവ്.

ഔദ്യോഗികവും വ്യക്തിപരവുമായ കത്തുകളൊക്കെ എഴുതി പൂർത്തിയാക്കിയ ശേഷമേ പിതാവ് ഉച്ചഭക്ഷണം കഴിക്കാറുള്ളു. അതുകൊണ്ടു തന്നെ ഭക്ഷണ സമയം പലപ്പോഴും കൃത്യമായി പാലിക്കപ്പെടാറില്ല. ദൗത്യ നിർവ്വഹണത്തിൽ സമയവും സാഹചര്യവും മറന്ന് തന്നെത്തന്നെ വിസ്മരിച്ച് അദ്ദേഹം പ്രവർത്തിച്ചിരുന്നു.

ജാതിമത വർഗ്ഗ ബോധങ്ങൾക്കതീതമായി ചിന്തിക്കുന്ന വിശാല മനസ്കനാണ് സിറിൽ പിതാവ്. സാധാരണയായി ഒരു രൂപതയും അതിലുൾപ്പെടുന്ന ഇടവക ജനങ്ങളും സ്വസമുദായത്തിന്റെ താൽപര്യങ്ങൾക്കു വേണ്ടിയാണല്ലോ നിലകൊള്ളുക. അവരുടെ ആത്മീയവും ഭൗതികവുമായ ഉന്നതിയാ

www.malankaralibrary.com

യിരിക്കും അതിൻെറ ലക്ഷ്യം. എന്നാൽ പിതാവിൻെറ വീക്ഷണം ഇതിൽ നിന്നും വ്യത്യസ്തമാണ്. ദൈവസൃഷ്ടികളായ മനുഷ്യമക്കളെ സമന്മാരായി കണ്ട് എല്ലാവരെയും അദ്ദേഹം സ്നേഹിച്ചു. ബത്തേരി രൂപതയിലെ ഇടവകകളിൽ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ നാനാജാതി മതസ്ഥരേയും ഉൾപ്പെടുത്തണമെന്ന് പിതാവ് നിഷ്കർഷിച്ചിട്ടുണ്ട്. രൂപതയിലെ സാമൂഹ്യ പ്രവർത്തനങ്ങളുടെ കൂട്ടായ്മയാണ് 'ശ്രേയസ്', എല്ലാ ഇടവകകളിലും ഇതിൻെറ യൂണിററുണ്ട്. ഒട്ടനവധി പ്രവർത്തനങ്ങൾ ഇതിലൂടെ നടക്കുന്നു. മലങ്കര കത്തോലിക്കർക്കു മാത്രമല്ലാ 'ശ്രേയസി'ലൂടെ പുരോഗതിയും നേട്ടങ്ങളും ഉണ്ടാകുന്നത്. അന്യസമുദായാംഗങ്ങളും ഇതിൻെറ ഗുണഭോക്താക്കളാണ്. സാമൂഹ്യപ്രവർത്തനങ്ങളെ മനുഷ്യൻെറ സമഗ്രവികസനവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കർമ്മ പരിപാടികളാണ് സിറിൽ പിതാവ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

അരമനയിൽ സഹായം തേടിയെത്തുന്ന ആരെയും പിതാവ് നിരാശരാക്കാറില്ല. അദ്ദേഹത്തെ കാണാൻ ആർക്കും മുൻകൂട്ടി അനുവാദം വാങ്ങുകയും വേണ്ട. എപ്പോൾ വേണമെങ്കിലും സന്ദർശകർക്ക് അദ്ദേഹത്തെ സമീപിക്കാം. ഒരിക്കൽ ഒരിടവകയിലെ പ്രശ്നവുമായി പാതിരായോടടുത്തു വന്ന ഒരു സംഘമാളുകളെ അരമനയിൽ സ്വീകരിച്ചിരുത്താൻ അദ്ദേഹം സന്നദ്ധനായതു് ഓർമ്മിക്കുന്നു. വെളുപ്പിനു നാലര മണിക്കാണ് അന്ന് അവരുമായുള്ള ചർച്ച അവസാനിപ്പിച്ച് പിതാവ് ഉറങ്ങാൻ കിടന്നതു് !

ഇടവകയിലൊരു പ്രശ്നം വന്നാൽ താൻ ജനങ്ങൾക്കൊപ്പമേ നിൽക്കൂ എന്നൊരവസരത്തിൽ പിതാവ് വൈദികരോടുതന്നെ പറഞ്ഞിട്ടുണ്ട്. പഠിപ്പും പരിജ്ഞാനവും കൂടുതലുള്ള വൈദികർ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങളിൽ അവക്ക് അത്താണിയായിത്തീരേണ്ടവരാണെന്ന് അദ്ദേഹം വൈദികരെ അനുസ്മരിപ്പിക്കുമായിരുന്നു. വൈദികരോടും സന്യസ്തരോടും ഊഷ്മളമായ സൗഹൃദം സ്ഥാപിക്കുവാൻ സിറിൽ പിതാവിനു സാധിച്ചിട്ടുണ്ട്. വൈദികരുടെ എല്ലാ കാര്യങ്ങളും വളരെയധികം ശ്രദ്ധിച്ച് ഷ്കാന്തിയോടെ അന്വേഷിക്കുവാനും അവർക്ക് വേണ്ടതെല്ലാം ചെയ്തു കൊടുക്കുവാനും അദ്ദേഹം യത്നിച്ചിട്ടുണ്ട്.

www.malankaralibrary.com

ബത്തേരി രൂപത വളരെ വിസ്തൃതമായ ഒന്നാണല്ലോ. കേരളത്തിൽ അഞ്ചും തമിഴ് നാട്ടിൽ ഒന്നും കർണ്ണാടകത്തിൽ ഏഴും ജില്ലകളിലായി അതു വ്യാപിച്ചു കിടക്കുന്നു. തെക്കെ അററത്തു നിന്നു വടക്കേ അററംവരെ എത്താൻ 650 കി. മീ. യാത്ര ചെയ്യണം. ഇത്രയും ദൂരം യാത്ര ചെയ്ത് രൂപതയിലെ എല്ലാ ഇടവകകളും സന്ദർശിക്കാനും അവിടത്തെ കാര്യങ്ങൾ അന്വേഷിച്ചറിയാനും പ്രത്യേകമായൊരു താൽപര്യം തന്നെ സിറിൾ പിതാവു പ്രദർശിപ്പിച്ചിട്ടുണ്ട്. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നു മൈലുകൾ താണ്ടി അരമനയിലെത്തുന്ന വർക്ക് താമസവും ഭക്ഷണവും തരപ്പെടുത്തിക്കൊടുക്കണ മെന്നതും നിർബന്ധപൂർവ്വം പിതാവു നിഷ്കർഷിച്ചിട്ടുള്ള കാര്യമാണ്.

ഇടവക സന്ദർശനവേളകളിൽ അജഗണങ്ങളുടെ ആത്മീയ മായ കൂട്ടായ്മയെ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾക്കാണ് പിതാവ് പ്രാമുഖ്യം നല്കാറുള്ളത്. രൂപതയിലെ എല്ലാ ഇടവക കളിലും ആരംഭിച്ചിട്ടുള്ള പിതൃസംഘം, മാതൃസംഘം, യുവജന സംഘടന (M.C.Y.M.), സൺഡേസ്കൂൾ തുടങ്ങിയവ ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി പിതാവു കണ്ടെത്തിയ മാർഗ്ഗങ്ങളത്രേ. അംഗങ്ങൾ കുറവായാലും കൂടുതലായാലും ഈ സംഘടനക ളെല്ലാം തന്നെ എല്ലാ ഇടവകകളിലും വേണമെന്ന് പിതാവിനു നിർബന്ധമായിരുന്നു.

ഭാരത സംസ്കാരത്തിനനുസൃതം ഭാരതീയനായി ജീവിക്കാ നിഷ്ടപ്പെടുന്ന വ്യക്തിയാണു സിറിൽ പിതാവ്. രൂപത യിലെ വിവിധ സ്ഥാപനങ്ങൾക്ക് 'ധർമ്മ പീഠം, ഗുരുകുലം' എന്നിങ്ങനെയുള്ള പേരുകൾ നല്കിയതിനു പിന്നിൽ ഈ ദേശ സ്നേഹമാണുള്ളതു്. ക്രിസ്ത്യാനി ഒരുത്തമ ഭാരതീയനുമായിരി ക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. ഇന്ത്യയുടെ പാരമ്പ ര്യവും മാഹാത്മ്യവും സംസ്കാരവും ഉൾക്കൊണ്ടു ജീവിക്കാൻ ക്രിസ്ത്യാനികൾ തയ്യാറാകണമെന്നും അദ്ദേഹം അഭിലഷി ക്കുന്നു. ഒരു സന്ന്യാസ വൈദികനായ സിറിൽ പിതാവ് കാവിവസ്ത്രം ധരിച്ചും ലളിത ജീവിതം നയിച്ചും സ്വജീവിത ത്തിൽ ഇതു പ്രാവർത്തികമാക്കുന്നുമുണ്ട്.

www.malankaralibrary.com

വലിയൊരു മരിയ ഭക്തനാണ് സിറിൽ പിതാവ്. മിക്കവാറും അത്താഴം കഴിഞ്ഞും ഞങ്ങളുടെ ചർച്ചകൾ നീളാറുണ്ട്. എന്നാൽ രാത്രി എത്ര വൈകിയാലും ജപമാല മുടക്കാറില്ല അദ്ദേഹം. ചർച്ചകളൊക്കെ കഴിഞ്ഞ് ഏകനായി അരമനയുടെ വരാന്തയിലൂടെ നടന്ന് അദ്ദേഹം കൊന്ത ചൊല്ലുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ സന്ധ്യാപ്രാർത്ഥനയിൽ സംബന്ധിക്കാനാവാത്തവിധം അസൗകര്യങ്ങളെന്തെങ്കിലും വന്നു പെട്ടാൽ, രാത്രി വളരെ വൈകിയും ചാപ്പലിൽ പ്രാർത്ഥിക്കുന്നതു കണ്ടിട്ടുണ്ട്.

ഒന്നര ദശാബ്ദങ്ങൾക്കുമുമ്പ് സിറിൾ പിതാവ് ബത്തേരി രൂപതയുടെ പ്രഥമ ഇടയനായി നിയമിതനായപ്പോൾ കരുത്തനായ ഒരു സാരഥിയെയാണു വിശ്വാസികൾക്കു ലഭിച്ചത്. കർമ്മകുശലതകൊണ്ടും സ്ഥിരോത്സാഹത്തിലും വിശ്വാസത്തിലുമൂന്നിയ പ്രവർത്തനങ്ങൾകൊണ്ടും ഒട്ടുവളരെ നേട്ടങ്ങൾ രൂപതയ്ക്കു സമർപ്പിക്കുവാൻ ഇതിനോടകം പിതാവിനു കഴിഞ്ഞിട്ടുണ്ടെന്ന് രൂപതയുടെ പുരോഗതി ദർശിക്കുന്നവർക്കു മനസ്സിലാകും. ആരംഭത്തിൽ 43 ദേവാലയങ്ങളും 18 വൈദികരും രണ്ടു യു. പി. സ്കൂളുകളും ഉണ്ടായിരുന്നിടത്ത് ഇന്നീ രൂപതയിൽ 107 ദേവാലയങ്ങൾ ഉണ്ട്. 9 സന്യാസ വൈദികരടക്കം 70 വൈദികർ ശുശ്രൂഷ ചെയ്യുന്നു. 5 ഹൈസ്കൂളുകളുൾപ്പെടെ 29 സ്കൂളുകളും രണ്ട് ഐ.ടി.സി. കളും ഒരു കോളെജും രൂപതയ്ക്കുണ്ട്. സഭാവിശ്വാസികളുടെ എണ്ണം എണ്ണായിരത്തിൽനിന്നു മുന്നിരട്ടിയായി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു.

ദൈവത്തിലുള്ള ആശ്രയം ഒന്നു മാത്രമാണ് സിറിൽ പിതാവിന്റെ ശക്തി. പരമ കാരുണികനായ ദൈവവുമായുള്ള ആത്മബന്ധമത്രേ അദ്ദേഹത്തിന്റെ ബലം. എല്ലാവരെയും മാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന പിതാവിന്റെ ബലഹീനതയെന്തെന്നു ചോദിച്ചാൽ ആരെയും അദ്ദേഹം വെറുപ്പിക്കില്ല എന്നേ പറയേണ്ടു. ആർക്കും ഒരു വിധത്തിലും ഒരു വിഷമവും ഉണ്ടാക്കാൻ പിതാവിനെക്കൊണ്ടു പററില്ല. അദ്ദേഹം ക്ഷോഭിച്ചു ഞാൻ കണ്ടിട്ടില്ല. പിതാവ് ആരോടെങ്കിലും നീരസം ഭാവിക്കയോ ദേഷ്യപ്പെടുകയോ ചെയ്തതായി

www.malankaralibrary.com

ഓർക്കുന്നുമില്ല. എത്ര വലിയ പ്രശ്നങ്ങൾ ഉണ്ടായാലും അക്ഷോഭ്യനായി പുഞ്ചിരി തൂകുന്ന മുഖവുമായേ അതെല്ലാം അദ്ദേഹം നേരിട്ടു.

ബത്തേരി രൂപതയുടെ സർവ്വതോമുഖമായ പുരോഗതിക്കും ശ്രേയസിനും അക്ഷീണം യത്നിച്ച, സഭാമക്കൾക്കെന്നപോലെ മററു മതസ്ഥർക്കും അഭിമതനായ സിറിൽ പിതാവിന്റെ സ്ഥാനക്കയററം സന്തോഷത്തിന്റെ തിരമാലകളുയർത്തുമ്പോഴും പിതാവു ഞങ്ങളെ വിട്ടുപിരിയുന്നുവെന്നതു വലിയൊരു നഷ്ടബോധം ജനിപ്പിക്കുന്നു. വ്യക്തിപരമായി പറഞ്ഞാൽ ദീർഘകാലം പിതാവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയൊരു അനുഗ്രഹമായി ഞാൻ കരുതുകയാണ്. ബത്തേരി രൂപതയ്ക്ക് സിറിൽ പിതാവിന്റെ സേവനങ്ങൾ നഷ്ടമാകുമെങ്കിലും അദ്ദേഹം മലങ്കര സഭയുടെ നേതൃത്വം ഏറെറടുത്തു സഭയെ കൂടുതൽ ശക്തിപ്പെടുത്താൻ വിളിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ അതൊരു നഷ്ടമായി ഗണിക്കേണ്ടതില്ല. പ്രത്യുത വലിയൊരു ലാഭമാണ്, നന്മയാണ് പിതാവിന്റെ ഈ സ്ഥാനലബ്ധി. ഈ അവസരത്തിൽ സഭാ മക്കളെയാകമാനം സ്നേഹത്തിലും ഐക്യത്തിലും ഉറപ്പിച്ചു നിർത്തുവാനും അഭിവന്ദ്യ പിതാവിലൂടെ കൂടുതൽ ശ്രേയസ്സും പുരോഗതിയും സഭയ്ക്ക് കൈവരുവാനും ഇടയാകട്ടെയെന്നു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(1995 ഡിസംബർ 13 സത്യദീപം)

www.malankaralibrary.com

# നന്മകളുടെ വലിയപിതാവ്

ബത്തേരി ഭദ്രാസനമെത്രാന്റെ അരമന അന്വേഷിക്കുന്ന വർക്ക് അങ്ങനെയൊന്നു കാണാൻ കഴിയുകയില്ലെന്നതായിരുന്നു ഭദ്രാസന രൂപംകൊണ്ട് ഒരു ദശകമാകുമ്പോഴുള്ള സ്ഥിതി. അരമന അന്വേഷിച്ചു നടന്നവർ അവസാനമൊരു ചെറിയ വീട്ടിൽ ചെന്നെത്തുകയും ബിഷപ് സിറിൾ മാർ ബസേലിയോസിനെ കണ്ടെത്തുകയും ചെയ്യുമായിരുന്നു. ഭദ്രാസനാധ്യക്ഷന്റെ ഔപചാരികതകലർന്ന പെരുമാററത്തിനു പകരം ഒരു പിതാവിന്റെയോ ജ്യേഷ്ഠന്റെയോ സ്നേഹമാണ് അവിടെ അവർക്കു കിട്ടിയിരുന്നത്.

ബത്തേരി ഭദ്രാസനത്തിനു പിന്നീട ധർമ്മപീഠം ബിഷപ്സ് ഹൗസും ഗുരുകുലം മൈനർ സെമിനാരിയും മററും ഉണ്ടായി. എന്നാൽ, എന്നും ലാളിത്യത്തിന്റെയും വിനയത്തിന്റെയും ഒതുങ്ങിക്കൂടലിന്റെയും ഉള്ളിൽ വലിയ നേട്ടങ്ങളെയും വലിയ നന്മകളെയും പൊതിഞ്ഞുപിടിച്ച ബിഷപ് സിറിൾ മാർ ബസേലിയോസിന്റെ മഹത്ത്വം എല്ലാ മഹത്വങ്ങളുടെയും അധിപൻ അറിഞ്ഞു. അദ്ദേഹം സീറോ-മലങ്കര സഭയുടെ അധിപനായും ആർച്ച് ബിഷപ്പായും നിയമിതനായിരിക്കുന്നു.

മൂന്നുമാസം മുമ്പായിരുന്നു തിരുമേനിയുടെ ഷഷ്ടിപൂർത്തി. 1935 ഓഗസ്റ്റ് 15-നു പന്തളം ഉള്ളന്നൂർ മലഞ്ചെരുവിൽ മത്തായിയുടെയും ഏലിയാമ്മയുടെയും പത്തുമക്കളിൽ അഞ്ചാമനായി ജനിച്ച അദ്ദേഹത്തിന്റെ കുടുംബം അനിതരസാധാരണമാംവിധം ദൈവിക ചൈതന്യം നിറഞ്ഞതായിരുന്നു. പത്തു മക്കളിൽ നാലുപേർ പൗരോഹിത്യവും നാലുപേർ കന്യാവ്രതവും സ്വീകരിച്ചു. പകിട്ടും ഔന്നത്യവും പ്രദർശിപ്പിച്ചുകൊണ്ടല്ല, ദൈവികചൈതന്യം പ്രസരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം എന്നും ഉന്നതസ്ഥാനങ്ങളിൽ ഇരുന്നിട്ടുള്ളതും.

എൽ.പി.എച്ച്, എൽ.ഡി. ബിരുദങ്ങൾ, കാനൻ നിയമത്തിൽ ഡോക്ടറേററ്, അമേരിക്കയിൽനിന്നു മനഃശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം... അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ തെളിച്ചുകാണിക്കാൻ അങ്ങനെ പലതുമുണ്ട്. കാര്യക്ഷമതയെ ഉദാഹരിക്കാൻ അദ്ദേഹം വഹിച്ച ഉന്നത പദവികളും

www.malankaralibrary.com

ചൂണ്ടിക്കാട്ടാം. എന്നാൽ, അദ്ദേഹത്തിൻെറ മഹത്വം കാണുന്നതിന് ആ മനസ്സിലേക്കാണല്ലോ നോക്കേണ്ടത്.

വിശാലമായ മനസ്സിൻെറ ഉടമയാണു ബിഷപ് സിറിൾ മാർ ബസേലിയോസ് എന്ന് അദ്ദേഹത്തിൻെറ പ്രവൃത്തികളും വാക്കുകളും തെളിയിച്ചു. തൻെറ രൂപതയിലെ വിശ്വാസികളുടെ മാത്രം നന്മയായിരുന്നില്ല, ജനസമൂഹത്തിൻെറ നന്മയായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ ലക്ഷ്യം. ബത്തേരി രൂപതയുടെ സ്ഥാപനങ്ങളും ഇടവകകൾപോലും ഈയൊരു ലക്ഷ്യത്തോടെ രൂപംകൊടുത്തിട്ടുള്ളവയാണ്.

വയനാട്ടിലെ കുടിയേററമണ്ണു കേന്ദ്രീകരിച്ച് 1978-ൽ രൂപംകൊണ്ട രൂപത എന്നും വളർന്നുകൊണ്ടിരിക്കുന്ന രൂപതയാക്കിയതു് അതിൻെറ പ്രഥമ മെത്രാനായ സിറിൾ മാർ ബസേലിയോസാണ്. ജനസേവന പ്രവർത്തനങ്ങൾക്കു സാമ്പത്തിക പരാധീനത തടസമാകാൻ അദ്ദേഹം അനുവദിച്ചില്ല. സാമൂഹിക ക്ഷേമകേന്ദ്രങ്ങളിലൂടെയും വിദ്യാഭ്യാസകേന്ദ്രങ്ങളിലൂടെയും അദ്ദേഹത്തിൻെറ സേവനതത്പരത ജനങ്ങളിൽ എത്തി.

തുറന്നമനസ്സോടെയുള്ള പെരുമാററവും ജനങ്ങളുമായി അടുത്തിടപഴകാനുള്ള താത്പര്യവും അവരുടെ അഭിവൃദ്ധിയിലുള്ള ആകാംക്ഷയും അദ്ദേഹത്തെ ജനങ്ങളുടെ ബിഷപ്പാക്കി. ആർച്ച് ബിഷപ് ആയിരിക്കുന്ന അദ്ദേഹം ജനങ്ങളുടെ ആർച്ച് ബിഷപ് ആയിരിക്കുമെന്നതിൽ സംശയംവേണ്ട.

സ്വന്തം വിശപ്പിനോടുള്ള പ്രതികരണം ഭൗതികതയാണെന്നും അപരൻെറ വിശപ്പ് അറിയുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുന്നത് ആത്മീയതയുടെ തുടക്കമാണെന്നും വിശ്വസിക്കുന്ന ആ ഇടയൻെറ പ്രവർത്തനപാത എങ്ങനെയിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ആ പാതയിൽ പകിട്ടു കാണില്ല; എന്നാൽ, മഹത്വം ഉണ്ടായിരിക്കും.

ഒരു രൂപതയുടെ സാരഥ്യത്തിൽ നിന്ന് ഒരു അതിരൂപതയുടെയും ഒരു സഭയുടെയും സാരഥ്യത്തിലേക്കു തിരുമേനി ഉയർത്തപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ, അദ്ദേഹത്തിൻെറ എല്ലാ ചെയ്തികൾക്കും സർവ്വശക്തൻെറ അനുഗ്രഹമുണ്ടാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

---

(ദീപിക ദിനപത്രത്തിൻെറ മുഖപ്രസംഗം (കോട്ടയം) 1995 നവംബർ 30)

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ പ്രേഷിതശിഷ്യൻ

—ഫാ. ഷെബി കോഴിയടിയിൽ

കാഷായ വേഷത്തിൽ തൂവെള്ള താടിക്കിടയിലൂടെ വിടരുന്ന പുഞ്ചിരിയുമായി, നെഞ്ചോടു് ചേർത്തു് കൂട്ടിപ്പിടിച്ചിരിക്കുന്ന ഇരുകരങ്ങളും പാർശ്വങ്ങളിലേക്കു് കൂടെക്കൂടെ വീശിയകററി ഗഹനമായ വിഷയങ്ങൾ മാത്രം സംസാരിക്കുന്ന അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെക്കുറിച്ചു് ചിന്തിക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന വരികളിതാണ്— വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞു തുളുമ്പുന്ന ഒരു മഹർഷി വര്യൻ.

പോർട്ടുഗീസുകാർ ഛിന്നഭിന്നമാക്കിയ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ഇന്നും നിലനില്ക്കുന്ന അനൈക്യത്തിന് അറുതിവരുത്താൻ, സഭകളുടെ കൂട്ടായ്മ സ്ഥാപിച്ചെടുക്കാൻ എക്യുമെനിസത്തിന്റെ തലത്തിലും, വ്യക്തിപരമായ പുനരൈക്യതലത്തിലും അക്ഷീണം പരിശ്രമിക്കുന്ന കർമ്മയോഗി. വ്യക്തിപരമായ പുനരൈക്യത്തിന്റെ പേരിൽ ഇതര സഭകളിലെ മെത്രാപ്പോലീത്തമാർ അദ്ദേഹത്തെ വിമർശിക്കാറുണ്ടു്. ഇതേക്കുറിച്ചു് ചോദിച്ചാൽ തിരുമേനി വാചാലനാകും. വ്യവഹാര ഭാരത്താലും, അജപാലനക്ഷമതാരാഹിത്യത്താലും, ആത്മീയ ശൂന്യതയിൽ കഴിയുന്ന ജനങ്ങൾ സമാധാനപരമായ സഭാത്മക ജീവിതത്തിനും, വൈദികലഭ്യതയ്ക്കും അപേക്ഷയുമായി തന്റെ മുമ്പിൽ വന്നാൽ ഇടയനും, മേൽപട്ടക്കാരനുമായ തനിക്കു് അപേക്ഷകരെ പാഴ്‌വാക്കുകൾ പറഞ്ഞ് ഉപേക്ഷിക്കാനാവില്ലെന്ന് തിരുമേനി വ്യക്തമാക്കുന്നു.

ബത്തേരി ഭദ്രാസനത്തിന്റെ അഭിനന്ദനാർഹമായ സമൂഹക്ഷേമ പ്രവർത്തനങ്ങൾ കണ്ടല്ലേ ആളുകൾ കൂടുതലും പുനരൈക്യ

www.malankaralibrary.com

പ്പെടുന്നതെന്ന് ചോദിച്ചാൽ തിരുമേനി ക്രിസ്തുവിൻെറ സമഗ്ര വിമോചനഗാഥയെപ്പററി ഒന്നുമറിയില്ലേ എന്ന മട്ടിൽ ചോദ്യ കർത്താവിനെ നോക്കും, കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തും. ബത്തേരിഭദ്രാസനാംഗങ്ങൾക്കിടയിൽ നടത്തുന്ന സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളെക്കാൾ വിപുലമായ പ്രവർത്തനങ്ങൾ അക്രൈസ്തവരുടെയും, അകത്തോലിക്കരുടെയും ഇടയിലാണ് നടത്തുന്നത്. ആദിവാസികളുടെ ഉന്നമനത്തിനായി 90 ആദിവാസി കോളനികളാണ് ബത്തേരി ഭദ്രാസനം ഏറെെടുത്ത് സമർപ്പണപൂർവ്വം പദ്ധതികളാവിഷ്കരിച്ച് നടത്തുന്നത്. പുനരൈക്യം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ലക്ഷ്യമായിട്ട് തിരുമേനി ഒരിക്കലും കാണുന്നില്ല. എന്നാൽ പുനരൈക്യം നടക്കുന്നു എന്നതിനാൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുവാനും അദ്ദേഹം തയ്യാറല്ല. സഭാചരിത്രത്തിലും, സഭാ വിജ്ഞാനീയത്തിലും അഗാധമായ പാണ്ഡിത്യമുള്ള വന്ദ്യതിരുമേനിയോട് സംഭാഷണത്തിലോ, ചർച്ചയിലോ ഏർപ്പെടുന്ന ആരും സാർവ്വത്രിക സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുവാൻ തയ്യാറാകും എന്നതാണ് പരമാർത്ഥം. ആഗോള സഭയിൽ നിന്ന് പോർട്ടുഗീസുകാർ നിമിത്തം അന്ത്യോക്യൻ ബന്ധത്തിലായിപ്പോയ മലങ്കരയിലെ ക്രിസ്ത്യാനികളെയെല്ലാം വീണ്ടും ആഗോളസഭയുടെ കൂട്ടായ്മയിലെത്തിക്കുവാൻ ആയുസ്സിൻെറ അന്ത്യം വരെ അദ്ദേഹം പ്രവർത്തനനിരതനായിരിക്കും. ശ്ലൈഹിക പിന്തുടർച്ചയുള്ള മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ആഗോള കൂട്ടായ്മയിലുൾപ്പെടുന്നതിനുവേണ്ടി ഉൾഭരണ സ്വാതന്ത്ര്യം ബലികഴിക്കേണ്ടതില്ലെന്നു് തിരുമേനി പഠിപ്പിക്കുന്നു. ഇക്കാര്യത്തിൽ ഓർത്തഡോക്സ് സഭയുടെ സ്വയം ഭരണ സംവിധാനങ്ങളെ അദ്ദേഹം പ്രകീർത്തിക്കുന്നു. അതുപോലെ പത്രോസിൻെറ സിംഹാസനത്തിനുള്ള പ്രാധാന്യം അംഗീകരിക്കുന്ന യാക്കോബായ സഭയുടെ പഠിപ്പിക്കലും തിരുമേനി എപ്പോഴും അനുസ്മരിക്കുന്നു. സ്വയം ഭരണ സംവിധാനത്തോടെ, പത്രോസിൻെറ സിംഹാസനത്തിൻെറ പ്രാധാന്യം അംഗീകരിച്ചുകൊണ്ടു് എല്ലാവരും സാർവ്വത്രിക സഭാക്കൂട്ടായ്മയിലുൾപ്പെടുവാൻ തിരുമേനി നിരന്തരം പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

ഈ ചിന്താധാരയിലാണ് അഭിവന്ദ്യ ബസ്സേലിയോസ് തിരുമേനിയെ, മാർ ഈവാനിയോസ് തിരുമേനിയുടെ പ്രേഷ്ഠശിഷ്യൻ എന്ന് വിളിക്കുവാൻ നാം പ്രേരിപ്പിക്കപ്പെടുക. ഓർത്തഡോക്സ് സഭയ്ക്ക് കാതോലിക്കാ സിംഹാസന സ്ഥാപനത്തിലൂടെ ഉദംഭരണസ്വാതന്ത്ര്യത്തിന്റെ പൂർണ്ണത നേടിക്കൊടുത്തതിന്റെ ബുദ്ധികേന്ദ്രം മാർ ഈവാനിയോസ് തിരുമേനിയായിരുന്നു. ആ ഉദംഭരണ സ്വാതന്ത്ര്യത്തിൽ മതി മറന്ന് അനൈക്യത്തിന്റെ പ്രതീകമായി വ്യവഹാര കെട്ടുകളുമായി ജീവിക്കുവാൻ മാർ ഈവാനിയോസ് തിരുമേനി തയ്യാറായില്ല. ഉദംഭരണ സ്വാതന്ത്ര്യത്തോടുകൂടി മലങ്കര സഭ ആഗോള സഭയുടെ കൂട്ടായ്മ ബന്ധത്തിലാകുവാൻ അദ്ദേഹം മുന്നിട്ടിറങ്ങി. ഇതിന് ഓർത്തഡോക്സ് സഭയുടെ മുഴുവൻ ആശീർവ്വാദവും, പരുമല സുന്നഹദോസിന്റെ അംഗീകാരവും മാർ ഈവാനിയോസിനുണ്ടായിരുന്നു. നിർഭാഗ്യവശാൽ ബാക്കിയുള്ള സുന്നഹദോസ് അംഗങ്ങളെല്ലാം സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനടിപ്പെട്ട് സാർവ്വത്രിക കൂട്ടായ്മയിലേക്ക് പ്രവേശിക്കുവാൻ തയ്യാറായില്ല. കാതോലിക്കാ ബാവാ ഇല്ലാതെ പൂർണ്ണമായ ഉദംഭരണസ്വാതന്ത്ര്യം ലഭ്യമാക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ റോം അറിയിച്ചിട്ടും 'എല്ലാവരും ഒന്നാകേണ്ടതിന്'' എന്ന ക്രിസ്തുവിന്റെ ആഗ്രഹപൂർത്തീകരണത്തിനായി ആഗോള സഭാകൂട്ടായ്മയിൽ പ്രവേശിക്കുവാൻ തന്നെ മാർ ഈവാനിയോസ് തിരുമേനി തയ്യാറായി. അങ്ങനെ 300 വർഷങ്ങൾക്ക് മുമ്പ് ആഗോള സഭയുടെ കൂട്ടായ്മയിൽ നിന്ന് തെന്നിമാറിയ മലങ്കര മക്കളെ വീണ്ടും ആഗോള സഭയുടെ കൂട്ടായ്മയിലെത്തിക്കുവാൻ മാർ ഈവാനിയോസ് തിരുമേനിക്ക് ഭാഗ്യം ലഭിച്ചു.

മാർ ഈവാനിയോസ് തിരുമേനിയുടെ ഈ സഭാദർശനം ഉൾകൊണ്ട് പ്രവർത്തിക്കുകയും, പ്രസംഗിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നതിൽ മാർ ബസ്സേലിയോസ് തിരുമേനി അനന്യസാധാരണമായ തീക്ഷ്ണതയാണ് പുലർത്തുന്നത്. സ്വകാര്യസംഭാഷണത്തിലും, പൊതു പ്രഭാഷണത്തിലും സർവ്വസാധാരണമായി ബസ്സേലിയോസ് തിരുമേനി ഉപയോഗിക്കുന്ന ചില പദങ്ങൾ നമുക്ക് സുപരിചിതം—പുനരൈക്യം,

www.malankaralibrary.com

മാർ ഈവാനിയോസ് തിരുമേനിയുടെ സഭാദർശനം, ആഗോള സഭയുടെ കൂട്ടായ്മ, വ്യക്തിഗത സഭകളുടെ പൂർണ്ണത, മലങ്കര സഭയുടെ അപ്പസ്തോലികത്വം തുടങ്ങിയ പദങ്ങൾ അദ്ദേഹത്തിൻെറ അധരത്തിൽ എപ്പോഴുമുണ്ടാകും. ഹൃദയത്തിൻെറ തികവിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുന്നത്. ഉണർന്നെഴുന്നേൽക്കുമ്പോഴും, ഉറങ്ങാൻ കിടക്കുമ്പോഴും അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രധാനമായും സ്വന്തം രൂപതയോ, രൂപതയുടെ പ്രവർത്തനങ്ങളോ മാത്രം ആയിരിക്കുകയില്ല. മലങ്കര സഭയെക്കുറിച്ചുള്ള ദർശനങ്ങളും, ചിന്തകളും മലങ്കരയിൽ നിന്ന് അനൈക്യത്തിൻെറ വിത്തുകൾ പിഴുതെടുക്കുവാനുള്ള ദാഹവും ഒക്കെയാകണം നിറഞ്ഞുനിൽക്കുക. മാർ ഈവാനിയോസ് തിരുമേനിയുടെ സഭാദർശനവും, പ്രായോഗിക സമീപനവും, ദീർഘവീക്ഷണവും, ബുദ്ധിസാമർത്ഥ്യവും ഉപരി ഈവാനിയോസ് തിരുമേനി തന്നെ സ്ഥാപിച്ച ബഥനിയുടെ താപസശ്രേഷ്ഠതയും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന മാർ ബസ്സേലിയോസ് തിരുമേനി വിഭാവനം ചെയ്ത സഭൈക്യം പൂർണ്ണതയിലെത്തിക്കുവാൻ ദൈവനിയോഗമുണ്ട്.

കാലം ചെയ്ത തൻെറ മുൻഗാമികളെയെല്ലാം ബസ്സേലിയോസ് തിരുമേനി ബാലനായിരുന്നപ്പോഴും, വൈദികനായിരുന്നപ്പോഴും ജാഗ്രതയോടെ ശ്രദ്ധിച്ചിരുന്നു എന്ന് വ്യക്തം. മാർ തെയോഫിലോസ് തിരുമേനിയുടെ എളിമയും, മാർ സേവറിയോസ് തിരുമേനിയുടെ പ്രവർത്തന തീക്ഷ്ണതയും, മാർ അത്തനാസിയോസ് തിരുമേനിയുടെ മിഷൻചൈതന്യവും, മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സാമൂഹ്യതല്പരതയും, മാർ യൂഹാനോൻ തിരുമേനിയുടെ ലാളിത്യവും, മാർ ദീയസ്ക്കോറസ് തിരുമേനിയുടെ സഹനശക്തിയും മാർ ബസ്സേലിയോസ് തിരുമേനി സ്വായത്തമാക്കിയിട്ടുണ്ടെന്ന് അദ്ദേഹത്തിൻെറ ജീവിതത്തെ ശ്രദ്ധയോടെ നിരീക്ഷിക്കുന്ന ആർക്കും പറയുവാൻ സാധിക്കും.

സഭയുടെ അഡ്മിനിസ്ട്രേറ്റർ ആയിരിക്കുന്ന മാർ ബസ്സേലിയോസ് തിരുമേനി ചുരുങ്ങിയ ഒരു വർഷം കൊണ്ട് മലങ്കര സഭയാകമാനം ഐക്യത്തിൻെറയും സഭാദർശനത്തി

www.malankaralibrary.com

ൻെറയും കാലികമായ ചിന്തകളുടെയും അലയടികൾ ഉയർത്തിക്കഴിഞ്ഞിരിക്കുന്നു.

മലങ്കര സഭയുടെ കീർത്തി സാർവ്വത്രികസഭയിലാകെ പരത്തിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി സ്ഥാനം ഏററിരിക്കുന്ന അഭിവന്ദ്യ തിരുമേനി മലങ്കര സഭയെ ഉന്നതശ്രേണികളിലെത്തിക്കുന്നതിനു ശ്രമിക്കും. ദൈവം അതിനിടയാക്കട്ടെ !

(ഐക്യദീപം സെപ്ററംബർ 1995

www.malankaralibrary.com

# കാരുണ്യത്തിന്റെ കർമ്മ വീഥിയിൽ

—കെ. എഫ്. ജോർജ്

ദൈവശാസ്ത്രത്തിലുള്ള അഗാധമായ പാണ്ഡിത്യം ജാതിമതഭേദ ചിന്തയൊഴിഞ്ഞ് മനുഷ്യന്റെ സമഗ്രവ്യക്തിത്വം ലക്ഷ്യമാക്കിയുള്ള സേവനപ്രവർത്തനങ്ങൾ, പഴമയുടെ പാരമ്പര്യവും ആധുനികതയുടെ ഉൾക്കാഴ്ചയും പ്രായോഗിക ചിന്താഗതിയും ഇവയെല്ലാം സമ്മേളിച്ചിരിക്കുന്ന ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയസ് ഒന്നരപതിററാണ്ടിലധികമുള്ള പ്രവർത്തനംകൊണ്ട് വയനാട്ടുകാരുടെയെല്ലാം ആരാധനാപാത്രമായി മാറി. ഒന്നുമില്ലായ്മയിൽ നിന്ന് ബത്തേരി രൂപതയെ പടുത്തുയർത്തിയ ആധ്യാത്മിക നേതാവാണ് അദ്ദേഹം. അതോടൊപ്പം ആദിവാസികളടക്കമുള്ള ദുർബല ജനവിഭാഗങ്ങൾക്ക് ജീവിത സാഹചര്യമൊരുക്കിക്കൊടുക്കാനുള്ള പ്രവത്തനങ്ങളുമായി മുമ്പോട്ടു നീങ്ങുകയും ചെയ്തു.

മലങ്കര സിറിയൻ കത്തോലിക്കാസഭയുടെ മേലധ്യക്ഷനും തിരുവനന്തപുരം ആർച്ച് ബിഷപ്പുമായി സ്ഥാനമേൽക്കുന്ന സിറിൽ മാർ ബസേലിയസ് വയനാട്ടിലെ പാവപ്പെട്ടവക്കായി പ്രവത്തിച്ച കാലം തന്റെ ജീവിതത്തെ രൂപപ്പെടുത്തിയതായി വിശ്വസിക്കുന്നു. ഭൗതികമായി പിന്നോക്കം നില്ക്കുന്നവക്കായുള്ള പ്രവത്തനങ്ങളിലാണ് വയനാട്ടിൽ കൂടുതൽ ശ്രദ്ധയപ്പിച്ചത്. സഭാനിയമങ്ങളിലും ആരാധനാക്രമ പരിഷ്കരണങ്ങളിലും സജീവ പങ്കുവഹിക്കുന്ന അദ്ദേഹത്തിന് ആധുനിക മനുഷ്യന്റെ പ്രശ്നങ്ങളെക്കുറിച്ചും ധമ്മസങ്കടങ്ങളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടും അവയ്ക്കു പരിഹാര നിർദ്ദേശങ്ങളുമുണ്ട്.

ജീവിതത്തെ ആത്മീയവും ഭൗതികവുമായി വേർതിരിക്കുന്നതാണു പ്രശ്നങ്ങളുണ്ടാക്കുന്നതെന്ന് അദ്ദേഹം കരുതുന്നു. ദൈവനിയോഗപ്രകാരം ജീവിതം നയിക്കുകയാണു വേണ്ടത്. നാം പെരുമാറുന്ന പല ജീവിതത്തുറകൾ ചേർന്ന് നമ്മുടെ ജീവിതത്തെ സമഗ്രമാക്കുകയാണു വേണ്ടത്. ഇതിനു പകരം ജീവിതം

www.malankaralibrary.com

രണ്ടായി നയിക്കാൻ ശ്രമിക്കുമ്പോഠം അന്തിമ ലക്ഷ്യം മറക്കുന്നു. ജീവൻെറ നിത്യതയെ അംഗീകരിക്കാൻ കഴിയാത്തവർക്ക് ജീവിതം വിഭജിക്കേണ്ടിവരും.

പരിശുദ്ധാത്മാവിൽ ജീവിക്കുകയെന്നതാണ് കരിസ്മാററിക് എന്നതുകൊണ്ട് അത്ഥമാക്കുന്നത്. നിത്യ ജീവിതത്തിൻെറ തുടക്കം ഇവിടെ ആരംഭിച്ചു കഴിഞ്ഞു. പരലോക ജീവിതം ലോക ജീവിതത്തിൻെറ തുടർച്ചയാണ്. മറുലോകത്തിനുവേണ്ടി ജീവിച്ചാൽ ഈ ലോകം അന്യമാകും.

ആധ്യാത്മികതയെന്നത് മതത്തിൻെറയും വിശ്വാസത്തിൻെറയും അടിസ്ഥാനത്തിൽ ജീവിതത്തെക്കുറിച്ചുള്ള ദശ്നമാണ്. ആത്മാവില്ലാതെ ജീവിക്കാൻ പററില്ല. അതുപോലെ ശരീരമില്ലാതെ ലോകത്തിലും ജീവിക്കാനാവില്ല.

രൂപതയുടെ ആദ്യകാലത്തുതന്നെ 'ശ്രേയസ്' എന്ന സാമൂഹികസേവന സംഘടന സ്ഥാപിച്ചത് മനുഷ്യൻെറ സമഗ്രവികസനമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ്. മനുഷ്യൻെറ ഭൗതീക ജീവിതസാഹചര്യങ്ങളും ഉയത്തിക്കൊണ്ടുവരണം. സാമൂഹിക പ്രവത്തനത്തെ ഒററപ്പെടുത്തി കാണാനാവില്ല. മനുഷ്യനിലെ ദൈവികച്ഛായയെ ഊട്ടിവളത്താനാണ് ഇത്തരം പ്രവത്തനങ്ങഠം.

ആർച്ച് ബിഷപ്പ് എക്യുമെനിക്കൽ പ്രസ്ഥാനത്തിലും സജീവ സാന്നിധ്യമാണ്. യാക്കോബായ, ഓത്തഡോക്സ് വിഭാഗങ്ങളുമായുള്ള ചർച്ചകഠംക്കുള്ള പൊന്തിഫിക്കൽ കമ്മിഷനിൽ അദ്ദേഹം അംഗമാണ്. മൂന്നു സഭകളിൽനിന്നും പത്തുപേർ വീതം ഈ കമ്മിഷനിലുണ്ട്.

യാക്കോബായ സഭയുമായി പലകാര്യങ്ങളിലും കത്തോലിക്കാ സഭ ഐക്യപ്പെട്ടു. ഓത്തഡോക്സ് വിഭാഗവുമായി ക്രിസ്തുവിജ്ഞാനീയത്തിലും സഭാ വിജ്ഞാനീയത്തിലും വളരെ അടുത്തതായി അദ്ദേഹം പറഞ്ഞു. ക്രൈസ്തവ സഭകഠം തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢതരമാക്കാനുള്ള ശ്രമം ഊർജസ്വലമായി തുടരും.

സജീവരാഷ്ട്രീയത്തിൽ ഇതുവരെ താല്പര്യം കാണിച്ചിട്ടില്ല. രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെട്ടിട്ടുമില്ല. പക്ഷേ,

www.malankaralibrary.com

തിരുവനന്തപുരമായതിനാൽ രാഷ്ട്രീയവും ഇനി ശ്രദ്ധി ക്കേണ്ടിവരും.

തന്റെ മുൻഗാമിയായിരുന്ന കാലം ചെയ്ത ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുവനന്ത പുരത്തെ വേദികളിൽ സജീവ സാന്നിധ്യമായിരുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു. രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് സഭയെ ഉദ്ബോധിപ്പിക്കേണ്ട ചുമതലയും തനിക്കുണ്ടാകു മെന്ന് അദ്ദേഹം സൂചിപ്പിച്ചു. പക്ഷേ, രാഷ്ട്രീയ നയരൂപ വൽക്കരണം കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ സഹകരണത്തോടും അംഗീകാരത്തോടുംകൂടി മാത്രമേ നടത്താൻ കഴിയുകയുള്ളു.

തന്റെ മുൻഗാമി കൃഷികാര്യങ്ങളിൽ ഏറെ തല്പരനായി രുന്നു. വയനാട്ടിൽ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തിട്ടുള്ളതിനാൽ തനിക്കും കർഷകരുടെ വികാരങ്ങൾ നന്നായി അറിയാം. തിരുവനന്തപുരത്ത് ഇതുവരെ ജോലിചെയ്തിട്ടില്ല. അവിടെ ചെന്ന് എല്ലാം പഠിച്ചതിനുശേഷം മാത്രമേ എന്തു ചെയ്യാൻ പററുമെന്നു പറയാൻകഴിയൂ. വയനാട്ടിലെ സാഹചര്യമല്ലല്ലോ തിരുവനന്തപുരത്ത്.

സഭാകാര്യങ്ങൾ സംബന്ധിച്ച് ആർച്ച് ബിഷപ്പ് നിര വധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ ക്രോഡീക രിച്ച് ഫാ. ഐസക് തോട്ടുങ്കൽ 'എമർജിംഗ് ട്രെൻഡ്സ് ഇൻ മലങ്കര കാത്തലിക് തിയോളജി' എന്ന പുസ്തകം പ്രസിദ്ധീക രിച്ചിട്ടുണ്ട്. കാനൻ നിയമത്തിൽ ഡോക്ടറേററിനായി തയാറാക്കിയ 'ദ സീറോ മലങ്കര ചർച്ച്'' കാനോന നമസ് കാരം സുറിയാനിയിൽ നിന്നു മലയാളത്തിലേക്കു തർജമ ചെയ്ത 'ശീമോ നമസ്കാരം' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീ കരിച്ചിട്ടുണ്ട്.

ദൈവവിളികൊണ്ട് അനുഗ്രഹീതമായ കുടുംബത്തിലാണ് ആർച്ച് ബിഷപ്പ് പിറന്നത്. പന്തളം മലഞ്ചെരുവിൽ മത്തായി ഏലിയാമ്മ ദമ്പതികളുടെ 10 മക്കളിൽ ഏഴുപേരും കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ വേലക്കാരാണ്. രണ്ടു

www.malankaralibrary.com

ജ്യേഷ്ടന്മാർ - ഫാ. ജോർജും ഫാ. മത്തായിയും ജീവിച്ചിരിപ്പില്ല. സഹോദരിമാർ നാലുപേരും കന്യാസ്ത്രീകളാണ്, ബഥനി സഭാംഗങ്ങളായ സിസ്റ്റർ ഹെലന കോട്ടയത്തും സിസ്റ്റർ ബർക്കുമാൻസ് കററാനത്തും സിസ്റ്റർ യൂജീനിയ തിരുവനന്തപുരത്തും സിസ്റ്റർ ഫെലേഷ്യ ബത്‌ലഹത്തും ജോലി ചെയ്യുന്നു. റിട്ട. ഹെഡ്മാസ്റ്റർ ഏബ്രഹാം, കാലിഫോർണിയായിൽ സൈക്യാട്രിസ്റ്റായ ഡോ. ജോസ് മാത്യു, ഗവൺമെൻറ് സെക്രട്ടറി ജോൺ മത്തായി എന്നിവരാണു മററു സഹോദരന്മാർ.

പുനരൈക്യപ്രസ്ഥാനത്തിൻെറ പിതാവായ മാർ ഈവാനിയോസിൻെറ കൂടെ പ്രവർത്തിച്ചിരുന്ന പിതാവ് മത്തായി സ്കൂൾ അധ്യാപകനായിരുന്നു. പിന്നീട് ജോലി രാജിവച്ച് മാർ ഈവാനിയോസിൻെറ മുക്ത്യാർ കാര്യസ്ഥനായി പ്രവർത്തിച്ചു. 1935 ഓഗസ്റ്റ് 16_നു ജനിച്ച ജയിംസ് (ആർച്ച് ബിഷപ്പിൻെറ ആദ്യത്തെ പേര്) ഓർഡർ ഓഫ് ഇമിറേറഷൻ ഓഫ് ക്രൈസ്റ്റ് (ഒ. ഐ. സി.) എന്ന സന്യാസ സഭയിൽ 16_ാം വയസിൽ ചേർന്നു. 1960_ൽ വൈദികനായി. 1961_ൽ റോമിലേക്ക് ഉപരിപഠനത്തിനു പോയി. 1965_ൽ ഗ്രിഗോറിയൻ സർവകലാശാലയിൽനിന്നു കാനൻ നിയമത്തിൽ ഡോക്ടറേററു നേടി. 1970-ൽ അമേരിക്കയിലെ സെൻറ് ജോൺസ് യൂണിവേഴ്സിററിയിൽനിന്നു മനഃശാസ്ത്രത്തിൽ എം. എ. ബിരുദം നേടി. വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

---

(മലയാള മനോരമ 1994 ഡിസംബർ 14)

www.malankaralibrary.com

# വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ ഇടയ ശ്രേഷ്ഠൻ

**മലങ്കര കത്തോലിക്കാസഭയ്ക്ക് ഒരു പുതിയ ആർച്ചുബിഷപ്പ്. കാഷായ വേഷത്തിൽ ഗാംഭീര്യത്തോടെ തൂവെള്ള താടിക്കിടയിലൂടെ വിടരുന്ന പുഞ്ചിരിയുമായി വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ മഹർഷിവര്യനായ ഒരു ആർച്ചുബിഷപ്പ്; സഭ ഹർഷപുളകിതയാകുകയാണ്. രണ്ടായിരമാണ്ടിലേക്ക് മലങ്കരസഭയെ ഭദ്രമായി നയിക്കുവാൻ ബഹുമുഖപ്രതിഭയായ ഒരു വ്യക്തിത്വത്തെ അദ്ധ്യക്ഷസ്ഥാനത്തേക്ക് അവരോധിച്ച ദൈവപിതാവിന്റെ ഈ ക്രിസ്സ്മസ്സ് സമ്മാനത്തിന് സഭ സവിനയം നന്ദി പറയുന്നു. പ്രഗത്ഭനായ മാർ ഈവാനിയോസിന്റെ വ്യക്തി പ്രഭാവവും, സഭാദർശനവും, സമർത്ഥനായ മാർ ഗ്രിഗോറിയോസിന്റെ ഹൃദയവിശാലതയും സാമൂഹ്യതൽപ്പരതയും സമഞ്ജസമായി സമ്മേളിച്ച മുൻഗാമികൾക്കനുയോജ്യനായ ഒരുത്തമ പിൻഗാമി. മലങ്കരസഭയുടെ സഭാത്മക വളർച്ച ത്വരിതപ്പെടുത്തുവാൻ സഭ മുഴുവനും സന്നദ്ധവും സജ്ജവുമായിരിക്കുന്നു. അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് ആർച്ചുബിഷപ്പ് മെത്രാപ്പോലീത്തായുമായി ഐക്യദീപം നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നു.**

*മലങ്കര കത്തോലിക്കാസഭാ മേലദ്ധ്യക്ഷനായും തിരുവനന്തപുരം അതിഭദ്രാസന മെത്രാപ്പോലീത്താ ആയും നിയമിതനായതിൽ തിരുമേനിക്ക് പ്രാർത്ഥനാപൂർവം ആശംസകൾ നേരുന്നു. ഈ പുതിയ ഉത്തരവാദിത്വം ഒരു ഭാരമായി തോന്നുന്നുണ്ടോ ?*

○ ഇത് ഒരു വലിയ പദവിയും സ്ഥാനവുമായി പരിഗണിച്ചാൽ ഭാരമുള്ളതാണ്. ഞാൻ ഈ പദവിക്ക് അർഹനുമല്ല. എന്നാൽ 'മാതാവിന്റെ ഉദരത്തിൽവച്ചു തന്നെ' സഭാ ശുശ്രൂഷയ്ക്കായി വിളിച്ചു വേർതിരിക്കപ്പെട്ടിരിക്കുന്ന ഞാൻ ഇപ്പോൾ ഇപ്രകാരമുള്ള ഒരു ശുശ്രൂഷയാണ് സഭയ്ക്ക് ചെയ്യേണ്ടത് എന്നുള്ളത് എന്നെക്കുറിച്ചുള്ള ദൈവപദ്ധതിയുടെ ഭാഗമാണ്, ദൈവ

www.malankaralibrary.com

ഹിതത്തിനു മുമ്പിൽ ഞാൻ എന്നെത്തന്നെ വിനയപൂർവ്വം സമർപ്പിക്കുന്നു. സഭാദ്ധ്യക്ഷനായും തിരുവനന്തപുരം മെത്രാപ്പോലീത്തായായും ഉള്ള ശുശ്രൂഷ എന്റെ ബുദ്ധിയെയും കഴിവിനെയും ആശ്രയിച്ചാണ് നിർവ്വഹിക്കുന്നതെങ്കിൽ ഒരു വലിയ ഭാരമാണ്. ദൈവപദ്ധതിയുടെ ഭാഗമായി ഞാൻ ഇതു് സ്വീകരിക്കുന്നതുകൊണ്ടു് ഒരു ഭാരമായി തോന്നുന്നില്ല. ദൈവത്തിന്റെ നുകം ഭാരം കുറഞ്ഞതും വഹിക്കാനെളുപ്പമുള്ളതുമാണ്.

*മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ എന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ അങ്ങയുടെ മുൻഗണന (Priorities) എപ്രകാരമായിരിക്കും?*

ഠ ദൈവകൃപയാൽ അത്ഭുതാവഹമായ വളർച്ചയാണ് മുൻകാലങ്ങളിൽ സഭയ്ക്കുണ്ടായതു്. ബാഹ്യ കേരളത്തിലും, ബാഹ്യ ഭാരതത്തിലും സഭ വേരുന്നിക്കഴിഞ്ഞിരിക്കുന്നു. ആത്മീയ നിറവും, തീക്ഷ്ണതയും ഉള്ള ഒരു ദൈവജനത്തെ ഒരുക്കിയെടുക്കുവാൻ സഭയ്ക്കു് സാധിച്ചു. ഇതര കത്തോലിക്കാ റീത്തിൽ ഉള്ളവരോടും, മററ് സഭാവിഭാഗങ്ങളിൽപ്പെട്ടവരോടും നാനാജാതി മതസ്ഥരോടും ദൃഢമായ സ്നേഹബന്ധം സഭയ്ക്കുണ്ട്. എല്ലാവരുടേയും പൊതു മിത്രമായിട്ടാണ് സഭ നിലകൊള്ളുന്നത്. ഈ പൈതൃകം കാത്തു സൂക്ഷിക്കുവാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്.

അതോടൊപ്പം മലങ്കര കത്തോലിക്കാ സഭയ്ക്കു് സാർവ്വത്രിക സഭയിലുള്ള പ്രത്യേകദൗത്യം കൂടുതൽ വ്യക്തമാക്കേണ്ടിയിരിക്കുന്നു. സഭയുടെ വ്യക്തിത്വം ആഗോള സഭാസംസർഗ്ഗത്തിൽ പൂർണ്ണമായി സംരക്ഷിക്കുക നമ്മുടെ സഭാത്മക ഉത്തരവാദിത്വമാണ്. അതുപോലെ ബാഹ്യകേരളത്തിലും, ഭാരതത്തിനു പുറത്തും സഭയുടെ മിഷ്യനുകൾ സ്ഥാപിതമായിട്ടുണ്ടെങ്കിലും ഈ മിഷ്യനുകൾ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിനാവശ്യമായ സംവിധാനങ്ങളും അടിയന്തിരമായി ക്രമീകരിക്കേണ്ടിയിരിക്കുന്നു.

*സഭയിൽ കൂടുതൽ രൂപതകളുണ്ടാകണം എന്ന ദീർഘനാളായുള്ള സഭാ മക്കളുടെ ആഗ്രഹത്തോട് തിരുമേനിയുടെ പ്രതികരണമെന്താണ്?*

www.malankaralibrary.com

ഠ സഭയുടെ സുശക്തമായ വളർച്ചയ്ക്ക് കൂടുതൽ രൂപതകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ജനങ്ങളുടെ സമഗ്രമായ വളർച്ചയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുവാനാകും. തിരുവല്ലാ രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിച്ചതുകൊണ്ട് സഭയ്ക്ക് നഷ്ടമല്ല ആ ഭാഗത്ത് കൂടുതൽ വളർച്ച ലഭിച്ചു എന്നതാണ് സത്യം. സഭയിൽ, എവിടെയെല്ലാം എത്ര രൂപതകൾ ഉണ്ടാകണം എന്ന് പഠിച്ച് വിവരം തിരുസിംഹാസനത്തെ ബോധിപ്പിക്കുകയാണ് ആദ്യത്തെ പടി.

*സാർവത്രിക സഭയിൽ മലങ്കരത്തനിമയും, വ്യക്തിത്വവും പൂർണമായി സംരക്ഷിക്കുന്നതിന് പരി: സിംഹാസനത്തിൻെറ നിലപാടെന്തായിരിക്കും ?*

ഠ മുന്നൂറു വർഷങ്ങൾക്ക് മുമ്പ് ആഗോള സഭാ സംസർഗ്ഗത്തിൽ നിന്ന് അകന്നു പോയ സഭാവിഭാഗത്തിൽ നിന്ന് വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് 1930_ൽ ആഗോള സഭാ ഐക്യത്തിലേക്ക് വീണ്ടും കടന്നുവന്നത്. അന്നു മുതൽ പരി: സിംഹാസനം പ്രത്യേകമായ വാത്സല്യവും സ്നേഹവുമാണ് മലങ്കര സഭയോട് കാണിച്ചിട്ടുള്ളത്. സഭയുടെ വ്യക്തിത്വവും തനിമയും സംരക്ഷിക്കുന്നതിൽ നമ്മെക്കാൾ കൂടുതൽ പരി: സിംഹാസനത്തിന് താൽപര്യവും ആഗ്രഹവും ഉണ്ട്.

*മററ് സഭകളിലെ മെത്രാപ്പോലീത്താമാരുമായി തിരുമേനിക്കുള്ള ബന്ധം... ?*

ഠ എല്ലാ തിരുമേനിമാരോടും വ്യക്തിപരമായ സ്നേഹബന്ധം പുലർത്തുവാൻ എനിക്ക് സാധിക്കുന്നുണ്ട്. എൻെറ മാതൃ ഇടവകയിൽ നടന്ന ഷഷ്ടിപൂർത്തിയാഘോഷം ഒരു ചെറിയ സമ്മേളനമായിരുന്നിട്ടും പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ താൽപര്യപൂർവ്വം വന്ന് സംബന്ധിച്ചു. മൂവാററുപുഴയിലെ ശ്രേഷ്ഠകാതോലിക്കാ ബാവായും വളരെ സ്നേഹം കാണിച്ചിട്ടുണ്ട്.

*'ഐക്യദീപം' പ. കാതോലിക്കാ ബാവായുമായി നടത്തിയ ഒരഭിമുഖത്തിൽ മലങ്കര കത്തോലിക്കാസഭ ഓർത്തഡോക്സ് സഭാംഗങ്ങളെ റാഞ്ചിക്കൊണ്ടുപോവുകയാണെന്ന് പറഞ്ഞിരുന്നു. ഇതിനെക്കുറിച്ച് തിരുമേനിയുടെ പ്രതികരണം എന്താണ് ?*

www.malankaralibrary.com

o എത് പശ്ചാത്തലത്തിലാണ് ബാവാ അപ്രകാരം പറഞ്ഞത് എന്ന് അറിഞ്ഞുകൂടാ. സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പ്രവേശിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ച് അഭ്യർത്ഥിക്കുന്നവരെ നിരസിക്കുന്നത് ദൈവേഷ്ടമല്ലെന്നാണ് എന്റെ ബോദ്ധ്യം. സഭയെക്കുറിച്ച് ദൈവം നിയോഗിച്ചിട്ടുള്ള സംവിധാനങ്ങളോട് സർവ്വാത്മനാ സഹകരിക്കേണ്ടത് ദൈവേഷ്ടത്തോടുള്ള വിധേയത്വത്തിന്റെ ഭാഗമാണല്ലോ.

*എന്തൊക്കെയാണ് ഈ സംവിധാനങ്ങൾ ?*

അതേസംബന്ധിച്ച് നമുക്ക് വ്യക്തമായ ബോദ്ധ്യങ്ങളുണ്ട്. എന്നാൽ അവയെപ്പററി മുൻവിധിയില്ലാതെ വേദപുസ്തകത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ അന്വേഷിക്കുന്നതിനും ചർച്ചചെയ്യുന്നതിനും തയ്യാറായാലേ സഭയെപ്പററിയുള്ള ദൈവഹിതം കണ്ടുപിടിക്കാനാവൂ. ബോദ്ധ്യം വന്നാൽ സാമൂഹ്യവും വൈകാരികവുമായ കാരണങ്ങൾക്കതീതമായി തീരുമാനങ്ങൾ എടുക്കാൻ എല്ലാവർക്കും സാധിക്കില്ല. ദൈവപരിപാലനയാൽ അത്തരം സഭാത്മക തീരുമാനങ്ങൾ എടുക്കുന്നവരെ തടസ്സപ്പെടുത്തുന്നത് ദൈവഹിതത്തിന് വിരുദ്ധമായിരിക്കും. മൂല്യശ്രേണിയിൽ മനുഷ്യമനസ്സാക്ഷിക്ക് ഉയർന്ന സ്ഥാനമാണല്ലോ ഉള്ളത്.

*പുനരൈക്യപ്പെടുന്നവർ എല്ലാം ഈ രീതിയിലാണോ സഭയോട് ബന്ധപ്പെടുന്നത് ?*

o മറിച്ചുള്ള നിഗമനത്തിന് കാരണങ്ങൾ കാണുന്നില്ല. ഉദാഹരണത്തിനു ബത്തേരിയിൽ അനുവദിച്ച എല്ലാ മിഷ്യനുകളിലും രേഖാമൂലമായ അപേക്ഷകൾ ഓരോരുത്തരിൽ നിന്നും സ്വീകരിച്ചതിനുശേഷമേ ആളുകളെ ചേർക്കാറുള്ളൂ.

*ഒരു സഭയിൽ നിന്ന് മറെറാരു സഭയിലേക്ക് ചേർക്കുന്നു എന്നു പറയുന്നതുതന്നെ ശരിയാണോ ?*

o മലങ്കരസഭ ഇന്ന് പലതായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ആഗോള സഭയുമായുള്ള ബന്ധത്തിലായിരുന്ന പുരാതനമായ അപ്പസ്തോലിക സഭയാണ് മലങ്കരസഭ. ആഗോള

www.malankaralibrary.com

സഭയിൽ നിന്നു് വേർപിരിഞ്ഞനാൾ മുതൽ മലങ്കര സഭയിലെ ഭിന്നതയുടെ ചരിത്രമാരംഭിക്കുകയാണ്. ഈ ഭിന്നതയ്ക്കും അനൈക്യത്തിനുമുള്ള ആത്യന്തികപരിഹാരം വീണ്ടും ആഗോള സഭാ ബന്ധത്തിലാവുക എന്നതാണ്. മലങ്കര സഭയിലെ ഏതെങ്കിലും വിഭാഗത്തിൽ നിന്നു് ആരെങ്കിലും മലങ്കര കത്തോലിക്കാ സഭയിലൂടെ സാർവ്വത്രീക സഭാസംസർഗ്ഗത്തിലേക്ക് കടന്നുവന്നാൽ അത് ഒരു സഭ ഉപേക്ഷിച്ച് മറ്റൊരു സഭയിലേക്കു് ചേർന്നു എന്നു് എങ്ങനെ വ്യാഖ്യാനിക്കാനാവും? കാരണം മലങ്കര സഭയുടെ ഒരു സവിശേഷതയും ആഗോള സഭാ ബന്ധത്തിലാവുന്നതുകൊണ്ട് ഉപേക്ഷിക്കുന്നില്ല. അപ്പോൾ മലങ്കര സഭയിൽ നിന്നുകൊണ്ടുതന്നെ കർത്താവിൻെറ ആഗ്രഹപ്രകാരം വിശാലമായ കൂട്ടായ്മയിലേക്ക് കടന്നു വരുവാൻ പരിശ്രമിക്കുകയാണ് എല്ലാവരും ചെയ്യേണ്ടത്.

*സാമൂഹ്യസേവനരംഗം സഭയിലേക്ക് മററുള്ളവരെ ആകർഷിക്കുവാനുള്ള ഒരു ഘടകമായി ചിലർ വിമർശിക്കാറുണ്ട്. ഇതിനെക്കുറിച്ച് തിരുമേനിയുടെ പ്രതികരണമെന്താണ് ?*

○ ബത്തേരി ഭദ്രാസനത്തിൻെറ നേതൃത്വത്തിൽ വളരെയധികം സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഭദ്രാസനാംഗങ്ങളുടെയിടയിൽ എന്നതിനെക്കാൾ അക്രൈസ്തവരുടെയും അകത്തോലിക്കരുടെയും ഇടയിലാണ് സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തുന്നതു്. എൻെറ ഭദ്രാസന അതിർത്തിയിൽ താമസിക്കുന്ന നാനാജാതി മതസ്ഥരുടെയും ശുശ്രൂഷയ്ക്കായിട്ടാണ് ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കുന്നതു്. ഭദ്രാസനത്തിലുള്ളവർ മാത്രമല്ല സകലരും ദൈവപിതാവിൻെറ മക്കളാണ്. ആദിവാസികളുടെ ഉന്നമനത്തിനായി 90 ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ലക്ഷ്യം പുനരൈക്യമല്ല. എന്നാൽ പുനരൈക്യം നടക്കുന്നു എന്ന കാരണത്താൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുന്നതും ശരിയല്ല.

*എക്യുമെനിക്കൽ പ്രസ്ഥാനത്തോടുള്ള മലങ്കര കത്തോലിക്കാസഭയുടെ നിലപാടെന്താണ് ?*

www.malankaralibrary.com

o എല്ലാം സഭകളിലും സംജാതമായിരിക്കുന്ന ഒന്നാകാനുള്ള ആഗ്രഹം ദൈവത്തിന്റെ ഒരു പ്രത്യേക സമ്മാനമാണ്. ഐക്യമുണ്ടാകണമെന്ന ഈ ചിന്തതന്നെ സഭകളുടെ അകൽച്ചയെ ഒരു പരിധിവരെ ലഘൂകരിക്കാൻ കാരണമായിട്ടുണ്ട്. എക്യുമെനിസമെന്നു പറഞ്ഞാൽ അധികാരത്തിന്റെയും ഉയർച്ചയുടെയും പേരിൽ ഒന്നാവണമെന്നോ, ഒരുവന്റെ വിശ്വാസത്തെ ഉന്മൂലനം ചെയ്തുകൊണ്ട് ഒന്നാകണമെന്നോ അല്ല. തെറ്റിദ്ധാരണകളും, മുൻവിധികളും ഉപേക്ഷിച്ചുകൊണ്ട് ചർച്ചകളിലൂടെ അഭിപ്രായസമന്വയത്തിലെത്തി തീരുമാനമെടുത്ത് ഐക്യപ്പെടണമെന്നാണ് മററ് പൗരസ്ത്യ കത്തോലിക്കാ സഭകളെപ്പോലെ മലങ്കര കത്തോലിക്കാ സഭയുടെയും നിലപാട്.

*എക്യുമെനിക്കൽ പ്രസ്ഥാനത്തിനുവേണ്ടി മലങ്കര കത്തോലിക്കാ സഭ എന്ത് സംഭാവനയാണ് ചെയ്തിട്ടുള്ളത് ?*

o 1930-ൽ ആഗോള സഭയുമായി നടന്ന പുനരൈക്യം തന്നെയാണ് ഏററവും വലിയ സംഭാവന. മലങ്കര കത്തോലിക്കാ സഭയ്ക്കു് സഭകൾ തമ്മിലുള്ള ഐക്യം കെട്ടിപ്പടുക്കുവാൻ ദൈവികമായ ഒരു വിളിയുണ്ട്. വ്യക്തിതലത്തിലും, സഭാതലത്തിലും, സാമൂഹ്യതലത്തിലും മലങ്കര കത്തോലിക്കാസഭ ഇതിനു് ഊന്നൽ കൊടുക്കുന്നു അതുപോലെ മററു സഭകളെ അംഗീകരിക്കുന്നതിനും തുറന്ന മനസ്സോടെ പ്രവർത്തിക്കുന്നതിനും സഭ തയ്യാറായിട്ടുണ്ട്. ഇനിയും അപ്രകാരം തന്നെയായിരിക്കുകയും ചെയ്യും.

*സിറിയൻ യാക്കോബായ സഭയും, ഓർത്തഡോക്സ് സഭയും, കത്തോലിക്കാ സഭയും തമ്മിലുള്ള എക്യുമെനിക്കൽ ചർച്ചകൾക്ക് മലങ്കര കത്തോലിക്കാ സഭ ഒരു വിലങ്ങുതടിയാണോ ?*

o ഇതു് എക്യുമെനിസത്തെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാത്തതിലുള്ള അപാകതയാണ്. അനൈക്യവും, വിഭാഗീയതയും നിലനിർത്തിക്കൊണ്ടുതന്നെ സൗഹാർദ്ദപരമായി സഭകൾ പരസ്പരബന്ധത്തിൽ നീങ്ങുന്നതിനുള്ള ഒരുപാധിയല്ല എക്യുമെനിസം. അനൈക്യവും വിഭാഗീയതയും അവസാനി

www.malankaralibrary.com

പ്പിച്ച് യേശുക്രിസ്തുവിൻെറ ആഗ്രഹം പോലെ എല്ലാവരും ഒന്നായിത്തീരുന്ന അവസ്ഥയാണ് എക്യുമെനിസം വിഭാവന ചെയ്യുന്നത്. ഈ ഒന്നായിത്തീരുന്ന അവസ്ഥയിൽ ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വവും, തനിമയും സംരക്ഷിക്കുവാൻ സാധിക്കണം. എന്നാൽ കത്തോലിക്കാ സഭയുമായി സംഭാഷണത്തിലേർപ്പെടുന്ന അകത്തോലിക്കാ സഭകൾക്ക് തങ്ങളുടെ വ്യക്തിത്വവും തനിമയും നഷ്ടപ്പെടുമോ എന്നൊരു ഭയമുണ്ട്. ഈ ഭയം അസ്ഥാനത്താണ് എന്നുള്ളതിന് വ്യക്തമായ ഉറപ്പും സാക്ഷ്യവുമാണ് മലങ്കര കത്തോലിക്കാസഭ. മലങ്കരസഭയും കത്തോലിക്കാസഭയും തമ്മിൽ നടന്ന എക്യുമെനിക്കൽ ചർച്ചകൾക്ക് ശേഷമാണ് 1930-ൽ ഇരുസഭകളും പരസ്പരം അംഗീകരിച്ച് പൂർണ്ണ കൂട്ടായ്മയിലായത്.

*മലങ്കര കത്തോലിക്കാ സഭയ്ക്ക് സഭാദ്ധ്യക്ഷൻ എന്ന നിലയിൽ അങ്ങു നൽകുന്ന സന്ദേശം എന്താണ്?*

○ നമ്മുടെ സഭാജീവിതത്തിലും പ്രവർത്തനങ്ങളിലും നമ്മുടെ അഭിവന്ദ്യ തിരുമേനിമാരും, വൈദികരും, സന്യാസിനീ സന്യാസികളും, വിശ്വാസികളും ആത്മാർത്ഥമായും ഐക്യദാർഢ്യത്തോടും ഒത്തു ചേർന്ന് പ്രവർത്തിക്കുന്നതിന് പ്രകടിപ്പിക്കുന്ന സന്മനസ്സും ഔദാര്യ ബുദ്ധിയും കർമ്മകുശലതയും ദൈവതിരുമുമ്പിൽ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും ഐക്യത്തിൻെറയും കൂട്ടായ്മയുടെയും ഈ പാതയിൽ തന്നെ എല്ലാവരും ചരിക്കുമെന്ന് കാരുണ്യവാനായ ദൈവത്തിൽ ഞാൻ ശരണപ്പെടുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. നാം ഒരു സഭയാണ് ഭരണ സൗകര്യത്തിനായി മൂന്നു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. മൂന്നു ഗ്രൂപ്പുകളും ഒത്തൊരുമയോടുകൂടി പ്രവർത്തിക്കണം. സഭയുടെ പൊതുനന്മക്കായി പ്രവർത്തിക്കുക എന്നതാണ് ഓരോ ഗ്രൂപ്പിന്റെയും പ്രഥമ ദൗത്യം. ഗ്രൂപ്പുകളുടെ പേരിൽ എന്നതിനെക്കാൾ മലങ്കര കത്തോലിക്കാസഭ എന്ന രീതിയിൽ സംഘാതമായി പ്രവർത്തനത്തിന് നമുക്ക് ഒത്തൊരുമയോടെ പരിശ്രമിക്കാം. ദൈവനാമം സഭമുഖാന്തിരം മഹത്വപ്പെടുവാൻ ധാരാളം അവസരങ്ങളുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# നൻമകളുടെ വലിയ മെത്രാപ്പോലീത്താ

—റവ. ഡോ. സാമുവേൽ കാട്ടുകല്ലിൽ

ധന്യമായ പാരമ്പര്യത്തിൽ പിറന്ന് ബഥനിയുടെ പശ്ചാത്തലത്തിൽ വളന്ന് നാട്ടിലും മറുനാട്ടിലുമുള്ള വിദ്യാഭ്യാസത്തിലൂടെ നേടിയ തിളക്കമൊന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് ആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസ്. പ്രഥമ ദർശനത്തിൽത്തന്നെ ആരെയും ആകർഷിക്കുന്ന വ്യക്തിത്വം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

ക്രാന്തദർശിത്വത്തിന്റെയും നേതൃത്വസിദ്ധിയുടെയും തലയെടുപ്പിൽ അലിഞ്ഞുചേർന്നിരിക്കുന്ന വിനയം വ്യക്തിത്വത്തെ കൂടുതൽ ആകർഷകവും ഹൃദ്യവുമാക്കിയിരിക്കുന്നു. കുഞ്ഞുങ്ങളോടൊപ്പം കുഞ്ഞാകാനും യുവജനങ്ങൾക്കിടയിൽ അവക്ക് ആവേശമാകാനും അജഗണങ്ങൾക്കിടയിൽ ആദ്ധ്യാത്മികതയുടെ പ്രഭാപൂരമാകാനും അദ്ദേഹത്തിനു കഴിയുന്നു. കൊച്ചുകുട്ടികളോടൊപ്പം താഴ്ന്നിറങ്ങുന്ന മനസിന് ഉന്നതചിന്തകരോടൊപ്പം ഉയരങ്ങളിലെത്താൻ ഒരുനിമിഷമേ വേണ്ടൂ.

ഭാരതീയ ദർശനത്തോടുള്ള അദ്ദേഹത്തിന്റെ മമത ആഴത്തിൽ വേരോടിയതാണ്. ഭാരതീയ സന്ന്യാസത്തോട് താദാത്മ്യപ്പെടാൻ വെമ്പുന്ന ഒരു മനസിന്റെ ഉടമ. ഈ വെമ്പലാകാം ബഥനിയെ പുൽകാൻ അദ്ദേഹത്തിനു ഉൽപ്രേരണയായത്. അദ്ദേഹം പണികഴിപ്പിച്ച ബത്തേരി ബിഷപ്സ് ഹൗസ് 'ധർമ്മപീഠ'മാണ്; സെമിനാരി 'ഗുരുകുല'വും. യുവജനകേന്ദ്രം 'പ്രതീക്ഷയും' സാമൂഹ്യക്ഷേമ വിഭാഗം 'ശ്രേയസ്സ്' മാണ്. ബത്തേരി രൂപതയ്ക്കുവേണ്ടി അദ്ദേഹം വാങ്ങിയ കോളജിന് 'പഴശ്ശിരാജ' എന്ന നാമം നിലനിർത്തി. പേരു മാററാൻ നിർദ്ദേശം വന്നെങ്കിലും അദ്ദേഹം തയാറായില്ല. സ്വാതന്ത്ര്യത്തിനുവേണ്ടിപോരാടിവീണ പഴശ്ശിരാജായുടെ നാമധേയം യുവതലമുറയ്ക്ക് ആവേശമാകട്ടെ എന്നദ്ദേഹം ആഗ്രഹിച്ചു.

www.malankaralibrary.com

ആദ്ധ്യാത്മികമായും ബൗദ്ധികമായും സജ്ജമായ ഒരു വ്യക്തിത്വമാണ് ആർച്ച്ബിഷപ്പ് മാർ ബസേലിയോസിൻേറത്. സഭയെ നയിക്കാൻ അനിവാര്യമായ വ്യക്തിത്വം. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരിക്കലും രണ്ടാമനായിട്ടില്ലാത്ത അദ്ദേഹം ആശ്രമത്തിലും സെമിനാരിയിലും ഒന്നാമൻ തന്നെയായിരുന്നു. പഠനത്തിൽ മാത്രമല്ല സ്വഭാവവൈശിഷ്ട്യത്തിലും. അധ്യാപകർക്ക് പ്രിയപ്പെട്ട ശിഷ്യനും സഹപാഠികൾക്ക് ഉററമിത്രവുമായിരുന്നു അദ്ദേഹം.

കാനൻനിയമത്തിൽ റോമിൽനിന്നും ബിരുദമെടുത്തത് അപൂർവ്വ മികവോടെയാണ്. കാനൻ നിയമവിദഗ്ധനായി അംഗീകാരം നേടിയ അദ്ദേഹം കാനൻ നിയമപരിഷ്കരണ സമിതിയിൽ അംഗമായി. അമേരിക്കയിലെ സെൻറ് ജോൺസ് യൂണിവേഴ്സിററിയിൽനിന്നു മനഃശാസ്ത്രത്തിൽ എം. എ. ബിരുദവും അദ്ദേഹം സ്വന്തമാക്കി.

ആലുവ പൊന്തിഫിക്കൽ സെമിനാരിയിലും വടവാതൂർ സെൻറ് തോമസ് അപ്പസ്തോലിക സെമിനാരിയിലും അധ്യാപകനായി. ഏതുവിഷയവും സരസമായും ലളിതമായും പഠിപ്പിക്കുവാനുള്ള അദ്ദേഹത്തിൻെറ അസാധാരണമായ വൈഭവം മാർ ബസേലിയോസിൻെറ പൂർവ്വവിദ്യാർത്ഥികൾ അയവിറക്കാറുണ്ട്. 1969-ൽ ബാംഗ്ളൂരിൽ നടന്ന അഖിലേന്ത്യാ സഭാ സെമിനാറിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച് അദ്ദേഹം പ്രസംഗിച്ചു. അടുത്തകാലത്ത് ജെറുസലേമിൽ നടന്ന അന്തർ ദേശീയ മതസമ്മേളനത്തിലും ആലുവായിൽ നടന്ന ഹിന്ദു-മുസ്ലിം-ക്രൈസ്തവ മതസംവാദത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു.

ബഹുഭാഷാ പണ്ഡിതനായ മാർ ബസേലിയോസ് മെത്രാപ്പോലീത്ത വിവിധ ഭാഷകളിൽ ധാരാളം രചനകൾ നടത്തിയിട്ടുണ്ട്. 'മലങ്കര കത്തോലിക്കാസഭ' എന്ന അദ്ദേഹത്തിൻെറ ഗ്രന്ഥം തിരുസഭാ വിജ്ഞാനീയത്തിൽ ഊന്നി മലങ്കര കത്തോലിക്കാസഭയെപ്പററിയുള്ള സവിശേഷമായ പഠനമാണ്. ഇതുകൂടാതെ നൂറുകണക്കിന് പ്രബന്ധങ്ങളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. അവയെല്ലാംതന്നെ അദ്ദേഹത്തിൻെറ പാണ്ഡിത്യത്തിൻെറയും സ്വതന്ത്രചിന്തയുടെയും സാക്ഷിപത്രങ്ങളാണ്.

www.malankaralibrary.com

മാർ ബസേലിയോസ് മികവുററ പ്രഭാഷകനുമാണ്. അവസരോചിതമായ ചിന്തകൾ അവതരിപ്പിക്കുന്ന അദ്ദേഹം പ്രസംഗവിഷയത്തിലൂടെ പുതിയപുതിയ വെളിപാടുകളിലേക്ക് ശ്രോതാക്കളെ നയിക്കുന്നു. ഏതു വിഷയത്തെപ്പററിയും അദ്ദേഹത്തിന് തൻേറതായ ചിലതു കൂട്ടിച്ചേർക്കാനുണ്ടാവും. അദ്ദേഹത്തിൻെറ ധ്യാനപ്രസംഗങ്ങൾ പ്രസിദ്ധമാണ്. കേരളത്തിലെ മിക്ക രൂപതകളിലെയും വൈദികരെ ധ്യാനിപ്പിച്ചിട്ടുള്ള അദ്ദേഹത്തിന് മെത്രാനാകുന്നതിനു മുമ്പുതന്നെ കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരെ ധ്യാനിപ്പിക്കുവാനും അവസരം ലഭിച്ചു.

പ്രഗത്ഭനായ സംഘാടകനാണ് മാർ ബസേലിയോസ്. എല്ലാം കൃത്യമായി ആസൂത്രണം ചെയ്യും. എല്ലാ ദിശകളിലും ആ സൂക്ഷ്മ ദൃഷ്ടി പതിഞ്ഞിരിക്കും. അപ്രധാനമെന്നു കരുതി പലരും അവഗണിക്കുന്ന കാര്യങ്ങളിലും അദ്ദേഹത്തിൻെറ ശ്രദ്ധ ഓടിയെത്തും. ഏറെറടുക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും നിറവേററുവാൻ അദ്ദേഹത്തിനു കഴിയുന്നതു് ഈ സൂക്ഷ്മതയും ശ്രദ്ധയും മൂലമാണ്. തുടങ്ങിവയ്ക്കുന്ന പദ്ധതികളെല്ലാം വിജയിക്കുന്നതും അതുകൊണ്ടുതന്നെ.

1974_ൽ ബഥനി സന്യാസ സഭാധ്യക്ഷനായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അതോടെ ബഥനിക്ക് കാലോചിതമായി നേതൃത്വം നൽകുന്നതിൽ അദ്ദേഹം വ്യാപൃതനായി. ബഥനിയുടെ നിർണ്ണായകമായ വളർച്ചയുടെ കാലഘട്ടമായിരുന്നു അതെന്ന് പിൻതിരിഞ്ഞുനോക്കുമ്പോൾ വ്യക്തമാകും. ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ സന്യാസ സമൂഹങ്ങളുടെ സമിതിയായ സി. ആർ. ഐ. യുടെ നേതൃത്വത്തിൽ നിന്നു പ്രവർത്തിച്ച പിതാവ് കേരളത്തിലെ സന്യാസസമൂഹങ്ങളുടെ സമിതിയുടെ പ്രസിഡൻറായും സേവനമനുഷ്ഠിച്ചു. നിരവധി സന്യാസസമൂഹങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ റോമിൽനിന്നു നിയമിച്ചതു് മാർ ബസേലിയോസിനെയായിരുന്നു.

ബത്തേരി രൂപതാധ്യക്ഷനായിരുന്നുകൊണ്ടു് സീറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത തൻെറ ഭരണതന്ത്രജ്ഞതയും നേതൃത്വസിദ്ധികളും തെളിയിച്ചു. ഇല്ലായ്മയിൽനിന്നു

www.malankaralibrary.com

ഒരു മഹാ സൗധമായി ബത്തേരി രൂപതയെ പടുത്തുയർത്തി. വിശ്വാസ പ്രബോധനത്തിനും സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കും, യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും പ്രത്യേകം ശ്രദ്ധിച്ചു.

ബഹുജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തിരിക്കുന്ന സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ സാമൂഹ്യ സേവനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് മാതൃകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ഭവനനിർമാണം, ശുദ്ധജലവിതരണം, ഗിരിജനവികസനം, തൊഴിൽ, ദുരിതാശ്വാസം തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിതമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മഹിളാസമാജങ്ങൾ, ഫാംക്ലബ്ബുകൾ, കമ്മ്യൂണിററി സെൻററുകൾ മുതലായവ രൂപീകരിച്ചാണ് ബഹുജനപങ്കാളിത്തം ഉറപ്പാക്കിയിരിക്കുന്നത്.

സാക്ഷരതാ യജ്ഞത്തിൽ നിസ്തുല സേവനം കാഴ്ചവയ്ക്കുന്ന സന്നദ്ധസംഘടനകൾക്കുള്ള സംസ്ഥാനതല സാക്ഷരതാ അവാർഡ് 1993-ൽ ബത്തേരി രൂപതയിലെ സാമൂഹ്യക്ഷേമ പ്രവർത്തന വിഭാഗമായ 'ശ്രേയസി'നാണ് ലഭിച്ചത്. കഴിഞ്ഞ 16 വർഷത്തെ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമാണ് ഇന്ന് മലങ്കരസഭയ്ക്ക് അഭിമാനമായി യുവത്വത്തിൽ എത്തിനിൽക്കുന്ന ബത്തേരി രൂപത.

യുവജനങ്ങൾക്ക് പ്രിയങ്കരനാണ് മാർ ബസ്സേലിയോസ് പിതാവ്. മലങ്കര കത്തോലിക്കാ യുവജനങ്ങളിൽ ആവേശം പകർന്ന് അവരെ കോർത്തിണക്കാൻ സംവിധാനമുണ്ടാക്കി. സഭാ നവീകരണത്തിലും സമൂഹ സൃഷ്ടിയിലും ഭാഗഭാക്കാകുവാൻ അദ്ദേഹം നേതൃത്വം നല്കി. 'യുവജനസഭ' എന്നു വിളിച്ച് യുവജനങ്ങളെ ഉണർത്തി സഭാഗാത്രത്തിലെ തങ്ങളുടെ മുഖ്യ ദൗത്യം അവരെ ബോധ്യപ്പെടുത്തിക്കൊടുത്തു.

വിജയങ്ങളേയും പരാജയങ്ങളേയും ആത്മസംയമനത്തോടെ സ്വീകരിച്ച് ദൈവാശ്രയത്തിലൂന്നി ആലോചിച്ചുറപ്പിച്ചെടുക്കുന്ന തീരുമാനങ്ങളുമായി ഉറച്ച അടിവയ്പുകളോടെ മുന്നോട്ടു നീങ്ങുന്ന വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. പ്രതിഭാശാലിയും കർമ്മനിരതനുമായിരുന്ന ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ പിൻഗാമിയായി സ്ഥാനമേൽക്കുന്ന ഈ പ്രതിഭ സഭയേയും സമൂഹത്തേയും കൂടുതൽ ഉയരങ്ങളിലേയ്ക്ക് നയിക്കുമെന്നതിൽ സംശയമില്ല

(ദീപിക 1994 ഡിസംബർ 14)

www.malankaralibrary.com

# മാർ ബസേലിയോസും ഏകലോക വീക്ഷണവും

—റവ. ഡോ. വർഗീസ് ഒററത്തെങ്ങിൽ

യേശുക്രിസ്തു അനുഭവിച്ചറിഞ്ഞ അപ്പസ്തോലന്മാരുടെ ജീവചൈതന്യം സഭയെ നയിക്കുന്നു. അപ്പസ്തോലന്മാരുടെ പിൻഗാമിയായി മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇന്ന് ഒരു വലിയ ഇടയനെ ലഭിക്കുന്നു, മാർ ബസേലിയോസ് തിരുമേനി.

''പ്രകാശം അന്ധകാരത്തെയെന്നതുപോലെ വിജ്ഞാനം ഭോഷത്വത്തെ വെല്ലുന്നു. ജ്ഞാനിക്ക് കാണാൻ കണ്ണുണ്ട്...'' (സഭാ 2:13_14). ഈ വചനത്തിൻെറ ആന്തരിക ദർശനം ഉൾക്കൊണ്ടുകൊണ്ട് 1979 ഫെബ്രുവരി രണ്ടാം തീയതി ബത്തേരിയുടെ പ്രഥമ മെത്രാൻ വയനാടൻ മലകയറി.

'ദൈവം തൻെറ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു' (ഉൽ. 1:27) മനുഷ്യൻെറ സ്വാതന്ത്ര്യം അവനെ ദൈവനിഷേധത്തിന് പ്രേരിപ്പിച്ചു. അതുവഴി സമൂഹത്തിൽ നടമാടിയ അനീതിയും അരാജകത്വവും അസമത്വവും അവൻെറ ദൈവിക സാദൃശ്യത്തെ വികലമാക്കി. വികലമായ ലോകത്തിൽ നിന്നുകൊണ്ട് സർവ്വ മനുഷ്യരിലും ദൈവത്തിൻെറ ഛായ ദർശിക്കുവാൻ ശ്രമിക്കുന്ന സൈദ്ധാന്തികനാണ് അഭിവന്ദ്യ ബസേലിയോസ് പിതാവ്. ജ്ഞാനത്തിൽ കൂടി മാത്രമേ സംസ്കാരം കൈവരിക്കുവാൻ ആവുകയുള്ളു. പട്ടിണി തുടച്ചുമാററാനാവുകയുള്ളു. അരാജകത്വവും അസമത്വവും പിഴുതെറിയാനാവുകയുള്ളു. തിരുമേനി ഇത് നന്നായി മനസിലാക്കുകയും വിദ്യാഭ്യാസ സംവിധാനങ്ങളിലൂടെ അത് പ്രായോഗികതയിലെത്തിക്കുകയും ചെയ്തു. അക്ഷരത്തിൻെറ അക്ഷയമായ സമ്പത്ത് സഭാമക്കൾക്കും സമൂഹത്തിനും നൽകുവാനായി അദ്ദേഹം അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു.

സഭാജ്ഞാനിയായ തിരുമേനി തൻെറ മക്കൾക്ക് വിശ്വാസവെളിച്ചം പകർന്നു കൊടുക്കുന്നതിൽ ഏറെ ഉത്സുകനാണ്.

www.malankaralibrary.com

'ക്രിസ്തീയ മതബോധനമെന്നത് വിശ്വാസ സത്യങ്ങൾ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു അധ്യയന സമ്പ്രദായം മാത്രമല്ല. കാരണം, ക്രിസ്തീയജീവിതം ക്രിസ്തു സംഭവത്തിലൂടെ സാക്ഷാത്കരിക്കപ്പെടുകയും പ്രത്യക്ഷപ്പെടുകയും ചെയ്ത ഒരു പുതിയ ജീവിതമത്രെ. പുതിയ മനുഷ്യനായ ക്രിസ്തുവിന്റെ ജീവിതം ഓരോ മനുഷ്യനിലും ഉരുവാകുകയും വളർന്ന് വികസിക്കുകയും ചെയ്യുമ്പോൾ മാത്രമേ അവനിൽ ക്രൈസ്തവ ജീവിതം ഫലപ്രദമാവുകയുള്ളു. ഇങ്ങനെ രക്ഷിക്കപ്പെട്ട ദൈവജനത്തിന്റെ സമഗ്രമായ ക്രൈസ്തവ ജീവിതാഭിവൃദ്ധിയാണ് മതബോധനം ലക്ഷ്യം വയ്ക്കുക. (ഇടയലേഖനം)

സഭയുടെ പ്രതീക്ഷയായ യുവജനങ്ങൾക്ക് വിശ്വാസ ചൈതന്യം പകർന്നു കൊടുക്കുകയും ആ ചൈതന്യധാരയെന്നും ജ്വലിച്ച് സഭയെ വളർത്തുവാനുതകുന്ന കർമ്മ പരിപാടികൾ അവരുടെയിടയിൽ പിതാവ് ആവിഷ്കരിക്കുകയും ചെയ്തു. ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ കേന്ദ്രീകൃതമായ പാഠ്യശൈലി അദ്ദേഹം നടപ്പിൽ വരുത്തി. നല്ല കുടുംബങ്ങളാണ് സഭയുടെ യശസ്സുയർത്തുന്നതെന്നു മനസ്സിലാക്കിയ അദ്ദേഹം കുടുംബങ്ങളിൽ ധാർമ്മികത വളർത്തുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നു മലങ്കര കത്തോലിക്കാ സഭയിലെ യുവജനങ്ങളെ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്നു.

'സ്വന്തം വിശപ്പിനോടുള്ള പ്രതികരണം ഭൗതികതയാണ്. എന്നാൽ അപരന്റെ വിശപ്പറിയുകയും അതിനോടു പ്രതികരിക്കുകയും ചെയ്യുന്നത് ആത്മീയതയുടെ തുടക്കവും'. ബത്തേരി രൂപതയിലെ സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് വിശാലമായ മാനം പകന്നത് ബസേലിയോസ് തിരുമേനിയുടെ ഈ ചിന്താധാരയാണ്. രൂപതയുടെ സാമൂഹിക സേവന പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായ 'ശ്രേയസ്' ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രശസ്തിയാർജിക്കുവാൻ ഇടയാക്കിയത് വന്ദ്യ തിരുമേനിയുടെ ഈ ദർശനം തന്നെയാണെന്നുള്ളതിന് രണ്ടു പക്ഷമില്ല.

ഭാരതീയ ചൈതന്യം ആവാഹിച്ചെടുത്ത തിരുമേനി രൂപതയുടെ വൈദിക പരിശീലന കേന്ദ്രമായ 'ഗുരുകുല'ത്തിൽ

www.malankaralibrary.com

ഭാരതീയ ദർശനവും യേശുവിന്റെ വചനാധിഷ്ഠിതമായ പഠിപ്പിക്കലുകളും കോർത്തിണക്കിയ വിദ്യാഭ്യാസ സമ്പ്രദായമാണ് പ്രയോഗത്തിൽ വരുത്തിയിരിക്കുന്നത്.

സഭാ നിയമത്തിലുള്ള അഗാധമായ പാണ്ഡിത്യം, സഭൈക്യശ്രമങ്ങളിലുള്ള മഹത്തായ പങ്ക്, ഏകലോക വീക്ഷണം ഇവയെല്ലാം ആരാംത്തിരക്കിൽ തിരുമേനിയെ വ്യത്യസ്തനാക്കി എടുത്തു കാട്ടുന്നു. പുനരൈക്യത്തിന്റെ പ്രവാചകനായ മാർ ഈവാനിയോസ് തിരുമേനിയുടെയും 'സ്നേഹം മമദീപം' എന്നു പ്രഘോഷിച്ച മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും കരുത്തനായ പിൻഗാമി മാർ ബസേലിയോസ് 'അനന്തപുരിയുടെ അഭിമാന'മായി എത്തുന്നു.

എല്ലാ മനുഷ്യരെയും ദൈവമക്കളായി കാണുന്ന തിരുമേനിയുടെ അറിവിന്റെയും അനുഭവത്തിന്റെയും ഏകലോക വീക്ഷണത്തിന് ദൈവം നൽകിയ അംഗീകാരമാണ് മലങ്കര കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനെന്ന പദവി. ജീവിതം കൊണ്ട് സമൂഹത്തെ രൂപീകരിക്കുന്ന അതിർവരമ്പുകളില്ലാത്ത മനുഷ്യസ്നേഹത്തിന്റെ വക്താവായി ജീവിക്കുന്ന വന്ദ്യ തിരുമേനിയുടെ സമഗ്ര ജീവിതത്തിന്റെ സേവനം സഭയ്ക്കും സമൂഹത്തിനും ലഭ്യമാകട്ടെ !

---

(രാഷ്ട്രദീപിക സ്ഥാനാരോഹണ പതിപ്പ്)

www.malankaralibrary.com

# മാർ ബസേലിയോസ്–ഒരു ദാർശനികൻ

—റവ. ഡോക്ടർ തരകൻ ആന്നിയിൽ

''ഭൂമിയിൽ അലൗകികമായ സൗഭാഗ്യം അനുഭവിക്കാൻ ദാർശനികന് മാത്രമേ കഴിയൂ'' എന്ന് പ്ലേറോ പറഞ്ഞു. തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്യുന്ന അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവം തികച്ചും അന്വർത്ഥമാണ്. ദാർശനികൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ വ്യക്തിത്വത്തെപ്പററി 17 വർഷം മുമ്പ് അദ്ദേഹം മെത്രാഭിഷിക്തനായ അവസരത്തിൽ തന്നെ ഞാൻ എഴുതിയിട്ടുണ്ട്.

സിറിൽ മാർ ബസ്സേലിയോസ് തിരുമേനി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ സമർപ്പിച്ച പ്രബന്ധം ഈ ദാർശനികതയുടെ നിദർശനമാണ്. മലങ്കര കത്തോലിക്കാ സഭയുടെ ദർശനത്തെയും ഘടനയെയും കുറിച്ചായിരുന്നു ആ പ്രബന്ധം.

ആഗോളതലത്തിൽ ദൈവശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ പിടിച്ചുപററിയിട്ടുള്ള പ്രസ്തുത പ്രബന്ധം തിരുമേനിയുടെ മാത്രമല്ല മലങ്കര സഭയുടെയും പ്രശസ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭക്ക് സാർവത്രിക സഭയിലുള്ള അതുല്യ സ്ഥാനവും അതിന്റെ തനതായ വ്യക്തിത്വവും എടുത്തു കാണിച്ച ഈ സുപ്രധാന പഠനം സിറിൽ മാർ ബസ്സേലിയോസ് തിരുമേനി മലങ്കര സഭക്ക് നല്കിയ മഹത്തായ ഒരു സംഭാവനയായി ചരിത്രം വീക്ഷിക്കുമെന്നാണ് എന്റെ അഭിപ്രായം. 1988-ൽ ഈ ലേഖകൻ ജർമനിയിലെ പാഡർബോൺ പട്ടണത്തിൽ ഡോ. ജോൺ മാഡായെ സന്ദർശിച്ചപ്പോഴം സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ

www.malankaralibrary.com

ഗവേഷണ പഠനത്തെപ്പററി അദ്ദേഹം ശ്ലാഘിച്ച് സംസാരിക്കുകയുണ്ടായി. ഈ അടുത്തകാലത്തു് ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ സമർപ്പിച്ച പ്രബന്ധങ്ങളിൽ ഏററവും ശ്രദ്ധേയമായിരുന്ന ഇതെന്നാണ് മാഡെയുടെ അഭിമതം. റോമിലെ പല വേദശാസ്ത്രജ്ഞന്മാരുടെയും പഠനത്തിനു വിഷയീഭവിച്ച ഈ ഗ്രന്ഥം മലങ്കര കത്തോലിക്കാ സഭയ്ക്കു് ലഭിച്ച വലിയ സംഭാവനകളിലൊന്നാണ്.

മലങ്കര കത്തോലിക്കാ സഭയ്ക്കു് പ്രത്യേകിച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട മലങ്കരക്കാർക്ക് അവരുടേതായൊരു വ്യക്തിത്വമുണ്ടെന്നും ഒന്നോ രണ്ടോ രൂപതകളുടെ വെറുമൊരു കൂട്ടായ്മയല്ലാതെ സിനഡൻ ഘടനയോടു കൂടിയ തനതായ സ്വഭാവവും ആരാധനാക്രമവും ഉള്ള സഭയാണ് ഇതെന്നു സിറിൽ മാർ ബസ്സേലിയോസ് തിരുമേനി തൻെറ പഠനത്തിൽ സമർത്ഥിച്ചു.

ലേഖകൻെറ പിതൃസഹോദരിയായ മദർ സൽഗ എഴുതിയ ഗ്രന്ഥത്തിൻെറ അവതാരിക സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെതായിരുന്നു. ആ അവതാരികയിൽ തിരുമേനിയുടെ ജീവിത വീക്ഷണത്തിൻെറയും ദാർശനികതയുടെയും പ്രതിഫലനം കാണാമായിരുന്നു. കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രം സഭയുടെ ചരിത്രത്തിൽ നിന്നും വേറിട്ടു കാണുന്നതു ശരിയല്ലെന്നു ലളിതസുന്ദരമായ ഭാഷയിൽ അദ്ദേഹം സമർത്ഥിച്ചു.

സിറിൽ മാർ ബസ്സേലിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പായി സ്ഥാനമേല്ക്കുന്നത് മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഘട്ടത്തിലാണ്. ഓർത്തോഡോക്സ് യാക്കോബാ സഭകളുമായി കത്തോലിക്കാ സഭ വളരെയധികം ബന്ധപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആ സഭകളിൽ നിന്നും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട സമൂഹം എന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയ്ക്കു് വളരെ വലിയൊരു ദൗത്യമാണു നിർവഹിക്കാനുള്ളത്.

www.malankaralibrary.com

ഈ ദൗത്യനിർവഹണം സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ കരങ്ങളിൽ അർപ്പിതമായിരിക്കുന്നു. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട് മലങ്കര കത്തോലിക്കാ സഭയ്ക്ക് രൂപം നല്കിയപ്പോഴും അദ്ദേഹത്തിൻെറ പ്രധാന ലക്ഷ്യങ്ങളിലൊന്ന് മലങ്കര സഭയുടെ തനിമയും വ്യക്തിത്വവും നിലനിർത്തിക്കൊണ്ട് കത്തോലിക്കാ കൂട്ടായ്മ സ്വീകരിക്കുകയെന്നതായിരുന്നു. മലങ്കര സഭയുടെ പ്രാചീനമായ ആചാരവും ഘടനയും നിലനിർത്തിയെങ്കിൽ മാത്രമേ ഇതു സാധിക്കൂ. ദാർശികനായ ബസ്സേലിയോസ് തിരുമേനി ഇക്കാര്യത്തിൽ വിജയിക്കുമെന്നതിൽ ലേഖകനു സംശയമില്ല.

---

(രാഷ്ട്രദീപിക സ്ഥാനാരോഹണ പതിപ്പ്)

www.malankaralibrary.com

# നല്ലവനും വല്ലഭനും ആയ ആർച്ച്ബിഷപ്പ്

—വറുഗീസ് കരിപ്പായിൽ

യുഗപ്രഭാവവാനായ മാർ ഈവാനിയോസ് തിരുമേനിയുടെയും അതിപ്രശസ്തനായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും പിൻഗാമിയായി സിറിൽ മാർ ബസേലിയോസ് തിരുമേനി മലങ്കര കത്തോലിക്കാസഭയുടെ സാരഥ്യം ഏറ്റെടുത്തു് ആർച്ച്ബിഷപ്പ് പദവിയിലേക്ക് ഉയർത്തപ്പെടുന്ന ഈ മഹനീയ മുഹൂർത്തത്തിൽ തിരുമേനിക്ക് ആയുരാരോഗ്യങ്ങൾ നേരുവാനും ദൈവത്തെ സ്തുതിക്കുവാനും മലങ്കര മക്കൾക്ക് അതിയായ ആഹ്ലാദമുണ്ട്. ബഥനി സന്യാസ സമൂഹാംഗമായി വൈദിക ജീവിതമാരംഭിച്ച തിരുമേനി, ആശ്രമവാസത്തിൽ നിന്ന് ജീവിത ലാളിത്യവും, നിത്യനഗരമായ റോമായിലെ പഠനകാല അവസരങ്ങളിൽനിന്നു ആഴമായ വിജ്ഞാനവും, ബഥനിയുടെ സുപ്പീരിയർ ജനറൽ പദവിയിൽ നിന്ന് ഭരണചാതുര്യവും, സ്വദേശവിദേശ സഞ്ചാരങ്ങളിൽ നിന്ന് ലോകത്തിൻെറ ഗതിവിഗതികളേക്കുറിച്ചുള്ള അറിവും, ഗ്രാമീണ കർഷക മേഖലയിലെ മെത്രാൻ സ്ഥാനത്തുനിന്ന് സാധാരണ മനുഷ്യൻെറ നാഡീസ്പന്ദനം മനസ്സിലാക്കാനുള്ള കഴിവും, പ്രസംഗ പരമ്പരയിൽ നിന്ന് ആജ്ഞാശക്തിയും, ഗ്രന്ഥങ്ങളുടെ രചനയിൽ നിന്ന് സാഹിത്യനായകത്വവും, വിപുലമായ സുഹൃദ്‌വലയത്തിൽ നിന്ന് മനുഷ്യ സ്നേഹവും, പാരമ്പര്യ പശ്ചാത്തലത്തിൽ നിന്ന് ദയാശീലവും, മുൻഗാമികളുടെ പ്രവർത്തന ശൈലിയിൽ നിന്ന് ദീർഘദൃഷ്ടിയും, ബഹുജനസമ്പർക്കത്തിൽ നിന്ന് എക്യുമെനിസ പ്രവാചകത്വവും, സർവ്വോപരി പ്രാർത്ഥനാജീവിതത്തിൽനിന്ന് ദൈവവരപ്രസാദവും ആർജ്ജിച്ചെടുത്ത നല്ലവനും വല്ലഭനുമാണ്.

ശാന്തഗംഭീരനായ ബസേലിയോസ് തിരുമേനി ആകൃതിയിലും പ്രകൃതിയിലും വലിയവനാണ്. പൗരോഹിത്യവും,

www.malankaralibrary.com

പ്രവാചകത്വവും, രാജകീയത്വവും ഒത്തിണങ്ങിയ വ്യക്തിത്വത്തിന്റെ ഉടമയാണ് തിരുമേനിയെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി തെല്ലുമില്ലെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. രാഷ്ട്രീയ, സാമൂഹ്യ, മതമേഖലകളിൽ നിരവധി നേതാക്കന്മാരെ കാണാറുണ്ടെങ്കിലും മററുള്ളവരെ നേതൃത്വത്തിലേക്ക് വളർത്തിക്കൊണ്ടു് വരുവാൻ അധികമാരും ശ്രമിച്ചതായി നമുക്കു കാണുവാൻ കഴിയുകയില്ല. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും ഭാരത ന്യൂമാൻ എന്നറിയപ്പെടുന്ന മാർ ഈവാനിയോസും ജീവിതകാലത്തു തന്നെ ഭാവി നേതൃത്വത്തെ സംഘടിപ്പിച്ചവരാണ്. മലങ്കര കത്തോലിക്കാസഭയിലെ ജനങ്ങൾക്കായി ഒരു അത്മായ സംഘടനയ്ക്കു് ബസേലിയോസ് തിരുമേനി രൂപം നൽകിയതിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ ദീർഘവീക്ഷണം പ്രകടമാകുന്നുണ്ട്. ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടാണ് മനസ്സിലാക്കേണ്ടത് എന്ന വേദവാക്യമനുസരിച്ച് ചിന്തിച്ചാൽ പ്രവർത്തനമേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച് മുന്നേറുന്ന തിരുമേനി സഭകളുടെ ഐക്യം സഫലീകൃതമാക്കിത്തീർക്കുമെന്ന് ഈ ലേഖകൻ ആശിക്കയാണ്. കൂടുതൽ രൂപതകളും, മലങ്കരസഭയുടെ പാരമ്പര്യമനുസരിച്ച് എപ്പിസ്കോപ്പാമാരും, കോർ എപ്പിസ്കോപ്പാമാരും, റമ്പാന്മാരും ഉണ്ടാകുന്നതിനും തദ്വാരാ പുനരൈക്യ പ്രസ്ഥാനം വളർന്നു് പന്തലിക്കുന്നതിനും തിരുമേനിയുടെ പ്രവർത്തനം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Ut Unum Sint (എല്ലാവരും ഒന്നാകേണ്ടതിന്) എന്ന മുദ്രാവാക്യം സഫലീകൃതമാക്കുന്നതിന് മലങ്കരസഭയുടെ വലിയ മെത്രാപ്പോലീത്തയായ അഭിനവ ആർച്ച്ബിഷപ്പ് തിരുമേനിക്കു് ഇടയാകത്തക്കവിധം എല്ലാവിധ ശക്തികളും സിദ്ധികളും ദൈവം പ്രദാനം ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

---

ഐക്യദീപം സ്ഥാനാരോഹണ പതിപ്പ്

www.malankaralibrary.com

# സാമൂഹ്യ പ്രതിബദ്ധതയുമായി പുതിയ അമരക്കാരൻ

—ഫാ. തോമസ് വട്ടപ്പറമ്പിൽ

അസാധാരണമായ സഭാസ്നേഹവും അപൂർവമായ ബുദ്ധി സാമർത്ഥ്യവും പാരമ്പര്യമായി ലഭിച്ച അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത ഈ നന്മകൾ വളർത്തിയെടുക്കാനും ഉപയോഗിക്കാനും എന്നും ദത്തശ്രദ്ധനായിരുന്നു.

സന്യാസാശ്രമത്തിലെ പരിശീലനത്തിലൂടെ നേടിയ ജീവിതലാളിത്യവും ചിട്ടയായ ജീവിതശൈലിയും അദ്ദേഹത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ അടിത്തറയായി.

പൂനാ പേപ്പൽ സെമിനാരിയിലെ വൈദികപഠന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ അപൂർവ സിദ്ധികൾ കൂടുതൽ തിളക്കമാർജിച്ചു. അധ്യാപകർക്കും വൈദിക വിദ്യാർത്ഥികൾക്കും ആദരണീയനും പ്രിയങ്കരനുമായിരുന്നു സിറിൽ മലഞ്ചരുവിൽ. റോമിലും അമേരിക്കയിലുമായി നടത്തിയ ഉപരിപഠനങ്ങൾ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളോടൊപ്പം പ്രവർത്തനമണ്ഡലവും വികസിപ്പിച്ചു. കാനൻ നിയമപരിഷ്ക്കരണസമിതിയിൽ അംഗമായി. ആലുവ പൊന്തിഫിക്കൽ സെമിനാരിയിലും വടവാതൂർ സെൻറ് തോമസ് സെമിനാരിയിലും പ്രൊഫസറായി. ബഥനി സന്യാസി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായതോടെ സന്യാസ സമൂഹങ്ങളുടെ സമിതിയായ സി. ആർ. ഐ. യുടെ നേതൃനിരയിലെത്തി. 1978-ൽ തിരുവല്ല രൂപത വിഭജിച്ച് ബത്തേരി രൂപതയ്ക്ക് രൂപം നൽകുകയും അതിന്റെ പ്രഥമ മെത്രാനായി നിയമിതനാവുകയും ചെയ്തതോടെ തന്റെ ശ്രദ്ധ മുഖ്യമായും വടക്കൻ കേരളത്തിലേക്ക തിരിഞ്ഞു.

www.malankaralibrary.com

കാര്യമായൊന്നും കൈമുതലില്ലാതെ കുടിയേറിയ കർഷകനെപ്പോലെ അരമനയോ മററു സംവിധാനങ്ങളോ ഇല്ലാതെ ദൈവവിശ്വാസവും ആത്മധൈര്യവും ദീർഘവീക്ഷണവും മാത്രം കൈമുതലാക്കി ബത്തേരിയിലെത്തിയ അദ്ദേഹം കഴിഞ്ഞ പതിനേഴ വർഷംകൊണ്ടു് ആരെയും അത്ഭുതപ്പെടുത്തുന്ന നേട്ടങ്ങളാണ് അവിടെ കൈവരിച്ചതു്. സാമൂഹ്യസേവനരംഗത്തെ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടിയിരിക്കുന്നു. മനുഷ്യരെല്ലാം സ്വർഗപിതാവിൻെറ സാദൃശ്യം പേറുന്ന മക്കളാണെന്നും അതുകൊണ്ടുതന്നെ കളങ്കസ്പർശമില്ലാത്തതും നീതിനിഷ്ഠവുമായ സമൂഹവും ആത്മാഭിമാനവും പരസ്പരാദരവും നിറഞ്ഞുനിൽക്കുന്ന വ്യക്തിബന്ധങ്ങളും ഉയർത്തിപ്പിടിക്കേണ്ട അടിസ്ഥാന മൂല്യങ്ങളാണെന്നും ക്രൈസ്തവ സാമൂഹ്യസേവനം രക്ഷാകര ദൗത്യത്തിൻെറ പിൻതുടർച്ച മാത്രമാണെന്നും വിശ്വസിക്കുന്ന സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത സഭയുടെ സാമൂഹ്യ ദൗത്യത്തെപ്പററി പലപ്പോഴും വാചാലനാകാറുണ്ടു്. മനുഷ്യനെ തൻെറ സംഘർഷങ്ങളിൽ നിന്നും തകർച്ചകളിൽനിന്നും മോചിപ്പിച്ച് നഷ്ടപ്പെട്ടുപോയ ഈശ്വരചൈതന്യവും സാമ്യവും വീണ്ടും നൽകുക എന്ന യേശുവിൻെറ ദൗത്യം തുടരുകയാണ് സഭയുടെ ഇന്നത്തെ നിയോഗം. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെപ്പററി വ്യക്തമായ കാഴ്ചപ്പാടും കൃത്യമായ പദ്ധതിയും അദ്ദേഹത്തിനുണ്ടു്.

---

(രാഷ്ട്രദീപിക സ്ഥാനാരോഹണ സപ്ലിമെൻറ്)

www.malankaralibrary.com

# പൗരസ്ത്യ സഭാപിതാവ്

—ഫാ. പി. ററി. തോമസ്

'സഭ' വിവിധ സാങ്കേതിക പദങ്ങളാൽ നിർവചിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഉദാ: എക്ലേസിയ, വിശ്വാസികളുടെ സമൂഹം, ദൈവജനം etc... ഈ നിർവചനങ്ങളും വിശകലനങ്ങളും സഭയുടെ സമ്പത്താണ്. യേശുമിശിഹാ സ്വശിഷ്യന്മാരോട് കല്പിച്ചു: "നിങ്ങൾ എന്നെ തെരഞ്ഞെടുത്തതല്ല; ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയും ഫലം പുറപ്പെടുവിക്കുവാൻ നിയോഗിക്കുകയും ചെയ്തതാണ്..." അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു, "രക്ഷിക്കപ്പെടുന്നവരെ കർത്താവ് അനുദിനം സഭയോടു ചേർത്തുവന്നു". നാം സാധാരണയായി നിർവചിക്കുന്നത്, സഭ മിശിഹായുടെ രഹസ്യാത്മക ശരീരം (Mystical body) എന്നത്രെ. പൗരസ്ത്യ സഭാവീക്ഷണമനുസരിച്ച് സഭ മനുഷ്യാവതാരത്തിൻെറ തുടർച്ചയാണ്. നമ്മുടെ സ്നേഹപിതാവായ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ സഭയെ സംബന്ധിച്ച ഈ പൗരസ്ത്യ സഭാദർശനം സത്യസന്ധമായി ഉയർത്തിക്കാണിക്കുന്നു. യഥാർത്ഥത്തിൽ ഈ സത്യത്തിൻെറ അപ്പസ്തോലനായി ഇദ്ദേഹം ഉയർന്നു നിൽക്കുകയാണ്. കൈസറിയായിലെ വലിയ മാർ ബസ്സേലിയോസിൻെറ ജീവിതവും പഠനങ്ങളും മാർ ബസ്സേലിയോസ് തിരുമേനിയെ ഹഠാദാകർഷിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടായിരിക്കണം., സഭയോടുകൂടെ സഭയ്ക്കു വേണ്ടി, സഭയുടെ മെത്രാപ്പോലീത്താ ആയിരിക്കുവാൻ തിരുമേനി തൻെറ മനസ്സിനെയും ആത്മാവിനെയും ഇത്രയേറെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇദ്ദേഹത്തിൻെറ മനസ്സും ആത്മാവും സദാ തിരുവചനത്താൽ ഉത്തേജിതവും പ്രകാശിതവുമാകുന്നു. പൊതുവായിപ്പറഞ്ഞാൽ ഇദ്ദേഹം സമാർജ്ജിച്ചിരിക്കുന്ന പൗരസ്ത്യ സഭാദർശനം പൗരസ്ത്യ സഭാപിതാക്കന്മാരെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള സത്യസന്ധമായ പഠനത്തിൻെറ അനിവാര്യ സിദ്ധിയായിരിക്കണം.

www.malankaralibrary.com

വലിയ മാർ ബസ്സേലിയോസ് സമകാലീന സഭയുടെ അന്നത്തെ വക്താവായിരുന്നു. സിറിൽ മാർ ബസ്സേലിയോസ് തിരുമേനി സാർവത്രികസഭയുടെയും സവിശേഷമായി മലങ്കര സഭയുടെയും വക്താവത്രേ. ഈ ലേഖകൻ എഴുതിയ "മലങ്കര സഭ" എന്ന പുസ്തകത്തിന്റെ അവതാരികയിൽ തിരുമേനി എഴുതി: "പുരാതനവും അപ്പോസ്തോലികവുമായ ഭാരതസഭ (മലങ്കരസഭ) നവചൈതന്യത്തോടെ മുന്നേറുന്നതിന് വിവിധ തലങ്ങളിൽ ശ്രമം നടക്കുന്നുണ്ട്. ദൈവദത്തവും ക്രൈസ്തവവുമായ അവളുടെ ധർമ്മം നിർവഹിക്കുന്നതിന് അവൾ ദൈവത്തിൽനിന്നുതന്നെ ശക്തി പ്രാപിക്കുകയും ദൈവത്തിന്റെ സന്നിധിയിൽത്തന്നെ വ്യാപരിക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. പിതാവായ ദൈവത്തിൽ ആരംഭിച്ചതും പുത്രനായ ദൈവത്തിൽ പ്രത്യക്ഷമാകുകയും പരിശുദ്ധാത്മാവായ ദൈവത്തിന്റെ ശക്തിയാൽ മനുഷ്യസമൂഹത്തിൽ പ്രവർത്തനനിരതമാകുകയും ചെയ്യുന്ന ഒരു രക്ഷാകര രഹസ്യമത്രെ സഭയെന്ന ക്രൈസ്തവസമൂഹം".

## മലങ്കര സഭാദർശനം

പൗരസ്ത്യ കാനോൻ നിയമത്തിന്റെ ഏററവും പുതിയ വ്യാഖ്യാനഗ്രന്ഥത്തിൽപ്പോലും ഭാരതസഭയെ കേവലം മാർ തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് വിളിച്ചിരിക്കുന്നതു്. ഭാരതസഭയായ മലങ്കരസഭ ഒരു വ്യക്തിഗതസഭതന്നെയാണെന്നും (Ecclesia sui Juris) (Autonomous) ഈ സഭ മാർത്തോമ്മാശ്ലീഹായാൽ ഇവിടെ സന്നിഹിതമാക്കപ്പെട്ടതാണെന്നും ബോധ്യപ്പെടുത്തുവാനും യുക്തിയുടെയും ചരിത്രത്തിന്റെയും പിൻബലത്തോടെ സ്ഥാപിക്കുവാനും തിരുമേനി വ്യഗ്രതയോടെ പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മലങ്കര സഭയെക്കുറിച്ചുള്ള ഈ വീക്ഷണം നൂതനമായ കണ്ടെത്തലല്ല. ചരിത്രത്തിന്റെ ഏടുകളിൽ ബോധപൂർവ്വം മറക്കപ്പെട്ടതിനെ കെട്ടുപൊട്ടിച്ച് പ്രദർശിപ്പിക്കുന്നതാണ്. പൗരാണികസഭ യറുശലേമിൽ രൂപംകൊണ്ട കാലത്തിനടുത്തു തന്നെ മാർ തോമ്മാശ്ലീഹാ ക്രിസ്ത്വാബ്ദം 52_ൽ ഈ സഭയെ ഇവിടെ നട്ടതാണ്. റോമിൽ സഭ സ്ഥാപിതമാകുന്നതിന്

www.malankaralibrary.com

വളരെമുമ്പുതന്നെ ഈ സഭ ഇവിടെ സംസ്ഥാപിതമായി എന്ന യാഥാർത്ഥ്യം അവഗണിച്ചുകൂടാ. ക്രിസ്തീയ സഭാരംഭത്തിൽ തന്നെ നമ്മുടെ പൂർവ്വികർ ക്രിസ്ത്യാനികളായി എന്നത് ഒരു മഹാഭാഗ്യമായിട്ടാണ് തിരുമേനി ലഭ്യമാകുന്ന വേദികളിലെല്ലാം പ്രഘോഷിക്കുന്നത്.

ഇദ്ദേഹത്തിൻെറ "സീറോ മലങ്കരസഭ" എന്ന ഗ്രന്ഥം വിഖ്യാതമാണു്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ നിന്നും കാനോൻ നിയമത്തിൽ പ്രശംസനീയമായി ഡോക്ടറേററു നേടുവാൻ ജഡ്ജിമാരുടെ മുമ്പിൽ ഈ ഗ്രന്ഥമാണ് അദ്ദേഹം സമർപ്പിച്ചതു്. മലങ്കര സഭയെക്കുറിച്ചു ലഭ്യമായിരിക്കുന്ന പണ്ഡിതോചിതവും ആധികാരികവുമായ ഗ്രന്ഥമത്രെ "സീറോ മലങ്കരസഭ". ഈ വിഷയം തെരഞ്ഞെടുത്തതിലൂടെ വെളിവാകുന്നതു്, ഭാരത സഭയുടെ നിഗൂഢ ഭണ്ഡാരം തുറന്നുകാണിക്കുവാനുള്ള തിരുമേനിയുടെ അടങ്ങാത്ത അഭിനിവേശമത്രെ. ഏതു സ്ഥലത്തും ഏതവസരത്തിലും 'മലങ്കരസഭ'യെ ഉയർത്തിക്കാണിക്കാൻ ലഭ്യമാകുന്ന ഒരവസരവും തിരുമേനി പാഴാക്കാറില്ല.

## സഭാവക്താവ്

കത്തോലിക്കാസഭ വിവിധ വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ്. അന്ത്യോക്യായിലെ മാർ ഇഗ്നാത്തിയോസാണ് സഭയെ 'കത്തോലിക്കാസഭ' എന്നു നിർവചിച്ചതു്; പില്ക്കാലത്തു് വത്തിക്കാൻ സുന്നഹദോസിലൂടെ പ്രകാശിതമായ ഈ പൂർവ്വീക വീക്ഷണം മാർ ബസ്സേലിയോസ് തിരുമേനി ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിൻെറ (C.B.C.I.) വിവിധ വേദികളിലും പ്രാദേശികവും അന്തർദേശീയവുമായ വിവിധ വേദികളിലും സകാരണം സാഭിമാനം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. രണ്ടാം വത്തിക്കാൻ സുന്നഹദോസുവരെ, പാശ്ചാത്യ കത്തോലിക്കാസഭ, മദ്ധ്യകാലത്തു രൂപംകൊണ്ടതും പൗരാണിക ദർശനത്തിനു് അന്യവുമായ സഭാദർശനവും നിർവചനവുമാണ് 'കത്തോലിക്കാസഭ'യ്ക്കു നൽകിയിരുന്നതു്. സഭാദർശനത്തിനും യഥാർത്ഥ പാരമ്പര്യത്തിനും അന്യമായ ഏതാദൃശ ചിന്താധാര സഭയുടെ മഹത്വത്തെ മലിനപ്പെടുത്തുന്നതിനാൽ തിരുമേനി

www.malankaralibrary.com

അതിനെതിരായി ശക്തമായ പ്രതിരോധനിര കെട്ടിപ്പടുക്കുന്നതിൽ അതീവ ശ്രദ്ധാലുവായി നിലകൊള്ളുന്നു. അതിനാൽ സംശയലേശമെന്യേ ആർക്കും പറയാം, മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാസഭയുടെ വക്താവും പൗരസ്ത്യ സഭാ പാരമ്പര്യത്തിന്റെ സംരക്ഷകനുമാകുന്നു എന്നു്.

## എക്യുമെനിസം

തിരുമേനിക്കു് ഏററം താല്പര്യമുള്ള മേഖലയാണ് സഭൈക്യം (എക്യുമെനിസം). ഈ ശുശ്രൂഷയിൽ തിരുമേനി ഉൾപ്പെട്ടുകൊണ്ടിരിക്കുകയാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയും മലങ്കര യാക്കോബായ സുറിയാനിസഭയും കത്തോലിക്കാസഭയും തമ്മിലുള്ള സഭൈക്യ സംവാദത്തിനായി മോറാൻ മാർ ജോൺ പോൾ രണ്ടാമൻ പാപ്പ നിയമിച്ച അന്തർദേശീയ കമ്മീഷനിൽ തിരുമേനിയും നിയമിതനാണ്. ഔദ്യോഗികമായി സംവിധാനം ചെയ്തിരിക്കുന്ന ഈ സംവാദം കൂടാതെ വ്യക്തിപരമായി മററുള്ളവരുമായും തിരുമേനി ആശയ സംവാദം നടത്തുന്നുണ്ട്. വ്യക്തിപരമായ ശ്രദ്ധയോടെ ഹിന്ദുക്കളുമായും മുസ്ലീമുകളുമായും മതസംവാദം തിരുമേനി തുടർന്നു വരുന്നു. കത്തോലിക്കരും ഓർത്തോഡോക്സുകാരും ഇതര സഭകളിൽപ്പെട്ടവരുമായ മേലദ്ധ്യക്ഷന്മാരുമായും സമുദായ നേതാക്കളുമായും തിരുമേനി സ്നേഹോഷ്മളമായ ഉററ സമ്പർക്കം പുലർത്തിവരുന്നു. തിരുമേനിയുമായി ഒരു പ്രാവശ്യമെങ്കിലും ബന്ധപ്പെടുന്ന ഏവർക്കും ഇദ്ദേഹത്തിന്റെ സഭാദർശനത്തിലും സഭൈക്യാഭിലാഷത്തിലും ആദരണീയമായ മതിപ്പുളവാകുന്നുണ്ട്. വർഷങ്ങളായി തിരുമേനിയോടൊന്നിച്ച് വിവിധ തലങ്ങളിൽ പ്രവർത്തിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു എളിയ വൈദികനെന്ന നിലയിൽ സാഭിമാനം ഉറപ്പിച്ചു പറയാൻ കഴിയുന്നു; സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ സമർപ്പിതനായ ഒരു മേൽപ്പട്ടസ്ഥാനശുശ്രൂഷയും സഭയോടൊന്നിച്ചു ചിന്തിക്കുകയും സഭയോടൊത്തു ജീവിക്കുകയും ചെയ്യുന്ന പണ്ഡിതനായ പൗരസ്ത്യ ദൈവശാസ്ത്രജ്ഞനുമാണ്.

---

ഐക്യദീപം സ്ഥാനാരോഹണ പതിപ്പ്

www.malankaralibrary.com

# പ്രബോധകനായ മാർ ബസേലിയോസ്

—ഫാ. വർക്കി ആററുപുറത്ത്

അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ ഭരണസാരഥ്യം ഏറെറടുക്കമ്പോഠം, അതിരൂപതയിലെ വിദ്യഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അത് ഒരു സുവർണ കാലഘട്ടത്തിൻെറ ഉദയമായി കാണേണ്ടിയിരിക്കുന്നു. വിശ്രുത ദൈവശാസ്ത്രജ്ഞനായ മാർ ബസേലിയോസിൻേറത് ഒരു അധ്യാപക കുടുംബമാണ്. അദ്ദേഹത്തിൻെറ പിതാവ് പ്രഗത്ഭനായ ഒരു അധ്യാപകനായിരുന്നു. തിരുമേനിയുടെ സഹോദരങ്ങളിൽ പലരും അധ്യാപകരായിട്ടുണ്ട്. ദീർഘകാലം അധ്യാപക വൃത്തിയിൽ പ്രശസ്തമായി സേവനമനുഷ്ഠിച്ച വ്യക്തിയാണ് തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പായും മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനായും സ്ഥാനമേല്ക്കുന്നത്. കോട്ടയം പൗരസ്ത്യ വിദ്യാപീഠം, ആലുവാ സെൻറ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, തുടങ്ങിയ ഉന്നത കലാലയങ്ങളിൽ പ്രശസ്തമായി പഠിപ്പിച്ച് സഹാദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും ആദരവും ബഹുമാനവും പിടിച്ചെടുത്ത ഒരു അധ്യാപകൻ അതിരൂപതയുടെ ഭരണം ഏറെറടുക്കമ്പോഠം, അതിരൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങഠംക്കുണ്ടാകാവുന്ന പുരോഗതി അനല്പമാണ്.

അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ബത്തേരി രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങഠംക്കുണ്ടായ അഭിവൃദ്ധി അതിശയകരമാണ്. അദ്ദേഹം ബത്തേരി രൂപതയുടെ പ്രഥമ സാരഥിയായി നിയമിതനാകുമ്പോഠം വെറും രണ്ട് യു. പി. സ്കൂളുകഠം മാത്രമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളായി രൂപതയ്ക്കുണ്ടായിരുന്നത്. എന്നാൽ ഒന്നര ദശാബ്ദങ്ങഠംക്കു ശേഷം ഇന്നു തിരുമേനി രൂപത വിടുമ്പോഠം രൂപതയ്ക്ക് അഞ്ചു ഹൈസ്കൂളുകഠം ഉഠംപ്പെടെ 29 സ്കൂളുകളും രണ്ട് ഐ. ടി. സി. കളും പ്രശസ്തമായ ഒരു കോളജും ഉണ്ട്. ഇവയെല്ലാം തിരുമേനിയുടെ പാണ്ഡിത്യത്തിൻെറയും ദീർഘവീക്ഷണത്തിൻെറയും

www.malankaralibrary.com

അവസരോചിതവും ബുദ്ധിപൂർവവുമായ നടപടികളുടെയും വിദ്യാഭ്യാസ രംഗത്തുള്ള താല്പര്യത്തിന്റെയും ഫലങ്ങളാണ്.

ഇന്ന് തിരുവനന്തപുരം അതിരൂപതയ്ക്ക് പ്രശസ്തമായ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവയെല്ലാം വളർത്തുന്നതിനും പുതിയ ധാരാളം വിദ്യാഭ്യാസ സംരംഭങ്ങൾക്ക് ആരംഭം കുറിക്കുന്നതിനും പിതാവിന്റെ ആ രംഗത്തുള്ള അറിവും അഭിരുചിയും സഹായിക്കുമെന്നതിൽ സംശയമില്ല. വിദ്യാഭ്യാസ രംഗത്ത് മികച്ച സംഭാവനകൾ നല്കിയ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്മരണയ്ക്കായി സമാരംഭിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനം ബസേലിയോസ് തിരുമേനി എത്രയും വേഗം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുമെന്നു കരുതേണ്ടിയിരിക്കുന്നു.

അതിരൂപതയ്ക്ക് ഇനിയും ധാരാളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യവും ഉണ്ടാകേണ്ടിയിരിക്കുന്നു. എം. എഡ്. കോളജിന്റെയും പോളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെയുമൊക്കെ കുറവുകൾ ഇന്ന് അതിരൂപതയ്ക്കുണ്ട്. സമൂഹത്തിന്റെ മുഴുവൻ വിദ്യാഭ്യാസാവശ്യം നിറവേറ്റുന്നതിനും അവർക്ക് ജോലി സാധ്യതകൾ ഉണ്ടാക്കുന്നതിനും സഹായകമായ ധാരാളം വിദ്യാഭ്യാസ സംരംഭങ്ങൾക്ക് അഭിവന്ദ്യ തിരുമേനി രൂപം നൽകുമെന്നു പ്രതീക്ഷിക്കാം.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ ഇന്ന് തിരുവനന്തപുരം അതിരൂപത ചെയ്യുന്ന സേവനം വളരെ ബൃഹത്താണ്. അതിരൂപതയ്ക്ക് ഇന്നു നാലു കോളജുകളും രണ്ടു ടി.ടി.സി. കളും ധാരാളം സ്കൂളുകളും മററു പലവിധ പരിശീലന കേന്ദ്രങ്ങളും ഉണ്ട്.

ഇവയെല്ലാം അതിരൂപതയുടെ വളർച്ചയിലും പലവിധത്തിൽ സഹായിച്ചിട്ടുള്ള കാര്യവും വിസ്മരിക്കാനാവില്ല.

സമർത്ഥനായ ഒരു വിദ്യാഭ്യാസ വിചക്ഷണനായ ബസേലിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ കേന്ദ്രങ്ങളെല്ലാം കൂടുതൽ പുരോഗതി പ്രാപിക്കുമെന്നതിൽ തർക്കമില്ല.

www.malankaralibrary.com

# സഭാദർശനങ്ങൾ

www.malankaralibrary.com

# ഒരു ദർശനത്തിനു കൊതിക്കുന്ന മലങ്കരസഭ

—റവ. ഡോ. ഏബ്രഹാം കാക്കനാടട്

മഹാപുരോഹിതനായ ഏലിയുടെ കാലത്ത് ''അരുളപ്പാടുകൾ ചുരുക്കമായിട്ടേ ലഭിച്ചിരുന്നുള്ളു. ദർശനങ്ങൾ വിരളമായിരുന്നു'' (1സാമു. 3:1). ദർശനമില്ലാത്തപ്പോൾ സമൂഹത്തിന് ലക്ഷ്യബോധം നഷ്ടപ്പെടുന്നു; അതിന്റെ ഊർജ്ജവും ചേതനയും ചോർന്നുപോകുന്നു, അതിന് വളർച്ചയോ ഓജസ്സോ ഉണ്ടായിരിക്കുകയില്ല.

ആദ്യസ്നേഹം നഷ്ടീഭവിച്ച, തീക്ഷ്ണത മന്ദീഭവിച്ച, മതപീഠനം മൂലം പ്രത്യാശയ്ക്ക് ഭംഗംവന്ന ഏഷ്യയിലെ ഏഴ് സഭകൾക്ക് അർത്ഥവും പ്രസക്തിയും ലക്ഷ്യബോധവും പ്രത്യാശയും നൽകിയത് പാത്മോസ് ദ്വീപിൽ വച്ച് യോഹന്നാന് കിട്ടിയ ദർശനമാണ്. കർത്താവിന്റെ ദിവസത്തിൽ ആത്മാവിൽ (ആരാധനയിൽ) ലയിച്ചിരിക്കെയാണ് ഈ ദർശനം ലഭിച്ചത് (വെളി. 1:10). പ്രാദേശികസഭകളെ സ്നേഹിക്കുകയും അവയ്ക്കുള്ളിൽ നിരന്തരം പ്രവർത്തനനിരതനായിരിക്കുകയും ചെയ്യുന്ന ഉത്ഥിതനായ മനുഷ്യപുത്രന്റെ ദർശനമായിരുന്നു പ്രസ്തുത സഭകളെ പുതുജീവനിലേക്ക് നയിച്ച ചാലകശക്തി.

നാം ഇവിടെ വിവക്ഷിക്കുന്ന ദർശനം സാമൂഹ്യമോ സാമ്പത്തികമോ ആയ ദർശനമല്ല, മനുഷ്യന്റെ സ്വാതന്ത്ര്യത്തെ പ്രീണിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ദർശനവുമല്ല. ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു'' (മത്താ. 16:16) എന്ന ശിമയോൻ കേപ്പായുടെ വിശ്വാസ പ്രഖ്യാപനത്തെ പിൻപററി, ക്രിസ്തുവിനെ മരണംവരെ സാക്ഷ്യപ്പെടുത്തുവാനുള്ള ദൃഢപ്രതിജ്ഞയോടെ, ഉത്തരവാദിത്വബോധത്തോടെ, ദൈവസന്നിധിയിൽ ആലോചന ചോദിക്കുമ്പോൾ കിട്ടുന്ന ദർശനമാണ്.

www.malankaralibrary.com

ഏഷ്യാമൈനറിലെ സഭകളെപ്പോലെ നമ്മുടെ പ്രത്യേക സഭയ്ക്കും അതിന്റെ ജീവൻ നിലനിർത്താനും വളരാനും ഒരു ''ദർശനം'' അനിവാര്യമായിരിക്കുന്ന സന്ദർഭത്തിലാണ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത, തിരുവനന്തപുരം, അതിരൂപതയുടെ ആർച്ചുബിഷപ്പും, മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തായുമായി ഭരണഭാരം ഏല്ക്കുന്നത്. സഭയെ സ്നേഹിക്കുകയും അതിന്റെ നല്ല ഭാവി സ്വപ്നം കാണുകയും ചെയ്യുന്ന എല്ലാവർക്കും അദ്ദേഹത്തിന്റെ നിയമനവാർത്ത മനസ്സിന് കുളിർമ്മയേകി. അഭിവന്ദ്യ പിതാവ് സഭാ നേതൃത്വത്തിലേക്ക് വരുന്നതു് ദൈവവും, പ. റോമാ മാർപ്പാപ്പയും മലങ്കര കത്തോലിക്കാ സഭയെ വളർത്താനാഗ്രഹിക്കുന്നു എന്നതിന്റെ പ്രത്യക്ഷലക്ഷണമാണ്.

മലങ്കരസഭയുടെ ജീവിതത്തിലെ ഈ പുതിയ അദ്ധ്യായത്തിലേക്ക് കടക്കുമ്പോൾ, നമ്മുടെ മൂല്യശ്രേണിയിൽ പ്രാമുഖ്യം നൽകേണ്ട ഏതാനും വിഷയങ്ങൾ ചുരുക്കമായി പ്രതിപാദിക്കട്ടെ.

### 1) മലങ്കര കത്തോലിക്കാസഭയുടെ വിളിയും ആത്മബോധവും

സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ ഒരു അപ്പസ്തോലിക സഭയെന്ന നിലയിൽ പാരമ്പര്യവും, ഇതരസഭകളോട് സ്ഥാനമഹിമയിൽ തുല്യതയും, സർവ്വലോകത്തിനും വേണ്ടിയുള്ള യേശുവിന്റെ രക്ഷാദൗത്യത്തിൽ പങ്കാളിത്തവുമുള്ള ഒരു പ്രത്യേക സഭയായി മലങ്കര കത്തോലിക്കാസഭ വീക്ഷിക്കപ്പെടണമെന്നും എങ്കിൽ മാത്രമേ പുതിയ തലമുറകൾ അഭിമാനത്തോടും ദൗത്യബോധത്തോടും കൂടി വളർന്നുവരുകയുള്ളു എന്നതും ബസേലിയോസ് മെത്രാപ്പോലീത്തായുടെ ആഴമായ ബോധ്യമാണ്. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഭാരത സഭയുടെ അനേകം വേദികളിൽ മുഴങ്ങിക്കേട്ട ശക്തവും വ്യക്തവുമായ സ്വരം ഭാരത സഭാചരിത്രത്തിലെ മാററത്തിന്റെ ശംഖൊലിയായിരുന്നു. മലബാർ സഭയ്ക്കും മലങ്കര സഭയ്ക്കും അവയുടെ അധികാരസീമ ബാഹ്യകേരളമിഷനുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള സാദ്ധ്യത തെളിഞ്ഞതു് അങ്ങനെയാണ്.

www.malankaralibrary.com

വ്യക്തികളുടെയും പ്രത്യേകസഭാവിഭാഗങ്ങളുടെയും പുന രൈക്യം ഇന്നു് സഭയ്ക്കുള്ളിലും പുറത്തും ചോദ്യംചെയ്യപ്പെടുന്ന സമയമാണു്. സഭാവിജ്ഞാനീയത്തിൽനിന്നു് ഉതിരാത്ത 'എക്യുമെനിസം' അപകടകാരിയാണു്. സഭൈക്യരംഗത്തു് കഴിഞ്ഞ 65 വർഷമായി മലങ്കര കത്തോലിക്കാസഭ നൽകി വരുന്ന ദർശനത്തിനും അനുഭവസമ്പത്തിനും അന്തർദേശീയ വേദികളിൽ വേണ്ടത്ര പ്രകാശനം കിട്ടിയിട്ടില്ല.

പുതിയ മെത്രാപ്പോലീത്തായ്ക്കു് പാലിയം നൽകപ്പെടും. അതു റോമാസിംഹാസനത്തോടും അതുവഴി സാർവ്വത്രിക സഭ യോടുമുള്ള നമ്മുടെ ബന്ധത്തിന്റെയും ഉത്തരവാദിത്വത്തി ന്റെയും ''കെട്ടുചരടു്'' ആണു്. റോമൻ കൂരിയാകളുടെ തന്നെ ചില എക്യുമെനിക്കൽ വീക്ഷണങ്ങളെ അനുഭവസമ്പത്തിൽ നിന്നു് തിരുത്തുവാനുള്ള അവകാശവും കടമയും നമുക്കുണ്ടു്.

## 2) പുതിയൊരു മിഷൻ ദർശനം

നാം എന്തിനു് ജീവിക്കണം, പ്രവർത്തിക്കണം, സഹി ക്കണം, മരിക്കണം എന്നതിനെ സംബന്ധിച്ച് നമുക്കു് വ്യക്ത മായ കാഴ്ചപ്പാടു് വേണം. അല്ലെങ്കിൽ നാം കാട്ടിക്കൂട്ടുന്ന തെല്ലാം ജലരേഖയാകും.

ആത്മാക്കളുടെ രക്ഷയ്ക്കും, ക്രിസ്ത്യാനികളാകുന്നവരുടെ മാനു ഷികവും സാംസ്ക്കാരികവുമായ ഉന്നമനത്തിനും വേണ്ടി യാണല്ലൊ നാം മിഷനുകൾ ആരംഭിക്കുന്നതു്. വേണ്ടത്ര ശ്രദ്ധയും പരിചരണവും കിട്ടാതെ നമ്മുടെ പല മിഷനുകളും ശുഷ്ക്കമായി. സ്ഥിതിവിവരക്കണക്കിനു വേണ്ടി മാത്രം നിലനിർത്തുന്ന മിഷനുകൾ ധാരാളം. ''പൂജവയ്പും–സ്വാമി'' വിസിററിംഗ് പ്രൊഫസറെപ്പോലെയോ, ഗസ്ററ് ആർട്ടി സ്റ്റിനെപ്പോലെയോ വന്നു പോയാൽ എങ്ങനെ വിശ്വാസം സ്ഥിരപ്പെടും. മക്കളെ ജനിപ്പിച്ചിട്ടു് വളർത്താൻ വേലക്കാരെ ഏല്പിക്കുന്നതുപോലെ മലങ്കര സഭയോടു് കൂറില്ലാത്തവരെ മിഷൻ ഏല്പിച്ചാൽ അവിടെ, എങ്ങനെ സഭാപരമായ വളർച്ച യുണ്ടാകും. ആറു ദശകം മുമ്പു് ക്രിസ്ത്യാനികളായവരുടെ മക്കൾക്കു് പഠിക്കാൻ സ്കൂളും കോളേജും, സാങ്കേതികപരി ശീലന കേന്ദ്രങ്ങളുമൊക്കെയില്ലെങ്കിൽ അവർക്കു് എങ്ങനെ

www.malankaralibrary.com

സാംസ്കാരികോന്നമനം ഉണ്ടാകും ? സാധാരണവിദ്യാഭ്യാസ ത്തോടൊപ്പം വയോജന മതാദ്ധ്യാപനവും (Adult Catechism) ഇന്നിന്റെ ആവശ്യമാണ്.

## 3) വിഭജനം: വളർച്ചയുടെ നിയമം

സസ്യലോകത്തും ജന്തുലോകത്തും വളർച്ച നടക്കുന്നതു് കോശവിശ്ലേഷണത്തിലൂടെയാണ്. സഭയുടെ കാര്യത്തിലും ഇതു വാസ്തവമാണ്. മതമൗലികതയും "മണ്ണിന്റെ മക്കൾ" വാദവും ഇത്രയും മൂർഛരിക്കാതിരുന്ന മുൻകാലങ്ങളിൽ തമിഴ് ഭാഷ സംസാരിക്കുന്ന നാടാർ സമുദായത്തിനു് ഒരു ഭ്രൂപത യുണ്ടായിരുന്നെങ്കിൽ ആ വിഭാഗത്തിന്റെ വളർച്ച എത്ര വദ്ധ മാനമായിരുന്നേനേ. ബത്തേരിഭ്രൂപതയുടെ വിഭജനത്തിലൂടെ ആ ഭാഗത്തുണ്ടായ വളർച്ച പ്രതീക്ഷസ്സുതീതമായിരിക്കുന്നു.

ഒരു വ്യക്തി എത്ര ഉന്നതനാണെങ്കിലും അയാളുടെ വ്യക്തിപരമായ അഭിപ്രായം സഭയുടെ മൊത്തമായ ബോദ്ധ്യ ത്തിനു് അതീതമായിരിക്കരുതു്. സഭയുടെ പൊതുവായ സ്വരം ദൈവസ്വരമായി കേൾക്കണമെന്നു് ബൈബിൾ പഠി പ്പിക്കുന്നു. ദൈവം സാമുവേലിനോടരുളിച്ചെയ്തു: "ജനം പറ യുന്നതു് കേൾക്കുക... അവരുടെ വാക്കനുസരിച്ചു് അവർക്കു് ഒരു രാജാവിനെ വാഴിച്ചു കൊടുക്കുക (1 സാമു. 8:7-2).

ജോലിക്കും സ്ഥിരതാമസത്തിനുമായി ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലേക്കും, ഗൾഫ് രാജ്യങ്ങൾ, അമേരി ക്കൻ ഐക്യനാടുകൾ, ക്യാനഡാ എന്നിവിടങ്ങളിലേക്കും കുടി യേറിപ്പാർത്തിരിക്കുന്ന മലങ്കര സഭാമക്കൾക്കു് സഭാമാതാ വിന്റെ സാമീപ്യവും ശുശ്രൂഷയും ഏററവും ആവശ്യമാണ്. കുടിയേറുന്നവർ അധികവും ചെറുപ്പക്കാരായതുകൊണ്ടു് സഭ യുടെ മാർഗ്ഗദർശനം അനിവാര്യമായിരിക്കുന്നു.

## 4) തുറവിയുള്ള സമൂഹം

സ്വയം വിമർശനത്തിനും, വിലയിരുത്തലിനും തയ്യാറാ കാത്ത ഏതു സമൂഹവും കാലക്രമത്തിൽ നശിക്കും. "തിരു വാക്കു് എതിർവായില്ല" എന്നതു് രാജവാഴ്ചയുടെ കൊള്ളരു താത്ത ബാക്കിപത്രമാണ്.

www.malankaralibrary.com

സഭാതലവനായ പത്രോസ് തെററുപറഞ്ഞപ്പോൾ ശ്ലൈഹികസമൂഹത്തിൽ 'അകാലപ്രജ'യെപ്പോലെ വന്നുകയറിയ പൗലോസ് തിരുത്തിക്കൊടുത്തു. "എന്നാൽ കേപ്പാ അന്ത്യോക്യായിൽ വന്നപ്പോൾ അവനിൽ കുററം കണ്ടതുകൊണ്ട് ഞാൻ അവനെ മുഖത്തു നോക്കി എതിർത്തു." (ഗലാ. 2:11). 'കേപ്പാ' എന്ന പദം കൊണ്ട് കർത്താവ് ശിമയോനു കൊടുത്ത അധികാരത്തെ മാനിക്കുന്നതായും, "നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്ന യാക്കോബും കേപ്പായും യോഹന്നാനും... തങ്ങളുടെ കൂട്ടായ്മയുടെ വലതുകരം എനിക്കും ബാർണബാസിനും നീട്ടിത്തന്നു" (ഗലാ. 2:9) എന്നു പറയുന്നതു വഴി സഭയുടെ പുറത്തുനിന്നുകൊണ്ടല്ല, സഭയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് പൗലോസ് വിമർശനത്തിനു തയ്യാറായതെന്നും ഗ്രഹിക്കണം. സൃഷ്ടിപരമായ വിമർശനം മൂലം സഭാനേതൃത്വത്തെ തിരുത്തുന്നതു് സ്വാഗതാർഹമാണെന്ന നില വന്നാലെ നമ്മുടെ സമൂഹം പുരോഗമിക്കൂ.

സഭാനേതൃത്വത്തിൽ നിന്ന് ദൈവജനം സുതാര്യത (Transparency) പ്രതീക്ഷിക്കുന്നു. സാമ്പത്തികരംഗത്തെ നമ്മുടെ ഉത്തരവാദിത്വം (accountability) പ്രഥമവും പ്രധാനവുമായിട്ട് നമ്മുടെ ജനത്തോടായിരിക്കണം. നമ്മുടെ സ്ഥാപനങ്ങളും സ്വത്തുക്കളും എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നുവെന്നറിയാൻ നമ്മുടെ ജനത്തിന് അവകാശമുണ്ട്.

സഭയുടെ പൊതുവായ നയരൂപീകരണത്തിൽ വിദ്യാസമ്പന്നരായ നമ്മുടെ അല്മായർക്കും ശരിയായ പങ്കാളിത്തം നൽകണം. സഭാകാര്യങ്ങൾ എന്തിന് ഒളിച്ചും പാത്തും നടത്തണം ? നയതന്ത്രജ്ഞതയല്ല, സത്യസന്ധതയാണ് സഭയുടെ ജീവിതശൈലി: "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു് ദുഷ്ടനിൽനിന്നു വരുന്നു" (മത്താ. 5:37) സ്ത്രീകൾ അവരുടെ ദൈവദത്തമായ മഹിമയെയും അവകാശങ്ങളെയും കുറിച്ച് ഏററം ബോധവതികളായിരിക്കുന്ന ഈ യുഗത്തിൽ സ്ത്രീകൾക്കും നമ്മുടെ സഭാവേദികളിൽ അർഹമായ പ്രാതിനിധ്യം നൽകേണ്ടതാണ്.

അങ്ങനെ സഭയുടെ പ്രവർത്തനലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സഭയിലെ എല്ലാ ഗണം ആൾക്കാർക്കും സുതാര്യമാകുന്ന ഒരു

www.malankaralibrary.com

അവസ്ഥ സൃഷ്ടിക്കണം. അതു് മുടിമുതൽ അടിവരെ അരിച്ചിറങ്ങേണ്ട സംഗതിയാണ്.

## 6) വൈദിക പരിശീലനവും ശിക്ഷണക്രമവും

മലങ്കരസഭയുടെ അനന്യതയ്ക്കും അതിന്റെ അരൂപിക്ക് അനുരൂപമായ പരിശീലനത്തിനും വേണ്ടിയാണ് മലങ്കര മേജർ സെമിനാരി വിഭാവനം ചെയ്തതു്. ദൈവശാസ്ത്രത്തിലാണ് നമുക്ക് സ്വന്തമായതു് പകർന്നുകൊടുക്കുവാൻ സാധിക്കുക. എന്നാൽ ഇന്നു് അവിടത്തെ ദൈവശാസ്ത്ര പാഠ്യപദ്ധതി ഒരു വിദേശീയ യൂണിവേഴ്സിറ്റിയുടെ ദൈവശാസ്ത്ര കോഴ്സിന്റെ കാർബൺ കോപ്പിയാണെന്നു പറയപ്പെടുന്നു. പൗരസ്ത്യ ദൈവശാസ്ത്രവും പാശ്ചാത്യ ദൈവശാസ്ത്രവും തമ്മിൽ ഒരു വ്യത്യാസവുമില്ലെങ്കിൽ എന്തിനു് കോടികൾ ചെലവാക്കി കെട്ടിടം പണിയുന്നു? ദൈവശാസ്ത്രകോഴ്സ് തുടങ്ങിയിട്ട് നാലു വർഷമായെങ്കിലും ദൈവശാസ്ത്രപരമായ ഒരു പ്രസിദ്ധീകരണംപോലും അവിടെ നിന്നിറങ്ങിയതായി അറിവില്ല. ഇത്തരം കുറവുകൾ അടിയന്തിര ശ്രദ്ധ കൊടുത്തു് പരിഹരിക്കാൻ ശ്രമിക്കണം.

മലങ്കര വൈദികരുടെയിടയിലെ ഐക്യത്തിനും മിഷൻ തീക്ഷ്ണതയ്ക്കും മങ്ങലേററിട്ടുണ്ട്. വൈദികരെയും അവരുടെ ന്യായമായ അഭിപ്രായങ്ങളെയും മാനിക്കുന്നു, ശ്രദ്ധിക്കപ്പെടുന്നു എന്ന തോന്നലുണ്ടാകാതെ അവരുടെ സഹകരണം ലഭിക്കില്ല. സഭയുടെ അന്തർധാരയിൽ ഒരുപക്ഷേ അകന്നുപോയ സന്യാസ സന്യാസിനികളെയും സഭയുടെ മൊത്തമായ ദൗത്യത്തിലേയ്ക്ക് കൂടുതൽ അടുപ്പിക്കേണ്ടിയിരിക്കുന്നു.

## 7) രൂപതകളേക്കാൾ വലുതു് സഭ

രൂപതകൾ വളരുമ്പോഴാണ് സഭ വളരുന്നതെങ്കിലും, പലപ്പോഴും "I cannot see the woods for a wood" (കണ്ണിനു നേരെ നിൽക്കുന്ന ഒരു മരം കാരണം ഒരു വനം കാണാൻ സാധിക്കാത്ത അവസ്ഥ) പോലെയാണ്. രൂപതയിലെ കൊച്ചു പ്രശ്നങ്ങൾ കാരണം സഭയിലെ വലിയ കാര്യങ്ങൾ ശ്രദ്ധിക്കാൻ സമയമോ സാവകാശമോ ഇല്ലാത്ത അവസ്ഥ സഭയായിട്ടു് ഒന്നായി വളരുവാൻ ആഗ്രഹിക്കുന്നവർക്ക് ആശാസ്യമല്ല.

www.malankaralibrary.com

മലങ്കര കത്തോലിക്കാസഭയ്ക്ക് ഒരു സഭാകേന്ദ്രവും അവിടെ പൂർണ്ണസമയം പ്രവർത്തിക്കുന്ന ഒരു സെക്രട്ടറിയേററും ആവശ്യമാണ്. സഭയെ മൊത്തമായി ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെയും ഉടനടി കൈകാര്യം ചെയ്യാനുള്ള അറിവും പ്രാപ്തിയും സഹകാരികൾക്കും ഉണ്ടാകണം. സഭയ്ക്ക് ഒരു സിനഡൽ ഘടന വരുന്നതോടെ, സഭയുടെ ഐക്യബോധം കൂടുതൽ വളർന്നുവരുമെന്ന് പ്രത്യാശിക്കാം.

സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണത്തിൻെറ അവസരത്തിൽ, പിതാവിനു് അടുത്ത സഹസ്രാബ്ദത്തിലേയ്ക്ക് മലങ്കര സഭയെ കൈപിടിച്ച് നടത്തുവാനുള്ള ആരോഗ്യവും ആത്മനിറവും ഇടയന്മാർക്കടയവനായ മിശിഹാതമ്പുരാൻ തരുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

"സഭ മേൽ രക്ഷകാ കൃപചെയ്ക
യോജിപ്പേകുക വൈദികരിൽ
സത്യമതാം വിശ്വാസത്തെ
ഏകസ്വരത്തിൽ ഘോഷിപ്പാൻ".

www.malankaralibrary.com

# മലങ്കര കത്തോലിക്കാ സഭയും സ്വയം ഭരണവും

—ഫാ. സിൽവെസ്ററർ കാഞ്ഞിരമുകളിൽ

വ്യക്തിസഭകളുടെ വളർച്ചയിൽ അതിൻെറ ഭരണ സംവിധാനം സുപ്രധാനമാണ്. വ്യക്തിത്വമുള്ള സഭാ സമൂഹങ്ങളായി വരുന്നതിന് ഓരോ വ്യക്തിസഭകൾക്കും അവരുടേതായ നിയമ സംവിധാനവും ഭരണരീതികളും ഉണ്ടായിരിക്കണം. ഓരോ സഭയും പൂർണ്ണമായി അതിൻെറ വ്യക്തിത്വവും തനിമയും സംരക്ഷിച്ചുകൊണ്ട് സാർവ്വത്രിക സഭാസംസർഗ്ഗം ലക്ഷ്യമാക്കുന്നതിനാൽ തങ്ങളുടേതായ ഉൾഭരണസ്വാതന്ത്ര്യവും ഭരണരീതികളും അതാതു സഭകളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമത്രേ. ഇപ്രകാരമുള്ള വളർച്ചയ്ക്കും ശ്രേയസ്സിനും ഒരു വ്യക്തിസഭയെന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയുടെ ഇപ്പോഴത്തെ ഭരണ സംവിധാനം ഉതകുന്നതാണോയെന്ന ഒരു അന്വേഷണമാണീ ലേഖനം.

## പുനരൈക്യ വ്യവസ്ഥകൾ

കേരള സഭാന്തരീക്ഷത്തിൽ എന്ന് ഭിന്നത ആവിർഭവിച്ചുവോ അന്നു മുതൽ തന്നെ ഐക്യസംരംഭങ്ങളും നടന്നിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ഈ ഐക്യപരിശ്രമങ്ങളിലെല്ലാം തങ്ങളുടെ റീത്തും ഹൈരാർക്കിയും നിലനിർത്തിക്കൊണ്ട് സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പ്രവേശിക്കുവാനാണ് മലങ്കര സഭാ നേതാക്കന്മാരെല്ലാം ശ്രമിച്ചതെന്ന് പുനരൈക്യ ചരിത്രം വ്യക്തമാക്കുന്നു. ഒരു പ്രാദേശിക സ്വതന്ത്ര സഭയെന്ന നിലയിൽ മലങ്കര സഭയുടെ സ്വാതന്ത്ര്യവും അനന്യതയും നിലനിർത്തിക്കൊണ്ട് കത്തോലിക്കാ സഭാസംസർഗ്ഗത്തിൽ എത്തുവാനാണ് മലങ്കര കാതോലിക്കേററിലെ മെത്രാന്മാർ ആഗ്രഹിക്കുകയും റോമിനോട് അഭ്യർത്ഥിക്കുകയും ചെയ്തത്. ഓർത്തഡോക്സ് സഭയിൽ നിലവിലിരുന്ന സിനഡൽ ഭരണവും ഉൾഭരണ സ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ടുള്ള ഒരു

www.malankaralibrary.com

കത്തോലിക്കാ കൂട്ടായ്മയിലൂടെ മാത്രമെ വ്യക്തിത്വമുള്ള ഒരു സഭയായി വളരുവാൻ സാധിക്കുകയുള്ളുവെന്ന് അവർക്കും ബോദ്ധ്യമായിരുന്നു. അതുകൊണ്ടാണ് മലങ്കരയിൽ പരി. സൂനഹദോസിന്റെ ഈ ഭരണ സ്വാതന്ത്ര്യം അവർ റോമിനെ അറിയിച്ചതും. സ്വയം ഭരണ സംവിധാനത്തോടു കൂടിയ ഈ പുനരൈക്യാഭിലാഷത്തിന് റോം നല്കിയ മറുപടിയെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പ് മലങ്കര സഭയിൽ രൂപപ്പെട്ടുത്തിയെടുത്ത സ്വയം ഭരണ സംവിധാനത്തേക്കുറിച്ച് അറിയുക നല്ലതായിരിക്കും.

## സ്വയം ഭരണ സംവിധാനത്തിന്റെ രൂപീകരണം

കൂനൻ കുരിശു സത്യത്തെത്തുടർന്ന് ഉദയം ചെയ്ത പുത്തൻ കൂർ സമുദായം ശരിയായ കൈവയ്പില്ലാതെ വന്നപ്പോൾ ഒരു ആദ്ധ്യാത്മിക കൂട്ടായ്മയ്ക്കുവേണ്ടിയാണ് അന്ത്യോക്യാബന്ധത്തിൽ ഏർപ്പെട്ടത്. പക്ഷേ, പിന്നീട് വിവിധ സാഹചര്യങ്ങൾ മൂലം അത് അന്ത്യോക്യായോടു മലങ്കരസഭയുടെ ഒരു വിധേയത്വമായി ഭവിച്ചു. മലങ്കരസഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നടപടികളാണ് 1876–ലെ മുളന്തുരുത്തി സൂനഹദോസിലും 1911–ലെ അബ്ദുള്ളാ പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങളിലും ഉണ്ടായത്. അതുമൂലം അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസും മലങ്കരസഭയും തമ്മിലുള്ള ബന്ധം ഉലയുകയും, പാത്രിയർക്കീസിന്റെ ഇടപെടലുകളിൽ നിന്ന് മലങ്കരസഭയെ ഒഴിവാക്കുവാൻ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാർ ദിവന്നാസ്യോസ് ആറാമൻ പരിശ്രമിക്കുകയും ചെയ്തു. 1911–ൽ പാത്രിയർക്കീസ് അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കിയതോടെ സഭയുടെ സ്വയംഭരണാവകാശം എന്ന ആശയം കൂടുതൽ പ്രബലപ്പെടുകയും അതു വൈകാരിക ഭാവം ഉൾക്കൊള്ളുകയും ചെയ്തു. 1912–ലെ കാതോലിക്കേററു സ്ഥാപനത്തോടെ ഉൾഭരണ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കണമെന്ന ഒരുവിഭാഗം ജനങ്ങളുടെ അഭിലാഷം പൂവണിഞ്ഞു.

ഉൾഭരണ സ്വാതന്ത്ര്യം ലക്ഷ്യംവച്ചുകൊണ്ടു് സ്ഥാപിതമായ കാതോലിക്കാ സ്ഥാപനത്തെ തുടർന്ന് ഒരു സ്വതന്ത്ര സഭാ പ്രസ്ഥാനമായി മാർ ഈവാനിയോസ് രൂപംകൊടുത്ത ബഥനി പ്രസ്ഥാനവും സ്വയംഭരണ സംവിധാനത്തിനു രൂപം

www.malankaralibrary.com

കൊടുക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. സ്വതന്ത്രമായ കാതോലിക്കേററു സ്ഥാപനവും സിനഡൽ ഭരണരീതിയും മലങ്കരയിൽ അവതരിപ്പിക്കപ്പെട്ടെങ്കിലും വ്യവഹാര നൂലാമാലകൾകൊണ്ട് അവ ഉദ്ദേശിച്ചതുപോലെ പ്രാവർത്തികമാക്കുവാൻ സാധിച്ചില്ല. വാദ വിവാദങ്ങളുടെ വേലിയേററത്തിൽ സഭയുടെ സ്വാതന്ത്ര്യവും സത്യനിഷ്ഠമായ നിലപാടും പരിരക്ഷിക്കുവാൻ സാധിച്ചില്ലെന്നതാണ് സഭയുടെ അന്നത്തെ പരാധീനത. എന്നാൽ സഭയുടെ വിശ്വാസവും ആദ്ധ്യാത്മികതയും അഭംഗം കാത്തുസൂക്ഷിക്കുവാനുതകുന്ന ഒരു ഭരണസംവിധാനമായിരുന്നു ബഥനിയുടേത്. സിറിയൻ ഓർത്തഡോക്സു സഭയുടെ ഏഴു ഭദ്രാസനങ്ങളിലും ഭരണാധികാരം ഉണ്ടായിരുന്നു, ഭാരതത്തിൽ മുഴുവൻ പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുള്ള സ്വയം ഭരണത്തിൻേറതായ സംവിധാനത്തിനാണ് ബഥനി രൂപം കൊടുത്തത്. കാരണം, വ്യവഹാരങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുനില്ക്കുന്നതിനു സ്വയംഭരണ സംവിധാനം ബഥനിക്കു അത്യന്താപേക്ഷിതമായിരുന്നു.

ചുരുക്കത്തിൽ കാതോലിക്കേററു സ്ഥാപനത്തിലൂടെയും, ബഥനി പ്രസ്ഥാനത്തിലൂടെയും സഭയുടെ സ്വതന്ത്ര നിലയും സ്വയംഭരണ സംവിധാനവും മലങ്കരസഭ ക്രമാനുഗതമായി രൂപപ്പെടുത്തിയതായി നാം കാണുന്നു. ഈ ഉൾഭരണസ്വാതന്ത്ര്യവും വ്യക്തിത്വവും കാത്തുസൂക്ഷിച്ചുകൊണ്ടു റോമിലെ സഭയുമായി സംസർഗ്ഗത്തിൽ ഏർപ്പെടുവാനുള്ള സാദ്ധ്യതകളാണ് മലങ്കരസഭ ആരാഞ്ഞത്.

## ഭാഗിക അംഗീകാരം

ഉൾഭരണ സ്വാതന്ത്ര്യവും സ്വതന്ത്രനിലയും നിലനിർത്തിക്കൊണ്ടുള്ള ഈ പുനരൈക്യാഭ്യർത്ഥനയ്ക്കു നിരാശാജനകമായ ഒരു മറുപടിയാണ് 1929_ൽ റോം നൽകിയത്. പക്ഷേ പുനരൈക്യത്തിലൂടെ രൂപംകൊള്ളുന്ന പുതിയ സഭാസമൂഹത്തിൻെറ ശോഭനമായ ഭാവിക്കു, കാതോലിക്കായുടെ സ്ഥാനത്തെപ്പററിയുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നു മാർ ഈവാനിയോസ് അപ്പസ്തോലിക് ഡലിഗേററിനെ തുടർച്ചയായി ധരിപ്പിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

എന്നാൽ പുനരൈക്യത്തെക്കുറിച്ചുള്ള അന്തിമതീരുമാനത്തിൽ, പുനരൈക്യപ്പെടുന്ന മെത്രാന്മാർക്ക് തങ്ങളുടെ അജഗണത്തിൻെറമേൽ അജപാലനാധികാരം ലഭിക്കുമെന്ന് ഉറപ്പു ലഭിച്ചുവെങ്കിലും കാതോലിക്കാസ്ഥാനത്തേയും അതുൾക്കൊള്ളുന്ന ഭരണസംവിധാനത്തേയും പററി അനുകൂലമായ നിർദ്ദേശമൊന്നും നൽകിയില്ല. അവസാന തീരുമാനത്തിൽ കാതോലിക്കാ, കത്തോലിക്കാ കൂട്ടായ്മയിൽ ഉൾപ്പെടാത്തതിനാൽ ആ പ്രശ്നം പരിഗണിക്കുന്നില്ലെന്നാണ് പരി. സിംഹാസനം അറിയിച്ചത്. ഇപ്രകാരം പരി. സിംഹാസനവുമായി നേരിട്ടു ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഭരണ രീതിയാണ് പുനരൈക്യാർത്ഥം പരിശ്രമിച്ച മെത്രാന്മാർക്കു ലഭിച്ചത്. ഈ അർത്ഥത്തിൽ ഭരണസംവിധാനത്തേക്കുറിച്ചുള്ള പുനരൈക്യ വ്യവസ്ഥയുടെ ഭാഗികമായ അംഗീകാരമായി മാത്രമേ ഇതിനെ കാണുവാൻ സാധിക്കുകയുള്ളു.

## ഹൈരാർക്കി സ്ഥാപനവും നൈയാമിക സ്ഥിതിയും

റോമുമായി നേരിട്ടു ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഭരണാധികാര സംവിധാനമാണ് പുനരൈക്യപ്പെട്ട മെത്രാന്മാർക്ക് മലങ്കരസഭയിൽ ലഭിച്ചതെങ്കിലും മാർ ഈവാനിയോസിൻെറ അധികാര സീമയ്ക്ക് പരിധിവച്ചിരുന്നില്ല. അതിനാൽ പുനരൈക്യപ്പെടുന്ന എല്ലാവരുടെയുംമേൽ അദ്ദേഹത്തിനു് അധികാരമുണ്ടായിരുന്നു. ഇപ്രകാരമൊരു ക്രമീകരണം യുക്തവും പ്രയോജനകരവുമായിരുന്നു.

1932 ജൂൺ 11-ാം തീയതി പതിനൊന്നാം പീയൂസ് മാർപ്പാപ്പ 'ക്രിസ്തോ പാസ്റ്റോരും പ്രിൻചീപ്പി' എന്ന തിരുവെഴുത്തുവഴി പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ വിഭാഗത്തിന് ഒരു പ്രത്യേക ഹൈരാർക്കി സ്ഥാപിച്ചു. അതോടുകൂടി കത്തോലിക്കാ സഭയിൽ അവർക്കു നിയമപരമായ അസ്തിത്വം ലഭിച്ചുവെന്നു പറയാം. റീത്തും ഹൈരാർക്കിയും നിലനിർത്തിക്കൊണ്ട് കത്തോലിക്കാസഭയിലേക്കു തങ്ങളെ സ്വീകരിക്കണമെന്ന മലങ്കരസഭയുടെ അഭ്യർത്ഥനയുടെ ഭാഗിക അംഗീകാരമായും ഇതു കണക്കാക്കാം. പക്ഷേ, രൂപതകളുടെ അതിർത്തികൾ നിർണ്ണയിച്ച് പുനരൈക്യ പ്രസ്ഥാനത്തെ ഒതുക്കിനിർത്തി

www.malankaralibrary.com

യതും, തിരുവനന്തപുരം മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന പൊതു അധികാരസ്വാതന്ത്ര്യത്തെ അതിഭദ്രാസനത്തിലേക്കു മാത്രമായി ചുരുക്കിയതും, മലങ്കര കത്തോലിക്കാ സഭയുടെ സ്വയം ഭരണാവകാശം എന്ന ലക്ഷ്യത്തെ ലഘൂകരിക്കുന്നതായിരുന്നു.

## അപൂർണ്ണമായ സഭാധികാരഘടന

പുരാതനകാലം മുതൽ ഓരോ സ്വതന്ത്രസഭകൾക്കും അവരവരുടെതായി സഭാതലവന്മാർ ഉണ്ടായിരുന്നുവെന്നും ആ അധികാരം തുടരേണ്ടതാണെന്നും പുതിയ പൗരസ്ത്യ കാനൻ നിയമത്തിൽ പറയുന്നുണ്ട്. മെത്രാപ്പോലീത്താമാരും വൈദികരും വിശ്വാസികളും ഉൾക്കൊള്ളുന്ന സഭാസമൂഹത്തിന്റെമേൽ മുഴുവനായി ഒരു വ്യക്തി സഭയുടെ തലവനും പിതാവുമായ പാത്രിയർക്കീസിനധികാരമുണ്ട്. (cc. 55, 56) പാത്രിയർക്കീസില്ലാത്ത സഭകളിൽ മേജർ ആർച്ച്ബിഷപ്പുമാർക്കും ഇതേ അധികാരം ഉണ്ടായിരിക്കും. (c. 152) മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള മെത്രാപ്പോലീത്തൻ സഭകളും മെത്രാന്റെ നേതൃത്വത്തിലുള്ള മററു സ്വയാധികാരസഭകളുമാണ് പുതിയ കാനൻ നിയമം നിർദ്ദേശിക്കുന്ന മററു സഭകൾ. ഇതിൽ പാത്രിയർക്കീസ്, മേജർ ആർച്ച്ബിഷപ്പ് എന്നിവരോടു കൂടിയ ഭരണസംവിധാനത്തിനാണ് ഉന്നതസഭാധികാരങ്ങൾ ലഭിച്ചിട്ടുള്ളത്.

പുതിയ പൗരസ്ത്യ കാനൻ നിയമം 1992-ൽ പ്രാബല്യത്തിൽ വന്നതോടുകൂടി മലങ്കര കത്തോലിക്കാ സഭയ്ക്കു് 'മെത്രാപ്പോലീത്തൻ സഭ' എന്ന നൈയാമിക പദവിയാണുള്ളത്. കേവലം ഒരു സഭാ പ്രോവിൻസ് എന്ന നിലയിൽ നിന്നും ഒരു സ്വയാധികാര സഭ (Ecclesia sui juris) യെന്ന നിലയിലേക്ക് ഈ പുതിയ സംവിധാനത്തിലൂടെ മലങ്കരകത്തോലിക്കാ സഭ ഉയർത്തപ്പെട്ടുവെങ്കിലും, പൗരസ്ത്യ കാനൻ നിയമം ഉറപ്പുവരുത്തുന്ന ഉന്നത സഭാധികാരസ്ഥാനങ്ങൾ ഒന്നും തന്നെ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനു് ലഭിച്ചിട്ടില്ല. (മെത്രാപ്പോലീത്തായ്ക്ക് മലങ്കര കത്തോലിക്കാ സഭയിൽ ആകമാനം കാനൻ നിയമം ഉറപ്പുവരുത്തുന്ന അധികാരാവകാശങ്ങൾ പോലും (cc. 157-160) ഇതുവരെ പ്രായോഗികമാക്കിയിട്ടില്ലെന്നത് മറെറാരു സത്യം).

www.malankaralibrary.com

ഓരോ വ്യക്തിസഭയുടെയും വളർച്ചയ്ക്ക് ഉന്നതസഭാധികാരമുള്ള സഭാതലവന്റെ ആവശ്യകതപോലെതന്നെ പ്രധാനപ്പെട്ട ഒന്നത്രേ മെത്രാന്മാരുടെ സംഘം ഉൾക്കൊള്ളുന്ന സുനഹദോസ്. മെത്രാന്മാരുടെ സുനഹദോസിന് ആ സഭയ്ക്കു മുഴുവനായി നിയമങ്ങൾ നിർമ്മിക്കുവാനും സഭയിലെ ഏറ്റവും സമുന്നതമായ ന്യായാസനമായി വർത്തിക്കുവാനും, പാത്രിയർക്കീസിനേയും മെത്രാന്മാരേയും തെരഞ്ഞെടുക്കുവാനുമുള്ള അധികാരമുണ്ട്. (cc. 110: 1, 2 & 3) അങ്ങനെ സ്വയം റീത്തിലെ മെത്രാന്മാരുടെ സിനഡിലാണ് ഓരോ വ്യക്തിസഭയും പ്രധാന കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനമെടുക്കുന്നത്. പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വളർത്തിയെടുത്ത ഒരു സഭാ ഭരണ സമ്പ്രദായമാണിത്. മെത്രാന്മാരുടെ സംഘാതാത്മകതയും കൂട്ടുത്തരവാദിത്വവും (collegiality and co-responsibility) ഈ സിനഡൽ ഭരണരീതിയിലൂടെ പ്രകാശിതമാകുകയും ഏകാധിപത്യ പ്രവണതകൾ ഇല്ലാതാവുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഓരോ വ്യക്തി സഭകളുടെയും സഭാപാരമ്പര്യങ്ങളും വ്യക്തിത്വവും നിലനിർത്തുവാനും ജീവാത്മകമായി വളരുവാനും ഉൾഭരണ സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ ഈ ഭരണസംവിധാനം ആവശ്യമത്രെ.

മലങ്കര കത്തോലിക്കാ സഭയ്ക്ക് ഉന്നതസഭാധികാരങ്ങൾ ഉള്ള സഭാ തലവൻ ഇല്ലാത്ത സാഹചര്യത്തിൽ സ്വാഭാവികമായി സ്വതന്ത്രസഭാധികാരമുള്ള സഭാസുനഹദോസും ഇല്ലാതാണിരിക്കുന്നത്. മലങ്കര കത്തോലിക്കാസഭ ഒരു വ്യക്തിസഭയാണെന്ന പ്രത്യേകത പരിഗണിച്ചാൽ ഇപ്പോഴത്തെ സഭാധികാരഘടന അപൂർണ്ണമാണെന്ന വ്യക്തമായി കാണാം. അതുകൊണ്ട് സൂപ്പർ എപ്പിസ്ക്കോപ്പൽ അധികാരമുള്ള പാത്രിയർക്കീസ്, കാതോലിക്കോസ്, മേജർ ആർച്ച്ബിഷപ്പ് തുടങ്ങിയ സ്ഥാനികരിലാരെങ്കിലും തന്റെ സുനഹദോസോടു ചേർന്ന് അധികാരം നിർവ്വഹിക്കുന്ന സംവിധാനത്തിൽ മാത്രമേ മലങ്കര കത്തോലിക്കാസഭയുടെ അധികാര പൂർണ്ണത കാണുവാൻ സാധിക്കുകയുള്ളു.

www.malankaralibrary.com

## പ്രായോഗിക മാർഗ്ഗങ്ങൾ

അപൂർണ്ണമായ മലങ്കര കത്തോലിക്കാ സഭാധികാര ഘടനയുടെ ന്യൂനത പരിഹരിച്ച് പൊതു സഭാതലവനും, ഉപഭരണ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന സിനഡൽ വ്യവസ്ഥിതിയും രൂപപ്പെടുത്തിയെടുക്കുന്നതിന് ക്രമാനുഗതമായ ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഭാവിയേയും അതിന്റെ വളർച്ചയേയും പററി ആശങ്കയുണ്ടായിരുന്നതുകൊണ്ടും, കാതോലിക്കോസ് സഭാസംസർഗ്ഗപരിശ്രമങ്ങളിൽ നിന്ന് പിൻവാങ്ങിയതുകൊണ്ടുമാണ് പരി. സിംഹാസനം ഇപ്രകാരമൊരു ഭരണക്രമം അനുവദിച്ചു തരാതിരുന്നത്. എന്നാൽ ഇന്നു പുനരൈക്യപ്രസ്ഥാനത്തിന്റെ ബാലാരിഷ്ടതകൾ തരണംചെയ്ത് വളർന്നു വികസിച്ചുകൊണ്ടിരിക്കുകയാണ്. ഈ വളർച്ച പൂർണ്ണമാകുന്നതിനും വ്യക്തിത്വം സംരക്ഷിക്കുന്നതിനും ഉതകുന്ന സ്വയം ഭരണ സംവിധാനത്തിനായി കൂട്ടായി പരിശ്രമിക്കുകയും ക്രമേണ പരി. സിംഹാസനത്തോട് അഭ്യർത്ഥിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

സ്വയം ഭരണസംവിധാനത്തിലേക്ക് എത്തുന്നതിന് പ്രായോഗിക സംവിധാനങ്ങളും പശ്ചാത്തലവും ഒരുക്കുകയെന്നതും അത്യാവശ്യമാണ്. 1978–ൽ ബത്തേരി ഭദ്രാസനം രൂപമെടുക്കുന്നതുവരെ നാല്പത്തെട്ടുവർഷം രണ്ടു രൂപതകൾ കൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടിവന്ന വസ്തുതയും വിഭജനത്തിനു ശേഷമുണ്ടായ പുരോഗതിയും നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. രൂപതകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അങ്ങനെ മലങ്കര സഭയുടെ വളർച്ചയ്ക്കും ഉന്നതിക്കും പര്യാപ്തമാകുന്ന രൂപതാവിഭജനം ഇന്നിന്റെ ഒരാവശ്യമാണ്. അങ്ങനെ കൂടുതൽ രൂപതകളും മെത്രാന്മാരും ഉറപ്പുവരുത്തിക്കൊണ്ട് സ്വയം ഭരണ സംവിധാനത്തിൽ അധിഷ്ഠിതമായ സിനഡിനുവേണ്ടി ഒരുക്കങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതു നന്നായിരിക്കും.

ഇപ്രകാരമൊരു സംവിധാനത്തിലെത്തുന്നതുവരെ അതിനുള്ള ഒരുക്കമെന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയിലെ മെത്രാപ്പോലീത്താമാർ വിശ്വാസവിഷയങ്ങൾ, ആരാ

www.malankaralibrary.com

ധനക്രമ പരിഷ്ക്കരണം, വൈദിക പരിശീലനം, ബാഹ്യ കേരള സഭാപ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഹൈറാർക്കിക്കൽ കൗൺസിലിനു ലഭിച്ചിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ചു് കൂട്ടായി ചർച്ചചെയ്തു തീരുമാനിച്ച് നടപ്പിൽ വരുത്തുന്നതു് അഭിലഷണീയമാണ്. രൂപതകളുടെ ശ്രേയസ്സ് എന്നതിൽ മാത്രം ശ്രദ്ധിക്കാതെ മലങ്കര സഭയുടെ ആകമാന പുരോഗതിയും നന്മയും ലക്ഷ്യംവച്ചുകൊണ്ടു് പ്രവർത്തിക്കുവാൻ സംഘാത്മകനീക്കം സഹായിക്കും. സുനഹദോസോടു കൂടിയ ഭരണക്രമത്തിന്റെ നൈയാമിക ഘടനയും അധികാരങ്ങളും ഇല്ലെങ്കിലും, ഫലത്തിൽ അതിന്റേതായ മേന്മയും ഗുണങ്ങളും ഈ സംഘാത്മക ചർച്ചകളിലൂടെയും കൂട്ടുത്തരവാദിത്വത്തിലൂടെയും ലഭ്യമാകും. അങ്ങനെ, പാശ്ചാത്യ സഭയെപ്പോലെ ഓരോ രൂപതയും സ്വയം പര്യാപ്തങ്ങളായി പ്രവർത്തിക്കുന്നതിനു പകരം, മലങ്കര കത്തോലിക്കാസഭയെന്ന പൊതു സംവിധാനത്തിൽ ഒന്നിച്ചു പ്രവർത്തിക്കുന്ന രീതിയിലേക്കുയരുവാൻ ഇതു സഹായകരമാകും.

## റോമിന്റെ പങ്കു്

പൗരസ്ത്യ കാനൻ നിയമം, വ്യക്തി സഭകളുടെ അധികാര ഘടനയിൽ വ്യക്തമാക്കുന്ന ഉന്നത സഭാധികാരസ്ഥാനവും സ്വയം ഭരണ സംവിധാനവും തീർച്ചയായും മലങ്കര കത്തോലിക്കാ സഭയ്ക്കും അംഗീകരിച്ചു നൽകേണ്ടതാണ്. (ഇപ്രകാരമുള്ള ഭരണ ക്രമത്തിലേയ്ക്കു് ഒരു സഭ ഉയർത്തപ്പെടുന്നതിനുള്ള അവകാശം സാർവ്വത്രിക സുനഹദോസിനോ, മാർപ്പാപ്പായ്ക്കോ ആയി സംവരണം ചെയ്തിരിക്കുന്നു (പൗരസ്ത്യ സഭകൾ, നമ്പർ 11). കത്തോലിക്കാ സഭയിൽ രണ്ടാം വത്തിക്കാൻ സുനഹദോസോടുകൂടി രൂപം പ്രാപിച്ച സഭാശാസ്ത്രവീക്ഷണങ്ങളും പ്രബോധനങ്ങളും ഇപ്രകാരമൊരു സംവിധാനത്തെ ന്യായീകരിക്കുന്നതായി കാണുന്നു. മദ്ധ്യയുഗത്തിൽ പാശ്ചാത്യ സഭയുടെ പാത്രിയർക്കീസായിരുന്ന മാർപ്പാപ്പമാരുടെ അധികാരം രാഷ്ട്രീയരംഗത്തും അനിയന്ത്രിതമായി വർദ്ധിച്ചതോടെ മററു പ്രാദേശിക സഭകളുടെ ഭരണ കാര്യങ്ങളിലും കൂടുതൽ ഇടപെടുകയും അധികാരം പല കാര്യത്തിലും റോമിലേയ്ക്കു് കേന്ദ്രീകരിക്കുകയും ചെയ്തു. എന്നാൽ രണ്ടാം വത്തിക്കാൻ

www.malankaralibrary.com

കൗൺസിൽ ഇതേക്കുറിച്ചു വസ്തുനിഷ്ഠമായി പഠിക്കുകയും, ഭരണ വികേന്ദ്രീകരണത്തിലും ജനകീയ രീതിയിലും അധിഷ്ഠിതമായ ഭരണക്രമത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മെത്രാന്മാരുടെ സംഘാതാത്മകതവം, കൂട്ടുത്തരവാദിത്വം എന്നിവ കൗൺസിൽ കൂടുതൽ വ്യക്തമാക്കിയിരുന്നതിന്റെ ഫലമായി പ്രാദേശിക സഭകൾക്കും അവയുടെ തലവന്മാർക്കും കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകേണ്ടതാണ്. അതുപോലെ തന്നെ സഭ, വ്യക്തിസഭകളുടെ കൂട്ടായ്മയാണെന്നും ഓരോ വ്യക്തിസഭകളുടെയും വ്യക്തിത്വ ലക്ഷണങ്ങളിലൊന്നായ സ്വന്തമായ ഭരണസംവിധാനം (തിരുസ്സഭ, നമ്പർ 23, ഖണ്ഡിക 4; എക്യുമെനിസം, നമ്പർ 4, ഖണ്ഡിക 7; നമ്പർ 17) വേണമെന്നുമുള്ള സഭാശാസ്ത്രവീക്ഷണങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്. ആവശ്യമുള്ളിടത്ത് സിനഡൽ വ്യവസ്ഥിതിയോടു കൂടിയ ഭരണസംവിധാനത്തിനു രൂപം കൊടുക്കുവാൻ കൗൺസിൽ അഭിലഷിക്കുന്നുണ്ടുതാനും (പൗരസ്ത്യസഭകൾ, നമ്പർ 11).

മലങ്കര സഭ സാർവ്വത്രിക സഭയുമായി കൂട്ടായ്മ പുനഃസ്ഥാപിച്ച കാലഘട്ടത്തിൽ ഇപ്രകാരമുള്ള ദൈവശാസ്ത്ര വീക്ഷണങ്ങൾ രൂപം പ്രാപിച്ചിരുന്നില്ല. എന്നാൽ മാറിവന്ന സഭാശാസ്ത്ര വീക്ഷണ പ്രകാരം മലങ്കരകത്തോലിക്കാ സഭയ്ക്കു് അർഹമായ അധികാരാവകാശങ്ങൾ നൽകുവാൻ അടിസ്ഥാനങ്ങൾ അനവധിയുണ്ട്.

## എക്യുമെനിക്കൽ പ്രാധാന്യം

ഉൾഭരണസ്വാതന്ത്ര്യവും കൂട്ടുത്തരവാദിത്വവുമുള്ള മലങ്കര യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മ തുടങ്ങിയ സഭാ സമൂഹങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്ന മലങ്കര കത്തോലിക്കാ സഭ ഇവയൊന്നും പ്രായോഗികമായി തുടരുന്നില്ലെന്നതു് ഈ സഭയുടെ വ്യക്തിത്വത്തെ തീർച്ചയായും ബാധിക്കുന്ന കാര്യമാണ്. കാതോലിക സഭാസംസർഗ്ഗശ്രമങ്ങൾ ത്വരിതപ്പെടുത്തുകയെന്ന പ്രത്യേക ദൗത്യവും കടമയും ഉള്ള മലങ്കര കത്തോലിക്കാ സഭയ്ക്കു് പ്രസ്തുത ദൗത്യവും ലക്ഷ്യവും പൂർണ്ണമായി നേടുവാൻ ഈ സംവിധാനത്തിന്റെ അഭാവം കുറച്ചൊ

www.malankaralibrary.com

ന്നമല്ല പ്രതിബന്ധമുണ്ടാകുന്നത്. മലങ്കര കത്തോലിക്കാസഭയുടെ ഇപ്പോഴത്തെ ഭരണസംവിധാനത്തിൽ നിന്നും പൂർണ്ണമായി സ്വയം ഭരണ സ്വാതന്ത്ര്യത്തിലേയ്ക്ക് അത് ഉയർത്തപ്പെട്ടപ്പോൾ സാർവ്വത്രിക സഭാസംസർഗ്ഗത്തിന്റെ പുതിയ തലങ്ങളിലേയ്ക്ക് കേരളത്തിലെ അകത്തോലിക്കാസഭകൾ നടന്നടുക്കമെന്നതിൽ സംശയമില്ല.

ചുരുക്കത്തിൽ, മലങ്കര കത്തോലിക്കാ സഭയുടെ അപൂർണ്ണമായ സഭാധികാരഘടന പരിഹരിക്കുന്നതിന് മലങ്കര കത്തോലിക്കാസഭയും റോമിലെ അപ്പസ്തോലിക സിംഹാസനവും നിർണ്ണായകമായ നിലപാടുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. നിയമപരമായും, സഭാവിജ്ഞാനീയപരമായും, പ്രായോഗികമായും അതിനുള്ള അടിസ്ഥാനങ്ങളുണ്ട്. മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വ വളർച്ചയ്ക്ക് അത് അനുപേക്ഷണീയവുമത്രേ.

www.malankaralibrary.com

# മലങ്കര കത്തോലിക്കാ സഭയുടെ കാനോനിക വ്യക്തിത്വം

—ഫാ. തോമസ് കുഴിനാപ്പുറം

പൗരസ്ത്യ സഭകളുടെ കാനോന സംഹിത (Codex canonum ecclesiadrum orientalium - CCEO) പ്രാബല്യത്തിൽ വന്നിട്ട് മൂന്ന് വത്സരങ്ങൾ (1991 ഒക്ടോബർ ഒന്നു മുതൽ) പിന്നിടാൻ പോകുന്നു. കത്തോലിക്കാ കൂട്ടായ്മയിലെ ഒരു സ്വയാധികാര (Church sui iuris) എന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭയുടെ കാനോനിക വ്യക്തിത്വവും ദൗത്യവും വിചിന്തന വിഷയമാകേണ്ടത് ഈ സാഹചര്യത്തിൽ അനിവാര്യമായിരിക്കുന്നു. ഈ ഉദ്യമത്തിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ വേണ്ട വിധം തിരിഞ്ഞാൽ ഈ ലേഖകന്റെ ഉദ്ദേശ്യം സഫലീകൃതമായി.

## സ്വയാധികാരസഭകൾ പൗരസ്ത്യ കാനോന സംഹിതയിൽ

''ഒരു ഹയരാർക്കിയുടെ കീഴിൽ നിയമാനുസൃതമായി സംഘടിക്കപ്പെട്ടതും മാർപാപ്പയാൽ പ്രത്യക്ഷമായോ പരോക്ഷമായോ 'സ്വയാധികാര' സഭയെന്ന് അംഗീകരിക്കപ്പെട്ടതുമായ ക്രിസ്തീയ വിശ്വാസികളുടെ സമൂഹ''മാണ് സ്വയാധികാര സഭ (CCEO-27). വ്യക്തിസഭകളെ (Individual churches) സൂചിപ്പിക്കുവാനായി പൗരസ്ത്യ കാനോന സംഹിതയിൽ ഉപയോഗിച്ചിരിക്കുന്നത് 'church sui juris' എന്ന പ്രയോഗമാണ് (ഈ പ്രയോഗത്തിന്റെ അർത്ഥപൂർണ്ണത 'സ്വയാധികാര സഭ' എന്ന തർജ്ജമയ്ക്കുണ്ടെന്ന് അവകാശപ്പെടുന്നില്ല). പൗരസ്ത്യ കത്തോലിക്കാ സഭകൾക്കുള്ള ദൈവദത്തമായ സ്വയം ഭരണ അവകാശത്തിലേക്കും അതോടൊപ്പം അവയ്ക്ക് നിറവേററാനുള്ള ദൈവദത്ത ദൗത്യങ്ങളിലേക്കും വിരൽ ചൂണ്ടുന്ന നൈയാമിക പ്രയോഗമാണ് 'sui juris' എന്നത്. എന്നാൽ ഈ സ്വയാധികാരം ആപേക്ഷികമാണുതാനും. അതായത്

www.malankaralibrary.com

മാർപാപ്പായുടെ പരമാധികാരത്തിന് വിധേയപ്പെട്ടുകൊണ്ടുള്ള സ്വയാധികാരമാണ് ഇവിടെ വിവക്ഷിക്കപ്പെടുക.

പൗരസ്ത്യ കാനോന സംഹിതയിൽ നാലു തരം സ്വയാധികാരസഭകളാണ് പരാമർശവിധേയമായിട്ടുള്ളത്.

1. പാത്രിയാർക്കൽ സഭകൾ
2. മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ
3. മെത്രാപ്പോലീത്തൻ സഭകൾ
4. മററ് സ്വയാധികാര സഭകൾ

പൗരസ്ത്യ പാരമ്പര്യമനുസരിച്ച് സ്വയാധികാര സഭയുടെ പൂർണ്ണ വളർച്ചയെത്തിയ രൂപമാണ് പാത്രിയാർക്കൽ സഭ. കത്തോലിക്കാ കൂട്ടായ്മയിൽ ഇന്ന് മാറൊനൈററ്, കാൽദിയൻ, കോപ്ററിക്, സിറിയൻ, മെൽക്കൈററ്, അർമേനിയൻ എന്നിങ്ങനെ ആറ് പാത്രിയാർക്കൽ സഭകളാണുള്ളതു്. പാത്രിയാർക്കൽ സഭകളുടേതിന് തുല്യമായ അധികാരവും നിയമ സംവിധാനവും ഉണ്ടെങ്കിലും അവയുടേതിനേക്കാൾ തെല്ല താണ സ്ഥാനമുള്ള സ്വയാധികാരസഭകളാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ. അതായതു് പാത്രിയാക്കൽ സഭയിൽ പാത്രിയർക്കീസിൻെറ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുമ്പ് പ. സിംഹാസനത്തെ രേഖാമൂലം അറിയിച്ചാൽ മാത്രം മതി എന്ന സ്ഥിതി നിലനിൽക്കെ, മേജർ ആക്കിഎപ്പിസ്കോപ്പൽ സഭയിൽ മേജർ ആർച്ചുബിഷപ്പിൻെറ തെരഞ്ഞെടുപ്പ് പ. സിംഹാസനം അംഗീകരിച്ചാൽ മാത്രമേ ഫലപ്രഖ്യാപനം നടത്താൻ പാടുള്ളു. പൗരസ്ത്യ കത്തോലിക്കാ സഭകളിൽ ഉക്രേനിയൻ സഭയ്ക്കും സിറോ മലബാർ സഭയ്ക്കും മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനമാണുള്ളതു്. മെത്രാപ്പോലീത്തയാൽ ഭരിക്കപ്പെടുന്ന ഒന്നിൽ കൂടുതൽ രൂപതകളുള്ള സ്വയാധികാര സഭകളാണ് മെത്രാപ്പോലീത്തൻ സഭകൾ. എത്യോപ്യൻ, റുതേനിയൻ, റുമേനിയൻ എന്നീ നാല് മെത്രാപ്പോലീത്തൻ സഭകളാണ് ഇപ്പോൾ കത്തോലിക്കാ കൂട്ടായ്മയിലുള്ളതു്. ഒരു രൂപത മാത്രമേ ഉള്ളെങ്കിലും സ്വയാധികാര സ്വഭാവവും സ്വന്തമായ നിയമസംവിധാനവും നിലനിർത്തുന്ന ഇതര സ്വയാധികാര സഭകളാണ് നാലാം വിഭാഗത്തിൽപ്പെടുക.

www.malankaralibrary.com

## മലങ്കര കത്തോലിക്കാസഭ മെത്രാപ്പോലീത്തൻ സഭയോ ?

പൗരസ്ത്യ കാനോന സംഹിതയുടെ ശീർഷകം VI–ൽ ഒന്നാം അദ്ധ്യായം (CCCEO 155-172) ആണ് മെത്രാപ്പോലീത്തൻ സഭകളെയും അവയുടെ നൈയാമിക ഘടനയെയും പററി പ്രതിപാദിക്കുന്നത്. "മാർപാപ്പായാൽ നിയുക്തനായ ഒരു നിശ്ചിത സിംഹാസനത്തിന്റെ മെത്രാപ്പോലീത്ത അദ്ദേഹത്തെ സഹായിക്കുന്ന മെത്രാൻ സമിതിയോട് ചേർന്ന് ഭരിക്കുന്ന സ്വയാധികാര സഭ" (CCEO 155). 1932 ജൂൺ 11–ാം തീയതി 'ക്രിസ്റ്റോപാസ്റ്റോരും പ്രിൻചിപ്പി' എന്ന പ്രമാണരേഖയിലൂടെ മലങ്കര ഹയരാക്കി സ്ഥാപിച്ചുകൊണ്ട് പോപ്പ് പീയൂസ് XI ഇപ്രകാരം എഴുതി. "അന്ത്യോക്യൻ റീത്തിൽപെട്ട മലങ്കര സുറിയാനിക്കാർക്കുവേണ്ടി നവീനവും വ്യക്തവുമായ ഒരു വൈദിക സംസ്ഥാനം നാം സ്ഥാപിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്തൻ സിംഹാസനമെന്നും തിരുവല്ലാ മെത്രാൻ സിംഹാസനമെന്നും രണ്ട് സിംഹാസനങ്ങൾ അതിൽ ഉണ്ടായിരിക്കുന്നതാണ്". ഈ പ്രമാണ രേഖയിൻപ്രകാരം മലങ്കര കത്തോലിക്കാസഭയ്ക്കു് CCEO-ൽ പരാമർശിച്ചിട്ടുള്ള 'മെത്രാപ്പോലീത്തൻ സ്വയാധികാര സഭ'യുടെ നൈയാമിക സ്ഥാനമാണ് ലഭ്യമാവുക.

## മെത്രാപ്പോലീത്തൻ സഭയുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും

മാർപാപ്പയുടെ അത്യുന്നത അധികാരത്തിൽ കീഴിൽ മെത്രാപ്പോലീത്ത, മെത്രാപ്പോലീത്തൻ സഭയുടെ മുഴുവൻ അദ്ധ്യക്ഷനും ഉന്നത സഭാ തലവനും ആയിരിക്കും. (CCEO-159). സഭാ ഭരണത്തിൽ മെത്രാപ്പോലീത്തയെ സഹായിക്കാൻ മെത്രാപ്പോലീത്തൻ സഭയിലെ എല്ലാ മെത്രാന്മാരുമടങ്ങുന്ന ഒരു മെത്രാൻ സമിതി (Council of Heirarchs) ഉണ്ടായിരിക്കണം. (CCEO 164/1). പൊതുസഭാ നിയമത്തിനനുസൃതമായി മെത്രാൻ സമിതിയുടെ സമ്മതത്തോടെ സഭാഭരണപരമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ മെത്രാപ്പോലീത്തായ്ക്കു് സാധിക്കും. (CCEO-167/4). എന്നാൽ മെത്രാപ്പോലീത്തൻ

www.malankaralibrary.com

സഭയുടെ ഉന്നത നിയമ നിർമ്മാണ അധികാരം നിക്ഷിപ്തമായിരിക്കുന്നത്. മെത്രാപ്പോലീത്ത അദ്ധ്യക്ഷനായുള്ള മെത്രാൻ സമിതിയിലാണ് (CCEO-149, 167/1-3). മെത്രാൻ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ മെത്രാപ്പോലീത്ത യഥാകാലം പ. സിംഹാസനത്തെ അറിയിച്ചിരിക്കണം. അതോടൊപ്പം തീരുമാനങ്ങളുടെ റിപ്പോർട്ട് പ. സിംഹാസനം കൈപ്പറ്റിയതായുള്ള അറിയിപ്പ് ലഭിച്ചിട്ട് മാത്രമേ, അവ നിയമരൂപത്തിൽ പ്രസിദ്ധപ്പെടുത്താൻ പാടുള്ളൂ (CCEO-167/2).

## ശ്രദ്ധതിരിയേണ്ട മേഖലകൾ

പൗരസ്ത്യ സഭകൾക്കായി പ്രത്യേക കാനോന സംഹിത പ്രാബല്യത്തിൽ വന്ന പശ്ചാത്തലത്തിൽ അതിനനുസൃതമായി മലങ്കര കത്തോലിക്കാസഭയുടെ ജീവിതശൈലിയും ഭരണക്രമവും നിയമസംവിധാനവും രൂപപ്പെടേണ്ടതു് ആവശ്യമായിരിക്കുന്നു. മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലുള്ള മെത്രാൻ സമിതി സഭാപരമായി ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ അനുയോജ്യമായ നിയമങ്ങളോടെ ശക്തമാക്കപ്പെടേണ്ടതുണ്ട്. പൗരസ്ത്യ കാനോന സംഹിതയിൽ 183 സ്ഥലങ്ങളിൽ ഓരോ സ്വയാധികാരസഭയ്ക്കും അതതിന്റെ പൈതൃകം പരിരക്ഷിക്കുവാനുതകുന്ന പ്രത്യേക നിയമങ്ങളുപയോഗിക്കുവാൻ സൂചന നൽകുന്നുണ്ട്. തന്മൂലം മലങ്കര കത്തോലിക്കാസഭയുടെ പൈതൃക പരിരക്ഷണാർത്ഥം പ്രത്യേക നിയമങ്ങളുടെ പുനരുദ്ധാരണമോ നിർമ്മാണമോ അനിവാര്യമായിരിക്കുന്നു. എല്ലാററിലുമുപരി GCEO-യുടെ പശ്ചാത്തലത്തിൽ മലങ്കര കത്തോലിക്കാസഭാ വ്യക്തിത്വം പണ്ഡിതോചിത പഠനങ്ങൾക്ക് വിഷയീഭവിക്കേണ്ടതും ആവശ്യമാണ്.

## മെത്രാപ്പോലീത്തൻ സ്ഥാനം മലങ്കര കത്തോലിക്കാ സഭയ്ക്ക് പര്യാപ്തമോ ?

1926 നവംബറിൽ മാർ ഈവാനിയോസ് റോമിലേക്ക് അയച്ച അനൗദ്യോഗിക നിവേദനത്തിൽ ഇപ്രകാരം കാണുന്നു: ''കാതോലിക്കാ സിംഹാസനത്തിന്റെ കീഴിലുള്ള വി. സുന്നഹദോസ് അതിന്റെ പരിധികളിലുള്ള അതിരൂപതയിൽ മെത്രാപ്പോലീത്തന്മാരെയും മെത്രാന്മാരെയും പാത്രിയർക്കീ

www.malankaralibrary.com

സിനട്ടത്ത ച്ചുമതലകൾ നിർവഹിക്കുകയും അധികാരം നടത്തു കയും'' ചെയ്യുന്ന പാരമ്പര്യമാണ് മലങ്കരസഭയ്ക്കുള്ളത്. എന്നാൽ 1939-ൽ നടന്ന പുനരൈക്യത്തിൽനിന്ന് അക്കാ ലത്തെ കാതോലിക്കോസ് ഭൂരിഭാഗം വരുന്ന ഓർത്തഡോക്സ് സഭാവിശ്വാസികളോടൊപ്പം വിട്ടുനിന്നതിനാൽ മലങ്കര കത്തോലിക്കാസഭയ്ക്ക് കാതോലിക്കാസ്ഥാനം നിഷേധിക്ക പ്പെടുകയാണുണ്ടായത്. കാതോലിക്കോസ് പിന്നീട് പുനരൈ ക്യപ്പെടുമെന്ന പ്രതീക്ഷയും ഈ സ്ഥാനനിഷേധത്തിനു പിന്നി ലുണ്ടായിരുന്നു. തന്മൂലം മലങ്കര കത്തോലിക്കാസഭയെ സംബ ന്ധിച്ചിടത്തോളം കാതോലിക്കാ സ്ഥാനം നേടിയെടുക്കേണ്ട ഒരു സാദ്ധ്യതയായി അവശേഷിക്കുകയാണെന്ന് മേൽ പ്രസ്താ വിച്ച ചരിത്ര സത്യം വിളിച്ചോതുന്നു. മലങ്കരയിലെ എല്ലാ വിഭജിത സഭാഘടകങ്ങളും പുനരൈക്യത്തിൽ പങ്കുചേർന്നതിനു ശേഷം കാതോലിക്കോസ് തന്റെ സുന്നഹദോസിനോടു ചേർന്ന് പാത്രിയർക്കീസിനടുത്ത സ്ഥാനം വഹിക്കുന്ന ഒരു സ്വയാധികാര സഭയിൽ മാത്രമേ മലങ്കരകത്തോലിക്കാസഭ യുടെ വ്യക്തിത്വപൂർണ്ണത സാക്ഷാത്കൃതമാവുകയുള്ളു. ഇപ്പോൾ മലങ്കര കത്തോലിക്കാസഭയ്ക്ക് ലഭിച്ചിട്ടുള്ള മെത്രാപ്പോലീത്തൻ സ്ഥാനം അപര്യാപ്തവും, അതിനാൽ തന്നെ പൂർണ്ണതയിലേ യ്ക്കുള്ള തുറന്ന കവാടവുമാണ് എന്ന വസ്തുത ഇവിടെ വ്യക്തമാക്ക പ്പെടുന്നു.

### സഭൈക്യ സംഭാഷണവും പുനരൈക്യ പ്രേഷിതത്വവും

വ്യക്തിത്വ പൂർണ്ണത സമാർജ്ജിക്കുന്നതിനുള്ള പരിശ്രമ ത്തിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് ഒരുപോലെ അനുപേക്ഷ ണീയമായ രണ്ട് ഘടകങ്ങളാണ് സഭൈക്യ സംഭാഷണവും പുനരൈക്യ പ്രവർത്തനങ്ങളും (Ecumenical dialogue and Reunion activities) മലങ്കര കത്തോലിക്കാസഭ കത്തോലിക്കാ കൂട്ടായ്മയിലെ ഒരു സ്വയാധികാര സഭയായി അംഗീകരിക്ക പ്പെട്ടിട്ടുണ്ടെങ്കിലും അതിനും മലങ്കര സഭകളുടെ സമൂഹത്തിന്റെ ഭാഗമാണ്. എന്നാൽ ഈ വലിയ സമൂഹത്തിന്റെ ഭൂരിഭാഗവും ഇന്ന് കത്തോലിക്കാസഭയ്ക്ക് പുറത്താണ്. ഇത് മലങ്കര കത്തോലിക്കാസഭയുടെ മാത്രം ദുഃഖസ്ഥിതിയല്ല. പുനരൈക്യ

www.malankaralibrary.com

ത്തിലൂടെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നു വന്ന എല്ലാ വ്യക്തി സഭകളും ഇത്തരത്തിലുള്ള അന്യവത്കരണം അനുഭവി ക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ മലങ്കര സഭാംഗങ്ങളെയും ഒരുമിച്ചുചേർക്കുകയും തദ്വാരാ തങ്ങളുടെ വിശിഷ്ട പൈതൃകം വേണ്ട വിധത്തിൽ സാർവ്വത്രിക സഭയ്ക്ക് പരിചയപ്പെടുത്തി ക്കൊടുക്കുകയും ചെയ്യേണ്ടത് മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേകവും അനിഷേധ്യവുമായ ദൗത്യമായി പരിണമിച്ചിരി ക്കുന്നു. മലങ്കര സഭാവിഭാഗങ്ങൾ ഏകസഭയായി സാർവ്വത്രിക കൂട്ടായ്മയോട് യോജിച്ചു നിന്നിരുന്ന ആദ്യകാല അനുഭവത്തി ലേക്കുള്ള തിരിച്ചുപോക്കാണ് മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വ പൂർണ്ണതയിലേക്കുള്ള വളർച്ചയുടെ അടിസ്ഥാന മായി വർത്തിക്കേണ്ടത്. ഇത്തരത്തിലുള്ള മലങ്കര സഭൈക്യ ത്തിലൂടെ മാത്രമേ മലങ്കര കത്തോലിക്കാ സഭയുടെ സജീവ സാന്നിധ്യത്തിനു് കത്തോലിക്കാ കൂട്ടായ്മയിൽ ഉചിതമായ അംഗീകാരം ലഭിക്കുകയുള്ളു.

ഈ സ്ഥിതിവിശേഷം നിലനിൽക്കെ മലങ്കര സഭയിൽ സഭൈക്യസംഭാഷണങ്ങളുടെ പ്രസക്തിയേറുന്നു. എന്നാൽ ഇവ വെറും പഠനവേദികളിലായി മാത്രം തരംതാഴാതെ, ലക്ഷ്യ ത്തിനനുസൃതമായ പ്രാധാന്യം സഭൈക്യസംഭാഷണങ്ങൾക്ക് നൽകേണ്ടതുണ്ട്. വ്യത്യസ്ത സഭാവിഭാഗങ്ങളുടെ ആദ്ധ്യാത്മിക ദൈവശാസ്ത്രപരവും നൈയാമികവും ആരാധനാ ക്രമപരവു മായ പൈതൃകങ്ങൾ പരസ്പരം കണ്ടുമുട്ടുന്ന വേദികളാണ് സഭൈക്യസംഭാഷണങ്ങൾ. അതോടൊപ്പം വിഭജിത സഭ കളുടെ പരിശുദ്ധമായ കൂട്ടായ്മയുടെ പുനഃസ്ഥാപനം എന്ന ലക്ഷ്യമാണ്സഭൈക്യ സംഭാഷണങ്ങൾക്ക് ആത്യന്തികമായു ള്ളത് എന്ന വസ്തുത വിസ്മരിക്കുകയും അരുത്.

സഭൈക്യത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് മലങ്കര കത്തോ ലിക്കാസഭയെ വ്യക്തികളുടെ പുനരൈക്യത്തിനു വേണ്ടിയുള്ള പരിശ്രമത്തിൽ നിന്നും ഒഴിവാക്കുന്നില്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു, വ്യക്തികളുടെ പുനരൈക്യത്തിനു വേണ്ടിയുള്ള പരിശ്രമത്തിൽ നിന്നും ഒഴിവാക്കുന്നില്ല. രണ്ടാം

www.malankaralibrary.com

വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു, വ്യക്തികളുടെ പുനരൈക്യം സംബന്ധിച്ച പ്രയത്നവും സഭൈക്യ പ്രസ്ഥാനവും (Individual Reunion efforts and Ecumenical movement) സ്വഭാവത്താലെ തന്നെ വ്യത്യസ്തമാണ്. എന്നാൽ അവ രണ്ടും പരസ്പരം പൊരുത്തപ്പെടാനാകാത്ത പ്രവർത്തനങ്ങളാണ് എന്ന് ഇതുകൊണ്ടർത്ഥമാകുന്നില്ല. കാരണം രണ്ടും ദൈവാത്മാവിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നുമാണ് ഉത്ഭവിക്കുന്നത് (സഭൈക്യം No.4). യഥാർത്ഥത്തിൽ വ്യക്തികളുടെ പുനരൈക്യം സഭൈക്യത്തിന്റെ പുരോഗതി ത്വരിതമാക്കുവാൻ സഹായിക്കുകയാണ് വേണ്ടത്. ഉത്തമബോധ്യങ്ങളിലധിഷ്ഠിതമായി വ്യക്തികൾ മാതൃസഭയിലേക്ക് പുനരൈക്യപ്പെടുമ്പോൾ അത് സഭൈക്യത്തിന്റെ ആവശ്യകതയെപ്പറ്റി ആഴത്തിൽ ചിന്തിക്കുവാൻ പ്രചോദിപ്പിക്കുകയാണ് ചെയ്യുന്നത്.

തന്മൂലം മലങ്കര കത്തോലിക്കാ സഭയ്ക്ക് അതിന്റെ വ്യക്തിത്വ പൂർണ്ണത സമാർജ്ജിക്കുന്നതിനുവേണ്ടിയുള്ള മുന്നേറ്റത്തിൽ സുപ്രധാനമായ രണ്ടു മാർഗ്ഗങ്ങളാണ് സഭൈക്യ സംഭാഷണവും പുനരൈക്യ പ്രേഷിതത്വവും. ഈ പ്രവർത്തനങ്ങൾ മലങ്കര സഭാതലത്തിൽ സജീവമാകേണ്ടത് മലങ്കര കത്തോലിക്കാസഭയുടെ അസ്തിത്വപരമായ ഒരു ആവശ്യമായി തീർന്നിരിക്കുകയാണ്.

## പൈതൃക പരിരക്ഷണം

മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വ വളർച്ചയെ സഹായിക്കുന്ന മറ്റൊരു ഘടകമാണ്, അതിന് സ്വന്തമായുള്ള ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവും ആരാധനക്രമപരവുമായ പൈതൃകത്തിന്റെ പരിരക്ഷണം. ഈ പൈതൃകം പോഷിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് നേരിടുന്ന പരാജയം മുൻവിവരിച്ച തരത്തിലുള്ള വ്യക്തിത്വ പൂർണ്ണതയിലേക്കുള്ള അതിന്റെ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കും. സഭാപരമായ പൈതൃകത്തെ ദരിദ്രമാക്കാൻ പോരുന്ന എല്ലാപ്രവണതകളും മലങ്കര കത്തോലിക്കാസഭ ശക്തിയുക്തം ചെറുക്കേണ്ടത് ആവശ്യമായിരിക്കുന്നു. അതോടൊപ്പം ഈ പൈതൃകത്തോടു് കൂറ് പുലർത്തി

www.malankaralibrary.com

ക്കൊണ്ടുതന്നെ ആധുനിക സഭാവിജ്ഞാനീയ ചിന്താധാര കശക്കം സാമൂഹിക പരിതസ്ഥിതിയിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾക്കും അനുസൃതമായ അനുരൂപണവും മലങ്കര കത്തോലിക്കാ സഭയിൽ സംഭവിക്കേണ്ടതുണ്ട്.

## ഉപസംഹാരം

'സഭാശുശ്രൂഷയിലെ സ്നേഹത്തിന്റെ വാഹനം' എന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വിശേഷിപ്പിച്ച പൗരസ്ത്യ കാനോനസംഹിതയുടെ ആവിർഭാവത്തോടെ മലങ്കര കത്തോലിക്കാസഭ അതിന്റെ അസ്തിത്വത്തിലെ ഒരു നൂതന ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കാരണം അതിന്റെ സഭാഘടനപരമായ (ecclesiastical) ജീവിതവും പ്രവർത്തനങ്ങളും ഇനി മുതൽ ഈ നിയമസംഹിതയുടെ പശ്ചാത്തലത്തിലായിരിക്കും നിയന്ത്രിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യുക. ഇപ്പോൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് മെത്രാപ്പോലീത്തൻ സ്ഥാനം ലഭ്യമായിട്ടുണ്ടെങ്കിലും, അതിന്റെ അപ്പസ്തോലിക പാരമ്പര്യത്തിലധിഷ്ഠിതമായ വ്യക്തിത്വപൂർണ്ണത വീണ്ടെടുക്കുവാനുള്ള അവകാശവും ഉത്തരവാദിത്തവും അതിനുണ്ട്. ഈ അവകാശോത്തരവാദിത്തങ്ങളെപ്പററി മലങ്കര കത്തോലിക്കാ സഭാംഗങ്ങളെ ബോധവത്ക്കരിക്കാൻ ഉപകരിക്കുന്ന പണ്ഡിതോചിതപഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവും ബ. സിൽവെസ്റ്റർ കാഞ്ഞിരമുകളിലച്ചനും ഈ രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ നിർണ്ണായകങ്ങൾ തന്നെ.

www.malankaralibrary.com

# സഭാ വ്യക്തിത്വവും പ്രായോഗിക സമീപനവും

—ഫാ. ഷെബി കോഴിയടിയിൽ

മലങ്കര കത്തോലിക്കാ സഭയുടെ സഭാത്മക വളർച്ച ലക്ഷ്യമാക്കി സഭമുഴുവനും രൂപതാതിരൂപത വ്യത്യാസങ്ങൾ കൂടാതെ ഒരേ ഹൃദയവും ഒരേ ആത്മാവുമായി പ്രവർത്തിക്കേണ്ട അടിയന്തിര സാഹചര്യം ഇന്നുണ്ട്. ഒന്നാം മാർത്തോമ്മാ മുതൽ പുനരൈക്യത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ച പൂർവ്വപിതാക്കന്മാരുടെ ജീവചരിത്രമോ 1930-ൽ മാർ ഈവാനിയോസ് തിരുമേനി നേടിയെടുത്ത മലങ്കര സഭയുടെ ആഗോള സഭാസംസർഗ്ഗത്തിന്റെ മാഹാത്മ്യമോ മനസ്സിലാക്കാത്ത ഒരു പുതിയ തലമുറയുമായിട്ടാണ്, രണ്ടായിരാമാണ്ടിലേക്ക് മലങ്കര കത്തോലിക്കാ സഭ നീങ്ങിക്കൊണ്ടിരിക്കുന്നത്. ആഗോള സഭയിൽ വിവിധ ആരാധനാക്രമങ്ങൾ ഉള്ളത് വൈരുദ്ധ്യവും, വിഭാഗീയതയുമാണെന്ന ചിന്താഗതി ഇളം തലമുറയിൽ ശക്തമാണ്. വ്യക്തിഗത സഭകളും, അവയുടെ വ്യക്തിത്വവും എന്ന വിഷയം തന്നെ പലർക്കും ദഹിക്കാത്തതായിത്തീരുന്നു. വലിയ കത്തോലിക്കാ സഭയിലെ ചെറിയ സഭ എന്ന അപകർഷതാ ബോധവും കൂടുന്നതല്ലാതെ കുറയുന്നുണ്ടെന്നു തോന്നുന്നില്ല. സ്ഥാപിതമായതിന്റെ രജതജൂബിലി കഴിഞ്ഞ ഇടവകകളെയെങ്കിലും സ്വാശ്രയ ബോധത്തിലേക്കും കൊണ്ടുവരേണ്ടിയിരിക്കുന്നു.

കേരളത്തിലെ അകത്തോലിക്കാ സഭകളിൽ അൽമായ നേതൃത്വം സജീവവും ഊർജ്ജസ്വലവുമായിരിക്കെ അപ്രകാരമുള്ള പ്രാതിനിധ്യവും, പ്രാമുഖ്യവും മലങ്കര കത്തോലിക്കാ സഭയിൽ അൽമായർക്ക് ഇല്ല എന്നുള്ളത് ശക്തമായ അന്യതാ ബോധമാണ് യുവജനങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നത്. സഭാ നേതൃത്വത്തിൽ സജീവമായ പങ്കാളിത്തം അൽമായർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അൽമായ അസോസിയേ

www.malankaralibrary.com

ഷൻ രൂപീകരിക്കുവാൻ വീണ്ടും സഭാതലത്തിൽ ശ്രമങ്ങളാരംഭിച്ചിട്ടുണ്ടെന്നുള്ളത് ശുഭോദർക്കമാണ്.

ബഹു സഭാത്മകമായ പി. ഒ. സി. മതബോധന പുസ്തകങ്ങൾക്കു പകരം മലങ്കരസഭയുടെ വ്യക്തിത്വത്തെക്കുറിച്ചും, പ്രത്യേക അസ്തിത്വത്തെക്കുറിച്ചും, ആരാധനാ പാരമ്പര്യങ്ങളെക്കുറിച്ചും ബാല്യകാലം മുതൽ സഭാതനയരെ ബോധവത്ക്കരിക്കുന്നതിന് മത ബോധന വിഷയങ്ങൾ മലങ്കരത്തനിമയിൽ ആവിഷ്ക്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളത്തിലെ പ്രമുഖ കത്തോലിക്കാ രൂപതകളായ ചങ്ങനാശ്ശേരി അതിരൂപത, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ നഷ്ടപ്പെടുന്ന പൗരസ്ത്യ ആദ്ധ്യാത്മികതയിൽ മനംനൊന്ത് പാരമ്പര്യത്തനിമയുള്ള മതബോധന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ട് കാലമേറെയായി. സ്വന്തമായ മതബോധനക്രമം രൂപീകരിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിററി സ്തുത്യർഹമായ രീതിയിൽ റിപ്പോർട്ടു സമർപ്പിച്ചിട്ടും അത് ഗൗരവമുള്ള ചർച്ചാവിഷയമായി ഇന്നും പരിഗണിക്കപ്പെട്ടിട്ടില്ല. ഒന്നു മുതൽ പത്തു വരെയുള്ള പി. ഒ. സി. മതബോധന പാഠക്രമ വിന്യാസം ചെറിയ മലങ്കര കൂട്ടായ്മയിൽ പ്രായോഗികമാണോ എന്നും ചിന്തിക്കേണ്ടതുണ്ട്.

മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വ സംരക്ഷണത്തിനും വികാസത്തിനും ആരാധനക്രമ ദൈവശാസ്ത്രം വളർച്ച പ്രാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വർഷംതോറും ധാരാളം പേർ ഉന്നത, ഉപരിപഠനങ്ങൾക്കായി വരുകയും, പോകുകയും ചെയ്യുന്നുണ്ടെങ്കിലും ദൈവശാസ്ത്ര സംബന്ധമായ പുസ്തകങ്ങളുടെ പ്രസിദ്ധീകരണതലവും ആധികാരികമായും പണ്ഡിതോചിതമായും വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന വേദിയും മലങ്കര സെമിനാരിയും, സീരിയും ഒഴിച്ചാൽ ശുഷ്ക്കമാണ്.

ദർശനമുള്ള ഒരു നേതൃത്വത്തിനു മാത്രമേ സഭയുടെ ലക്ഷ്യവും, മാർഗ്ഗവും വ്യക്തമായി മനസ്സിലാക്കി സഭയെ ആത്മീയവും ആത്മീയേതരവുമായ പുരോഗതിയിലേക്കു നയിക്കുവാൻ സാധിക്കുകയുള്ളൂ. സഭയുടെ വ്യക്തിത്വം എല്ലാ മേഖലകളിലും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ നേതൃത്വ

www.malankaralibrary.com

ത്തിനു കഴിയണം. സഭയുടെ ആരാധന രീതികളും ആദ്ധ്യാത്മിക ജീവിത ശൈലിയും പാരമ്പര്യങ്ങളും 'വംശനാശം' സംഭവിച്ചു പോകാതെ പരിരക്ഷിക്കേണ്ട പ്രഥമ കർത്തവ്യവും നേതൃത്വത്തിന്റേതാണ്. അന്ത്യോക്യൻ സഭാ പാരമ്പര്യങ്ങളനുസരിച്ചുള്ള വൈദിക സ്ഥാനങ്ങളായ റമ്പാൻ, കോർ എപ്പിസ്ക്കോപ്പാ സ്ഥാനങ്ങൾ സഭയിൽ അന്യം നില്ക്കാതെ സൂക്ഷിക്കേണ്ടതായുണ്ട്. ഈ സ്ഥാനങ്ങൾ അടിയന്തിരമായി സഭയിൽ സംസ്ഥാപിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും, ഈ വൈദിക സ്ഥാനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കുന്നതും ഉചിതമാണ്.

## കോർ എപ്പിസ്കോപ്പ

'കൂറിയോ' എന്ന സുറിയാനി വാക്കിൽനിന്ന് വരുന്ന 'കോർ' എന്ന പദത്തിന്റെ അർത്ഥം 'വില്ലേജ്' എന്നാണ്. മെത്രാപ്പോലീത്ത പട്ടണത്തിലെ ബിഷപ്പ് (Bishop of the city) ആയതുകൊണ്ട് അദ്ദേഹത്തോടു ചേർന്ന് ഗ്രാമങ്ങളിൽ സഭയുടെ ചുമതല വഹിക്കുന്ന വ്യക്തി എന്ന നിലയിലാണ് കോർ-ബിഷപ്പ് എന്ന് ഈ വൈദിക സ്ഥാനത്തിന് പേരു വന്നത്. മെത്രാൻ സ്ഥാനം പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സ്ഥാനത്തോട് തുല്യപ്പെടുത്തുമ്പോൾ കോർ-എപ്പിസ്ക്കോപ്പയുടെ സ്ഥാനം കർത്താവിന്റെ എഴുപത്തിരണ്ട് അറിയിപ്പുകാരുടെ സ്ഥാനത്തോട് തുല്യപ്പെടുത്താവുന്നതാണ്. ഭദ്രാസന മെത്രാപ്പോലീത്തായിൽ നിന്നാണ് കോർ-എപ്പിസ്ക്കോപ്പാസ്സ് അധികാരം ലഭിക്കുന്നത്. ഭദ്രാസനത്തിൽ എപ്പിസ്ക്കോപ്പാമാരെ നിയമിക്കുന്നതിനു ഭദ്രാസനാധിപനു മറ്റു അനുവാദങ്ങൾ ആവശ്യമില്ല. മെത്രാന്റെ പ്രതിനിധിയായി ഭദ്രാസനത്തിന്റെ പ്രത്യേക ഭാഗങ്ങളിൽ പൊതു ചുമതല കോർ-എപ്പിസ്ക്കോപ്പാസ്സ് വഹിക്കുവാനാകും. മലങ്കരകത്തോലിക്കാ ഭദ്രാസനങ്ങളിലെ ഭരണക്രമമനുസരിച്ച് മേഖലാ വികാരിയുടെ ചുമതലകളെ കോർ-എപ്പിസ്ക്കോപ്പായുടെ ചുമതലകളോട് താരതമ്യപ്പെടുത്താവുന്നതാണ്. കശ്ശീശാപട്ട സ്ഥാനികൾക്ക് 'മ്സമ്റോണാ, 'കോറൂയോ' പട്ടങ്ങൾ കൊടുക്കുവാൻ കോർ-എപ്പിസ്ക്കോപ്പാസ്സ് അവകാശമുണ്ട്.

www.malankaralibrary.com

ഇന്ന് ഭൗതികാധികാരസ്ഥാനം എന്നതിനേക്കാൾ സഭാ ശുശ്രൂഷയ്ക്ക് ലഭിക്കുന്ന അംഗീകാരമായിട്ടാണ് കോർ–എപ്പിസ്കോപ്പാ സ്ഥാനം വിവക്ഷിക്കപ്പെടുന്നത്. അന്ത്യോക്യൻ ആരാധനാ പാരമ്പര്യമുള്ള യാക്കോബായ, ഓർത്തഡോക്സ് സഭകളിലെ കോർ–എപ്പിസ്കോപ്പാമാർക്ക് പ്രത്യേക ഭരണാധികാരങ്ങളൊന്നും നൽകിയിട്ടില്ല. ഈ സഭകളിൽ ബഹുമാനാർത്ഥം നൽകപ്പെടുന്ന (honourary title) ഒരു പദവിയായിട്ടാണ് കോർ–എപ്പിസ്കോപ്പാ സ്ഥാനം കരുതപ്പെടുന്നത്. ഓർത്തഡോക്സ്, യാക്കോബായ സഭകൾ ഇക്കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്ന സംശയമുണ്ട്. ആത്മീയ തേജസ്സും, സമർപ്പണ ശുശ്രൂഷാ പാരമ്പര്യവും ഉള്ള സമാദരണീയരും, സ്ഥാനത്തിന് മഹിമ നൽകുന്നവരുമായ വൈദികരെ ഈ സ്ഥാനത്തേക്ക് തീർച്ചയായും പരിഗണിക്കാവുന്നതാണ്. കോർ–എപ്പിസ്കോപ്പാ വൈദികരുടെ അംശവസ്ത്രങ്ങൾ കൂടാതെ കാപ്പയ്ക്കു മുകളിൽ പ്രാവിന്റെ രൂപമോ, സ്ലീബായോ തുന്നിച്ചേർത്തിട്ടുള്ള തോൾ മൂടികിടക്കുന്ന ഒരു ചെറിയ കാപ്പകൂടി സ്ഥാനവസ്ത്രമായി ധരിക്കുന്നു. വൈദിക വസ്ത്രത്തോടൊപ്പം സ്വർണ്ണ മാലയും കുരിശും ധരിക്കുന്ന പാരമ്പര്യവുമുണ്ട് അന്ത്യോക്യൻ ആരാധനാ പാരമ്പര്യങ്ങൾ ആഗോള സഭയിൽ അഭംഗുരം കാത്തുസൂക്ഷിക്കുന്ന മലങ്കര കത്തോലിക്കാസഭ യോഗ്യരായ വൈദികർക്ക് ഈ സ്ഥാനങ്ങൾ നൽകുന്നതിൽ ഒരപാകതയുമില്ല.

## റമ്പാൻ സ്ഥാനം

വ്രതശുദ്ധിയും, താപസശ്രേഷ്ഠതയുമുള്ള വൈദികർക്ക് അന്ത്യോക്യൻ പാരമ്പര്യപ്രകാരം നൽകുന്ന ഒരു സ്ഥാനമാണ് റമ്പാൻ സ്ഥാനം. 'റാബാൻ' എന്ന പദത്തിൽ നിന്നുത്ഭവമുള്ള 'റമ്പാൻ' എന്ന വാക്കിനർത്ഥം 'ഗുരു' എന്നാണ്. റമ്പാൻ പദവി എന്നാൽ സന്യാസ പദവി എന്നുമാത്രമേ അർത്ഥമുള്ളു. ആദ്യകാലങ്ങളിൽ സന്യാസിമാരിൽ നിന്നു മാത്രമാണ് മെത്രാന്മാരെ വാഴിച്ചിരുന്നത്. ക്രമേണ ഭദ്രാസന വൈദികരിൽ നിന്നുതന്നെ ഭദ്രാസന മെത്രാപ്പോലീത്ത തിരഞ്ഞെടുക്കപ്പെടണം എന്ന ആശയത്തിന് പ്രാമുഖ്യം വന്നു. സന്യാസവ്രതം എടുക്കാത്ത ഭദ്രാസന വൈദികർ മെത്രാൻ സ്ഥാനത്തേക്ക്

www.malankaralibrary.com

തിരഞ്ഞെടുക്കപ്പെട്ടാൽ 'സന്യാസിയായ മെത്രാൻ' എന്ന ആദിമ പാരമ്പര്യത്തിന് അനുസൃതമായി അദ്ദേഹം മെത്രാഭിഷേകത്തിനു മുമ്പ് റമ്പാൻ പദവി സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ മലങ്കര കത്തോലിക്കാസഭയിൽ മെത്രാൻ സ്ഥാനികളെ അഭിഷേകത്തിനു മുമ്പ് റമ്പാൻ പദവിയിലേക്കുയർത്തുന്ന പതിവാണുള്ളത്. എന്നാൽ മെത്രാൻ സ്ഥാനത്തിന് പ്രാരംഭമെന്ന നിലയിൽ മാത്രമല്ലാതെ സ്ഥിരം റമ്പാൻ സ്ഥാനം നല്കുന്ന പാരമ്പര്യം സഭയ്ക്കുണ്ട്. പ്രാർത്ഥനയുടെ മനുഷ്യരായ വൈദികർക്ക് അവരുടെ ആത്മീയ ജീവിതത്തോടും, ദൈവോന്മുഖതയോടും സഭയ്ക്കുള്ള ആദരവും, ബഹുമാനവും അംഗീകാരവും റമ്പാൻ പദവി നൽകി പ്രകടിപ്പിക്കാവുന്നതാണ്. സന്യാസികൾക്കു ചേർന്ന താപസ ജീവിതത്തെ സൂചിപ്പിക്കുന്ന 'മസ്ന്പ്സോ' റമ്പാൻമാർ ശിരസ്സിൽ ധരിക്കുന്നു. ഇവർക്ക് പ്രത്യേകമായ അധികാരങ്ങളോ സ്ഥാന പ്രാമുഖ്യമോ ഇല്ല. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന വ്യക്തികൾ എന്ന സ്ഥാനമാണ് റമ്പാൻമാർക്കുള്ളത്. അവിവാഹിതരായ പട്ടക്കാർക്ക് നൽകാവുന്ന ഒരു സ്ഥാനമെന്ന നിലയിൽ മലങ്കര കത്തോലിക്കാസഭയിലെ പട്ടക്കാരിൽ ആത്മീയ തേജസ്വികളായവർക്ക് ഈ സ്ഥാനം തീർച്ചയായും നൽകേണ്ടതാണ്.

ലത്തീൻ കത്തോലിക്കാ സഭയിലെ വൈദികർക്ക് ബഹുമാനാർത്ഥം നൽകുന്ന അന്ത്യോക്യൻ പാരമ്പര്യങ്ങൾക്കന്യമായ 'മോൺസിഞ്ഞോർ' ഡൊമസ്റ്റിക്പ്രലേററ്'' തുടങ്ങിയ സ്ഥാനങ്ങൾ മലങ്കര കത്തോലിക്കാ സഭയിലെ വൈദികക്കു നല്കാതെ നമ്മുടെ സഭാ പാരമ്പര്യങ്ങൾക്കനുസൃതവും, അനുയോജ്യവുമായ സ്ഥാനങ്ങൾ നൽകി യോഗ്യരായ വൈദികരെ ബഹുമാനിക്കുന്നതിൽ സഭാനേതൃത്വം വിശാലമനോഭാവം പുലർത്തേണ്ടിയിരിക്കുന്നു. വൈദികർക്കു സ്ഥാനങ്ങൾ നൽകുക എന്നതിലുപരി സഭയുടെ തനിമ നിലനിർത്തുന്നതിനും വ്യക്തിത്വ വളർച്ചയ്ക്കുമായി സ്വകീയ മതബോധന ശൈലി സ്വീകരിക്കുന്നതിനും, ദൈവശാസ്ത്ര വീക്ഷണങ്ങൾ വളർത്തുന്നതിനും അറുപത്തിയാറാം പുനരൈക്യ വാർഷികത്തിലേക്കു നീങ്ങുന്ന മലങ്കര കത്തോലിക്കാസഭ തയ്യാറാകണം.

(ഐക്യദീപം സ്ഥാനാരോഹണ പതിപ്പിനോട് കടപ്പാട്)

www.malankaralibrary.com

## അനുബന്ധം

# മാർ ബസേലിയോസ് തിരുമേനിയും സുപ്രധാന ദിനങ്ങളും

| | | |
|---|---|---|
| ജനനം | — | 1935 ആഗസ്റ്റ് 16 |
| ബഥനി ആശ്രമാംഗം | — | 1950 ജൂൺ 15 |
| പ്രഥമ വ്രതവാഗ്ദാനം | — | 1953 മാർച്ച് 18 |
| തത്വ, ദൈവശാസ്ത്രപഠനം | — | 1953—1960 |
| വൈദികൻ | — | 1960 ഒക്ടോബർ 4 |
| കാനൻ നിയമപഠനം | — | 1961—1965 |
| ദൈവശാസ്ത്രാദ്ധ്യാപകൻ | — | 1966—1970, 1972—1978 |
| മനശ്ശാസ്ത്രത്തിൽ ഉപരിപഠനം | — | 1970—1972 |
| കാനൻ നിയമപരിഷ്ക്കരണ കമ്മിററിയംഗം | — | 1973 സെപ്തംബർ 15— 1990 ഒക്ടോബർ 18 |
| ബഥനി സുപ്പീരിയർ ജനറൽ | — | 1974—1978 |
| ബത്തേരി രൂപതാദ്ധ്യക്ഷനായി നിയമനം | — | 1978 ഒക്ടോബർ 28 |
| റമ്പാൻ | — | 1978 ഡിസംബർ 21 |
| മെത്രാൻ | — | 1978 ഡിസംബർ 28 |
| സ്ഥാനാരോഹണം | — | 1979 ഫെബ്രുവരി 2 |
| ഓർത്തഡോക്സ് സഭകളുമായുള്ള പൊന്തിഫിക്കൽ ഡയലോഗ് കമ്മിഷനംഗം | — | 1988 മെയ് 27 |
| പൗരസ്ത്യ സംഘാംഗം | — | 1989 ഫെബ്രുവരി 25 |
| മലങ്കര കത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേററർ | — | 1994 ഒക്ടോബർ 10 |

www.malankaralibrary.com

| | | |
|---|---|---|
| മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനായും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായുമുള്ള നിയമനം | — | 1995 നവംബർ 29 |
| തിരുവനന്തപുരത്തെ സ്ഥാനാരോഹണം | — | 1995 ഡിസംബർ 14 |
| പാലിയ സ്വീകരണം | — | 1996 ജനുവരി 9 |
| കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷൻ | — | 1996 ഫെബ്രുവരി 6 |

സമ്പാദകൻ: ഫാ. ഐസക്ക് തോട്ടുങ്കൽ

MALANKARA
LIBRARY
www.malankaralibrary.com

# സഭയ്ക്കും സമൂഹത്തിനുമായി

**എഡിറ്റർ: ഫാ. ഐസക്ക് തോട്ടുങ്കൽ**

"വൈജ്ഞാനികതയുടെ ഉന്നതതലങ്ങളിൽ എത്തിചേർന്നപ്പോഴും സഭാനേതൃത്വം ഏറ്റെടുത്തപ്പോഴും ജനസേവന തല്പരതയും സാമൂഹിക പ്രതിബദ്ധതയും കൈമുതലായി സൂക്ഷിച്ചിട്ടുള്ള അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിലുടനീളം ദൈവാനുഗ്രഹവർഷം തന്നെയാണ് സംഭവിച്ചിട്ടുള്ളത്. തനതായ വ്യക്തിത്വത്തോടെ തലയുയർത്തിനിൽക്കുവാൻ തക്കവണ്ണം കെട്ടുറപ്പുള്ള ഒരു അപ്പോസ്തലിക സഭയായി മലങ്കര കത്തോലിക്കാ സഭ വളരുന്നതിനു വേണ്ടി സഭാവിജ്ഞാനീയത്തിലും സഭാനിയമത്തിലും അവഗാഹം നേടിയിട്ടുള്ള മാർ ബസ്സേലിയോസ് മെത്രാപോലീത്തായെ ദൈവം നിയോഗിച്ചിരിക്കുന്നു."

**- മോൺ. കോശി വർഗ്ഗീസ്**

- *മെത്രാപോലീത്തൻ ആർച്ചുബിഷപ്പ് സിറിൾ മാർ ബസ്സേലിയോസിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഗ്രന്ഥം.*
- *ബത്തേരി രൂപതയ്ക്കു നൽകിയ ഹൃദയസ്പർശിയായ വിടവാങ്ങൽ സന്ദേശത്തിൽ ഒരു സ്നേഹപിതാവിന്റെ ചിത്രം തെളിയുന്നു.*
- *മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വവും വളർച്ചാഘട്ടങ്ങളും വെളിവാക്കുന്ന ലേഖനസമാഹാരം.*
- *റോമിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്ന ഫാ. ഐസക്ക് തോട്ടുങ്കൽ സംയോജനം ചെയ്തിരിക്കുന്നു.*

SB Press

www.malankaralibrary.com